# പടന്ന
# കഥകൾ

കഥാ സമാഹാരം

<u>എഡിറ്റർ</u>

ജലീൽ പടന്ന

സഹോര ബുക്സ്, പടന്ന
പി. ഒ. പടന്ന, കാസർഗോഡ് - 670313

സഹോര സാംസ്കാരികവേദി
പടന്ന

# Padanna Kadhakal

Collection of Short Stories

Rights Reserved

First Edition
**August 2018**

Editor
**Jaleel Padanna**

Cover Design
**C. M. Shareef**
(Executive Editor, Janapaksham Monthly)

Layout
**Noble Offset Press, Kalpetta**

Publishers:
**Sahora Books, Padanna**
**P. O. Padanna, Kasargod - 670313**

Printed at
**Vibgyor Print Innovations, Kozhikode**

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

**Price ₹ 200/-**

# മുഖവുര...

ഇവിടെ കവികളും കഥാകാരന്മാരും ഉണ്ടായിരുന്നു.
പാട്ടും പാട്ടുകാരും ഉണ്ടായിരുന്നു.
കാമ്പുള്ള നോവൽ എഴുതപ്പെട്ടിട്ടുണ്ട്.
വാമൊഴികളാൽ മാത്രം നർമ്മം വിളമ്പിയ ഹാസ്യ സാമ്രാട്ടുകൾ ഉണ്ടായിട്ടുണ്ട്...
ചിതറിക്കിടപ്പുണ്ട്, ഒന്ന് ശ്രമിച്ച് നോക്കി,
അതൊക്കെയും തപ്പിപിടിക്കാൻ. വലിയ പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. ഫലവും മറിച്ചായിരുന്നില്ല...
കേട്ടറിവുകൾക്കപ്പുറത്ത്, ലിഖിതങ്ങൾ പലതും ലഭ്യമായില്ല.
ലഭ്യമായവ മാത്രം ഈ കഥാസമാഹാരത്തിൽ ചേർത്ത് വെച്ചിട്ടുണ്ട്.
പുതിയ തലമുറയിലും ഉണ്ട് വലിയ പ്രതിഭകൾ...
മടിയുടെ കരിമ്പടം പുതച്ചിരിപ്പാണ് അവരിൽ ചിലർ.
അവരെയും പുറത്ത് കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്.
സാഹിത്യ രചന ഗൗരവത്തിൽ എടുത്താൽ
ഇവർ നല്ല കഥ എഴുത്തുകാരും കവികളുമാണ്.
നർമ്മ സാഹിത്യം വഴങ്ങുന്നവരുമുണ്ട്.
**'പടന്ന കഥകൾ'**
പടന്നക്കാരുടെ മാത്രം കഥകളാണ്. പടന്നയുടെ കഥയാണ്.
കഥാപാത്രങ്ങൾ എറെയും ഇവിടെ ജീവിച്ച് പോയവരും,
ജീവിച്ചുകൊണ്ടിരിക്കുന്നവരുമാണ്.
ഒരുപക്ഷേ,
ഇങ്ങിനെയൊന്ന് ആദ്യത്തേതാവും!
അവസാനത്തേത് ആവില്ല...
'സഹോര ബുക്സ് ' ഞങ്ങൾ ഏറ്റെടുക്കുന്ന വെല്ലുവിളിയാണ്.
അതുമായി ധൈര്യമായി മുന്നോട്ട് പോവുകയാണ്. മറ്റാരുമില്ലെന്ന ബോധ്യം മാത്രമാണ് പ്രേരണ. അനിവാര്യതയാണന്ന തിരിച്ചറിവും...
ഇതൊരു തുടക്കം മാത്രമാണ്.
തുടർച്ച ഉണ്ടാവണം.
സർഗ സാഹിത്യ സൃഷ്ടികൾ പിറക്കാൻ
മണ്ണ് പാകമായിട്ടുണ്ട്.
പരിശ്രമത്തിലായിരുന്നു കഴിഞ്ഞ രണ്ട് വർഷക്കാലം സഹോര സാംസ്കാരിക വേദി.
നിരാശ ഒട്ടുമേയില്ല.
പ്രതീക്ഷ ആവോളമുണ്ട്.

പരിഹാസങ്ങൾ
കാര്യമാക്കുന്നേയില്ല... സാംസ്കാരികമായ ഉണർവ്,
അത്രയേ ലക്ഷ്യം വെയ്ക്കുന്നുള്ളൂ..
മുപ്പത്തിരണ്ട് കഥകളുണ്ട് ഈ സമാഹാരത്തിൽ.
ഇവിടെ ജനിച്ച് വളർന്നവരാണ് കഥാകൃത്തുകൾ.
വിട പറഞ്ഞുപോയ സമദ് പടന്നയും
എം.കെ. അബ്ദുറഹീം മൗലവിയും എഴുതിയ കഥകളുണ്ട്.
പ്രൗഢമായ അവതാരിക കൊണ്ട് ഈ ശ്രമത്തെ പിന്തുണച്ച
രമേശൻ സാറിനെ നന്ദിപൂർവ്വം ഓർക്കുന്നു.
പ്രൊഫസർ പി. സി. അഷ്റഫ് സാറാണ് ആശയം മുന്നോട്ട്
വെച്ചതും കഥകൾ അടുക്കി വെക്കാൻ സഹായിച്ചതും.
നന്ദിയുണ്ട്... സുഹൃത്തും ജനപക്ഷം മാസികയുടെ
എക്സിക്യൂട്ടിവ് എഡിറ്ററുമായ സി. എം. ഷരീഫാണ്
മനോഹരമായ കവർ ഡിസൈൻ ചെയ്തത്. കടപ്പാടുണ്ട്...
പടന്ന കഥകൾ
വായനയ്ക്കായി സമർപ്പിക്കുന്നു...

**ജലീൽ പടന്ന**
(എഡിറ്റർ)

# ഉള്ളടക്കം

ദേശമെഴുത്തിന്റെ പടന്നക്കാഴ്ചകൾ
– ഡോ. കെ. രമേശൻ ............................ 7

മൂന്നാമത്തെ സ്വപ്നത്തിന്റെ വ്യാഖ്യാനം
– പി. സി. അഷ്റഫ് ............................ 11

പരിണാമം
– പി. സി. അഷ്റഫ് ............................ 16

ഫസ്ഖ്
– സബൂറ മിയാനത്ത് ............................ 20

പടന്നയിൽ നിന്ന് കണ്ണൂരിലേക്കുള്ള ദൂരം
– എം. കെ. അബ്ദുൽ റഹീം .................. 27

മൈമൂത്ത പറഞ്ഞ കഥ
– പി. സി. അഷ്റഫ് ............................ 32

മുഖ പുസ്തകത്തിലില്ലാത്തത്
– സക്കരിയ്യ പി. പി. ............................ 41

അദൃശ്യലോകത്തെ ജീവിതങ്ങൾ
– സജിത്ത് സി. പടന്ന .......................... 45

ഹസ്രത്തിന്റെ പേരമകൻ അഥവാ ഒരു ദിവ്യന്റെ ജനനം
– ജി. എസ്. ഗുൽ മുഹമ്മദ് ..................... 48

സോളോ
– സബൂറ മിയാനത്ത് ........................... 55

മുക്രി
– പി. സി. അഷ്റഫ് ............................ 62

അറയിൽ കൂടാം
– അഷ്റഫ് പടന്ന ............................. 64

ദിവ്യൻ
– ജലീൽ പടന്ന ................................ 66

അമർഷത്തിന്റെ പരകായപ്രവേശം
– അഞ്ചില്ലത്ത് കുഞ്ഞബ്ദുല്ല ................. 69

ഹസീനയുടെ ഭ്രാന്തൻ
– സമദ് പടന്ന .................................. 76

ഐഷ
– ഫാത്തിമത്തുൽ വഹീദ ....................... 79

ഇരുട്ടിലേക്ക് തുറക്കുന്ന ജാലകങ്ങൾ
– പി. സി. അഷറഫ്............................ 82
അപരൻ
– ഹാരിഫ് പാട്ടില്ലത്ത് .......................... 85
സ്നേഹ വർഷം
– കെ. വി. ശശിധരൻ........................... 87
ന്യൂജൻ കാക്കകൾ
– സജിത്ത് സി. പടന്ന.......................... 90
ഒലി
– സബൂറ മിയാനത്ത് .......................... 93
ജിന്നുമേട
– അഷറഫ് പടന്ന .............................. 97
ഒരു നാടുകടത്തൽ
– എം. കെ. അബ്ദുൽ റഹീം.................. 102
കള്ളുകുടിയന്റെ സ്ത്രീലിംഗം
– സക്കരിയ്യ പി. പി. ............................ 110
നട്ടുച്ച
– പി. സി. അഷറഫ്............................ 117
ഇംഗ്ലീഷ് മീഡിയം
– സബൂറ മിയാനത്ത് .......................... 121
അന്തിമോന്തിക്കാലത്തെ ഉമ്മുമ്മ
– റഷീദ കെ. ഓരിമുക്ക്........................ 124
എക്സ്ക്ലൂസ്സീവ്
– സജിത് സി. പടന്ന .......................... 129
കൂട്ടുകാരി
– നഫീസ പാട്ടില്ലത്ത് .......................... 131
സമൃദ്ധി
– പി. സി. അഷറഫ്.......................... 133
കാഴ്ചകൾ
– സമീർ ബി. സി. ............................ 135
പോരാട്ടം
– കെ. വി. ശശിധരൻ......................... 138
ബെസ്പുർക്കാനയിൽ രണ്ടുകൊച്ചാത്മാക്കൾ
– സജിത് സി. പടന്ന ......................... 140

**അവതാരിക**

## ദേശമെഴുത്തിന്റെ പടന്നക്കാഴ്ചകൾ

**ദേ**ശകാലങ്ങളെ വിസ്മരിച്ചുകൊണ്ടൊരെഴുത്ത് അസാധ്യം. ദേശത്തിന്റെ പശിമയുള്ള മണ്ണിൽനിന്ന് അകന്നുനിൽക്കാൻ ആർക്കാണ് കഴിയുക? ദേശത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് പടുത്തുയർത്തുന്ന സാഹിത്യനിർമ്മിതിയിൽ കാലത്തിന്റെ കയ്യൊപ്പ് പതിയുന്നത് സ്വാഭാവിക പ്രക്രിയ തന്നെയാണ്. കൃതിയിൽ കാലം ലംബമാനമായും തിരശ്ചീനതലമായും സഞ്ചരിക്കുമ്പോൾ ദേശം സർവ്വവ്യാപിയായി നിലകൊള്ളുന്നു. ദേശത്തിന്റെ മണ്ണടരുകളിൽ നിന്നാണ് കഥാപാത്രങ്ങളെ രൂപപ്പെടുത്തുന്നത്. ആചാരമര്യാദകൾ, ശീലങ്ങൾ, അനുഷ്ഠാനങ്ങൾ, ഭക്ഷണം, ഭാഷ തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലും വൈവിധ്യം പുലർത്തുന്ന ഓരോ ദേശ ങ്ങൾക്കും പറയാനുള്ളത് വ്യതിരിക്തങ്ങളായ കഥകളാണ്. ദേശ ത്തിന്റെ ഘടനയനുസരിച്ചാണ് കഥാപാത്ര രൂപീകരണം. വംശം, രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, പരിസരങ്ങൾ ഒക്കെ എഴു ത്തിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. വംശത്തിന്റെ വേരുകൾ പടരുന്നത് ദേശത്തിലാണ്. ദേശത്തിന്റെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക അടിത്തറയിലാണ് വംശം നിലകൊള്ളുക. അതുകൊണ്ടു തന്നെ വംശത്തിന്റെ പ്രത്യേകതകൾ, കാലഘട്ടത്തിന്റെ പ്രത്യേകത കൾ ഒക്കെ കൃതിയിലേക്ക് കടന്നുവരും.

ദേശത്തെ അടയാളപ്പെടുത്തുന്നത് ബോധപൂർവ്വമോ അബോധ പൂർവ്വമോ ആകാം. ദേശം എഴുത്തുകാരന്റെ ഹൃദയത്തിന്റെ സ്വകാര്യ ഇടം കൂടിയാണ്. അതുകൊണ്ടുതന്നെ അത്തരം ഇടങ്ങളെ കൃതിയി ലേക്ക് പകർത്തുമ്പോഴാണ് അത് അനശ്വരമാവുന്നത്. കൂടല്ലൂരിന്റെ കഥ പറയുന്ന എം. ടി.യും മയ്യഴിയുടെ കഥ പറയുന്ന മുകുന്ദനും അതിരാണിപ്പാടത്തിന്റെ കഥ പറയുന്ന എസ്. കെ.യും കുട്ടനാടിന്റെ കഥ പറയുന്ന തകഴിയും പുത്തനെഴുത്തിലെ വിനോയ് തോമസും ഫ്രാൻസിസ് നൊറോണയും സ്വന്തം ദേശങ്ങളെ തന്നെയാണ് എഴുത്തിന്റെ ഭൂമികയായി തെരഞ്ഞെടുത്തിരിക്കുന്നത്. സ്വന്തമിട ത്തിന്റെ കഥ പറഞ്ഞപ്പോഴാണ് അത് ആസ്വാദ്യകരമായതും. അന്യ ദേശത്തിന്റെ കഥ പറയുമ്പോൾ പോലും ഗൃഹാതുരത്വത്തിന്റെ നീറ്റലു

മായി, പൊള്ളുന്ന മനസ്സുമായി സഞ്ചരിക്കുന്ന ദേശത്തിന്റെ കഥാപാത്രങ്ങളെ വിന്യസിക്കുന്നത് സൂക്ഷ്മ വായനയിൽ നമുക്ക് പിടിച്ചെടുക്കാൻ കഴിയും.

പ്രാദേശികത ആഴമുള്ള ഒറ്റക്കിണറാണ്. ഒറ്റക്കിണറിനെ നദിയാക്കി മാറ്റുമ്പോഴാണ് എഴുത്തുകാരൻ വിജയിക്കുന്നത്. ഇല്ലെങ്കിൽ ഒറ്റക്കിണറിൽ ശ്വാസംമുട്ടി മരിക്കാനായിരിക്കും വിധി. ദേശത്തിൽ നിന്നുകൊണ്ട് ദേശീയതയിലേക്കും വിശ്വമാനവികതയിലേക്കുമുള്ള പാലായനമാണ് യഥാർത്ഥ എഴുത്ത്. മനുഷ്യന്റെ വികാരങ്ങളും വിക്ഷോഭങ്ങളും ലോകത്തെവിടെയും ഒന്നാണല്ലൊ. അതുകൊണ്ടുതന്നെ കേരളത്തിലെ ഏത് കുഗ്രാമത്തിലെ പൗരന്റെ വേപഥു ലോകത്തിന്റെ വേപഥുവായിരിക്കും. അത്തരത്തിൽ അതിനെ പരുവപ്പെടുത്തുന്ന രാസപ്രക്രിയയാണ് കഥാകാരനുണ്ടാവേണ്ടത്. അതിന് കഴിഞ്ഞില്ലെങ്കിൽ സ്വയം തീർത്ത തടവറയിലെ ആജീവാനന്ത തടവുകാരനായി അയാൾ തീരും. ദേശത്തിന്റെ നീല ഞരമ്പുകൾ പിണച്ചെടുക്കുന്ന എഴുത്ത് സൃഷ്ടിക്കുന്ന അടിയൊഴുക്കുകൾ സാഹിത്യത്തെ മാറ്റിമറിക്കുന്നവയാണ്. കാലത്തിന്റെ കയ്യൊപ്പുകൾ പതിയുമ്പോൾ ദേശത്തിന്റെ ഘടനയ്ക്ക് മാറ്റമുണ്ടാവുന്നുണ്ട്. ഇടത്തിൽ നിന്നുകൊണ്ട് ഭൂതകാലത്തേയും വർത്തമാനകാലത്തേയും കൂട്ടിക്കെട്ടുന്ന അപൂർവ്വ സൗന്ദര്യം അവയ്ക്കുണ്ട്. സമയനദിയുടെ സഞ്ചാരമനുസരിച്ചാണ് ദേശത്തിന്റെ രൂപഭാവങ്ങൾ മാറുന്നത്. ദേശമെന്ന ഇടത്തിൽ കാലുറപ്പിച്ചുനിൽക്കുമ്പോഴും മാറ്റങ്ങളുടെ ധാരകളെ അവൻ സ്വീകരിച്ചേ മതിയാവൂ.

എഴുത്ത് ജീവിതഗന്ധിയാവുന്നത് അത് ജൈവ പരിസരത്തിന്റെ ആവാഹനം കൊണ്ടാണ്. സംഘകാല തിണകളിലെ സാഹിത്യം വ്യതിരിക്തമാവുന്നത് തിണകളിലെ ഭൂപ്രകൃതിയും ജീവിതവും വ്യത്യസ്തമായതുകൊണ്ട് മാത്രമാണ്. ഐന്തിണയിലെ നെയ്തൽ, ഉപ്പുകാറ്റിന്റെ സ്പർശവും കടലിന്റെ അഗാധതയും ചൊരിമണലിന്റെ വിശാലതയുംകൊണ്ട് ശ്രദ്ധേയമാണ്. പടന്നയുടെ കഥയും വ്യത്യസ്തമല്ല. പടന്ന–ഉപ്പളമായിരുന്ന പ്രദേശം–തീരദേശത്തിന്റെ കയ്യൊപ്പ് പതിഞ്ഞ അത്യുത്തരദേശത്തെ ഗ്രാമം. മുസ്ലിം–ഹിന്ദു ജനസംസ്കാരത്തിന്റെ ധാരകൾ കലഹങ്ങൾ ഉണ്ടാക്കാത്ത നാട്. ആ നാടിനെ അടയാളപ്പെടുത്തുന്ന 32 കഥകളാണ് ഈ സമാഹാരത്തിൽ ഉള്ളത്. അത്യുത്തര കേരളത്തിന്റെ ജീവിതക്കാഴ്ചകൾ വളരെക്കുറച്ചേ മലയാളത്തിൽ ആവിഷ്കൃതമായിട്ടുള്ളു. പ്രത്യേകിച്ച് കാസർഗോഡൻ മേഖല വളരെ അപൂർവ്വമായാണ് മലയാള സാഹിത്യത്തിൽ കടന്നുവന്നിട്ടുള്ളത്.

ദേശത്തിന്റെയും വംശത്തിന്റെയും ചൂരും ചുണയും നിറഞ്ഞു നിൽക്കുന്ന കഥകളാണ് പി. സി. അഷറഫിന്റേത്. 'മൊയ്‌ലാർച്ച'മാർ കേന്ദ്രകഥാപാത്രങ്ങളായി നിറഞ്ഞാടുന്ന കഥകളിൽ ഉത്തര കേരള മുസ്ലിം ജീവിതാചാരങ്ങൾ, ഭാഷ, വേഷം, ഭക്ഷണം, അനുഷ്ഠാനങ്ങൾ തുടങ്ങിയവ ആഴത്തിൽ പതിഞ്ഞുകിടപ്പുണ്ട്. പുരുഷാധികാര ലോകത്തിൽ അടിച്ചമർത്തപ്പെടുന്ന സ്ത്രീകൾക്ക് ജാലകങ്ങൾ ഇരുട്ടിലേക്ക് മാത്രമേ തുറക്കാൻ കഴിയുന്നുള്ളു. മൈമൂത്തയാകട്ടെ പുരുഷന്റെ പാകം നോക്കി സ്വയം ജീവിക്കാൻ മറന്നവളുമാണ്. ഭോഗോപകരണം എന്നതിനപ്പുറം സ്ത്രീ എന്താണ്? മുസ്ലിം തീവ്രവാദ ത്തിന്റെ വേരുകൾ അനാവരണം ചെയ്യുന്ന 'മൂന്നാമത്തെ സ്വപ്നത്തിന്റെ വ്യാഖ്യാനം' എന്ന കഥ കുരിപ്പിന്റെ വിളയാട്ടത്തിന്റെ ഭീകരത തുറന്നിടുന്നു. ഒരേയൊരു ശരിയിലേക്ക് സഞ്ചരിക്കുന്നവർ മറ്റുശരികളെ തകർക്കുന്ന നിർദ്ദയ വർത്തമാനകാല ആസുരത യിലേക്കാണ് കണ്ണുനീട്ടുന്നത്.

പെൺകുട്ടികളുടെ ഖൽബ് കട്ടിയില്ലാത്തതുകൊണ്ട് വായിക്കാൻ പാടില്ലെന്ന് വിധിക്കുന്ന മുസ്ലിം ലോകത്തെ ആവിഷ്ക്കരിക്കു ന്നവയാണ് സബൂറ മിയാനത്തിന്റെ കഥകൾ. രണ്ടാംകെട്ടുകാരന്റെ ഭാര്യമാരാകാൻ വിധിക്കപ്പെടുന്നവരും ഇഷ്ടമില്ലാത്ത വിവാഹത്തിൽ പെട്ടുപോവുന്നവരും തടങ്കൽ പാളയത്തിന് സമാനമായ ജീവിതം നയിക്കുന്നവരും നിറയെ ഉണ്ടെങ്കിലും പ്രതീക്ഷയുടെ പുതുവെളിച്ചം നീട്ടിയാണ് കഥകൾ അവസാനിപ്പിക്കുന്നത്. 'ഫസ്ഖി'ലെ നൂറുവും 'സോളോ'യിലെ കഥാനായികയും ജീവിതത്തിന്റെ കനൽ പാടങ്ങളെ മറികടന്ന് ഉയരങ്ങളിലേക്ക് വന്നവരാണ്.

എം. കെ. അബ്ദുൽ റഹീമിന്റെ 'നാടുകടത്തലി'ൽ മാറ്റങ്ങളുടെ തീക്കാറ്റ് എങ്ങനെ ചിന്തയുടെ വിളക്കുകളെ തെളിയിക്കുന്നുവെന്നും അതിനെ തമസ്ക്കരിക്കാനും നാടുകടത്താനും യാഥാസ്ഥിതിക വർഗം എങ്ങനെ തയ്യാറെടുക്കുന്നുവെന്നും കൃത്യമായി വരച്ചുകാണി ക്കുന്നുണ്ട്. വ്യക്തിയെ മാത്രമെ നാട് കടത്താനാവൂ. ആശയങ്ങളെ, ചിന്തകളെ എങ്ങനെയാണ് നാട് കടത്താനാവുക?

സക്കരിയ്യയുടെ 'മുഖപുസ്തകത്തിലില്ലാത്തത്' വിശ്വാസത്തിന്റെ മൂടുപടംകൊണ്ട് ജനതയെ കബളിപ്പിക്കുന്നവരോടുള്ള കറുത്ത ഹാസ്യം തന്നെ. ഗ്രാമത്തിന്റെ ശാന്തതയിലേക്ക് എങ്ങനെ പുത്തൻ സാങ്കേതികത്വം കടന്നുവന്ന് മാറ്റങ്ങളുടെ മാറാദീനമുണ്ടാക്കുന്നതെന്ന് വ്യക്തമാക്കുന്ന കഥകളാണ് സജിതിന്റെ 'ന്യൂജൻ കാക്ക' കളും 'അദൃശ്യലോകത്തെ ജീവിതങ്ങളും'. കാക്കൾക്ക് ഇനി ബലിച്ചോറ്

വേണ്ട, നഗരമാലിന്യങ്ങൾ ധാരാളം ഉണ്ട് എന്ന യാഥാർത്ഥ്യം വരച്ചുകാണിക്കുന്നു 'ന്യൂജെൻ കാക്ക'. 'അദൃശ്യ ലോകത്തെ ജീവിതങ്ങൾ' വെർച്ച്വൽ റിയാലിറ്റിയിൽ അഭിരമിക്കുന്ന ജനത സ്വന്തം വേര് മറന്നുപോവുന്നതാണ് ആവിഷ്ക്കരിക്കുന്നത്.

എല്ലാ കഥകളേയും തൊട്ടുനോക്കുന്നില്ല. എല്ലാം പടന്ന ദേശത്തിന്റെ കഥകൾ തന്നെ. ഭൂതകാലവും വർത്തമാനകാലവും ലംബവും തിരശ്ചീനവുമായും സഞ്ചരിക്കുന്ന പടന്നയുടെ കഥകൾ. എവിടെയും മാറ്റങ്ങൾ! ശുഭോദർക്കവും വേദനാജനകവുമായ മാറ്റങ്ങൾ ഏറ്റുവാങ്ങുന്ന ജനത. എങ്കിലും പ്രതീക്ഷയുടെ തിരികൊളുത്താൻ അവർ മടിക്കുന്നില്ല. എല്ലാ കഥകളും മികച്ചതാണെന്ന് പറയുന്നില്ല. മലയാളത്തിലെ മുൻനിരക്കാർ എഴുതിയ കഥകളല്ലയിത്. പക്ഷേ, ഒരു നാടിനെ ഉണർത്തിയെടുക്കാനുള്ള ശ്രമത്തിൽനിന്ന് ഉയർന്ന ഈ കഥകൾ ഒരു ദേശത്തെ അടയാളപ്പെടുത്തുന്നുണ്ട്. സ്വന്തം സാംസ്കാരിക തട്ടകത്തിൽ നിന്നുകൊണ്ട് കാലത്തേയും ദേശത്തേയും രേഖപ്പെടുത്തുന്ന കാര്യത്തിൽ ഇവർ ആർക്കും പിന്നിലല്ല. നാട്യങ്ങളില്ലാത്ത ഈ കഥകൾ തുറന്നിടുന്നത് വ്യത്യസ്ത ജീവിതക്കാഴ്ചകളെയാണ്. അതുകൊണ്ടുതന്നെ വായനയുടെ പുതിയ ജാലക കാഴ്ചകൾ ഈ കഥകൾ തരുമെന്നതിൽ യാതൊരു തർക്കവുമില്ല.

**2018 ജൂലൈ 30** **– ഡോ. കെ രമേശൻ**

പി. സി. അഷറഫ്

# മൂന്നാമത്തെ സ്വപ്നത്തിന്റെ വ്യാഖ്യാനം

**ദേ**ശത്തുനിന്ന് ഇരുപത്തിരണ്ടുപേർ പുറപ്പെട്ടുപോയ രാത്രിയിലാണ് എനിക്ക് ആ സ്വപ്നദർശനമുണ്ടായത്. വാർത്തയറിഞ്ഞതുമുതൽ നിരത്തിൽ പലതരം വാഹനങ്ങളുടെ കലമ്പൽ ഉണ്ടായി. യൂനിഫോർമിൽ നിന്ന് പോലീസ് വണ്ടികളേയും പൊലീസുകാരെയും തിരിച്ചറിയാൻ പറ്റി. യൂനിഫോമില്ലാതെയും പൊലീസുകാരുണ്ടെന്ന് ആളുകൾ അടക്കം പറഞ്ഞു. ക്യമറയും ഓബിവാനുകളും മറ്റുമായി മാധ്യമങ്ങളും ഇടംവലംപാഞ്ഞു. വിശാലമായ റോഡുണ്ടെങ്കിലും ദേശത്തിന് ശ്വാസം മുട്ടുന്നുണ്ടെന്ന് തോന്നി. നിർണ്ണായക ദിനങ്ങളിൽ സ്വപ്ന ദർശനമുണ്ടായവർ മുമ്പും ദേശത്തുണ്ടായിരുന്നു.

കുരിപ്പിന്റെ വിളയാട്ടം രണ്ട് നൂറ്റാണ്ട് മുമ്പ് ദേശത്തെ അക്ഷരാർത്ഥത്തിൽ ചവുട്ടിക്കുഴച്ചിട്ടു. ആദ്യമാദ്യം ദേശത്ത് വലിയതോതിൽ അസ്വസ്ഥതകളുണ്ടായിരുന്നില്ല. ഒറ്റയും തെറ്റയുമായി ആ ഭീകരൻ തലനീട്ടിക്കൊണ്ടിരുന്നു. അവർക്ക് നല്ല പരിചരണങ്ങൾ കിട്ടി. സന്ധുബന്ധുക്കളുടെ ചുറ്റുപാടും നിന്നുള്ള കണ്ണീർ പൊഴിക്കലിലാണ് പലരും കണ്ണടച്ചത്. എന്നാൽ പെട്ടെന്നാണ് ചിത്രം മാറിയത്. കുരുപ്പുചാപ്പ കെട്ടാത്ത വീട്ടുപറമ്പുകളില്ലെന്നായി. കുരിപ്പ് ബാധിച്ച് മരണത്തോട് മല്ലടിക്കുന്നവരെ ചാപ്പയിലേക്ക് മാറ്റി. ചാപ്പയിൽ നിന്ന് പള്ളിക്കാട്ടിലേക്കുള്ള ദൂരം കുറഞ്ഞുവന്നു.

ആരോഗ്യത്തോടെ കിടന്നുറങ്ങിയവരിൽ പലരും പിറ്റേന്നുണർന്നത് മുഖത്ത് കുരിപ്പ് കുത്തുകളുമായിട്ടാണ്. കുരിപ്പ് ബാധിച്ചവർ പനിച്ചുതുള്ളി. ഒരേയൊരു നാട്ടുവൈദ്യൻ വീടുകൾ കയറിയിറങ്ങി തളർന്നു. വൈദ്യൻ വ്രണങ്ങളിൽ തടവി നോക്കി മരുന്ന് നിശ്ചയിച്ചു. ആദ്യം വ്രണങ്ങൾ വേഗം പൊന്താൻ മരുന്ന് തരും. പിന്നെ, വ്രണങ്ങൾ അമരാനും.

ഇരുട്ടു നിറഞ്ഞ കുരിപ്പ് ചാപ്പയ്ക്ക് ആകെ ഒരു വാതിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. വസ്ത്രം മുഴുവൻ ഉരിഞ്ഞുമാറ്റും. വേപ്പില വിരിച്ച പായയിലാണ് കിടപ്പ്. കഞ്ഞിവെള്ളവും ചുട്ട പപ്പടവും വാതിൽക്കൽ കൊണ്ടുവെക്കും. കണ്ണിൽ മല്ലിവെള്ളമൊഴിക്കും. കുരിപ്പ് പൊന്താത്ത

ഒരു സ്ഥലം പോലും ശരീരത്തിൽ ബാക്കിയുണ്ടാവില്ല. വ്രണങ്ങൾ നിറഞ്ഞിരിക്കുന്നതുകൊണ്ട് കണ്ണ് അടഞ്ഞടഞ്ഞ് വൈകുന്നേരമാകുമ്പോഴേക്കും തീരെ തുറക്കാൻ പറ്റാതാകും. രാത്രി അതങ്ങനെ തുടരും. അമ്മമാരുള്ളവർ ഭാഗ്യവാന്മാർ. അമ്മമാർ കണ്ണ് വലിച്ചുതുറന്ന് മല്ലി വെള്ളമൊഴിക്കും. അപ്പോഴാണ് എന്തെങ്കിലുമൊക്കെ കാണാൻ പറ്റുന്നത്.

വേദന കൂടുമ്പോൾ അമ്മമാർ സൂചി ചൂടാക്കി വ്രണങ്ങൾ പൊട്ടിക്കും. അതൊരു ആശ്വാസമായിരുന്നു. ചുറ്റുമുള്ള വീടുകളിൽനിന്ന് മരിച്ചവരുടെ കഥകൾ ദിനേനെയെന്നോണം കുരിപ്പുചാപ്പകളിലും അറിയുന്നുണ്ട്. കുരിപ്പ് ബാധിച്ചുമരിച്ചവരെ പകലിൽ ശ്മശാനത്തേക്കെടുക്കുകയില്ല. പായയിൽ പൊതിഞ്ഞ് പാതിരാവാകുമ്പോളാണ് ശ്മശാനത്തിലേക്കു കൊണ്ടു പോകുന്നത്. കത്തിച്ച പന്തവും പിടിച്ച് ഒരാൾ മുന്നിൽ നടക്കും. പലതരം മന്ത്രോച്ചാരണങ്ങളുടെ ആരവം ഉയരും.

പരിചരിച്ചവരുടെ മേലും ഭീകരമായ വിളയാട്ടം കണ്ടുതുടങ്ങി. ദേശം ഭയത്താൽ നടുങ്ങിവിറച്ചു. ആർക്കും ആരെയും വിശ്വാസമില്ലാതെയായി. ഒരു തറവാട്ടിൽ ആരും തന്നെ ശേഷിപ്പില്ലാതായി. മുച്ചൂടും നശിച്ചു. ഒന്നിനുപുറകെ ഒന്നെന്ന കണക്കിന് മുപ്പത് ഖബറുകൾ അവർക്കുതന്നെ വേണ്ടിവന്നു. പടിഞ്ഞാറെ ചാലിലെ കണ്ടലുകൾ ചുറ്റിവരിഞ്ഞ മാടിനെക്കുറിച്ച് ചിലർ അടക്കം പറഞ്ഞു. രാത്രിയുടെ വിജനയാമങ്ങളിൽ സ്വന്തക്കാർ തന്നെ കുരിപ്പ് വിളയാടിയവരെ മാടിൽ  കൊണ്ടുപോയി നടതള്ളി. കാരുണ്യത്തിന്റെ കണ്ണുകൾ എന്നെന്നേ ക്കുമായി ദേശത്തുനിന്ന് പടിയിറങ്ങി എന്നുതോന്നി. അവിശ്വാസത്തിന്റെയും ഭയത്തിന്റെയും ഉച്ഛ്വാസവായു മാത്രം ദേശത്ത് തളംകെട്ടി. ഒരു പെരുമ്പാമ്പിനെപോലെ ഇഴഞ്ഞിഴഞ്ഞ് പോവുന്ന ദിവസങ്ങളിലൊന്നിലാണ് ആ സ്വപ്ന ദർശനമുണ്ടായത്.

വലിയ സീതി നാട്ടിലാകെ ബഹുമാനമുള്ള ആളാണ്. സ്വന്തം തറവാട്ടുമുറ്റത്ത് തന്നെ ഒരുഭാഗത്ത് ഓലകൾ കൊണ്ട് ചായ്ച്ചുകെട്ടി ഓത്തുകെട്ടിയുണ്ടാക്കി കുഞ്ഞുങ്ങൾക്ക് അക്ഷരവെളിച്ചം നൽകുന്നു. വീടുവീടാന്തരം കയറി എണ്ണ ശേഖരിച്ച് ദൈവപ്പുരയെ പ്രകാശപൂരിതമാക്കലായിരുന്നു സീതിയുടെ മറ്റൊരു പ്രവൃത്തി. ആയിടയ്ക്കാണ് സീതി തന്റെ ഉള്ളം കൈയിലും കുരുക്കളെ നടുക്കത്തോടെ കണ്ടത്. കുരിപ്പിന്റെ തുടക്കം! സീതിയുടെ ഉള്ളിൽ ഒരു നിലവിളിയുയർന്ന് പുറത്തേക്ക് വരാതെ അവിടെതന്നെ ഒടുങ്ങി. സീതി കിടത്തം പള്ളിയുടെ കൊട്ടിലിലേക്ക് മാറ്റി. അതിന്റെ രണ്ടാം ദിവസമാണ് സീതിക്ക് ആ സ്വപ്ന ദർശനമുണ്ടായത്. ജീവിതത്തിൽ

ഇന്നേവരെ കണ്ടിട്ടില്ലാത്ത രണ്ടുപേർ സീതിയുടെ മുന്നിൽ വന്നുനിൽക്കുന്നു. അവർ സീതിയോട് പറഞ്ഞു, നിങ്ങളെ വലിയ പള്ളിയിലെ ഖോജ വിളിക്കുന്നു.

എവിടേക്ക്?

ഒരു നടുക്കത്തോടെ സീതി ചോദിച്ചു. വന്നവർ പറഞ്ഞു, വരൂ ഞങ്ങളുടെ കൂടെ വരൂ... കൂട്ടിക്കൊണ്ടുചെല്ലാനാണ് ഞങ്ങളോട് പറഞ്ഞിരിക്കുന്നത്. സീതി അവരുടെ കൂടെ ഇറങ്ങിത്തിരിച്ചു. പാൽ നിലാവ് പൊഴിയുന്ന രാത്രിയിൽ അന്നേദിവസം തന്നെ അടക്കം ചെയ്ത അഞ്ചുകബറിടങ്ങളിലെ പച്ചമണ്ണ് ചവിട്ടിക്കൊണ്ട് സീതി വലിയ പള്ളിയിൽ പ്രവേശിച്ചു. അതാ അവിടെ വിളിച്ചുവരുത്തിയ ആൾ ഇരിക്കുന്നു. എന്നും കാണണമെന്നാഗ്രഹിച്ച പുണ്യപുരുഷൻ. ഈ ദേശത്തിന്റെ കാവൽക്കാരൻ. അറുതിയില്ലാത്ത കാരുണ്യത്തിന്റെ ഉറവിടം. നൂറ്റാണ്ടുകൾക്കുമുമ്പാണ് ആ പുണ്യവാന്റെ പാദപതനം ദേശത്തുണ്ടായത്. അതും ഇതുപോലുള്ള ഒരു തെളിനിലാവുള്ള രാത്രിയിൽ. ദൂരെദൂരെ ഏതോ ദേശത്തുനിന്നാണ് പഥികൻ പുറപ്പെട്ടു വന്നത്. നിലയുറപ്പിച്ചത് ഈ വലിയ പള്ളിയുടെ കുറുക്കനും കീരിയും മരപ്പട്ടിയും കറ്റനരിയും എയ്യനും മറ്റുമുള്ള മൈതാനി ക്കാട്ടിൽ. കാട്ടിനകത്ത് ഒരിളക്കം കണ്ട് കുട്ടികളാണ് ശ്രദ്ധിച്ചത്. അവർ കല്ലുപൊറുക്കിയെറിഞ്ഞു. തിരിച്ചിങ്ങോട്ട് ഏറായി വന്നത് അരീരം! കുട്ടികളുടെ വിശന്ന വയറിന് അത് ആശ്വാസമായി. സദാസമയവും മൈതാനിക്കാട്ടിൽ കഴിയുന്ന ആ അപരിചിതൻ കുട്ടികളോട് മാത്ര മായിരുന്നു കൂട്ട്.

ഒരു രാത്രി ഏറെ വൈകി മീൻപിടിക്കാൻ പോയി പുഴയിൽനിന്ന് കയറിയ അച്ചുമ്മാടെ കുഞ്ഞാലി വലിയ പള്ളിക്കുളത്തിൽ കാലും മുഖവും കഴുകാൻ പോയി. കുഞ്ഞാലി ഞെട്ടി, അവിടെ കുളപ്പടവി ലതാ ഒരു കുഞ്ഞുസൂര്യൻ. അതിന്റെ താഴെ അലക്കിയിട്ട വസ്ത്ര ങ്ങളെ ഉണക്കുകയാണ്. ആ വസ്ത്രത്തിന്റെ ഉടമയും അൽപം മാറി ഇരിക്കുന്നുണ്ടായിരുന്നു. പള്ളിക്കാട്ടിലെ മസ്താൻ! മസ്താൻ കുഞ്ഞാ ലിയോട് പറഞ്ഞു, എന്നെ ഇച്ചേലിൽ കണ്ട കാര്യം നീയാരോടും മിണ്ടല്ല കുഞ്ഞാലി. മിണ്ടില്ല എന്ന് കുഞ്ഞാലിയും. ജീവിതകാലത്ത് കുഞ്ഞാലി വാക്ക് പാലിച്ചു. ആരോടും മിണ്ടിയില്ല. എന്നാൽ ഇക്കഥ ഓലയിൽ എഴുതി തന്റെ മൂലപ്പെട്ടിയിൽ സൂക്ഷിച്ചു. കുഞ്ഞാലിയുടെ മരണത്തിനുശേഷം ഇത് വായിച്ച ബന്ധുക്കൾ നാട് മുഴുവൻ മസ്താന്റെ ദിവ്യത്വം കൊട്ടിഘോഷിച്ചു. അങ്ങനെ മസ്താൻ നാട്ടു കാരുടെ ഖോജയായി. വലിയ പള്ളിയിലെ ഒരു പ്രധാന ഭാഗത്ത് ഖോജയ്ക്ക് ശവകുടീരമുയർന്നു.

ആ ഖോജയാണ് നൂറ്റാണ്ടുകൾക്കിപ്പുറം വലിയ സീതിയെ വിളിച്ചുവരുത്തിയിരിക്കുന്നത്. പച്ചപ്പട്ട് പുതച്ച നീണ്ട മഖ്ബറ ചാരിയിരിക്കുന്ന ഖോജയെ സീതി കണ്ടു. ഒരു മുഖവുരയുമില്ലാതെ ഖോജ പറഞ്ഞു, നീ നാളെ രാവിലെ നാട്ടുകാരെ വിളിച്ചുകൂട്ടി പറയണം, സാധുക്കൾക്ക് ഉപ്പും ചോറും കൊടുക്കാൻ. എങ്കിൽ നാട്ടിലെ ദീനം നീങ്ങും. സീതി പ്രതിവചിച്ചു, ഞാൻ പറഞ്ഞാൽ ആര് കേൾക്കാൻ തങ്ങളെ. ഖോജ പറഞ്ഞു, കേൾക്കും... നിന്റെ കൈകൾ കൊണ്ട് എന്റെ കാൽ തടവൂ. സീതി അങ്ങനെ ചെയ്തു. അത്ഭുതം! കൈകളിലെ വ്രണങ്ങൾ ഇല്ലാതായിരിക്കുന്നു.

സീതി പൊടുന്നനെ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു. യാഥാർത്ഥ്യത്തിന്റെയും സ്വപ്നലോകത്തിന്റെയും അതിർ വരമ്പിൽ ഒരൽപം ആടിയുലഞ്ഞ് സീതി പ്രജ്ഞ വീണ്ടെടുത്തു. തന്റെ കൈ കളെ പരിശോധിച്ചു. അത്ഭുതം! അവിടെ വ്രണത്തിന്റെ പാടുപോലുമില്ല. സീതി പിറ്റേന്നാൾ നാട്ടുകാരോട് ദിവ്യസ്വപ്നം വിളംബരം ചെയ്തു. തന്റെ കൈ പ്രദർശിപ്പിച്ചു. നാട്ടുകാർ സീതിയെ മറുചോദ്യമില്ലാതെ വിശ്വസിച്ചു. സാധുക്കൾക്ക് ഉപ്പും ചോറും വിളമ്പുന്നത് പതിവാക്കി. ദീനം നാടുനീങ്ങി. പഴയ ഉത്സാഹവും കളിചിരിയും നാട്ടിൽ തിരിച്ചെത്തി.

അവിടെനിന്നും നൂറ്റാണ്ടുകൾ കഴിഞ്ഞു. കാലം കുത്തിയൊഴുകുക തന്നെ ചെയ്തു. കാലത്തിന്റെ പ്രഹരമേറ്റ് പലതും കടപുഴകി. ചിലതെല്ലാം പുതുതായി മുളച്ച് തിടം വെച്ചു. ഖോജയും സീതിയുമെല്ലാം മറവിയുടെ കയങ്ങളിലേക്ക് എന്നെന്നേക്കുമായി ആണ്ടുപോയി. പുതിയ തരം ആചാരങ്ങൾ വേരുപിടിച്ചു. അതാണ് ഇരുപത്തിരണ്ട് കല്ലുപോലത്തെ യുവാക്കളെ രായ്ക്ക് രായ്മാനം ദേശത്തുനിന്ന് പലായനം ചെയ്യിച്ചിരിക്കുന്നത്.

മാറ്റം അങ്ങനെ ഒറ്റയടിക്കായിരുന്നില്ല. ആദ്യമാദ്യം ചെറുപ്പക്കാർ മൗനികളായിരുന്നു. അവർ വീട്ടിൽ അപൂർവ്വം മാത്രം വന്നു. അവർക്ക് പുറത്തെവിടെയോ സങ്കേതങ്ങൾ ഉണ്ടായിരുന്നു. അവരുടെ താടിരോമങ്ങൾ കാടുപോലെ വളർന്നു. വസ്ത്രധാരണത്തിൽ ഒട്ടും ധാരാളിത്തം ഉണ്ടായിരുന്നില്ല. മുട്ടിന് അൽപം താഴെ ഇറക്കമുള്ള ഒറ്റമുണ്ടും പരുക്കൻ ഷർട്ടുമായിരുന്നു വേഷം. മൗനികളായവർ പൊടുന്നനെ ദേഷ്യം പൂണ്ടു. അവർ വീടുകളിലെ ടെലിവിഷൻ സെറ്റുകൾ തല്ലിപ്പൊട്ടിച്ചു. അവ പിശാചിന്റെ ആലയങ്ങളാണെന്ന് ഉദ്ഘോഷിച്ചു. വീട്ടുലൈബ്രറിയിലെ പുസ്തകങ്ങൾ മുറ്റത്തിട്ട് തീകൊളുത്തി. ഒരെയൊരു പുണ്യഗ്രന്ഥം മാത്രമേ വായിക്കാവൂ എന്ന ശാസന പുറപ്പെടുവിച്ചു. എല്ലാ കലകളേയും നാടുകടത്തി. എല്ലാതരം ആഘോഷ

ങ്ങളേയും നിരോധിച്ചു. മറ്റുമതസ്ഥരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നത് വിലക്കി. അവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുക പോയിട്ട് അതിനെ ആശംസിക്കുക പോലും പാടില്ലെന്ന് കർശന നിയമം നടപ്പിലാക്കി. പതുക്കെ തുടങ്ങിയത് ഒരശനിപാതം പോലെ ദേശത്തിന്റെ മേലെ പതിച്ചു. കാലിനടിയിലെ ചോപ്പുമാറാത്ത കൗമാരക്കാർ വരെ ഇതേറ്റുപിടിച്ചു. ഒരേയൊരു ശരിയുടെ വഴി മൂർച്ഛയേറിയ വെള്ളിവാൾ വായ്ത്തലപോലെ മിന്നിത്തിളങ്ങി. അതിന്റെ ഭീഷണമായ നിഴലിൽ ദേശം വീണ്ടും നടുക്കം കൊണ്ടു. അവരുടെയും അവർക്ക് പിൻബലമേകുന്നവരുടെയും ശാദ്വല ഭൂമി ഇവിടമല്ല. അത് ദൂരെദൂരെയാണ്. അവർ പിന്നിലുപേക്ഷിച്ചുപോയ കുടുംബം–അച്ഛനമ്മമാർ, ഭാര്യ, മക്കൾ–ഹൃദയംപൊട്ടി തേങ്ങി. പക്ഷെ, അവരുടെ മനസ്സലിഞ്ഞില്ല. അവർ പറഞ്ഞു, ഞങ്ങൾ തേടിയ ഭൂമി ഞങ്ങൾ കണ്ടെത്തി.

ഉറ്റവർ ചോദിച്ചു, എന്നിട്ടോ?

അവർ പറഞ്ഞു, ഞങ്ങൾക്ക് കൊല്ലണം, ശത്രുക്കളെ. എന്നിട്ട് ഞങ്ങൾക്ക് മരിക്കണം. ഇതുകേട്ട് ദേശക്കാർ ഞെട്ടിവിറച്ചു. നൂറ്റാണ്ടുകളുടെ സംസ്കൃതി നിലം പൊത്തുന്നതായി അവർക്കൂതോന്നി. ഒരുപാട് കുത്തൊഴുക്കുകളിലൂടെ പലതും കടപുഴക്കിയും പലതും പുതുതായി നിക്ഷേപിച്ചും ഒഴുകിയ കാലത്തിൽ നിന്ന് വളരെ വ്യത്യസ്തമായ ഒരു സ്വരമാറ്റം കേൾക്കുകയാണ്. കൊല്ലലിന്റെയും സ്വയംഹത്യയുടെയും മാഹാത്മ്യപ്പെടുത്തൽ പുതുദീനം പോലെ പടർന്നുപിടിക്കുമോ എന്ന ആശങ്ക ദേശവാസികളിലുണ്ടായി. കുരിപ്പ് കാലത്തെപോലെ അവിശ്വാസവും സംശയ വീക്ഷണവും വീണ്ടും ദേശത്തെ വിഴുങ്ങി. അത് കുരിപ്പ് ദീനകാലത്തേക്കാൾ മാരകമായിരുന്നു. ദേശം മുഴുവൻ ഒറ്റപ്പെട്ട ഒരു തുരുത്തുപോലെയായി. ധാരാളം ചാരക്കണ്ണുകൾ ദേശത്തെ വളഞ്ഞു. ഏറ്റവും മോശം വാർത്തകൾക്കായി ദേശം ഒരുങ്ങി. ഇത് ഉപ്പും ചോറും വിളമ്പി പിടിച്ചുകെട്ടാവുന്ന പഴയ കുരിപ്പ് മാലയല്ല എന്ന ബോധ്യം ഓരോ ദേശവാസിക്കുമുണ്ടായി.

ഈ ദശാസന്ധിയിലാണ് എനിക്ക് സ്വപ്ന ദർശനമുണ്ടായത്. ആ സ്വപ്നം ഞാൻ ആരോട് പറയാനാണ്? പറഞ്ഞാൽ തന്നെ ആര് വിശ്വസിക്കാനാണ്? മരുഭൂമിയിൽ ദാഹജലം കിട്ടാത്തവന്റെ തൊണ്ട വരൾച്ചയിൽ സ്വപ്നം മുറിഞ്ഞ് ഞാൻ ഞെട്ടിയുണർന്നു. ശേഷം പുറത്തെ അഗാധമായ ഇരുട്ടിൽ ദൃഷ്ടിയുറപ്പിച്ചു.

പി. സി. അഷറഫ്

# പരിണാമം

**ചാ**രുകസേരയിൽ നിവർന്നിരുന്ന് അരണ്ട വെളിച്ചത്തിൽ പാനീസ് വിളക്കിന്റെ തിരി അൽപം കൂടി നീട്ടി മൊയ്‌ലാർച്ച പറഞ്ഞു: “ഹാജിയാർക്കെന്താ പേടിക്കണ്ട സംഗതിയായിറ്റ് ഇതില്ള്ളത്? നിങ്ങൊ ഈ പാറ്റനക്കണ്ടോ...” പാനീസ് വിളക്കിന്റെ ചൂട് പിടിച്ച ഗ്ലാസ്സിൽ തട്ടി കരിഞ്ഞുവീഴുന്ന മഴപ്പാറ്റകളെ ചൂണ്ടി മൊയ്‌ലാർച്ച പറഞ്ഞു, “ഇത്രേയുള്ളു. ഓരോരുത്തനും ഇങ്ങനെ കരിഞ്ഞുപോളം ”
നാട്ടുമൂപ്പൻ ഒന്നു ഞെട്ടി. ഓതുകയും അല്ലാഹുവിന് സ്തുതി പാടുകയും ചെയ്യുന്ന നാവ് കൊണ്ടാണ് പറഞ്ഞത്.
എന്താണ് സംഭവിച്ചു കൂടാത്തത് !
പുറത്തെ ഇരുട്ടിൽനിന്ന് ഒരു കാറ്റ് പെട്ടെന്ന് ഇറയത്തേക്ക് വീശുകയും ഹാജിയാരുടെ രണ്ടാം മുണ്ട് പാറി നിലത്ത് വീഴുകയും ചെയ്തു.
“മൊയ്‌ലാർച്ച അങ്ങനെ പറേര്ത് ” ഹാജി ദയാവായ്പോടെ പറഞ്ഞു, “നമ്മളെ പുള്ളാന്ന്. അബർക്ക് ഒന്നും തിരിയാത്ത പ്രായാന്ന്. അബറെ ഒപദേശിച്ച് നന്നാക്കണ്ട കടമ നമ്മക്കല്ലെ. ”
“ആവാല്ലൊ. ഒപദേശം കൊണം ബരുത്തോങ്കില്. ഇക്കണ്ട കാലത്രേം ഞാമ്പറഞ്ഞ് നടന്നിറ്റ് ഈ ശെയ്ത്താന്റെ മക്കൾ തീയന്റെ കുട്മ പോലത്തെ മുടി മുറിച്ച് കളഞ്ഞൊ? ” മൊയ്‌ലാർച്ചയുടെ ശബ്ദം ദേഷ്യം കൊണ്ട് വിറച്ചു. മുഖം ചുവന്നു. എരിതീയിൽ എണ്ണ ഒഴിക്കാതിരിക്കാനായി നാട്ടുമൂപ്പനും മൗനത്തെ പുൽകി. ക്ഷിപ്രകോപിയായ മൊയ്‌ലാർച്ച ആത്മഗതമെന്നോണം പറഞ്ഞു : “അലവിക്കുട്ടി ഉസ്താദ് ആരാന്നാ ബിജാരം? അള്ളാന്റെ വലിയാന്ന്. അങ്ങനത്തെ ഓറക്കൊണ്ട് ഒപദേശിച്ചിറ്റ് ഇബടെ ഈ വഹ നന്നായാ! ”
മൊയ്‌ലാർച്ച ഒന്നു തണുത്തപ്പോൾ ഹാജി പറഞ്ഞു : “അല്ല മൊയ്‌ലാർച്ച, കാരിയം നമ്മളെ പുള്ളമ്മാർക്ക് ഞമ്മൊ പറഞ്ഞ് കൊട്ത്ത് മനസ്സ്ലാക്കും ബിധത്തില് മറ്റൊരുനാട്ടീന്ന് ആളക്കൊണ്ടന്ന് പറയിച്ചാ അയാക്ക് സാദിക്കൂല. ഞമ്പറയ്ന്നത് മൊയ്‌ലാർച്ചന്നെ ഇബറ്റിങ്ങക്ക് ബയള് പറഞ്ഞ് കൊട്ക്കണംന്നാ ”
“ അയിനിപ്പം...”

“മൊയ്‌ലാർച്ച ഒന്നും എതിര് പറേണ്ട. മൊയ്‌ലാർച്ച പറഞ്ഞ് കൊട്ത്താ ഈ പുള്ളമ്മാർക്ക് തിരിയും. ”

“അതല്ല ഹാജി... ഈ പുള്ളമ്മാറ് പറഞ്ഞ് നടക്ക്ന്ന കാര്യത്തിൽ എനക്കത്ര പുടിയില്ല. ”

“ഈ പുള്ളമ്മാറ് പറഞ്ഞ് നടക്ക്ന്ന കാരിയങ്ങൾ എയ്തിയ കൊറേ പുസ്തകം ഞമ്പര്ത്തിച്ചിട്ട്ണ്ട്. അത് ഞാനിങ്ങോട്ട് കൊട്ത്തയക്കാ. മൊയ്‌ലാർച്ച ഒന്ന് ബായിച്ച് പടിക്ക് ”

“ഹാജിയാർക്ക് അത്ര നിർബന്ധാങ്കീ കൊട്ത്തയക്ക്. ഞാനൊന്ന് ബായിച്ച് നോക്കട്ട്, ആ അലാക്കിന്റെ കിത്താബ് ”

പുരോഹിതൻ കനിഞ്ഞു.

“ശെരി. എന്നാ ഞാമ്പരാ. നേരം ഒര്പാടായി ”

നാട്ടുമൂപ്പൻ എഴുന്നേറ്റ് പടികളിറങ്ങി.

ഹാജിയാർ ഇരുട്ടിൽ ലയിക്കുന്നത് മൊയ്‌ലാർച്ച നിരർത്ഥകമായി നോക്കിയിരുന്നു. മൊയ്‌ലാർച്ച കണ്ണടച്ച് അകത്തെ ഇരുട്ടിൽ ഒരു വെളിച്ചത്തിനുവേണ്ടി അലഞ്ഞു.

ഹാജിയാർ പോയപ്പോൾ പൂവാർണത്തട്ടംകൊണ്ട് മുഖം മറച്ച് അത്രയും നേരം വാതിലിൻ മറവിൽനിന്ന് പുറത്തെ സംസാരത്തിന് ചെവികൊടുത്തയാൾ കോലായിലേക്ക് ഇറങ്ങിവന്നു.

“എന്താന്ന് പുതിയ കൂട്ടോം കുറിയും കേക്കന്ന്?! ”

പുരോഹിത പത്നി ചോദിച്ചു.

“അയിന് നീ എന്താ കേട്ടത് ? ”

“ബാലിയക്കാറ് പുള്ളൊ അതും ഇതും പറഞ്ഞ് നടക്ക്ന്ന്. ബലിയ ബലിയ ആലിമീങ്ങളെ കുറ്റം പറേന്ന്ന് ”

‘‘അതീ കാലത്തിന്റെ കൊറവാ. ഖിയാമന്നാളിന്റെ ഓരോരോ അലാമത്ത്. അയിനൊന്നും നീ ചെവി കൊടുക്കണ്ട. നീ പോയി കഞ്ഞി എടുത്ത് ബെക്ക് ”

മൊയ്‌ലാർച്ച കണ്ണുകളെ മേൽപോട്ടുയർത്തി നിശ്ചലനായിരുന്നു. മനസ്സിന്റെ ഏകാഗ്രത നഷ്ടപ്പെട്ടിരിക്കുന്നു. വരുംവരായ്കകളുടെ ചിന്തകളിൽ മൊയ്‌ലാർച്ച അസ്വസ്ഥനായി. കാരണമറിയാത്ത ഒരു പേടി വേട്ടമൃഗത്തെപോലെ പുറത്തെ ഇരുട്ടിൽ നിന്ന് കിതച്ചു...

അല്ലാഹുവേ ഈ ചെറുബാല്യക്കാർ?...

മൊയ്‌ലാർച്ച കണ്ണുകളോടൊപ്പം കൈകളും മേൽപോട്ടുയർത്തി

“യാ അള്ളാ നീ തൊണ...”

പുലർച്ചെ സുബഹി നമസ്ക്കാരത്തിനുശേഷം പള്ളിയുടെ ഇറയത്തിരുന്ന് മൊയ്‌ലാർച്ച തസ്ബീഹ് മാലയിൽ തിരുപ്പിടിച്ച്

ജപങ്ങൾ ഉരുവിടുകയായിരുന്നു. വലിയൊരു പൊതിക്കെട്ടുമായി നാട്ടുമൂപ്പന്റെ കാര്യസ്ഥൻ അന്ത്രു കയറിവന്നത് അപ്പോഴാണ്. പൊതിക്കെട്ട് മൊയ്‌ലാർച്ചാന്റെ കാലിന്നരികെ വെച്ച് അന്ത്രു ഭവ്യതയോടെ മാറിനിന്നു.

“മൂപ്പർ തന്നയച്ചതാന്ന് ” അന്ത്രു പറഞ്ഞു : “പുസ്തകാന്ന് ”

മൊയ്‌ലാർച്ച തസ്ബീഹ് മാല അരികിലേക്ക് മാറ്റിവെച്ച് പുസ്തകത്തിന്റെ കെട്ട് തുറന്നു.

ആഴ്ചകൾക്കുശേഷം നാട്ടുമൂപ്പൻ കയറിവരുമ്പോൾ മൊയ്‌ലാർച്ച കോലായിൽ ചാരുകസേരയിൽ ഇരിക്കുകയായിരുന്നു.

“എന്താ മൊയ്‌ലാർച്ചാ സുഖൂല്ലെ?”ഹാജിയാർ കയറിവരുമ്പോഴേ ചോദിച്ചു.

“ബരത്തോന്നൂല്ല” മൊയ്‌ലാർച്ച പറഞ്ഞു.

“പള്ളിക്കമ്മിറ്റിക്കും കാണാണ്ടിരുന്നപ്പൊ ഞാൻ ബിജാരിച്ച് വല്ല പനിയോ മറ്റോ... അതാ ഇങ്ങോട്ട് ബന്നയിന്റെ ഉദ്ധേശം” ഹാജിയാർ പറഞ്ഞു, ‘‘എന്തായീ പുസ്തകോല്ലാം ബായിച്ച് തീർന്നാ? മൊയ്‌ലാർച്ചാക്ക് സൗകര്യായ സമയത്തന്നെ ഞമ്മക്ക് ബയള് ബെക്കാ...എന്താ? ”

മൊയ്‌ലാർച്ച ഒന്ന് മൗനിയായി. പിന്നെ പറഞ്ഞു,

“സമയമായിറ്റ... ഞാമ്പറയാ ഹാജി”

“മൊയ്‌ലാർച്ച നല്ലോണം ബായിച്ച് പടിച്ചിറ്റ് മതി”യെന്ന് പറഞ്ഞ് നാട്ടുമൂപ്പൻ തിരക്കിലേക്കിറങ്ങി.

ആഴ്ചകൾ മാസങ്ങളായിട്ടും മൗലാർച്ചാന്റെ ഭാഗത്തുനിന്ന് അനക്കമൊന്നും കാണാഞ്ഞ് നാട്ടുമൂപ്പൻ വീണ്ടും വന്നു.

മൊയ്‌ലാർച്ച വളരെ പതിഞ്ഞ താളത്തിൽ പറഞ്ഞു, “ഹാജിയാരെ ”

മൊയ്‌ലാർച്ച പിറുപിറുത്തു, “മുയ്മനും തെറ്റ്. ഞമ്മൊ ചെയ്തത് മുയ്മനും തെറ്റ്... ഞമ്മൊ അറിബില്ലാത്തോരായിപ്പോയി ”

മൊയ്‌ലാർച്ചയുടെ ശബ്ദം പതിഞ്ഞിരുന്നു. ആ ശബ്ദത്തിലെ സൗമ്യതയുടെ ഈർപ്പം ഹാജിയാരെ അതിശയിപ്പിച്ചു ; അടുത്ത നിമിഷം ഭയപ്പെടുത്തി...

മൊയ്‌ലാർച്ചയുടെ വീട്ടിൽ നിന്നിറങ്ങുമ്പോൾ കുട്ട്യാമു ഹാജിയുടെ മനസ്സ് കലുഷിതമായിരുന്നു. പിടികിട്ടാത്ത ചോദ്യങ്ങളിൽ മനസ്സുഴറി. തലമുറകളുടെ ഓർമ്മകളിൽ ചിന്തകൾ തളംകെട്ടവേ പാരമ്പര്യത്തിന്റെ സാമീപ്യം അകലുന്നതായി ഹാജിയാർക്കുതോന്നി. ഹാജി നിസ്സഹയനായി വിളിച്ചു,

“അല്ലാഹുവേ...”
പള്ളിത്തിണ്ണയിൽ നാട്ടുകാരണവന്മാർ ഒരുമിച്ചു. നാട്ടുമൂപ്പൻ ഓരോരുത്തരെയും ആളെവിട്ട് ക്ഷണിച്ചുവരുത്തുകയായിരുന്നു. ഹാജിയാർ അവരോട് പറഞ്ഞു, “ഖത്തീബ് സ്ഥാനത്തേക്ക് പറ്റിയൊരാളെ നോക്കണം. മൊയ്‌ലാർച്ചാനെ ഇനി പറ്റൂല...”

മൊയ്‌ലാർച്ച ഏകാന്തനായി അങ്ങാടിയിലൂടെ നടന്നു. അങ്ങാടിയിൽ സൊറ പറഞ്ഞിരിക്കുന്നവർ മൊയ്‌ലാർച്ചയെ ഗൗനിച്ചില്ല. മൊയ്‌ലാർച്ചയുടെ ലാടം തറച്ച ഷൂസിന്റെ ഒച്ച അങ്ങാടിയുടെ അങ്ങേയറ്റത്ത് ശ്രവിച്ചാലുടൻ ചാടിയെണീക്കുന്ന അവരാരും തന്നെ ഇരിപ്പിടത്തിൽ നിന്നനങ്ങിയില്ല. മൊയ്‌ലാർച്ചയും അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. ഏതോ ചിന്തകളിൽ മനസ്സിനെ മേയാൻ വിട്ട ഭാവത്തിലെന്നപോലെ അങ്ങാടിയിലൂടെ ഏകാന്തനായി അലഞ്ഞു.

വീട്ടിലും ഏകാന്തത കൂടുകൂട്ടിത്തുടങ്ങിയിരുന്നു. ഹാജിയാരും വല്ലപ്പോഴും വരാറുള്ള കാരണവന്മാരും വരാതെയായി. ബന്ധുക്കൾ പോലും വരുന്നില്ല. കാരണവന്മാരുടെ വിലക്കുണ്ട്. മൊയ്‌ലാർച്ച ഏകാന്തത അറിഞ്ഞില്ല. മനസ്സ് മുഴവൻ കുറ്റബോധം കൊണ്ട് നിറഞ്ഞിരുന്നു.

ഇക്കണ്ട കാലമത്രയും...
മൊയ്‌ലാർച്ച അസ്വസ്ഥനായി. മനസ്സിന്റെ കടിഞ്ഞാൺ അയയുന്നതുപോലെ. സ്വാസ്ഥ്യത്തിന്റെ ശാദ്വല ഭൂമികൾ എവിടെയാണ്? ഒരു രാത്രിയിൽ മൊയ്‌ലാർച്ച വടക്കോട്ട് ഗ്രാമാതിർത്തിയിലെ കാടുപിടിച്ചുകിടക്കുന്ന മലഞ്ചെരുവിലേക്ക് യാത്രയായി.

സബൂറ മിയാനത്ത്

# ഫസ്ഖ്

**ഞാ**യറാഴ്ചകൾ അലസതയുടെ പര്യായമാണ്. കണ്ണുതുറക്കാനേ തോന്നുന്നില്ല. അബോധമനസ്സിൽപോലും ഇന്ന് അവധിയാണെന്നു മുദ്രയടിച്ചിട്ടുണ്ടാവാം...

കിടന്ന കിടപ്പിൽ ചെറിയൊരു കസർത്ത്. പതുക്കെയെണീറ്റു വീട്ടിനകത്ത് ഇത്തിരി നടന്നു. അതിനിടയിൽ പല്ലുതേപ്പും കഴിഞ്ഞു. മേൽകഴുകി വുളു ചെയ്തു. നിസ്കാരം കഴിഞ്ഞു വെറുതെ പായയിലിരുന്നു പടച്ചോനോട് സൊള്ളി...

എന്തൊക്കെയാ ഓരോ ദിവസവും നീയെനിക്കായി കാത്തു വെക്കുന്നത്.. ഇന്നെന്തേലുമുണ്ടോ സ്പെഷൽ ?

പടച്ചോനേ... ഇന്നല്ലേ നൂറുവിന്റെ കല്യാണം !

രാത്രിയിലും വിളിച്ചോർമ്മിപ്പിച്ചതാ.. നേരത്തെ എത്തണേന്ന്. മറന്നേ പോയി. പിന്നെല്ലാം ചടപടയായിരുന്നു..

പേരിന് അവധിദിനമാണ്. പക്ഷെ, ഞായറാഴ്ചയെക്കാത്തിരി ക്കുന്നതോ വിശ്രമമില്ലാത്ത ജോലികൾ.. എവിടെനിന്നു തുടങ്ങു മെന്നൊരു കൺഫ്യൂഷൻ എപ്പഴുമുണ്ടാവും.

ളുഹ്ർ നമസ്കാരാനന്തരമാണ് നിക്കാഹ് എന്ന് പറഞ്ഞിട്ടുണ്ട്. ജോലിയൊക്കെ എളുപ്പം തീർത്ത് വണ്ടിയെടുത്തോടി. വയറിനകത്തൊരു കാളൽ.. അള്ളാഹ്.. രാവിലെയൊരു ചായ യല്ലാതെ... പണിത്തിരക്കിനിടയിൽ കത്തലടക്കീല്ല... ഇനിയിപ്പോ നേരമില്ല.. വൈകിയാൽ നിക്കാഹിനു നേരത്തെത്താൻ കഴിയൂല്ല.

സ്കൂട്ടി പറപ്പിച്ചു വിട്ടു. നൂറയുടെ വീട്ടിലേക്കുള്ള ഇടവഴിയിലേക്ക് തിരിഞ്ഞപ്പോൾ മുമ്പിലൊരു  ടെംപോ ട്രാവല്ലർ. കുറെ ആയിരി ക്കുന്നു ഇതുവഴിയൊക്കെ വന്നിട്ട്.. എന്നാലും നാടിനും വീടിനും വല്യമാറ്റമൊന്നും ഇല്ല. വണ്ടിയൊതുക്കി ഇറങ്ങുമ്പോഴാണ് കണ്ടത്, മുമ്പിലുണ്ടായിരുന്ന വണ്ടി മറുവശത്തു നിർത്തിയിട്ടിട്ടുണ്ട്..

ഓഹ്.. പുയ്യാപ്ലകൂട്ടരാണല്ലേ..

പുതിയാപ്പിളയെ ഫോട്ടോയിൽ കണ്ടതോണ്ട് എളുപ്പം മനസ്സിലായി.. ഒന്ന് ചിരിച്ചു, എല്ലാരും പരിചയം ഭാവിച്ചു. വേഗം വീട്ടിലേക്കു കയറി. അധികം ആളുകളൊന്നുമില്ല. നാസാണ് സ്വീകരിച്ചത്.

“ആന്റിയെന്താ വൈകിയേ.. കാണാഞ്ഞിട്ട് ഉമ്മ കുറെ വിളിച്ചിരുന്നു” എന്ന് പരിഭവം പറഞ്ഞു...
“സോറി മോൾട്ടിയെ.. ഉമ്മയെവിടെ”എന്ന് ചോദിച്ചുകൊണ്ടവളെ ചേർത്തുപിടിച്ച് അകത്തേക്ക് കയറി. മൊബൈലിൽ നോക്കി. കുറെ മിസ്ഡ് കോളുകൾ ഉണ്ട്..
നൂറ ആകെ ടെൻഷനിലാണ്..
‘‘ങേ..എന്തുപറ്റിയെടീ.. മലയിടിഞ്ഞ് മുമ്പിലേക്ക് വീണാലും ചിരിച്ചോണ്ടിരിക്കുന്ന നിനക്കിതെന്തു പറ്റി... പുയ്യാപ്ല മിറ്റത്തെത്തീട്ടും നിനക്ക് ഒരുക്കമൊന്നും വേണ്ടേ...”
“ഓ.. പിന്നേ.. ഒരിക്കലൊന്നു നന്നായൊരുങ്ങിയതാ.. എന്നിട്ടെന്താ ഇണ്ടായേ.. ഇനീപ്പോ ഒരുങ്ങീട്ടും കാര്യമുണ്ടെന്നു തോന്നുന്നില്ല. ഖത്തീബ് വന്നില്ല. ആങ്ങളേടെ സമ്മതം കിട്ടീല്ലാന്ന്”.
“അല്ലാഹുവേ... നീയെന്താടാ ഈ പറയുന്നേ... അപ്പുറത്ത് പുതിയാപ്പിളയും കൂട്ടരുമെത്തി”.
അവളുടെ കയ്യിൽ മുറുകെ പിടിച്ചുകൊണ്ടടുത്തേക്കിരുന്നു. ഒരിക്കലും ഞാൻ നിറഞ്ഞു കാണാത്ത കണ്ണുകളാണ്... ഇപ്പൊ നിറച്ചു വെച്ചിരിക്കുന്നത്. അതും ഇന്ന് !
“ഖത്തീബിനിത് അൽപം നേരത്തെ പറയാമായിരുന്നു.. എങ്കിൽ ഈ പൊല്ലാപ്പൊന്നും ഇല്ലായിരുന്നു. ഇതിപ്പോ എല്ലാരുമെത്തിയിട്ടും കാണാത്തോണ്ടാ വിളിച്ചത്. അപ്പഴാ വിവരം പറയുന്നത്”.
“ഇനിയെന്താ നൂറേ ചെയ്യാ...”
നെഞ്ചിലെ നീറ്റൽ കണ്ണിലൂടെ ചാടിത്തുടങ്ങി. നാസിന്റെ മുഖത്തുനോക്കാൻ വിഷമമായി. അവളുടെ സ്വപ്നമാണ് ഈ കല്യാണം.
ഉം.. നോക്കാം, ഇത്തിരികഴിഞ്ഞു വിളിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഉപ്പ ജീവിച്ചിരിക്കുമ്പോ തന്നെ ഓനെക്കൊണ്ട് ഒരു ഗുണോം ഉണ്ടായില്ല.. ഉപ്പ മരിച്ചപ്പോൾ തീർത്തും അനാഥരായതാ ഞങ്ങൾ. ഉമ്മയുടെ മികവിലാ പിടിച്ചു നിന്നത്. ആങ്ങളയെന്ന പേരല്ലാതെ എവിടെ എങ്ങനെ എന്നറിഞ്ഞിട്ട് കാലങ്ങളായി. പക്ഷെ, ആകെയുള്ള ആങ്ങളയും തിരിഞ്ഞുനോക്കാറില്ലെന്നറിഞ്ഞാലുള്ള ചിലരുടെ മനോഭാവം അറിയാവുന്നത് കൊണ്ടാ ഒക്കെ മറച്ചുവെച്ചത്. അതാണിപ്പോ കല്യാണം മുടക്കി ആയതും. നിക്കാഹിനുവേണ്ടി ക്ഷണിക്കാൻ പോയപ്പോൾ തന്നെ ഖത്തീബ് പറഞ്ഞിരുന്നു, ആങ്ങളയോട് കൈ കൊടുക്കാൻ പറയാൻ. പക്ഷെ അദ്ദേഹത്തിനൊരു സൂചന കൊടുത്തിരുന്നു. എന്നാലും നോക്കാമെന്നു പറഞ്ഞു.

പിന്നെ ഇത്രേം മുതിർന്ന എനിക്ക് എന്റെ നിക്കാഹ് ഖത്തീബ് തന്നെ നടത്തിത്തരുന്നതിൽ സമ്മതമാണെന്നറിയിച്ചിട്ടും അദ്ദേഹം ആങ്ങളയെ കാത്തിരിക്കണോ ? ഉപ്പ മരിച്ചുപോയ ആങ്ങളമാരില്ലാത്ത എന്നെ ഖത്തീബിന്റെ മോളായി കണ്ടിട്ടെങ്കിലും ഈ നിക്കാഹ് നടത്തിത്തരണം എന്ന് പറഞ്ഞു കാലുപിടിച്ചത് ഇവൾക്കുവേണ്ടി മാത്രമാണ്...

എല്ലാവരുടേയും മുഖത്ത് സങ്കടഭാവം. ഒരു കല്യാണത്തിന്റെ സന്തോഷമൊക്കെ ആവിയായിപ്പോയപോലെ. നാസിന്റെ മുഖത്തൊരു രസക്കേട് കുടിയിരിപ്പുണ്ട്. എന്റെ മനസ്സിലേക്ക് വന്നത് നൂറായുടെ ത്വലാഖായിരുന്നു. അത് ഇതിലും വേദന നിറഞ്ഞതായിരുന്നുവല്ലോ... നാസിന്റെ ക്ലാസ് ടീച്ചർ വിളിച്ചാവശ്യപ്പെട്ടിട്ടും, സ്വന്തം കുഞ്ഞിനെ കാണാൻ വരാത്ത മഹാനെ അവളൊഴിവാക്കാൻ നിശ്ചയിച്ചത് റഹ്മാന്റെ ചോദ്യത്തിനുശേഷമായിരുന്നു. ജീവിതത്തിന്റെ സമാന്ത രപാതയിൽ ഒറ്റപ്പെട്ടുപ്പോയ രണ്ടുപേർക്ക് ഇനിയങ്ങോട്ട് ഒന്നിച്ചു തുഴഞ്ഞാലോയെന്ന ചോദ്യത്തെക്കാൾ, മോളുടെ ആഗ്രഹമായിരുന്നു, എനിക്കും ചങ്ങാതിമാരെപോലെ ഉപ്പയെ വേണം, കുഞ്ഞു വാവയെ വേണം എന്നൊക്കെയുള്ള അവളുടെ കുഞ്ഞുകുഞ്ഞു പരിദേവന ങ്ങളായിരുന്നു..

“പേരിനെങ്കിലും ഒരു ഭർത്താവുണ്ടെങ്കിലേ നമ്മുടെ ചുറ്റിലുമുള്ളവർ ക്കിടയിൽ മാനത്തോടെ പിടിച്ചുനിൽക്കാൻ പറ്റൂ... ഇല്ലെങ്കിലവർ നമ്മെക്കുറിച്ച് ചമയ്ക്കുന്ന കഥകളിലെ കഥാപാത്രത്തിന്റെ വേഷം വളരെ മോശമായിരിക്കും. മാത്രവുമല്ല, ഒരു പെൺകുഞ്ഞിന്റെ ഉമ്മയായ എന്നെ ഇനിയാര് കല്യാണം കഴിക്കാൻ.. അവളുടെ ഭാവികൂടി എന്റെ മാത്രം ചുമതലയായിപ്പോയല്ലോ...”

“ഓ.. അങ്ങനെ.. എന്നിട്ടിപ്പോ എത്രകാലം നീയിങ്ങനെ നാട്ടുകാരുടെ നല്ല സാക്ഷ്യപത്രത്തിനു വേണ്ടി ജീവിച്ചുതീർക്കും ? അവരാണോ നിന്നെ സംരക്ഷിക്കുന്നത്”

റഹ്മാന്റെ ചോദ്യവുമായി അവളെന്നെ വിളിച്ചു... അയാൾ വിഭാര്യ നാണ്. ദാമ്പത്യത്തിലെ പൊരുത്തക്കേടിന്റെ വേറൊരു ഇര. ആളെ കണ്ടാൽ വല്ല്യ പ്രായമൊന്നും തോന്നുകയില്ല. മക്കളൊക്കെ വലു തായി വേറെയാണ്. ഉമ്മ മാത്രേ കൂടെയുള്ളൂ.. ഉപ്പ ജീവിച്ചിരിപ്പില്ല.

“ഒന്നിച്ചു ജോലിചെയ്യുന്ന ആളല്ലേ... നിനക്ക് ഇഷ്ടക്കേടൊന്നു മില്ലെങ്കിൽ കല്യാണത്തിന് ശ്രമിച്ചൂടെ ? എത്ര കാലമാ ഒറ്റക്കിങ്ങനെ...”

“അപ്പൊ നീ ഒറ്റക്ക് ജീവിക്കുന്നതോ”

“നൂറ, എന്റേം നിന്റേം പ്രശ്നങ്ങൾ ഒരേ പോലല്ല... പിന്നെ, നിനക്കൊരു കൂട്ട് എന്നതിനപ്പുറം നീയിപ്പോ നോക്കുന്നത് മോളുടെ സന്തോഷമല്ലേ... അപ്പൊ അവളുടെ താൽപര്യം നോക്കീട്ട് ചെയ്യൂ...” അങ്ങനെ ഞാനും റഹ്മാനെ പരിചയപ്പെട്ടു. അവൻ കല്യാണക്കാര്യത്തിൽ ഉറച്ചുനിന്നു. പക്ഷെ വലിയൊരു സമസ്യ അവിടെ തുടങ്ങുകയായിരുന്നു... ത്വലാഖ് ! ആദ്യഭർത്താവ് നിയമപരമായി മൊഴിചൊല്ലി ഒഴിവാക്കാതെ എങ്ങനെ വീണ്ടും കല്ല്യാണം കഴിക്കും ?

ആൾ നാട്ടിലൊരുപാട് അറിയുന്ന ആളായത് കൊണ്ടാണ് മധ്യസ്ഥർ മുഖേന ത്വലാഖിനുള്ള ശ്രമമാരംഭിച്ചത്. അപ്പോഴയാൾ ഭാര്യയെയും മകളെയും സ്വീകരിക്കാമെന്നായി.. പക്ഷെ മനസ്സിൽനിന്നും കുടിയൊഴിഞ്ഞുപോയൊരാളെ വീണ്ടും സ്വീകരിക്കാൻ അവൾ തയ്യാറായിരുന്നില്ല. പിന്നെ ചിലരൊക്കെ അയാളെ അനുകൂലിക്കാൻ തുടങ്ങി. ഒരുവേള റഹ്മാൻ തമാശയായിട്ടാണേലും പറഞ്ഞു,

‘‘നമുക്ക് വിവാഹം രജിസ്റ്റർ ചെയ്താലോ? അപ്പൊ എല്ലാ മുഫ്തിമാരും ഇങ്ങട്ട് വന്നോളും. വഴിതെറ്റിപ്പോയ പെണ്ണിനെ നേരെയാക്കാൻ...”

പക്ഷെ അവിടം മുതൽ അവൾക്ക് വാശികൂടുകയായിരുന്നു. അങ്ങനെയാണ് ഫസ്ഖിനുള്ള നടപടിക്രമങ്ങളാരംഭിച്ചത്.

പറയാൻ എന്തെളുപ്പം. പെണ്ണിന് ഇഷ്ടമില്ലാത്ത ബന്ധത്തിൽനിന്നും പിന്മാറാൻ മതനിയമമനുവദിച്ച വഴി. പക്ഷെ പ്രായോഗികതയിലോ... ഉപ്പയുടെ കുടുംബത്തിൽ മൂന്ന് സ്ത്രീകൾക്ക് എത്രപെട്ടെന്നായിരുന്നു മുത്വലാഖിൽപ്പെട്ട് ജീവിതം മുരടിച്ചുപോയത്. പക്ഷെ, ഫസ്ഖ് ത്വലാഖ് പോലെ എളുപ്പം തീർക്കാവുന്ന വിഷയമല്ല. വിശിഷ്യാ സർക്കാർ ജീവനക്കാരികൂടിയായത് കൊണ്ട് രണ്ടാം വിവാഹത്തിന് നിയമപ്രശ്നങ്ങൾ ഇല്ലാതാക്കേണ്ടത് തന്റെമാത്രം ബാധ്യതയായിരുന്നു. നീണ്ട നടപടിക്രമങ്ങൾ. എട്ട് നിബന്ധനകൾ പാലിക്കപ്പെട്ടില്ലയെങ്കിൽ ഭർത്താവിനെ ഫസ്ഖ് ചെയ്യാൻ ഇസ്ലാം അനുവദിക്കുന്നുണ്ട്. ഭർത്താവ് ഉപേക്ഷിച്ചുപോവുക, രണ്ടുവർഷത്തിൽ കൂടുതലായി ചെലവിന് കൊടുക്കാതിരിക്കുക, നിലവിൽ ഭാര്യാഭർതൃബന്ധം ഇല്ലാതിരിക്കുക, ഭാര്യയെയും മക്കളെയും ഉപേക്ഷിച്ചുപോവുക, ഒന്നിൽകൂടുതൽ കല്ല്യാണം കഴിച്ചവർ തുല്യരീതിയിൽ പരിഗണന നൽകാതിരിക്കുക, ഭർത്താവ് ഭാര്യയുടെ സ്വത്ത് നശിപ്പിക്കുക, അനാശാസ്യജീവിതം നയിക്കുകയോ അതിനു പ്രേരിപ്പിക്കുകയോ ചെയ്യുക തുടങ്ങിയവയാണ് അവ. നൂറ വിവാഹ

സർട്ടിഫിക്കറ്റുമായി പോയി ഖത്തീബിന് അപേക്ഷ കൊടുത്തു. ഫസ്ഖ് ചെയ്യുകയാണെന്ന് പത്രത്തിൽ പരസ്യം നൽകി. നിയമ പരമായി രജിസ്റ്റർ ചെയ്ത ശേഷം ഖാളിയുടെ അടുത്തുപോയി ഫസ്ഖ് ചെയ്യുകയാണ് വേണ്ടത്. ഇസ്ലാം കൽപിക്കുന്നത് വിവാഹശേഷം ഭാര്യയ്ക്കും മക്കൾക്കും ചെലവിന് കൊടുക്കൽ നിർബ്ബന്ധമാണെന്നാണ്. അത് ഭാര്യക്ക് ജോലിയുണ്ടെങ്കിൽ കൊടുക്കണ്ട എന്ന കണ്ടീഷനൊന്നും വെച്ചിട്ടില്ല. പിന്നെ സ്ത്രീധനം ചോദിച്ചുവാങ്ങി അതിലൊരു വിഹിതം മഹ്റായി കൊടുത്തു കല്ല്യാണം കഴിക്കുന്നവന് എങ്ങനെയാണു ചിലവിനു കൊടുക്കണ മെന്ന വ്യവസ്ഥ പാലിക്കാനാവുക. പത്രപരസ്യം കൊടുത്ത് പതിനഞ്ച് ദിവസത്തെ കാലാവധിയാണ് ഫസ്ഖിന്. കാലാവധികളൊക്കെ കഴിഞ്ഞിട്ടും അവൾ മൗനിയായിരുന്നു.. അഞ്ചുമാസത്തിനുശേഷം ഒരിക്കൽ അയാൾ, ഓഫീസിലേക്കുള്ള വഴിയിൽവെച്ച് അവളുടെ നേരെ കുറച്ചു കറൻസി നീട്ടിയപ്പോൾ വീണ്ടും വെറുപ്പിന്റെ, വാശി യുടെ വഴികളിലേക്കിറങ്ങി..

മുട്ടുവാദങ്ങളായിരുന്നു ഖതീബിൽനിന്നും ഉണ്ടായത്. കാര്യങ്ങളൊക്കെ വ്യക്തമാക്കിയിട്ടും അയാൾ കൈമലർത്തി. നിനക്ക് ജോലിയുണ്ടല്ലോ, പറയുന്നതൊക്കെ ശരിയാണോയെന്നൊക്കെ ചോദിച്ചു ഉരുണ്ടു കളിച്ചപ്പോൾ മനസ്സിൽ എത്തിയത് ഖലീഫ ഉമറിന്റെ ഓർമ്മകളായിരുന്നു. തന്റെ പ്രജകളിലൊരാളുടെ വീട്ടിലെ കലത്തിലി ളക്കുന്ന തവിയുടെ ഒച്ചകേട്ടാണ് അദ്ദേഹത്തിന് മനസ്സിലായത് കലത്തിലൊന്നുമില്ലെന്ന്. മക്കളെ സമാധാനിപ്പിച്ചുറക്കുകയാണ് അവ രെന്ന്. അത്രേം ആത്മാർത്ഥത വേണമെന്നില്ല, ഇസ്ലാമിക രാജ്യമൊന്നുമല്ലല്ലോ നമ്മുടേത്. ഫാനും ടി വി യുമൊക്കെ നിരന്തരം ഒച്ചയിടുന്ന ആധുനികകാലത്ത് അടുക്കളപ്പുറത്തെ കാര്യങ്ങൾ അന്വേഷിക്കാൻ വന്നില്ലെങ്കിലും, ഒരു പരാതി കിട്ടിയാലെങ്കിലും അന്വേഷിച്ചു സത്യസന്ധമായി തീരുമാനമെടുത്തുകൂടെ ? ഫസ്ഖ് അനുവദിച്ചുകൊടുക്കണമെങ്കിൽ അവന്റെ സ്വത്തിൽ അവൾക്കോ മകൾക്കോ അവകാശം വേണ്ടെന്നു മുദ്രക്കടലാസിൽ എഴുതി ഒപ്പിട്ടു കൊടുക്കണമെന്ന് അയാളുടെ ചങ്ങാതി കൂടിയായ പള്ളിക്കമ്മിറ്റി സെക്രട്ടറിയുടെ നിർബ്ബന്ധം കൂടിയായപ്പോൾ അവൾ നയം വ്യക്ത മാക്കി. എനിക്ക് അയാളെയോ അയാളുടെ പണമോ വേണ്ട. പക്ഷെ, എന്റെ മകൾ, അവൾക്ക് പിതാവിന്റെ സ്വത്തിൽ അവകാശമുണ്ട്. ഒരു തുള്ളി സ്നേഹം പോലും കൊടുക്കാത്ത, ഒരു പെരുന്നാളിന് പോലും ഉപ്പയുടെ ഉടുപ്പിടാനുള്ള ഭാഗ്യമില്ലാത്ത എന്റെ മോൾക്ക്

നിയമപ്രകാരം ഒരു പിതാവിൽനിന്നും ലഭ്യമാകേണ്ട അവകാശം ന്യായമായും ലഭിച്ചിരിക്കണം. അതിനിനി ഏതു കോടതി കയറി യിട്ടായാലും വാങ്ങിയിരിക്കുമെന്നു പറഞ്ഞു, നേരെ കുടുംബ കോടതിയിലേക്ക് പോയി. പിന്നെ കുറച്ചുനാൾ കോടതി വരാന്തയിൽ കാത്തിരിപ്പും കൂടിയിരിക്കലുകളും നിയമപഠനവുമൊക്കെയായി...

എനിക്കെന്നും അദ്ഭുതമായിരുന്നു അവൾ. സ്വന്തം വിവാഹ മോചനത്തിനുവേണ്ടി ആണെങ്കിലും, വിവാഹവുമായി ബന്ധപ്പെട്ട മുഴുവൻ ശരീഅത്ത് നിയമവും കോടതി വ്യവഹാരവുമൊക്കെ അവൾ മനഃപാഠമാക്കി. വിവാഹമോചനത്തിന്റെ നൂലാമാലകളിൽ പെട്ട് കോടതി കയറിയിറങ്ങുന്ന സ്ത്രീകൾക്ക് ഉറച്ച പിന്തുണയുമായി അവൾ ഹെൽപ് ഡെസ്ക് തുടങ്ങി. നിയമത്തിന്റെ വഴിയിലൂടെ അവൾക്ക് നീതിയും ന്യായവും ലഭിച്ചപ്പോഴേക്കും പിന്നെയും മൂന്ന് വർഷങ്ങൾ കഴിഞ്ഞിരുന്നു. റഹ്മാൻ അവളെ ഉപേക്ഷിച്ചില്ല. അവന്റെകൂടി സഹായത്തോടെ, അവരുടെ കുടുംബവീട് അവൾ സ്വന്തമാക്കി. ഇത്താത്തമാർക്കുള്ള അവകാശം ഓഹരി കൊടുത്തൊ ഴിവാക്കി. അതിനും ശേഷമാണ് ഈ വിവാഹം.

“ഖത്തീബ് വന്നു”

അയിഷാത്തയുടെ ശബ്ദം.

“അൽഹംദുലില്ലാഹ്”

നൂറുവിന്റെ ഇത്താത്ത ഉച്ചത്തിൽ പറഞ്ഞു. എല്ലാമുഖങ്ങളിലും ആശ്വാസത്തിന്റെ നറുനിലാവ്. എളുപ്പം തട്ടിപ്പിടഞ്ഞെണീറ്റു. നൂറയെ ഒന്ന് മിനുക്കിയെടുത്തു. നിക്കാഹിനുവേണ്ടിയൊരുക്കിയ മുറിയിൽ എല്ലാരും ഇരിപ്പുറപ്പിച്ചിട്ടുണ്ട്. പ്രാർത്ഥനയുടെ അകമ്പടിയോടെ നിക്കാഹ്...

“എന്നിൽ ചുമതലയേൽപ്പിച്ച ശാഹുൽ ഹമീദിന്റെ മകൾ നൂറുന്നിസ എന്നവളെ രണ്ട് പവൻ മഹ്റായി സ്വീകരിച്ചുകൊണ്ട് നിങ്ങൾക്ക് ഇണയാക്കി തന്നിരിക്കുന്നു”

ഖത്തീബിന്റെ മുഴക്കമുള്ള ശബ്ദം. റഹ്മാന്റെ ശബ്ദം പതിഞ്ഞ തായിരുന്നു. അതുകൊണ്ട് പുറത്തേക്ക് കേട്ടില്ല. കണ്ണുകൾ നിറയുകയാണല്ലോ. അല്ലാഹുവേ... ഇത്രമേൽ അനാഥരായി നീയാരെയും പരീക്ഷിക്കല്ലേ നാഥാ... ഇനിയെങ്കിലും എന്റെ നൂറുവിനും നാസിനും സന്തോഷം മാത്രം നൽകേണമേ...

മനസ്സ് പ്രാർത്ഥനാ മുഖരിതമായിരുന്നു. നൂറുവിനെ ചേർത്തുപിടിച്ചു ആശംസയറിയിച്ചു... നിക്കാഹ് കഴിഞ്ഞു എല്ലാരും ഭക്ഷണത്തിനായി പുറത്തേക്കിറങ്ങിയപ്പോൾ, ഖൈറുവിന്റെ ഭർത്താവ് പുതിയാപ്പിളയെ

അറയിലേക്ക് കൂട്ടിക്കൊണ്ട് പോയി. പിന്നാലെ ഖൈറുവിന്റെ വിളി, പുതുപെണ്ണിനെ അറ കാണിക്കാൻ വിളിക്കുന്നുണ്ട്... നൂറു ചിരിച്ചു... മണവാട്ടിയുടെ മൊഞ്ചുള്ള ചിരി. ഒപ്പം നാസും...

“സ്വന്തം ഉമ്മാന്റെ കല്യാണം കൂടാൻ ഭാഗ്യം കിട്ടിയല്ലോ നിനക്ക്...” എന്നുപറഞ്ഞു ഉമ്മയെയും മോളെയും കൂട്ടി ഞങ്ങൾ അറയിലേക്ക്. പാതി ചാരിയ വാതിലിനരികിൽനിന്നും നൂറുവിന്റെ വലതു കയ്യിലേക്ക്, റഹ്മാൻ മഹർ മാല കൊടുക്കുമ്പോൾ ഇടതുകൈയിൽ പിടിച്ചു നാസ്, കൗതുകം പൂണ്ട ചിരിയോടെ നോക്കി നിന്നു.

എം കെ. അബ്ദുൽ റഹീം

# പടന്നയിൽ നിന്ന് കണ്ണൂരിലേക്കുള്ള ദൂരം

**മ**രുമകനെത്തേടി യാത്ര പുറപ്പെട്ടപ്പോൾ കൂട്ടനിലവിളി ഉയർന്നു. തൊട്ടടുത്ത് കല്ലുകെട്ടിയ പുരയിലും കടവത്ത് വീട്ടിലും അതിന്നപ്പുറത്ത് മാളിയിലും അതും കഴിഞ്ഞ് നായ്ക്കരില്ലത്തും പാട്ടില്ലത്തും സൗമ്മാടെയും മാടമ്പില്ലത്തും അതിന്റെ അലകളുണ്ടായി. ദേശം ചെവികൂർപ്പിച്ചുനിന്നു. എങ്ങും വിഷാദം തളംകെട്ടി. അടക്കിപ്പിടിച്ച തേങ്ങലായി ദേശം മൊത്തം.

കണ്ണൂരിലേക്കാണ് പോവേണ്ടത്. തീവണ്ടി ടിക്കറ്റിനുള്ള പണം തന്നെ കഷ്ടിയാണ്. കണ്ണൂരിലേക്കുള്ള തീവണ്ടി പിടിക്കാൻ കുൻതൂരാപ്പീസിലേക്ക് മൂന്ന് നാഴിക നടക്കണം. രാത്രിമഞ്ഞിൽ ചന്തേരയിലേക്കുള്ള ചെമ്മൺപാത തണുത്തുറഞ്ഞ ശവം പോലെ വിറങ്ങലിച്ചു കിടന്നു.

മൂന്നേമുക്കാലാണ് കുൻതൂരിൽ സൂപ്പറിന്റെ സമയം. രാത്രി മുഴുവൻ ഒരുപോള കണ്ണടച്ചിരുന്നില്ല. രണ്ടര മണിക്കേ വീടിന്റെ പടിയിറങ്ങിയിരുന്നു. ക്ഷീണിച്ച് തളർന്ന് നൂലുപൊട്ടിയ പട്ടംപോലെ അയാൾ ചെമ്മൺ പാതയിൽ ഏകനായിരുന്നു.

സർവ്വശക്തനായ റബ്ബുൽ ആലമീനായ തമ്പുരാനെ എന്റെ കുഞ്ഞിനെ കാക്കണേ...

സയ്യിദ് സാഹിബ് തങ്ങളുടെ മഖ്ബറയിൽ വെള്ള പുതപ്പിച്ച് നേർച്ച നേർന്ന് ദ്വാരനാണ് പുറപ്പെട്ടത്. കണ്ണുകൾ അറിയാതെ മുകളിലേക്കുയർന്നു. എന്റെ കുഞ്ഞിന്റെ വിധി ഇങ്ങനെ ആയിപ്പോയല്ലൊ റബ്ബേ... എന്തൊരു വിധി!

തീവണ്ടി ആപ്പീസിലെത്താൻ ഇനിയും നടക്കണം. കുറേ നടന്നപ്പോൾ രാഘവൻ മാസ്റ്റർ എതിരെ വരുന്നത് കണ്ടു.

ഫക്ക്റ്ക്കാ...

മാസ്റ്ററേ...

അത്രമാത്രം, രണ്ടുവാക്കുകൾ മാത്രം.

രണ്ടുവാക്കുകൾക്കിടയിൽ ധാരാളം കാര്യങ്ങൾ വിനിമയം ചെയ്യപ്പെട്ടു. ദീർഘവും സമ്പന്നവുമായ സംഭാഷണ പരമ്പരകൾ.

കോളിക്കരയിലെ കുളത്തിനരികെ വണ്ണാൻ സുബ്രായനെ കണ്ടു. ദേശത്തിന്റെ വിഴുപ്പലക്കി വിഴുപ്പലക്കി സുബ്രായൻ ചുക്കിച്ചുളി ഞ്ഞിരിക്കുന്നു. പാതിരാക്കാറ്റിൽ കുളക്കരയിൽ നിലം പതിക്കാൻ വിറച്ചുനിൽക്കുന്ന വാട്ടം തട്ടിയ ഇലപോലെ കാണപ്പെട്ടു. സുബ്രാ യന്റെ പൂർവ്വികർ ഇന്നാട്ടിലേക്ക് കുടിയേറിയവരാണ്. സുബ്രായന്റെ മുത്തച്ഛന്റെ മുത്തച്ഛൻ കർണ്ണാടകയിൽ നിന്നാണ് ദേശത്തേക്ക് വന്നത്. നൂറ്റാണ്ടുകൾ തന്നെയായി. ഇന്നും ദേശത്തെ തുരുത്ത് പോലെയാണവർ. ചെളിപുരണ്ട വസ്ത്രക്കെട്ടുകൾ അലക്കി വെളുപ്പിച്ച് ചിരട്ടക്കരിയുടെ ചൂടിൽ വടിവുവെച്ച ഉടയാടകളിലൂടെ യാണ് ദേശവാസികളുമായുള്ള വിനിമയം. അതിനപ്പുറം ദേശവാസികൾക്ക് ഇന്നും അജ്ഞാതമായ ഭാഷയിൽ സുബ്രായനും കുടുംബവും ആശയവിനിമയം നടത്തുന്നു.

സുബ്രായൻ ഒന്നും പറഞ്ഞില്ല. ദയയാർന്ന കണ്ണുകൾ ഒരു നിമിഷം കോർത്തു. അത്രമാത്രം. ബേജാറാവേണ്ട. ഇതും കടന്നു പോവും. സന്തോഷം വരും... അങ്ങനെയങ്ങനെ അനേകം സംഭാഷണ പരമ്പരകൾ ആ മൗനം വിനിമയം ചെയ്തു.

ചെമ്മൺപൊടി പുരണ്ട പാദങ്ങളുമായി ഫക്ക്റ്ക്ക മുമ്പോട്ട് നടന്നു. ചെമ്മൺപാത അവസാനിച്ചിടത്ത് കാലുകൾ ആഴ്ന്നു പോവുന്ന പൂഴിപ്പരപ്പിലൂടെയായി നടത്തം. നടന്നുനടന്ന് കാലുകൾ ക്കൊപ്പം ദേഹവും കുഴഞ്ഞു. കുൻതൂരാപ്പീസ് ഏതാണ്ട് വിജനം തന്നെയായിരുന്നു. ഒരു ചാവാലിപ്പട്ടിമാത്രം അവിടെ അലഞ്ഞു തിരിഞ്ഞു. ചീട്ടുവാങ്ങുന്നിടത്ത് ഉടുമുണ്ടിന്റെ കോന്തല അഴിച്ച് ചില്ലറ എണ്ണിതിട്ടപ്പെടുത്തി പറഞ്ഞു,

കണ്ണൂർക്ക് ഒരു ടിക്കറ്റ്...

സ്റ്റേഷൻ മാസ്റ്റർ ചീട്ടെടുത്ത് അച്ചുകുത്തി ജനലിലൂടെ പുറത്തേക്കിട്ട പ്പോൾ യാത്രയുടെ ഒരു ഘട്ടം താണ്ടിയതായി ഫക്ക്റ്ക്കാക്ക് തോന്നി. ചീട്ടിനെ മുണ്ടിന്റെ കോന്തലയിൽ കെട്ടി പടവുകൾ കയറി അയാൾ പ്ലാറ്റ്ഫോമിലെത്തി ബെഞ്ചിൽ ഇരുന്നു. തൊട്ടടുത്ത് സ്രാമ്പിയിൽ നിന്ന് ബാങ്ക് വിളി ഉയർന്നു. സുബ്ഹി നിസ്ക്കാരത്തിനുള്ള ബാങ്ക്. പള്ളിയിൽ പോയി സുജൂദിൽ വീണുകിടക്കാൻ അയാൾക്ക് തോന്നി. എങ്ങനെ പോവും? വണ്ടി ഇപ്പോൾ വരും. അയാൾ ശങ്കിച്ചു. പോകാതെ അവിടെ തന്നെ ഇരുന്നു. നിമിഷങ്ങൾ എണ്ണി. പക്ഷെ, വണ്ടി വന്നില്ല. അരമണിക്കൂർ വൈകുമെന്ന് അടുത്ത് വന്നിരുന്നയാൾ പറഞ്ഞു.

അയാൾക്ക് വേദന തോന്നി. ആ സമയത്തിനുള്ളിൽ നിസ്കാരം

കഴിച്ച് വരാമായിരുന്നു. പോട്ടെ അവിടെയെത്തിയിട്ട് നമസ്ക്കരിക്കാം. എല്ലാം പടച്ചവന്റെ വിധിപോലെ നടക്കുന്നു. അല്ലെങ്കിൽ എത്ര മിടുക്കനായ കുട്ടിയായിരുന്നു അവൻ. അവന് ഇങ്ങനെയൊരു ഗതികേട് വരേണ്ടതുണ്ടായിരുന്നോ?

ഉപ്പയില്ലാത്ത ചെക്കൻ. ആരോരുമില്ലാത്തവൻ. മക്കളെപ്പോലെ തന്നെ അവനേയും ഉമ്മാനേയും നോക്കി. സ്കൂളിൽ പഠിക്കാൻ മിടുക്കനായിരുന്നു. രാഷ്ട്രീയം കളിച്ച് അവിടെ നിന്ന് പുറത്തായി. രാഷ്ട്രീയക്കാരുടെ വാലായി നടന്നു.

മുതലാളിയുടെ വക വീടും പറമ്പും തങ്ങൾക്കാണെന്ന് അവനും ഉമ്മയും വീമ്പ് പറഞ്ഞുനടന്നു. അവസാനം അവിടെ നിന്നും പുറത്തായി. ആരോടോ ഉള്ള പ്രതികാരമെന്നോണം കള്ളും കഞ്ചാവുമായി നടന്നു. അവസാനം ഏതോ കൊലക്കുറ്റത്തിന് ശിക്ഷിച്ചു. എന്നിട്ടോ? ആരുണ്ട് അവന്റെ കൂടെയിപ്പോൾ?

കോയമ്പത്തൂർക്കാണോ? ബെഞ്ചിൽ ഇരുന്ന കാരണവർ ചോദിച്ചു.

അല്ല, കണ്ണൂർക്ക്.

കണ്ണൂരിൽ എന്താ പണി?

വിശേഷിച്ച് ഒന്നൂല്ല.

വെറുതേ പോവ്വാണോ?

കാരണവർ വിടാൻ ഭാവമില്ല. അപരിചിതന്റെ സംസാരം കൊലക്കയറുപോലെ തോന്നി. അപരിചിതത്വം കയ്ച്ചു. വാക്കുകളെ വെറുത്തു. മൗനത്തിലേക്ക് ഓടിയൊളിക്കാൻ വെമ്പി. കാരണവർ എഴുന്നേറ്റ് പോയി. വീണ്ടും മൗനം തളം കെട്ടി.

ബീരാനെ, കുഞ്ഞേ നീ എന്തുചെയ്യുന്നു ?

നീ എന്താണ് ചെയ്തത് ?

വണ്ടിയുടെ ചീറ്റലും നടുക്കവും ഫക്ക്റ്ക്കാനെ ഉണർത്തി.

കണ്ണൂരിലെത്തിയപ്പോഴും ഇരുട്ടിന്റെ തരികൾ ശേഷിച്ചിരുന്നു. ഗേറ്റിൽ ചീട്ട് തിരിച്ചുകൊടുത്തിട്ട് അയാൾ പുറത്തേക്ക് കടന്നു.

ജയിലിന്റെ പുറത്ത് പാറാവുകാരൻ അയാളെ കണ്ടു. ഒരു കുട്ടിയുടെ നിസ്സഹയതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തലയഴിച്ചു. മഞ്ഞ നിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു. കടലാസ് ചുരുണ്ട് അലങ്കോലമായിരുന്നു.

എന്താ? പാറാവുകാരൻ ചോദിച്ചു.

അയാൾ കടലാസ് പാറാവുകാരനെ ഏൽപിച്ചു.

പാറാവുകാരൻ കടലാസ് നോക്കിയില്ല.

എന്റെ മരുമോൻ കുഞ്ഞ് ഇവിടെയുണ്ട്. പുലർച്ചെ വരാൻ ആരോ പറഞ്ഞതാണ്.
ഓഫീസ് തുറക്കട്ടെ. പാറാവുകാരൻ പരുഷമായി പറഞ്ഞു. എന്തോ ശീലത്തിന്റെ പുറത്ത് പാറാവുകാരൻ കടലാസ് നിവർത്തിനോക്കി. പാറാവുകാരന്റെ മുഖം പെട്ടെന്ന് കനിവുറ്റതായി.
നാളെയാണോ?
എനിക്ക് പിടിയില്ല, കടലാസിലെന്താണെന്ന്.
കടലാസിലെ വിവരങ്ങൾ പാറാവുകാരൻ ശ്രദ്ധിച്ചുവായിച്ചു.
അതെ, രാവിലെ അഞ്ചുമണിക്ക്. കാർന്നോർ ഇവിടെയിരിക്ക്.
ഓ...
ജയിലിന്റെ ഉമ്മറത്ത് ചാരുപടിയിൽ ഇരുന്നു. മുണ്ട്യ അമ്പലത്തിന്റെ ശ്രീകോവിൽ തുറക്കുന്നതും നോക്കി അന്തിത്തിരിയൻ നിൽക്കുന്നത് ഓർമ്മവന്നു.
കാർന്നോർക്ക് ചായ വേണോ?
വേണ്ടാ...എന്റെ കുഞ്ഞി ഇന്നലെ ഒറങ്ങീട്ടുണ്ടാവില്ല. ഉണരാതെ അവനെങ്ങനെ ചായ കുടിക്കും?
നേരം പതുക്കെ പതുക്കെ വെളുത്തു. നേരം പതുക്കെ പതുക്കെ കനച്ചു. ആഫീസ് തുറന്നു. ആളുകൾ മേശയ്ക്ക് പുറകിൽ സ്ഥാനം പിടിച്ചു. പാറാവുകാരൻ കവാത്തുനടത്തി തടവറ സജീവമാക്കി. മേധാവികൾ കടലാസ് പരിശോധിക്കുന്നു. ഉത്തരവിടുന്നു. ഉത്തരവുകളുടെ അപരിചിത സ്വരങ്ങൾ. വിദ്വേഷവും പകയും നിന്ദയും ഇല്ലാത്ത കുരുക്കുകൾ. അവ ചുറ്റി ശ്വാസം മുട്ടിക്കുന്നു. വെയിലിന് ചൂട് കൂടുന്നു.
ഇവിടെ കുത്തിയിരിക്കൂ...
അയാൾ വെറും മണ്ണിൽ കുത്തിയിരുന്നു. നീണ്ട കാത്തിരിപ്പിനു ശേഷം ഒരു പാറാവുകാരൻ അയാളെ തടവറ ഭാഗത്തേക്ക് കൂട്ടിക്കൊണ്ടുപോയി. വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇട നാഴികൾ.
അപരിചിതനെ പോലെ അവൻ അയാളെ നോക്കി.
മരുമകനും അമ്മാവനും.
ഇടയിൽ സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മറ. കണ്ണോട് കണ്ണുകൾ കോർത്തു. ആ നിമിഷം അയാൾ പതിഞ്ഞ സ്ഥായിയിൽ നിലവിളിച്ചു. അയാൾ ശബ്ദമില്ലാതെ കരഞ്ഞു. അഴികൾക്കപ്പുറം കല്ലുപോലെ മരവിച്ചുനിന്നു ആ ചെറുപ്പക്കാരൻ.
കുഞ്ഞെ, നീ എന്തു ചെയ്തു?

അഴികൾക്കപ്പുറം മൗനം മഞ്ഞുപോലെ ഉറഞ്ഞുതന്നെ നിന്നു.
പിന്നെ പതുക്കെ ചുണ്ടുകൾ അനങ്ങി,
അയാളെ എനിക്കൊന്നു കാണണം.
ആരെ?
എന്റെ ഇച്ചാനെ... ഹമീച്ചാനെ...
ഉണ്ട്. അവൻ രണ്ടാം വണ്ടിക്ക് വന്നിട്ടുണ്ടാകും. പുറത്തുണ്ടാകും.
ഹമീദ് ജയിലിലെത്തി. തീവണ്ടിമുറിയിൽ നിന്ന് പുറത്തേക്ക് നോക്കുന്നത് പോലെ അനുജൻ ജ്യേഷ്ഠനെ കണ്ടു.
അനുജൻ പറഞ്ഞു, ഇച്ച അവസാനമായി ഒരു മുത്തം തരണം.
കമ്പി അഴിയിൽക്കൂടി അതിന് കഴിയില്ലല്ലൊ.
വേണ്ടിച്ചാ. ഈ അഴികളിൽ മുഖം ചേർത്തുവെക്കൂ. എനിക്കാ മുഖം തലോടണം.
ജ്യേഷ്ഠൻ മുഖം ചേർത്തുവെച്ചു.
ആസുരമായ ഏതോ ഭൂതാവേശം പോലെ ബീരാൻ തന്റെ നീണ്ട നഖങ്ങൾ ഹമീദിന്റെ ഇരു കണ്ണുകളിലും ആഴത്തിൽ കുഴിച്ചുവെട്ടി. ഒന്ന് നിലവിളിക്കാൻ പോലും ആവാതെ ദുസ്സഹ വേദനയോടെ ഹമീദ് പുളഞ്ഞു. കൺമിഴികളിൽ നിന്നൊഴുകിയ കട്ടച്ചോര ജയിലഴിയിലൂടെ തറയിലേക്ക് ധാരയായി ഒഴുകി വീണു. ഹമീദ് തറയിലേക്ക് ഊർന്നു വീണു.
ജയിലധികാരികൾ ഓടിയെത്തി. അപ്പോഴും ഒരു ഭൂതാവേശത്തിലെന്ന പോലെ അവൻ പറഞ്ഞു, കഴിഞ്ഞു. എന്റെ ഒസ്യത്ത് കഴിഞ്ഞു. ഇനി തൂക്കിലേറ്റിക്കോളു.
ബീരാന്റെ വാക്കുകൾ ഒരു കടന്നൽ കൂടിളകിയ പോലെ തലയ്ക്കു ചുറ്റും മൂളവേ ഫക്ക്റ്ക്ക പതുക്കെ ബോധം മറഞ്ഞ് നിലം പതിച്ചു.

പി. സി. അഷറഫ്

# മൈമൂത്ത പറഞ്ഞ കഥ

1

**പൊ**ൽച്ചക്കൂറ്റ്ന്ന് എണീച്ചിറ്റ് തീമ്മെ ഒര് ചെംബ് ബെള്ളം ബെക്കും. അടച്ചേറ്റിയും ഒണങ്ങിയ കൊരച്ചലും അല്ലാണ്ട് ഞാൻ ബെള്ളം തെളപ്പിക്കുംബം കത്തിക്കൂല. മൂപ്പർക്ക് അതിഷ്ടാഉല്ല. മൂക്കുമ്മെയാമൊഞ്ച്. ബെള്ളത്തിന്റെ ചൊയമാറിയാ അപ്പം തിരിയും. പിന്നെപ്പറയേ മാണ്ട. ആകപ്പാടെ ഖലക്കസ്സമിവാത്തിയാഉം. മങ്ങൽത്തിന്റെ ബിശ്യാ നീ ചോയ്ക്ക്ന്ന്. അന്ത സമാനിലല്ലെ അതൃപ്പത്തിന്റെ മങ്ങലം. പത്ത് പതിനൊന്ന് ബയസ്സിലെ പെണ്ണിനെ അബാടക്കും. കാർന്നോന്മാർ പുയ്യാപ്ലനെ തേടാന്റന്നെ ബന്നോളും. കാശിപ്പറംബിന്റെ പോരിശ പോലിരിക്കും പുയ്യാപ്ലന്റെ പോരിശയും. മങ്ങലം ഒരീസായിരിക്കും. തക്കാരത്തോട് തക്കാരായിട്ട് മങ്ങലം തന്നെ മങ്ങലം, കൊറേസ്തേക്ക്. കാൻത്ന്റെ ബൈന്നേരം ഒലി കേക്കാൻ അന്തുമാൻ മൊയ്ലാർച്ചാഉം മുക്രിയും ബരും. കുച്ചിലെ മുറീന്ന ഒലി കേക്കല്. ആടെ പുയ്യണ്ണ് ബെൾത്തകാച്ചിയും ബെൾത്ത മല്ല്ന്റെ കുപ്പായോം കൊച്ചിത്തട്ടോം ഇട്ട് നിക്ക്ന്നണ്ടാഉം. പൂഎണ്ണന്റെ മണം ഇന്നും ന്റെ മൂക്ക്ല്ണ്ട്. ആദ്യായ്ട്ടാ അങ്ങൻത്തെ നെയ്യ് ഞാൻ തലക്ക് തേക്ക്ന്ന്. കുച്ച്ലാക്കെ ആകെ കുത്കുത് മണാന്ന്. കുച്ച്ന്റെ ബായിൽ ചാരീറ്റ് അന്തുമാൻ മൊയ്ലാർച്ച നിക്കും. തിരിയാത്ത ഒരായത്തോതീറ്റ് ഓർ പറയും ഖൈറിലാക്കട്ട്ന്ന്. അപ്പൊ പുയ്യണ്ണ് ങ്ങും‌ന്ന് മൂളണം. അതന്നെ ഒലി കേക്കല്. ചെലര് ഒന്നും മുണ്ടൂല. പരിക്കേട് ബിയാരിച്ച്റ്റ് ഉമ്മാഒ ഉമ്മുമ്മാഒ ബയറ്റിന്റെ പള്ളക്ക് ഒര് നുള്ള് കൊട്ക്കും. പെണ്ണ് ബേദനിച്ചിറ്റ് ങ്ങൂന്നാക്കിയാൽ മൊയ്ലാർക്കാക്ക് അത് മതി. ബാല്യക്കാരാ നീ ഇങ്ങ്നെ കുത്തികുത്തി ചോയ്ക്കലാ. എന്റെ ബാറ്റിന് കുത്തീനോന്നാ? ഇല്ല. സമ്മതപ്പെട്ട് പൊരുത്തപ്പെട്ടിറ്റന്നെ ഓർക്ക് ബാണിന്. ഏറിയ ആൾ തടസ്സം പറഞ്ഞിന്. മൂന്നാം കെട്ട്കാരന് ബാഅണ്ടാന്ന്. അബാടങ്ങിയ രണ്ടെണ്ണം പിന്നെയും തായേണ്ട്. ഉമ്മ പണ്ടേ പോയിന്. മൂത്തമ്മാന്ന് പോറ്റീന്. ഓറെ കഷ്ടപ്പാട് എനിയും കൂട്ടാങ്കയിലാന്ന് ഞാമ്പിചാരിച്ച്. മോന്തിക്കാന്ന് മങ്ങലം. മോന്തിക്ക് തൊടങ്ങിയാ സുബയി കൊട്ക്കും തീരാൻ. കൊട്ടും പാട്ടും എല്ലോം ഇണ്ടാഉം.

അൽമീത്താഉം കൈച്ചൂത്താഉം അങ്ങട്ടെ പൊരയിലെ പാത്തൂത്താഉം കൂട്ടരും ആണ് സ്തിര പാട്ട്കാർ. എന്തെല്ലാം പാട്ട് അയിറ്റിങ്ങൊ പാടുംന്നാ ബിചാരം? മോന്തിക്ക് തൊടങ്ങിയ പാട്ട് പൊൽച്ച കൂറ്റിന്ന് അറേകേറ്റ്ന്ന ബരേ ഇണ്ടാഉം. പാട്ട്കാർക്ക് കൂലികൂടാണ്ട് സഭയ്ന്നെടക്ക്ന്ന ബട്ട പൈസയും ഇണ്ടാഉം. അതോണ്ട് അബർ നല്ല മജയിൽ പാടും. പുയ്യാപ്ല ആളിന്റക്കേം പാട്ടാറ്ണ്ടാഉം. കാസലൈറ്റും ബടിബെളക്കും എല്ലോം ആയിറ്റ് ബസാറ് ചുറ്റി ബരുംബം നട്ടപ്പാതിരയായിട്ട്ണ്ടാഉം. പുയ്യണ്ണെ അറേകേറ്റ്ന്നല്ലാം ഒര് പൗസാക്കന്നെ. മംഗല്ത്ത്ന്റെ ബിശ്യം ആടെ നിക്കട്ട്. ഞാ ഓാറെ കത പറയാ. പിന്നെ ഞാൻ രാത്രി പൗത്തിയ അരിയെട്ത്ത് അരക്കും. രണ്ട് മുതുമൻ സേറിന്റെ അരിന്റെ ഇറ്റിച്ച മാണം നൂപ്പർക്ക്. അതും അടുപ്പുമ്മന്ന് ചുടുചുടാന്ന്. തേങ്ങ നേരത്തെ ചെരച്ചുബെച്ചാ നൂപ്പർക്ക് തിരിയും. ഒരുബട്ടം അരച്ചാ ഞാൻ ഒരു മുറിതേങ്ങ ചരക്കും. തേങ്ങ ചതച്ചിട്ന്നത് നൂപ്പർക്കിഷ്ടോല്ല. അരിന്റക്കേന്നരക്കണം. പെരിഞ്ചീരോൻ പറ്റൂല. കരിഞ്ചീരോൻ, ഞാനാ കറ്കറ്ത്ത കരീമിന്റെ പാംബിച്ചി കുഞ്ഞിനെപ്പോൽത്തെ പുയ്യണ്ണില്ലെ, ഓളോട് പറഞ്ഞിട്ട് കേക്ക്ന്ന് ഓളെ പെരക്ക്ന്ന് മാപ്പ്ളന്റ്ടെ ബരുംബം കൊണ്ടന്നിറ്റ് ഈടെ മാങ്ങി ബെച്ചിറ്റ്ണ്ട്. അഅ് ഒര് കുഞ്ഞാണക്കയില് ഇറ്റിച്ചന്റെ അരിയരച്ചയിൽ ഇടും. അയ്ന്റെ പാങ്ങ് ബേറന്നെ. അത് പറയാനക്കൊണ്ട് കയ്ല. തുന്നിറ്റന്നെ നോക്കണം. ഇക്കാൽത്തുമ്മട്ടം അങ്ങന്ത്തെ തേങ്ങയൂല്ല അരിയൂല്ല ചീരോനൂല്ല. കൂട്ടാനാ? ബലിക്കാരൻ മമ്മദിനെ ശട്ടങ്കെട്ടീറ്റ് ഓൻ കൂറ്റാക്കൂറ്റ് പാതിരാക്ക് പടന്നച്ചാൽന്ന് ബീശീറ്റ് കൊണ്ടത്തരും. ഒന്നാന്തരം കൊളോൻ. അത് തേങ്ങ തൊടാണ്ട് നേരിയ മൊളബെള്ളം കാച്ചും. ഒര് കുറ്റിക്ക് ഒര് കുറ്റിച്ചായമാണം നൂപ്പർക്ക്. അപ്പക്കറന്ന പാൽ മുക്കാക്കടമൊയിച്ച് കാബാഅം ബെള്ളംചേർത്ത ചായേ കുടിക്കൂ. അരിയരച്ചിറ്റായാ ഞാൻ മൊരണയെടുത്ത് ഒറ്റപോക്ക് പോഉം കരക്കയിലേക്ക്. മൂപ്പർ ഇള്ള ദെവസം എന്ത്ന്ന് അറീല്ല ഇന്റെ പുള്ളിപ്പയ് മൊരണ നൊറച്ചും പാല് തരും. പാല് കൊണ്ടേച്ചിറ്റ് ഞാൻ ചായിപ്പ്ന്ന് എട ഒണങ്ങിയ പാണ് ബേറന്നെ എട്ക്കും. ഒണക്കം കൂടിയ പാണ് കത്തിച്ചിറ്റാ ഇറ്റിച്ച ചുട്ടേങ്കി പിന്നെ ഹലാക്കിന്റെ അബലും കഞ്ഞിയാഉം. പിന്നെ ഓാറെ പുട്ച്ചാ കിട്ടൂലാ. ഒറ്റപോക്കാ പിന്നെ. ബിബരോണ്ടാഊല്ല ബർത്താനോണ്ടാഊല്ല. അഅ് പേടിച്ചിറ്റ് എടക്കെയിലെ പാറൂന്ന് ബേറന്നെ കൈമടക്ക് കൊട്ത്ത് ഞാൻ എടത്തരം ഒണങ്ങിയ പാണ് തൊണ്ടൻ കുടീര്ക്ക്ന്ന ബളപ്പ്ന്ന് ബര്ത്തിക്കും. അയിന് അപ്പെണ്ണ് പാറു കൊറച്ച് പൗസാക്ക്

കാണിക്കും. എന്നാലും ഓള് കൊണ്ടരും. ഏ... ഏ... പാറു ആര്ന്നാ? നല്ല ചോദ്യം. ഇക്കാലോം മട്ടോം ചോയിക്കായിരിക്കും. അക്കാലത്ത് ചോയിച്ചന്നെ ഓർമ്മയ്ണ്ടാഉ. അതെന്ത്ന്ന് ന്നാ? ഇന്നോട് എന്ത്ന്ന് മ്മാ കുഞ്ഞി ഞാമ്പറേണ്ടത്. അഅ് നമ്മളെ ഹാജിയാർച്ചാന്റെ മോളന്നെ. നീ ഒറക്കെ പറഞ്ഞെർലാ. പണ്ടത്തെ സമാനല്ല ഇത്. കിയാമത്തിന്റെ അലാമത്ത് കാണ്ന്ന കാലാന്ന്. അഅ് എല്ലൊ അന്തകാലത്തെ ബിശ്യോമാ. ഏടേമ ഞാമ്പറഞ്ഞിറ്റ് നിർത്തീന്. ആ പാണ്... പാണ് ബാരീറ്റ് ഞാൻ അടുപ്പുന്തണമെ ചൂടിന്ബെക്കും. അപ്പൾത്തേക്കതാ അപ്പറ്ത്ത്ന്ന് തൊണ്ട കാറിക്ക്ന്ന കൂറ്റ് കേക്ക്ന്ന്. മൂപ്പറെണീച്ച്. ആരും ബിളിക്കണ്ട. തഹജ്ജുദ്ദിന്റെ സമയാഉംബൊ എണീച്ചോളും. ഒളു എട്ക്കാൻ എടക്കലത്തിലെ ബെള്ളം തന്നെ മാണം. എടക്കലത്ത്ലെ ബെള്ളത്തിന്ന് അപ്പോ എളം ചൂടേ ഇണ്ടാഊ. നെല്ലപൂങ്ങ്ന്ന ചെംബിന്റെ ചെറിയ ചെംബിൽ അഞ്ച് ഓലങ്കം ബെള്ളോം ഒയിച്ച് കിണ്ടീം എട്ത്ത് ഞാൻ എറേത്ത് കൊണ്ടേക്കും. ഓറ് എറേത്തേക്കെറുങ്ങുമ്പൾക്ക് ഞാൻ ബായന്റെ എലന്റെ കീറിൽ പുളിമ്മരത്ത്ന്റെ കര്യൂം തൊണ്ണൂറാന്തെയ്ന്റെ അപ്പൊ ഈർന്ന ഈർക്ക്ലും എറേത്ത് പലമ്മെ കൊണ്ടേക്കും. എന്നിറ്റ് മാണം എനക്ക് മൂത്രച്ചോളില് പൂആൻ. ഞാൻ അരക്കെട്ട് കൗംബൾത്തേക്ക് ഓറ് നിസ്കാരത്തിന്ന് കേറീറ്റിണ്ടാഉം. എനക്ക് പണിയല്ലാം ബാക്കിയന്നെ. കർപ്പൂരം കൊടഞ്ഞ ബള്ളംകൊണ്ട് നൂപ്പരെ തിരിംബിയ കുപ്പായോം തുണിയും ഒരക്കണം. പള്ളീപോഉംബം ഇടാൻ. ങേ..., എന്ത്ന്ന്? ഞാന്ട്ന്നഅ് എന്ത്ന്ന് ന്നാ? ഓറ് ബന്നാൽ പൊഞ്ചപ്പത്ത്ന്റെ കുപ്പായോം പൂവാർണ തട്ടോം അല്ലാണ്ട് ഞാനിടലില്ലമ്മാ. എന്റെ കത അങ്ങനെ പെര്ത്ത്ണ്ട്. അത് ബയ്യപ്പറയാ. ഓറെ കത ഇപ്പം പറയാ. നല്ല പതപതക്ക്ന്ന ബള്ളത്തിലാ കുളി. സൊബയി പള്ളീന്നല്ലാണ്ട് നിസ്കിരിക്കൂല. എങ്ങന്ത്തെ പെശറും മായയാലും പള്ളീപോഉം. ബാങ്കിന് മുംബേ പള്ളീലേക്കെറങ്ങും. ബാങ്ക് കൊടുത്തപ്പാടെ ഞാനെന്റെ നിസ്ക്കാരം കയിക്കും. നേരം ബെളികീറിയാലെ നൂപ്പർ പള്ളീന്ന് ബരൂ. അപ്പൾത്തേക്കും ഞാൻ ഓട് അട്പ്പ്മ്മെ ബെച്ചിറ്റിണ്ടാഉം. പുലിക്കോട്ടെ മണിയാണിച്ചി കൊണ്ടര്ന്ന ബെളിച്ചണ്ണയല്ലാണ്ട് നൂപ്പർക്ക് പറ്റൂല. അഉം ജാസ്തി മാങ്ങി ബെക്കൂല. രണ്ടീസം കൂടുംബം മാങ്ങും. കൊൾട്ടാക്കാന്ന് നൂപ്പരെ ചെര്പ്പിന്റെ ഒച്ചകേക്കാം. ബായിലെ...ഏ ബായിലെ എന്ന് നൂപ്പർ കൊൾട്ടാക്കാന്ന് ഒച്ചയും ബിളിയും ആക്കുംബൾത്തേക്ക് ഞാൻ ഇറ്റിച്ചന്റെ ആദ്യത്തെ കയിൽകോരി ഓട്ട്മെ ഒയിച്ചിറ്റ്ണ്ടാഉം. നൂപ്പർ ബന്ന് കേറിയ നേരെ

പലയിട്ടിറ്റ് ഇര്ത്താന്ന്. ഞാൻ അട്പ്പ്ന്നന്നെ ഓരോ ഇറ്റിച്ച പാത്രത്തി ലേക്ക് ബെളംബും. ഇങ്ങനേല്ലൊ മാപ്പളനെ നോക്ക്ന്ന പെണ്ണുങ്ങ ഇക്കാലത്ത്ണ്ടാ കുഞ്ഞി! അതോല്ലം ഒരു സമാൻ. ങേ തിരിഞ്ഞിറ്റ. നീ ഒറക്കെ പറേമ കോയ. നീ എന്ത്ന്ന്മ്മ ചോയിക്ക്ന്ന്? എന്നിറ്റ് എന്ത്ന്ന് ആയിന്ന്നാ? എന്ത്ന്ന് ആആൻ? ഇങ്ങനേല്ലും നോക്കീറ്റും പുടിച്ചിറ്റും കൊല്ലത്തോട് കൊല്ലങ്കൂടുംബൾത്തേക്ക് നൂപ്പർ നൂപ്പരെ ബയിക്ക് പോയില്ലേമ്മാ...

2

**പൊ**ൽച്ചക്കൂറ്റിന്മ്മാ കൊൾട്ടാക്കാന്ന് ഒച്ചയും ബിളിയും കേട്ടിറ്റ് മൂത്രച്ചോളീന്ന് ഞാനെങ്ങനെയോ അരക്കെട്ട് കയ്റ്റ് ബെത്തപ്പാടോടെ പാഞ്ഞ് ബന്നിറ്റ് കിളിയാക്കാലെ നോക്കുംബോല്ലേമാ കാണ്ന്ന്! അതി ശയത്തിന്റെ മൻച്ചനല്ലേമ്മ എന്റെ മുറ്റത്ത് നിക്ക്ന്ന്! എനക്ക് എന്ത്ന്ന് ചെയ്യംണംന്ന് തിരീന്ന്ല്ലമ്മാ കുഞ്ഞീ. നെടുബെയിരം കൊട്ക്കാനാന്ന് എനക്കാദ്യം തോന്നീമ്മ കോയാ. പച്ചേങ്കീ എന്റെ തൊണ്ടയ്ലെ ബള്ളം ബറ്റീന്. എന്റെ തൊണ്ടയിന്ന് കൂറ്റ് ബര്ന്നില്ല. നിങ്ങോന്നും ആയി ന്റേഷം അങ്ങനെ ഒരു മൻച്ചനെ കണ്ടിറ്റൂണ്ടാഊല്ല, ഇനി കാണാനും പോന്ന്ല്ല. കുപ്പായോല്ലമ്മ, ഒളീന്ന മുന്തിയമുന്തിയ കല്ല് ഒട്ടിച്ച പൊന്നിന്റെ മാലയായിറ്റ് നൊറഞ്ഞിന് കഅ്ത്തും ബട്ടിയും മറ്റോം. ആയിന്റേഷം ഞാൻ കാണാത്ത പട്ട്മ്മ ഉട്ത്തിന്. എന്റെ ഉമ്മുമ്മ പണ്ട് കത പറഞ്ഞ് തര്ത്ത്ണ്ട്. ആ കതയിലെ ഇഫ്രീത്ത് രാജാവിന്റെ തലയിലെ സ്വർണ്ണത്തിന്റെ തൊപ്പിപോല്ത്ത ഒന്ന് തല്മ്മെ ബെച്ചിന്മ. ഞാൻ ഹജബായിറ്റ് ബോധംകെടുംന്ന് ബിയാരിച്ച്. അപ്പൗംണ്ട് ആ അജബിന്റെ മന്ച്ചൻ പറയ്ന്ന് കുഞ്ഞീ ബായില് തൊറക്ക്. എന്റെ കാൽ പറിച്ചാ ബരണ്ടെ. ഞാനെങ്ങനെ ഓടീന്നറീലമ്മാ കുഞ്ഞീ. ഞാൻ ബെക്ക്ന്നരയി പോയി ഏരത്തിന്റടീന്ന് മട്ടൽ കൊത്ത്ന്ന ബല്യ ബാക്കത്തി എട്ത്ത്റ്റ് ബൈയ്യോട്ടാക്കി പുട്ച്ച്റ്റ് പോയി ബായിൽ തൊറന്ന്. ആ മന്ച്ചൻ ചിരിച്ചോണ്ട് എറെത്തന്നെ നിക്ക്ന്ന്. എന്ത്ന്ന് പറേണ്ടഅ്ന്ന് എനക്ക് തിരീന്ന്ല്ല. ഞാൻ ചോയിച്ച് ഇങ്ങാര്? അപ്പോണ്ട്മ്മ ഓറ് പറേന്ന് മാബേലീന്ന്. അങ്ങന്ത്തെ പേരും മറ്റോം ഞാൻ ആദ്യായിറ്റല്ലെമ്മാ കേക്ക്ന്ന്. ഞാൻ ചോയിച്ച് ബെറും മാബേലിയാ? ഇത്രേല്ലം പത്രാസ്ള്ള ഇങ്ങൊ ഹജ്ജൊന്നും ചെയ്തിറ്റെ? ഹജ്ജ് ചെയ്തിറ്റാന്ന് പറഞ്ഞിറ്റ് എനക്കാകെ എന്തോ മാതിരിയായി. അപ്പോമ്മാ ഞാൻ എറേത്ത് ബെച്ച ബല്യ കൂട്ടെ കണ്ടഅ്. അയില് നൊറച്ചും പലേതരം പച്ചക്കറീമ. അയിന്റൊക്കെ ഒരു

പൊഞ്ചപ്പത്തിന്റെ തുണീം പൂവാർണ്ണതട്ടോം മല്ലിന്റെ കുപ്പായോം. ഞാൻ ചോയിച്ച് ഇതാര് കൊണ്ടന്നിന് ? ഓറ് പറഞ്ഞ് ഓറന്നെ. ആരിക്ക്? എനക്ക് തരാനോലും. ഓറന്നെ അത് പുടിച്ച് എന്റെ അറയില് ബെച്ച് ഞാംബറഞ്ഞ് ഇങ്ങോ ബന്ന കാൽമ്മ നിക്കാണ്ട് ഇരിക്ക്മ്മാ. ഞാൻ ചായ ബെക്കട്ട്. ഓറ് പറഞ്ഞ് ചായ ഞാൻ കുടിക്കൂലാ. തെരക്കൂണ്ട്. പലേ ബയിക്ക് പോആനൂണ്ട്. എന്നോട് പറഞ്ഞ് ആ ബാക്കത്തി ഇങ്ങോട്ട് താ. ഞാനാകെ പരിക്കേറ്റ്ലായി. ഓറ് എന്നോട് ബാക്കത്തി മാങ്ങീറ്റ് കൊൽട്ടാക്കാലെ മുറ്റത്തെ എന്റെ തൊണ്ണൂറാന്തെയ്മേന്ന് ഒര് കരിക്ക് പറിച്ച് ചെത്തിക്കുടിച്ച്. എന്നിറ്റ് പറഞ്ഞ് കുഞ്ഞീ ഞാൻ പോന്ന്. ഓറ് കട കടന്ന് പോഉംബം ഞാംബറഞ്ഞ് ഞാൻ നിങ്ങളെ മാബേലി ആയർച്ചാന്നെ ബിളിക്കൂ. അത്അല്ലെമ്മാ കോയാ സരി. അങ്ങൽത്തേയും മറ്റും മന്ച്ചനെ എങ്ങനെ ബണ്ണന്നെ മാബേലീ മാബേലീന്ന് ബിളിക്ക്ന്ന്.

3

**എ**ന്ത്ന്ന്മ്മ കുഞ്ഞിയോളെ നിങ്ങൊ ഇങ്ങനേ തേക്ക്ന്ന്?! ബെത്തിലമ്മെ നൂറാ തേക്ക്ന്ന്! നിങ്ങക്കൊന്നും ഒരു പണിയൂല്ലെ ബാല്യക്കാരെ? നേരം ഉദിച്ച് അസ്തകൊടുക്ക്ന്ന ബരെ ഈ ബെത്തിലമ്മെ നൂറ് തേക്കലന്നയാ പണി. ഒന്നൂല്ലങ്കില് കൈകോട്ടോണ്ട് ആ പടന്നച്ചാലില് കീഞ്ഞാൽ സണം കൊണ്ട് രണ്ട് കണ്ടം പാങ്ങാക്കാലാ. ആ കണ്ടം കാണുംബോ കരളല്ലമ്മാ കത്ത്ന്ന്. മൂന്ന് ബെള എട്ത്ത കണ്ടോല്ലെ അത്. കേക്കേ ചാൽന്നും മണിയൊനൊടീന്നും കൂവ്വക്കീന്നും കൊറത്തിരെ ബളപ്പ്ന്നും കൊക്കാൽന്നും തോട്ട്കരേന്നും കാന്തിലോട്ട്ന്നും മനാര കൈപ്പാട്ട്ന്നും എടയടക്കം ബയൽന്നും എത്രയെത്ര നെല്ല്മ്മ ഈ പടന്നയിൽ കൊത്തിക്കേറ്റീറ്റ് കൊണ്ടന്ന്ന്. ആ അന്തുമാനായർച്ച ഏട്ന്നമ്മ ബഞ്ചാരയ്ന്ന ബഞ്ചാബ്ന്ന അങ്ങനെ എന്തോ നാട്ട്ന്നല്ലമ്മാ നെയ്ച്ചോറ്റിന്റെ അരിന്റെ ബിത്ത് കൊണ്ടന്നിറ്റ് മഞ്ഞം ബീട്ടീന്റെ തായെ നാറ്ട്ടിറ്റ് കണ്ണാടി പൊതീല് നാറ് നട്ടിറ്റ് കുതുകുതെ മണത്തിറ്റ് ആളെല്ലാം കണ്ടത്തിന്റെ ഇട്ടക്കല്ലമ്മാ പോയിറ്റ് നിന്ന്ന്. നീന്നോടെല്ലാം എന്ത്ന്ന് പറേണ്ടമ്മ കോയാ? അതൊരു സമാന്. ബായിക്ക് രുചീല്ലെ ചോറും ഇണ്ടായിന്, കൂട്ടാനും ഇണ്ടായിന്. പനക്കാ പൊയയിലെ കയ്ച്ചല് നീ തുന്നിറ്റാലാ? അത് തുന്നണ്ടന്നെമ്മ കോയാ. പന്ത്രണ്ട് ബയസ്സിലേ ആംപുള്ളോല്ലം നയിക്കൂമ്മാ, അന്ത സമാനില്. ഇതെന്ത്ന്ന് കാണ്ന്ന് ഹലാക്കിന്റെ കായ്ച്ചെ. ആണിന്റെയും പെണ്ണിന്റെയും കൈമ ഇണ്ട്മ്മ ഈ ബെത്തിലെ. അയിന് നൂറ് തേച്ചിറ്റ് ഇബര്ക്ക് ബിടിയല്ല.

നൂറ് തേക്കലന്നെ നൂറ് തേക്കല്. ബായിലൊന്നും ഇട്ന്ന കാണ്ന്ന്ല്ല. ഞാനീന്റടക്ക് കൊൾട്ടാക്കാന്ന് ബസാറിന്റെ മൂലക്ക് നിന്നിറ്റ് നൂറ് തേക്ക്ന്ന ബാല്യക്കാരനോട് ചോയിച്ച്, അല്ല ബാല്യക്കാരാ, ഞാൻ എന്റെ അരക്കെട്ട് പൊന്തായിറ്റാന്ന് ഈടെ ഒറ്റയിർത്തം ഇരിക്ക്ന്ന്. നീയെന്ത്ന്ന് കോയ ചെയ്ന്ന്? എത്ര സമയായീമ നീ നൂറ് ബെത്തി ലക്ക് തേക്ക്ന്ന്. നീയത് ബായിലിട്ട് ചബച്ചിറ്റ് ഏടേങ്കിലും പണിയെട് ക്കാനാ പടിക്കാനാ പോഅർമ്മ. അപ്പറഞ്ഞത് അച്ചെക്കന് ഒട്ടും പുടിച്ചിറ്റ. ഓൻ എണീച്ചിറ്റ് കുണ്ടിയും കുല്ക്കി ഒറ്റ പോക്ക്. അത് ചെറ്ത്മ്മ! ബെത്തിലെന്നും തുന്നാനായിറ്റ. ആരെ മോന്ന്ന് ചോയിക്കാൻ ബിട്ടോയി. ഓന്റെ ഉമ്മാനോട് പറയായിന്. എനക്കൊര് ഷക്ക്ണ്ട്. നീ രണ്ടാമതൊരോളോട് പറഞ്ഞക്കലാ. ഈ സമാനില് ആളേന്നും നംബാൻ കയ്ന്ന്ല്ലമ്മാ. ഞാൻ കുച്ചലാക്കാന്ന് പറഞ്ഞ ബിശ്യം ആരെല്ലോമ്മോ പോണിൽ പുട്ച്ച്റ്റ് നാടാകെ പാട്ടാക്കീനോലും. ഞാനെന്റെ ഷക്ക് പറയാ. അത് തെക്കെപ്പൊറത്തെ സക്കരിയാഓ ബടക്കെപ്പുറ്ത്തെ അച്ചെക്കൻ റസീദോ, അങ്ങനെ എന്തോമ്മാ അനക്ക് തോന്നീന്. ആ പുള്ളമ്മാറോട് നീയൊന്നും പറഞ്ഞെറ്ലാ. എടക്കെട്ക്ക് പയക്കം പറയാന് ഈടെ ബര്ന്ന പുള്ളാന്ന്. അഞ്ചുപൈസന്റെ കൊണൊ ഇല്ലെങ്കിലും അങ്ങനെ ഒര് കൊണോണ്ട് അയ്റ്റിങ്ങളെ ക്കൊണ്ട്. കോയാ നീ എന്ത്ന്ന് എന്നോട് ചോയിക്കന്ന്? നീ ബലിച്ചും പറയരറ്മ്മാ. അന്ത സമാനിലെ കത പറയാനാ. അത് പറേണോങ്കി പെര്ത്തണ്ട്മ്മ കോയാ.

ചിങ്ങ മാസം തൊടങ്ങിയാൽ ഓരീന്ന് അന്തിത്തിരിയൻ ബരും. അന്തിരിയൻ ഒറ്റക്കല്ല ബെര്ത്ത്. അഞ്ചാറ് ഏണിക്കാറും ഇണ്ടാഉം. ഈരണ്ട് മാസ്ത്തേക്ക് തേങ്ങ പറിക്കാൻ ബരുംബോല്ത്ത ബര്ത്തല്ലമ്മ ഇത്. ഇത് കൊല്ലത്തോട് കൊല്ലം കൂടുംബോ തെങ്ങ് ബലിക്കാന്ള്ള ബരബാന്ന്. അത് കാണണ്ടെ കായ്ച്ചന്നെ. തെങ്ങ്മ്മന്ന് അടച്ചേറ്റിയും പാണും കൊരച്ചലും ഒണങ്ങിയ ഓലയും എല്ലാം പറംബിൽ നൊറയും. ഓരീന്നും പുൽക്കോട്ട്ന്നും തീയ്യത്തിയോ ബരും അത് പൊറക്കാൻ. ബെക്ക്ന്നരന്റെ ബാത്ക്കാന്നെ അത് കെട്ട് കെട്ടാക്കി കൊണ്ടന്നിടും. കൊല്ലം മുയ്മനും അതന്നമ്മാ കത്തിക്കല്. തുലാമാസത്ത്ലും ഈ ഏണിക്കാറ് ബരും. കൊലതൂക്കാനാന്ന് ഈ ബര്ത്ത്. തുലാമാസ ത്തിലന്നെ കൊല തൂക്കണം. ബെളിച്ചങ്ങെ മൂത്ത് കരിക്കായാൽ പറ്റൂല്ല. അയിന്റെ നുംബെ തൂക്കണം. കൊല തൂക്ക്ന്നത് എയിനോ ണ്ട്ന്നാ? കയറോണ്ട്മ്മാ. അയിനെ മാറ്ന്നാ പറേല്. ഇത്രമാറ് മാണംന്ന് നേരത്തെ ഓരീല് മാറ് നയ്ന്ന പൊണ്ണുങ്ങളോട് പറേണം.

ഇരുപത്തഞ്ച്ന്റെ കെട്ടാക്കീറ്റ് മാറ് കൊണ്ടത്തരും. തെങ്ങ് തൂക്കി കയിഞ്ഞാ പിന്നെ തെങ്ങിന്ന് പൊത്തലിടും. പൊത്തല്ന്ന് പറഞ്ഞാ എന്ത്ന്നാ ? കോയാ ഇക്കണക്കിന് ഞാന് തടിയും തണ്ടൂല്ലെ ഒത്ത ബാല്യക്കാരനോട് എന്ത്ന്നല്ലോമ്മാ പറഞ്ഞരണ്ടഅ്! ഒര് പച്ചമടൽ ഒലെ അങ്ങനന്നെ കൊത്തിയെട്ത്തിറ്റ് പൊറോട്ടീന്റാട്ത്തപ്പ്യളെക്കൊണ്ട് പായി മൊടയുംമ്പോലെ മൊടയും. നീയെനി പായ് എന്ത്ന്ന് ചോയിച്ചക്കലാ. ഞാംബറയൂല. ഇങ്ങോല്ലം എന്ത് പടിത്തോമ്മാ പടിച്ചിന് കോയാ! എന്നിറ്റ് മൊടഞ്ഞ ഓലെ തെങ്ങിന്റെ ഞടക്ക് ബെല്ച്ച് കെട്ടും. ഇത് കെട്ട്നനഅ് എന്തിന്ന് പറഞ്ഞേരാ. അന്ത സമാനില് കള്ളമ്മാറ് ജാസ്തീമ്മാ. കള്ളമ്മാറെ പുടിക്കാനാന്ന് ഈ സൂത്രം. തിര്ഞ്ഞാ. പൊരപ്പറംബിലെ തെങ്ങ്ന്ന് പൊത്തലിടല്ലാ. തെങ്ങിന് ബേറയും അനബദി പണീണ്ട്മ്മാ. കർക്കടോം ചിങ്ങോം കയിഞ്ഞാല് പറംബ് കൊത്തിമറിക്കാന് കൈകോട്ടാറ് ബരും. കൊത്തിമറിച്ച് പച്ചെല ബളോല്ലം മണ്ണിന്റടീല് ആയാല് തുലാപഅ്തിക്ക് തെങ്ങിന്ന് തടംതൊറക്കാൻ ബരും. ഇങ്ങോല്ലം എല്ലം തിര്ഞ്ഞ ആൾന്നല്ലമ്മ പറീന്ന്. എന്ന ഇപ്പറഞ്ഞ ബാക്കിന്റെല്ലാം മഅ്ന പറഞ്ഞമ്മ കോയാ. എന്നിറ്റ് നമ്മക്ക് ബാക്കി ബിശ്യം പറയാ. കട്ടപൊളിക്കല്, മങ്ങ് പൊരിക്കല്, കാലിപ്പൊറ്ക്കല്, ആണികോരല്, നെടുംബരംബ് കേറ്റല്, തലപ്പരിയല്, ബെതകൂട്ടല്... ബാല്യക്കാരാ നിന്ക്കെന്തേ മുണ്ടാട്ടം മുട്ടിപ്പോയാ?

**4**

**നീ** എന്ത്ന്ന്മ്മ കുഞ്ഞീ പന്തംകണ്ട പെര്ച്ചായീനെപ്പോലെ നോക്ക്ന്ന്... ഇത് ഞാനന്നെ. നീ മുണ്ടർമ്മ കോയാ. ഇനിക്കെന്തെ മുണ്ടാട്ടം മുട്ടിപ്പോയിനി. നിങ്ങോന്തെ ഈടേന്നാ. നല്ല ചോദ്യന്നെ. നിന്റെ തൊണ്ടയ്ന്ന് അങ്ങനെങ്കിലും ഒര് കൂറ്റ് ബന്നല്ല... അഅ് ആടെ നിക്കട്ട്. അയിന്റെ ഉത്തരം ഞാംബറയാ. നീയാര്മ്മ കോയാ. ങേ.. എന്ത്ന്ന്.. മീത്തലെപ്പൊരയ്ലെ റസീദാ. മീത്തലെ പൊരക്കാരെ അറിയാന്നാ... പിന്നെ അറിയാണ്ട്. മീത്തലെപ്പൊരയ്ല് ആരെ മോൻ നീ? ങേ... ആയിസാന്റെയാ. ആ... തിരിഞ്ഞ്. കുഞ്ഞാമിന്റെ മോള് ആയിസാന്റെ മോന് റസീദാന്ന് നീ, അല്ലേ? ഇന്ക്ക് പള്ളിച്ചുമ്മാട്ത്തെ കയ്ച്ചൂത്താനെ അറിയാ? ഇന്ക്കേട്ന്ന് അറിയാന്? ഇന്റെ ഉമ്മുമ്മാന്റെ ഉമ്മാക്ക് അറിയായിരിക്കും. ഏത് സമാന്ലെ പെണ്ണ്ങ്ങളെ കാര്യാ എന്നോട് പറയ്ന്നഅ്ന്നാ. ഞാംബറയൂ അല്ലാ... നീ എന്നോട് ചോയിച്ചിറ്റേ, ഇങ്ങോന്തെ ഈടേന്ന്. അയിന്റെ ഉത്തരന്നേ ഇന്നോട്

ഞാംബറയ്ന്നങ്. മുയ്മനും കേട്ടിറ്റന്നെ നീ പോയാമ്മതി. നീ ആടെ നിക്ക്. പള്ളിച്ചുമ്മാട്ത്തെ കയ്ച്ചൂത്ത ബോംബായിക്ക് പോയിന്. ഏത് സമാനില്ന്ന് അറിയോ? ബെള്ളക്കാരൻ ചെറുബത്തൂരിലെ തീബണ്ടിക്ക് പാലം ബലിക്ക്ന്ന സമാനില്. ആരെക്കെ പോയിന്നാ? ഒറ്റക്ക്. ചീനക്ക് കേറീറ്റ് ഉള്ളാൾത്ത് കീഞ്ഞിറ്റ് ആട്ന്ന് കാളബണ്ടീക്കേറി മംഗലാര്ത്ത് പോയിറ്റ് ആട്ന്ന് കപ്പൽ കേറീറ്റ് ബോംബായ്ക്ക് പോയത്. എന്തിന് പോയീന്ന് അറിയാ... മാപ്പളനെ പുടിക്കാന്. അയിനും നുംബെ ബീരാമ്മാട്ത്തെ മറീത്ത അഞ്ചിമിത്ത ഹജ്ജിന് പോയാ കതെ നീ കേട്ടിനാ? കേട്ടിറ്റാന്നാ. നീ നല്ലോണം കേക്കണം കോയാ. നീ ആ ബെത്തിലമ്മെ നൂറ് തേച്ചങ് മതി. നീ അങ് ബായിലിട്ട് ചബച്ചിറ്റ് ഞാംബറയ്ന്നങ് കേക്ക്. പയംബുരാണം പറേന്ന്നാ. പിന്നെ പറയാണ്ട്? ഇന്റെ ഉമ്മുമ്മ ഇല്ലാണ്ട് നിന്റെ ഉമ്മ ഇണ്ടാ. നിന്റെ ഉമ്മ ഇല്ലാണ്ട് നീ ഇണ്ടാ. നിന്റെ പടിപ്പിന്റെ പൗറൊന്നും എന്നോട് മാണ്ട. പൗറൻ കുഞ്ഞൂട്ടിനെ മുട്ട് കുത്തിച്ചോളാ ഈ മൈമു. എന്റട്ത്ത് ഇന്റെ കളിമാണ്ടാ. എന്നോട് ചോദ്യം ചോയിച്ചിനെങ്കി അയിന്റെ ഉത്തരം മുതുമനും കേട്ടിറ്റന്നെ നീ പോയാമതി. ഞാൻ ഏടേമ്മാ പറഞ്ഞിറ്റ് നിർത്തീന്? ആ മറീത്ത അഞ്ചിമിത്ത ഹജ്ജിന് പോയ കാര്യം. അങ് ബെള്ളക്കാരൻ ചെറുബത്തൂരില് റയിലെല്ലോം ഇട്ന്ന സമാന്റെ നുംബത്തെ കാലം. കൊട്ങ്ങല്ലൂര് പോയി ആട്ന്ന് കപ്പലില് ബോംബായിക്ക് പോയി ആട്ന്നും കപ്പലില് പോയീ കുറേ നടന്നിറ്റ് ചെയ്താ ഹജ്ജാന്ന്. ഒര് റംളാൻ മാസം പോയിറ്റ് പിറ്റെക്കൊല്ലത്തെ റംളാനിലാന്ന് അഞ്ചിമിത്ത പടന്നയിലെക്ക് ബന്നിന്. അന്ത സമാനില് അഞ്ചിമിത്താക്ക് ഹജ്ജിനും പള്ളിച്ചുമ്മാട്ത്തെ കയ്ച്ചൂത്താക്ക് ബോംബായിലും പോആന്ന്ണ്ടെങ്കി ഈ സമാനില് ബീമാനത്ത്മ്മെ കേറി സണം കൊണ്ട് എത്ത്ന്ന ഈ നാട്ടില് ബന്ന എന്നെ നീ എന്ത്മ്മ കോയാ പന്തം കണ്ട പെർച്ചായ്നെ പോലെ നോക്ക്ന്ന്. അച്ചെക്കന് പൊറോട്ടെ സക്കരിയ്യ ഈന്റെട്ക്ക് എന്നോട് പയക്കം പറയാന് ബന്നപ്പൊ–അച്ചെക്കൻ പിരിച്ചെട്ത്ത് കെടക്കൂലെങ്കിലും നല്ല കുഞ്ഞിയാന്ന്. എന്നെക്കാണാൻ എടക്കെടക്ക് ബസാറിലേക്ക് ബരും. ഓന് പറഞ്ഞ് മൈമൂത്താനെ ഞാൻ ദുബായിക്ക് കൊണ്ടോട്ടാ. ഇങ്ങൊ ബരോ? ഞാംബറഞ്ഞ് ആയിന്റേഷം ഈ പടന്ന ബിട്ടിറ്റ് ഞാനേടെയും പോയിറ്റാ. കേക്കേച്ചാലും കൊറത്തിരെ ബളപ്പിലും എല്ലോം ഞങ്ങക്ക് കണ്ടം ഇണ്ടായിന്. ആട്ന്ന് നെല്ല് കൊത്തിക്കേറ്റിക്കൊണ്ടരും. നെല്ലിട്ടറയില് സമാനോട് സമാന് ആ നെല്ല് ഇണ്ടാഉം. പുലിക്കോട്ടെ മട്ടകണ്ടത്ത്ന്ന് തൊവരയും പയറും ബെള്ളരിയും കക്കിരിയും

തീരുംബം തീരുംബം കൊണ്ടരും. ബാലൻ പൊയയ്ന്ന് നല്ല ഒന്നാന്തരം കൈച്ചലും കിട്ടും. ഇതെല്ലാം തുന്നിറ്റ് പുള്ളറയും നോക്കി ജീവിക്കുംബോ ഏടെമ്മാ നാട് കാണാന് സമയം. ഞാന് നിരീച്ച് ഇതെന്നെ പടച്ചോന്റെ ബേണ്ടേ. ഈ ബയസ്സ് കാലത്തായിരിക്കും ഒലകം ചുറ്റാന്ള്ള യോഗം. ഞാന് സമ്മയ്ച്ച്. ഞാന് ബസാറിലെ എം കെ സിന്റെ പൂടീന്ന് മൂന്ന് കാച്ചിയും മൂന്ന് പൂവാർണ്ണ തട്ടോം കുപ്പായം തുന്നാന്ള്ള മൽമലും ബര്ത്തിച്ച്. മൽമല് തുന്നാന് അങ്ങട്ടെ സെയ്നാക്ക് കൊട്ത്തയച്ച്. അപ്പോല്ത്തേക്കല്ലമ്മാ ജുദ്ദം. അപ്പെണ്ണ് നയിസത്തും സബൂറാളും കൂടീറ്റ് തലമ കൈബെച്ചിറ്റ് ബെയിരം. ഈ ബയസ് കാലത്ത് ഏട്ത്തേക്കമ്മ പോന്നത്ന്നും ചോയിച്ചിറ്റ്. ഞാംബറഞ്ഞ് എണേ, നെയ്സത്തെ നീ അപ്പോം ചുട്ടിറ്റ് ഏതെല്ലാം നാട്ടില് നടക്ക്ന്ന്. ഞാനെന്തെങ്കിലും ഒര് ജബാബ് നിന്നോട് കയ്ച്ചിനാ. എണേ സബൂറാ നീയല്ലെ ഈന്റടക്ക് ആ അജബിന്റെ നാട്പോയി കണ്ടിറ്റ് ബന്നിറ്റ് നാടൊട്ടാകെ ആ അജബിന്റെ കതയും പറഞ്ഞിറ്റ് നടക്ക്ന്ന്. നീ കത പറയാത്ത എതെങ്കിലും കുഞ്ഞി ഈ നാട്ടിൽ ഇനി ബാക്കീണ്ടാ? ഈ മൈമൂനെ ഇങ്ങക്ക് ശരിക്കും തിര്ഞ്ഞ്റ്റാ. എത്ര ജുദ്ദം കണ്ടോളാ ഈ മൈമു. എന്നിറ്റല്ലേ ഇങ്ങളെ പാട്ട മുട്ടലിന് പേടിക്കണ്ടത്. എന്നിറ്റ് ചുര്ക്കിപ്പറയ കോയാ. അങ്ങനെ ബന്നത് ആന്ന് ഞാന് ഈ നാട്ടില്. ഞാന് ഇങ്ങളോട് പയക്കം പറയാനാന്ന് ബന്നിന്. ഇങ്ങളെ ജബാബിന് ഞാന് ഉത്തരം പറഞ്ഞിറ്റേ പോന്നില്ലു. ചോയ്ക്ക്മ്മ കോയാ ചോദ്യം. ഞാംബറയാ...

**സക്കരിയ്യ പി. പി.**

# മുഖ പുസ്തകത്തിലില്ലാത്തത്

"**നി**ർത്ത് നിർത്ത് ബസ്സ് നിർത്ത് എന്റെ നൂറ്റിന്റെ കള്ളാസ് കാൺന്നില്ല"ജാനുയേട്ടത്തി അലറി. തരുണീമണികളെ നോക്കി അന്തോം കുന്തോം പോയ ഡ്രൈവർ സുഗുണന്റെ സഡൻബ്രേക്കിൽ എല്ലാരും ഒന്നാഞ്ഞു. ഭൂമികുലുക്കം കഴിഞ്ഞതുപോലെ പലരും സീറ്റിലും കമ്പിയിലും പിടിച്ചുനിന്നു. സാമൂഹികബോധം തലക്ക് പിടിച്ച പൊട്ടൻ അസ്രു ഫേസ്ബുക്കിൽ ലൈവിട്ടുകൊണ്ടേയിരിന്നു. കൂളിംഗ് ഗ്ലാസ്സിട്ട സുഗുണന്റെ പുളിച്ച ചിരി ചന്ദനത്തിരിയുടെ പുകയിൽ അലിഞ്ഞത് ആരും കണ്ടില്ല. അഞ്ഞൂറ്റിന്റെ കള്ളാസും ആയിരത്തിന്റെ കള്ളാസും വെറും കടലാസ് മാത്രമാണെന്ന് അങ്ങേര് പറഞ്ഞ് പോയിട്ട് മൂന്നാം ദിവസം. ഉടുത്തുടുത്ത് മുപ്പത്തെട്ട് ഞൊറിവ് വന്ന മലേഷ്യൻ പുള്ളിത്തുണി ഒന്നുകൂടി കുത്തിയുടുത്ത് നസീമ ബസ്സിന്റെ സ്വന്തം കിളി പൈലറ്റ് ശശി നീന്തിയിട്ടാണാവോ ജാനുവേട്ട ത്തിയുടെ അടുത്തെത്തി. നൂറു രൂപയുടെ വില ശശീടത്ര ആർക്കും അറിയില്ല.

ഉത്തരേന്ത്യയിൽ ജനങ്ങൾ ചില്ലറയില്ലാതെ ക്യു നിന്ന് മരിക്കുന്നു. പക്ഷെ ശശി ക്യൂ നിക്കാനൊന്നും പോയില്ല. അയൽവാസിയും പഞ്ചാ യത്ത് മെംബറും ഫേസ്ബുക്ക് ചങ്ങായിയുമായ മഠത്തിൽ ആമു ഹാജീന്റടുത്ത് കൈകൂപ്പി. ആവശ്യം അറിയിച്ചപ്പോൾ മെംബറാശാൻ കൈമലർത്തി. ഇന്നലെ നൂറിന്റെ രണ്ട് കെട്ട് കയ്യിൽ നിവർത്തി പിടിച്ച് 'മണീസ് നോട്ട് എ പ്രൊബ്ലം' എന്ന അടിക്കുറിപ്പോടെ ഫേസ്ബുക്കിൽ സെൽഫി പോസ്റ്റിയവനാ. ശശി മെമ്പറുടെ ഫേസ്ബുക്ക് പോസ്റ്റ് കാണിച്ചു. ആയിരത്തി മുന്നുറ് ലൈക്കും നൂറ്റിമുപ്പത് ഷേറും.

"ഡാ ശശീ നീയിത് ബിസ്വസിച്ചാ, ഇതെന്റെ കൊച്ച് മോൻ ഫോട്ടോ ഷോപ്പാക്കിയതാ"

"അപ്പൊ നിങ്ങൊ കയിഞ്ഞായിച്ചെ ബോംബെയിൽ പോയപ്പോ 'വിത്ത് സാറൂഖാൻ' എന്ന് പറഞ്ഞ് പോസ്റ്റിട്ടതോ"

"ഇനിക്കെന്ത് പോയത്തം പോയീനാ, അതും ഫോട്ടോഷോപ്പന്നെ പഹയാ, ഇനിക്കിപ്പോ എന്താ മാണ്ടത്, നൂറു രൂപയല്ലേ. നീ ഈടെ നിക്ക് "

അകത്ത് പോയ ആമുഹാജി അഞ്ചരക്കണ്ടി നേർച്ചപെട്ടിയും കൂടെ ഒരു കത്തിയുമായി പുറത്തേക്ക് വന്നു. കത്തികൊണ്ട് പെട്ടി യുടെ അടിഭാഗം തുരന്നു. പത്ത് രൂപയുടെയും ഇരുപത് രൂപയു ടെയും കൂടെ കുറെ നാണയതുട്ടുകളും കണ്ണുതിരുമ്മി കോട്ടുവായ യിട്ട് പുറത്തേക്ക് വന്നു. മെംബർ ഓരൊ നിയ്യത്താക്കി മോളേ്ലാട്ട് നോക്കി പെട്ടിയിലേക്ക് വിക്ഷേപിച്ചതാ. തെരെഞ്ഞെടുപ്പിൽ ജയി ക്കാനും മോന് സീറ്റ് കിട്ടാനും മോക്ക് പുയ്യ്യാപ്ലനെ കിട്ടാനും മോള് സുഗത്തില് പെറ്റ് സലാമത്താവാനും അങ്ങിനെ തൊട്ടതിനും പിടിച്ചതിനുമൊക്കെ. പഞ്ചായത്ത് റോഡ് അറ്റകുറ്റപ്പണി നടത്തിയ തിനും വാലൻ പുഴക്ക് പാതാറ് കെട്ടിയതിനും നോട്ട് കെട്ടുകൾ ഹാജി കൈക്കൂലി വാങ്ങിയതൊക്കെ നാട്ടിൽ പരസ്യമായ രഹസ്യങ്ങളാണ്. ഇക്കണ്ട കാര്യങ്ങളൊക്കെ സാധിപ്പിച്ച അഞ്ചരക്കണ്ടിയിലെ ഓർക്ക് കൊടുക്കുന്ന കൈക്കൂലി ഒരിക്കലും ഇരുപത് രൂപയിൽ കവിഞ്ഞില്ല. പത്തിന്റെയും ഇരുപതിന്റെയും നോട്ടുകൾ ചേർത്ത് രണ്ട് തവണ നൂറ് തിട്ടപ്പെടുത്തി ശശിക്ക് നേരെ നീട്ടി.

“നിങ്ങൊ പലേതും മനസ്സിൽ നിരീച്ചിറ്റ് ഇട്ട പൈസയല്ലെയിത്, എന്ക്ക് മാണ്ട. ഇതല്ലാതെ ബേറെയില്ലെ ”

“ഈനെന്ത്രാ ഒരു കൊറവ്, ഈ നോട്ട് നിരോധനമൊക്കെ ഓർക്ക് നേരത്തെ അറിയുന്നതല്ലേ. അത്കൊണ്ടല്ലേ ഓറ് എന്നെക്കൊണ്ട് ഒരു കൊല്ലായിറ്റ് പൈസയിടീച്ചത്. മുസീബത്ത് കാലത്ത് ഓറ് ഇന്നെ സഗായിച്ചതല്ലേ, പഹയാ. ഇത് ഓറെ നേർച്ചപെട്ടി, ഓറെ പൈസെ, ഞാനായിറ്റ് ഇനിക്ക് ഒന്നും തന്നിറ്റാന്ന് കൂട്ടിയാമതി. പിന്നെ ഇനിക്കെ ന്തെങ്കിലും മുസീബത്ത് ബന്നാൽ നീയും നേർച്ചയാക്കി ഈടെ കൊണ്ടന്നിട്ടോ. ഓർക്ക് നമ്മളാളാണെന്നോ നിങ്ങളാളാണെന്നൊ ഇല്ലടോ”.

ഹാജി മതസൗഹാർദ്ദത്തിന്റെ പൂത്തിരി കത്തിച്ചു. ശശി ഹാജിയുടെ കണ്ണുകളിലേക്ക് നോക്കി. ദൈവത്തിന്റെ ഇടനിലക്കാരൻ അഞ്ചര ക്കണ്ടിയിലെ ഓറ്. ഓറെ ഇടനിലക്കാരനായ ഹാജി. ഓറോട് നൂറു വാങ്ങിയിട്ടാണ് ഇന്നന്റെ എല്ലാ കാര്യങ്ങളും നടക്കാൻ പോകുന്നത്. വെള്ളത്താടിക്കും മുടിക്കും നടുവിലായ ഹാജിയുടെ മുഖം പ്രകാശിക്കുന്നതുപോലെ തോന്നി. ചില്ലറകൾ ഏച്ച് കെട്ടി നൂറാക്കിയ മഹാനോടുള്ള ബഹുമാനം ശശിക്ക് ആത്മീയതയുടെ ഉറുക്ക് കെട്ടി കൊടുത്തു.

“ജാനുയേട്ടീ, എത്ര നൂറ്റിന്റെ കള്ളാസാ പോയേ”

സി ബി ഐ ലെ മമ്മുട്ടിയെപ്പൊലെ ചോദിച്ചെങ്കിലും ശശിക്ക് മണ്ണിന്റെ

ഭാഷയല്ലാതെ വന്നില്ല.
"ഒരൊറ്റ നൂറ്റിന്റെ കള്ളാസ് മോനെ"
"എല്ലാരും ഒന്ന് നോക്കണം"
ശശീടെ ഉത്തരവിന് സിംബലടിച്ച് മമ്മുക്കാന്റെ കയ്യിൽനിന്ന് തട്ട് കടയിലേക്ക് വാങ്ങിയ നേത്തിയും എട്ടു ഗ്ലാസ്സും വീണുടഞ്ഞു. ശശിക്ക് കാര്യമായ ഭാവമാറ്റമെന്നും വന്നില്ല. എല്ലാരും പരസ്പരം നോക്കിയതല്ലാതെ നൂറ്റിന്റെ കള്ളാസ് ആരും തെരയാൻ തയ്യാറായില്ല.
"എല്ലാരുയെന്തേ കുന്തം ബെലങ്ങ്യമാതിരി, ന്റെ യേച്ചി ഒന്നു കുനിഞ്ഞ് നോക്കി കൊടുക്ക്. ടോ, ഒന്നു കുനിയടൊ"
ശശീടെ ആജ്ഞകൾ ആരും അനുസരിച്ചില്ല. ഭായിയായാലും ബെഹനായാലും എങ്ങിനെ കുനിയും. ലോ വെയ്സ്റ്റല്ലേ പാന്റ്. കുനിഞ്ഞാ നാണം കൊണ്ട് നസീമ ബസ്സ് ഹെഡ്ലൈറ്റ് പൊത്തും. കമ്മീസിന്റെ നീട്ടക്കുറവും സൈഡ് കീറിന്റെ നീട്ടക്കൂടുതലും അരമുതൽ നെരിയാണിവരെ തേച്ച് പിടിപ്പിച്ച ലെഗ്ഗിൻസും. കുനിഞ്ഞാ നസീമ ബസ്സ് പീഢന മുറിയാവും. ഭായി ബെഹൻസ് സ്റ്റിൽ സ്റ്റാന്റിംഗ്.
"ഒരൊറ്റോന്നു അനങ്ങിപ്പോകരുത്"
ശശി ക്ഷമ നശിച്ച് പൊട്ടിത്തെറിച്ച് ഛിന്നഭിന്നമായി.

രാത്രി എട്ടുമണിക്ക് പാമ്പാവുന്ന ശശിക്ക് കുനിഞ്ഞാലോ നിവർന്നാലോ നഷ്ട്പ്പെടാൻ ഒന്നുമില്ലായിരിന്നു. അയാൾ ദൈവത്തിന്റെ ഇടനിലക്കാരനായ അഞ്ചരക്കണ്ടിയിലേക്ക് ഇരുപത് രൂപ കൊടുക്കാൻ നേർച്ചയാക്കി. എട്ടുമണിയാണെന്ന് അയാൾ മനസ്സിൽ കരുതി നൂറ്റിന്റെ കള്ളാസിനായി കാലുകൾക്കിടയിലൂടെ പാമ്പായി ഇഴഞ്ഞു. എല്ലാകാലുകളും അയാൾക്ക് സുപരിചിതമായിരിന്നു. വേരിക്കോസ്–ഇത് നമ്മളെ കണാരേട്ടന്റ്ത്. മന്ത് –കോട്ടേഴ്സിലെ ഔക്കർച്ചാന്റെത്. ചുണ്ടൻബെരൽ മരുന്ന് വെച്ച് കെട്ടിയത് –പഞ്ചാരസർപ്പിന്റെ വാപ്പ. ചെരുപ്പിടാത്തത്–കർഷകശ്രീ മാധവേട്ടൻ. നെരിയാണിക്ക് തയംബ് –മുക്രി മമ്മീച്ച. തേഞ്ഞ ചെരിപ്പ് –അഞ്ച് സെന്റ് ഭൂമി പട്ടയത്തിനായി സർക്കാറാപ്പീസുകൾ കയറിയിറങ്ങുന്ന സതീശേട്ടൻ.
ഭാവി ഭൂതം വർത്തമാനം പറയുന്ന കാലുകൾ.

കാലും മുഖവും നോക്കി അയാൾ തന്റെ അറിവ് ഉറപ്പ് വരുത്തി. സീറ്റിനടിയിലും കമ്പിക്കിടയിലുമായി ദെ കിടക്കുന്നു, ജാനുയേട്ടത്തിയുടെ നൂറ്റിന്റെ കള്ളാസ്. നൂറ്റിന്റെ കള്ളാസ് കണ്ടുപിടിച്ച് ശശി ശാസ്ത്രജ്ഞനെപ്പോലെ തുള്ളിച്ചാടി. ജാനുയേട്ടത്തി സന്തോഷം കൊണ്ട് കരഞ്ഞു. കാണാതായ നൂറ്റിന്റെ കള്ളാസിന്റെ രാജകീയ

കിടപ്പ് മൊബെയിലിൽ പകർത്താൻ നേരത്തെ കുനിയാത്ത ഭായി ബെഹനുകൾ കുനിഞ്ഞു. വിദേശത്തും സ്വദേശത്തുമായി അമ്പതി നായിരത്തിലധികം ഫോളോവർസ്സുണ്ട് ലൈവിട്ടുകൊണ്ടിരിക്കുന്ന പൊട്ടൻ അസ്രൂന്.

“ശശിയേട്ടാ ലൈവാന്നേ... നൂറ്റിന്റെ കള്ളാസ്, ഇതെങ്ങിന്യാ നിങ്ങൊ കണ്ടുപിടിച്ചത് ”

നെരപ്പലകപ്പോലെയുള്ള അസ്രൂന്റെ ഫോണിൽ പൊടിപിടിച്ച തന്റെ മുഖം കണ്ടപ്പോൾ തുണീന്റെ അറ്റം കൊണ്ട് വൃത്തിയാക്കി.

“മനസ്സിലങ്ങോട്ട് നിരീച്ച് ഇരുപദുർപ്പ്യ നേർച്ചയാക്കി കുനിഞ്ഞതേ എനിക്കോർമ്മയില്ലൂ. ബാക്കിയെല്ലും അഞ്ചരകണ്ടീലെ ഓറന്നെ”

സന്തോഷം കൊണ്ട് കരഞ്ഞുകൊണ്ടാണ് ശശി പറഞ്ഞത്. അസ്രൂന്റെ ലൈവ് രണ്ടായിരത്തിലധികം പേർ കാണുന്നുണ്ടായിരിന്നു. ലൈവിൽ ലൈക്കുകളുടെയും ചോദ്യങ്ങളുടെയും അണപൊട്ടി. ആരാന്നും എവിടെയാന്നും വന്നാൽ ഓറെ കാണാൻ പറ്റോന്നും കാൾ മീ എന്നുമൊക്കെ. എല്ലാവർക്കുമായി അസ്രു അടുത്ത പോസ്റ്റിട്ടു.

കുട്ടികളില്ലാത്തവർക്ക് കുട്ടികളാവാൻ, വീടിന്റെ കട്ടില വെക്കാൻ, ഭർത്താവിന്റെ ദുശ്ശീലങ്ങൾ മാറാൻ, കച്ചോടത്തിൽ ബർക്കത്തു ണ്ടാവാൻ, കിണറ് കുയിച്ചടുത്ത് വെള്ളം കിട്ടാൻ, ഹലാലായത് നഷ്ട പെട്ടത് തിരിച്ച് കിട്ടാൻ, വക്കീലാവാൻ, ഡോക്ടറാവാൻ, ഗൾഫിൽ ഉയർന്ന ഉദ്യോഗം കിട്ടാൻ നേർച്ചയാക്കുക.

അഞ്ചരക്കണ്ടി നേർച്ചപ്പെട്ടി, പ്രോപ്രൈറ്റർ ശ്രീ ശ്രീ മഠത്തിൽ ആമു ഹാജി...

മുഖപുസ്തകത്തിൽ നോട്ടിഫിക്കേഷനുകളുടെ തിരമാലകൾ ഉയർന്നു പൊങ്ങി. പൊട്ടനസ്രൂന്റെ മുഖത്ത് ഒരു മുരീദിന്റെ ചിരിയും ഭാവവുമുണ്ടായിരിന്നു. കൂടുതൽ സമയം ഫോൺ നോക്കാൻ നിന്നില്ല. ശ്രീ ശ്രീ ഹാജിയുടെ ഗേറ്റ് ലക്ഷ്യമാക്കി പൊട്ടൻ അസ്രു ചിറകില്ലാതെ പറന്നു.

സജിത്ത് സി. പടന്ന

# അദൃശ്യലോകത്തെ ജീവിതങ്ങൾ

അപ്പോയ്ന്റ്മെന്റ് ലെറ്റർ കയ്യിൽ കിട്ടിയപ്പോൾ പെങ്ങൾ തട്ടിപ്പറിച്ച് പൊട്ടിച്ച് വായിച്ച് ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു, ഏതോ ഓണം കേറാ മൂലയാന്നാ തോന്നുന്നെ. ഇതുവരെ കേക്കാത്ത പേരാ... പടന്ന. ഏട്ടൻ കൊറച്ച് കഷ്ടപ്പെടും. അമ്മ പറഞ്ഞു, നീ നിന്റെ കരിനാക്ക് കൊണ്ട് ഒന്നും പറയാതെടീ.

പടന്ന എന്നു കേട്ടപ്പോൾ എന്നിലെ ഓർമ്മകളുണർന്നു. ആ പേര് ഞാൻ കേട്ടിട്ടുണ്ട്... അല്ല അവിടെ ഞാൻ പോയിട്ടുണ്ട്. എത്ര വർഷങ്ങൾക്ക് മുമ്പാണത്? സ്കൂളിൽ പഠിക്കുമ്പോൾ നാട്ടിലെ ക്ലബ്ബിന്റെ കൂടെ ഒരു ടൂർണ്ണമെന്റിൽ കളിക്കാൻ. ഒരു തീരദേശം... ഫുട്ബോൾ ഭ്രാന്തന്മാരുടെ നാട്. അഞ്ചാറ് പീടിക കെട്ടിടങ്ങളുള്ള ഒരു അങ്ങാടി കണ്ടതോർക്കുന്നു. വിശാലമായ പൂഴിമണൽ പറമ്പുകളിൽ അവിടവിടെയായി വീടുകളും. പുരാതമാനമായ ഒരു പള്ളിയും. കളിയായെങ്കിലും അനുജത്തി പറഞ്ഞത് നേരാണ്.

പക്ഷെ, പോവാതിരിക്കാനാവില്ലല്ലൊ. കുറേനാൾ കാത്തിരുന്ന് കിട്ടിയ സർക്കാർ ജോലി. തലേന്നാളത്തെ ട്രെയിനിൽക്കയറി പുലർച്ചയ്ക്ക് സ്റ്റേഷനിലിറങ്ങി. അവിടെ നിന്നുതന്നെ ഫ്രഷായി. ഒരു ഓട്ടോപിടിച്ച് പടന്ന പോസ്റ്റോഫീസിന്റെ മുന്നിലിറക്കാൻ പറഞ്ഞു. വഴിയിലുടനീളം പഴയ ഓർമ്മകളെ തിരഞ്ഞു. ഒരു എത്തും പിടിയും കിട്ടിയില്ല. ഓർമ്മകളിലെ ഒരവശിഷ്ടവും അവിടെയൊന്നും കണ്ടില്ല. ഒരു പൊട്ടും പൊടിയുമില്ലാതെ കണ്ണാടി പോലെ മിന്നുന്ന ഒന്നാന്തരം റോഡ്. കൂറ്റൻ മതിൽ കെട്ടിനകത്ത് വലിയ വലിയ ബംഗ്ലാവുകൾ. റോഡിന്നിരുവശവും കോൺക്രീറ്റെടുപ്പുകൾ. ഷോപ്പിംഗ് മാളുകൾ. മുട്ടിന് മുട്ടിന് ആകാശത്തോട് മത്സരിക്കുന്ന മിനാരങ്ങളുള്ള പള്ളികൾ... ഒരു അറബ് നാട്ടിലെത്തിയതുപോലെ തോന്നി.

പോസ്റ്റോഫീസ് വിജനമായിരുന്നു. ചുവന്ന ചായമടിച്ച ആ കെട്ടിടം മാത്രമേ ആ നാട്ടിൽ പൗരാണിക മായിട്ടുള്ളു എന്നുതോന്നി. അതിന്റെ തടിച്ച വാതിൽ ചാരിയിട്ടിരുന്നു. അത് തള്ളിത്തുറന്നപ്പോൾ കരകരയൊച്ചയുണ്ടായി. അതിന്റെ ഇടനാഴിയിൽ ഇരുട്ടായിരുന്നു. അതും കഴിഞ്ഞുള്ള മുറിയിൽ വെളിച്ചമുണ്ടായിരുന്നു. അവിടെ ഒരു നീണ്ട മേശയ്ക്ക് പിന്നിൽ കസേരയിൽ ചാഞ്ഞിരുന്ന് തലനരച്ചൊരാൾ

ഗാഢമായി ഉറങ്ങുന്നു. മുന്നിൽ വന്നുനിന്നിട്ടും ആൾ അറിഞ്ഞില്ല. ഒച്ചയുണ്ടാക്കിയപ്പോൾ ഉണർന്നു. കണ്ണുതിരുമ്മി അപ്പോയ്മെന്റ് ലെറ്റർ വായിച്ചു. പുരാതനവും പൊടിഞ്ഞുതുടങ്ങിയതുമായ ഒരു രജിസ്റ്ററിൽ പേരെഴുതിച്ചേർത്തു. പരിക്ഷീണമായ കണ്ണുകൾ കൊണ്ട് പിന്നീടാണ് അയാൾ എന്നെ ഉഴിഞ്ഞത്. നാടും വീടും ചോദിച്ച് പരിചയപ്പെട്ടതിന് ശേഷം പോസ്റ്റുമാസ്റ്റർ പറഞ്ഞു, ഇന്നാട്ടിൽ താമസിക്കാനുള്ള ജാഗ കിട്ടും. ക്വാട്ടേർസ് മുറികൾ വാടകയ്ക്ക് ധാരാളം ഉണ്ട്. തപാലുരുപ്പടിയുംകൊണ്ട് പോവുംമ്പം ആളുകളോട് ചോദിച്ച് മനസ്സിലാക്കിക്കൊ.

ഒരാഴ്ചത്തെ ഉരുപ്പടികൾ കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. ഇരുട്ടുപിടിച്ച ഇടനാഴിയിൽ ഉപയോഗിച്ച് നാളേറെയായി എന്നതിന്റെ മുദ്രണമായി മാറാല പിടിച്ച ഒരു സൈക്കിൾ ചുമര് ചാരിയുണ്ടായിരുന്നു. അത് പതുക്കെ ഉരുണ്ട് തുടങ്ങിയപ്പോൾ അതിന്റെ ചങ്ങല കറ കറ ശബ്ദമുണ്ടാക്കി. അങ്ങാടിയിൽ അങ്ങനെ തിരക്കുണ്ടായിരുന്നില്ല. റോഡിൽ വാഹനങ്ങളുണ്ടായിരുന്നു. ഓട്ടോ തലങ്ങും വിലങ്ങും ഓടിക്കൊണ്ടിരുന്നു. ഹെൽമറ്റിനുപകരം പല ആകൃതിയിൽ തലമുടി പണിത പയ്യന്മാർ എല്ലാവരെയും ഇടിച്ചുതെറിപ്പിക്കും എന്ന ഭാവത്തിൽ ബൈക്കിന്മേലെ ചീറിപ്പാഞ്ഞുകൊണ്ടിരുന്നു. പീടികക്കോലായിലിരിക്കുന്ന പ്രായം ചെന്നവരും ഒന്നും മിണ്ടാതെ തലപൂഴ്ത്തിയിരിക്കുകയാണ്. ഉറക്കം തൂങ്ങുകയായിരിക്കുമോ?

അല്ല. അവരുടെ കൈയ്യിലും മൊബൈലുണ്ട്. അതിന്റെ ഇളം നീലവെളിച്ചത്തിൽ അവരുടെ പ്രയംചെന്ന മുഖം മറ്റൊരു ഗ്രഹത്തിലെ വാസികളെ ധ്വനിപ്പിച്ചു. ബസ്റ്റാൻഡിലും ആരും ഓടിക്കളിക്കാനില്ലാത്ത ഗ്രൗണ്ടിന്റെ തണലിടങ്ങളിലും യുവാക്കളും കൗമാരക്കാരും അതേ തലപൂഴ്ത്തിയ അവസ്ഥയിൽ തന്നെ. മിണ്ടുന്ന മനുഷ്യരെ എവിടെയും കണ്ടില്ല. പൊടുന്നനെ ഒരു അനൗൺസ്മെന്റ് ജീപ്പ് ദിഗന്തങ്ങളെട്ടും പൊട്ടുമാറുച്ചത്തിൽ എന്തോ വിളിച്ചു പറഞ്ഞുകൊണ്ട് കടന്നുപോയി. കറകറ ശബ്ദത്തിൽ ശ്വാസമെടുക്കാൻ ആയാസപ്പെടുന്ന കാസരോഗിയെപ്പോലെ ഇഴഞ്ഞുനീങ്ങുന്ന സൈക്കിളിനെ ഒരരുക്കാക്കി തപ്പാലുരുപ്പടിയിൽ നിന്ന് ഒരു ലക്കോട്ടെടുത്ത് അഡ്രസ്സ് നോക്കി. ഷെയ്ക്ക് ചേർത്ത വലിയൊരു പേര്. ഏതോ ഒരു ഹാജി ഹൗസ് നിയർ കൊടുത്തിട്ടുണ്ട്. പടന്ന തെക്കേപ്പുറം എന്ന് അടിയിലും. പി എസ് എസി ഓഫീസിൽ നിന്നാണ്. വല്ല ഇന്റർവ്യൂവോ പരീക്ഷാ അറിയിപ്പോ ആയിരിക്കും. വന്നിട്ടെത്ര ദിവസമായെന്നറിയില്ല. ഇത് ആദ്യം കൊടുത്തിട്ടാവാം തുടുക്കം.

ഫോണിൽ കുത്തിക്കളിച്ച് കുത്തിക്കളിച്ച് സൈക്കിളിന്റെ ടയറിൽ

വന്നുതട്ടിയ കൗമാരക്കാരനോട് തെക്കേപ്പുറം എവിടെയാന്ന് ചോദിച്ചു. അവന്റെ ഗെയിമിനെ തടസ്സപ്പെടുത്താൻ ബോധപൂർവ്വം തടസ്സം സൃഷ്ടിച്ച കുറ്റവാളിയെന്ന മട്ടിൽ അവൻ രൂക്ഷമായ മുഖഭാവത്തോടെ എന്നെ നോക്കി മുന്നോട്ടേക്ക് കൈചൂണ്ടി. പഞ്ചായത്തിന്റെ ബോർഡിന് താഴെ പടന്ന തെക്കേപ്പുറം എന്നെഴുതിക്കണ്ടു. അതിന്റെ തൊട്ടപ്പുറത്ത് കൂറ്റൻ മതിൽക്കെട്ടിനാൽ വലയിതമായ ബംഗ്ലാവിന്റെ ഗേറ്റിന് ഹാജി ഹൗസ് എന്ന് അറബിക് കാലിയോഗ്രഫിയെ അനുകരിച്ച് മലയാളത്തിൽ എഴുതിക്കണ്ടു.

കൂറ്റൻ ഗെയിറ്റ് പെറ്റിട്ട ചെറുപൈതൽ പോലുള്ള കുഞ്ഞ് ഗേറ്റ് തള്ളിത്തുറന്നതേയുള്ളു, അതിന്റ അകത്തുനിന്നും പൗരുഷം നിറഞ്ഞ ഒശരീരിയുണ്ടായി, ആരാ? എന്താ? ഒരു ലെറ്റർ ഉണ്ടാ യിരുന്നു. അഡ്രസ്സിലെ നീണ്ടപേര് തപ്പിപ്പിടിച്ച് വായിച്ചു. അങ്ങനെയൊരാൾ ഇവിടില്ല, വീണ്ടും അശരീരി. വേഗം ഗേറ്റിന് പുറത്തുകടന്നു. അടുത്തുള്ള രണ്ടുമൂന്ന് വീട്ടിൽ കയറി. ആർക്കും അങ്ങനെയൊരാളെ അറിയില്ല.

പഞ്ചായത്താഫീസിന്റെ കോലായിൽ ഒരു ചെറുപ്പക്കാരൻ പത്രം വായിക്കുന്നു. ഹാവൂ... ഒരാളെയെങ്കിലും തല യന്ത്രത്തിൽ പൂഴ്ത്താതെ കണ്ടല്ലൊ. അവനെ ധൈര്യപൂർവ്വം സമീപിച്ച് ലെറ്റർ നീട്ടി. അവൻ അഡ്രസ്സിൽ തന്നെ കുറേനേരം നോക്കിയിരുന്ന് അറിയില്ലെന്ന് തലയാട്ടി. തിരിച്ചു നടക്കാൻ തുടങ്ങിയപ്പോൾ, അവൻ പറഞ്ഞു, നിക്ക് നിക്ക്... ഒന്നുകൂടി അവൻ അഡ്രസ്സ് വായിച്ചുനോക്കി. ഒരു ആലോചനയ്ക്കുശേഷം അവൻ പറഞ്ഞു, ഈ പേര് കേട്ടിട്ടുണ്ട്. എവിടെയാണെന്ന് നിശ്ചയൂല്ല. അൽപം കഴിഞ്ഞ് അവൻ പറഞ്ഞു, വെറുതെയല്ല, നല്ല ഓർമ്മയന്നയുണ്ട്. ഫെയ്സ് ബുക്കിലാ... എന്നെ സ്ഥിരം ലൈയ്ക്ക്ന്ന ഫ്രണ്ടാ. കൊറച്ച് നിക്ക്. ഇപ്പം ഞാൻ കണ്ടുപിടിച്ച് തരാ. എഫ് ബീല് ഓന്റെ നംബറ്ണ്ടാവും. ഞാൻ വിളിച്ചിറ്റ് അഡ്രസ്സ് പറഞ്ഞുതരാ...

അവൻ എളിയിൽനിന്ന് ചെത്തുകാരൻ ഉളിയെടുക്കുന്നത് പോലെ വലിയ തടപ്പ പോലുള്ള ഒരു മൊബൈൽ പുറത്തെടുത്തു. അതിന്റെ സ്ക്രീനിൽ വിദഗ്ധനായ ഒരു നെയ്ത്തുകാരന്റെ കൈയ്യോട്ടം പോലെ ഓടി നടന്ന്, ഒരു നമ്പർ ഞെക്കി ചെവിയോടടുപ്പിച്ചു. കുറഞ്ഞ വാക്കു കളിലെ ആശയക്കൈമാറ്റത്തിന് ഒടുവിൽ ഒരു ജാള്യതയുമില്ലാതെ ആ അഡ്രസ്സുകാരന്റെ വീട് അവൻ പറയുകയല്ല, കൈ ചൂണ്ടി തന്നു, ഹാജി ഹൗസിന് നേരെ എതിർവശം !

ജി. എസ്. ഗുൽ മുഹമ്മദ്

# ഹസ്രത്തിന്റെ പേരമകൻ അഥവാ ഒരു ദിവ്യന്റെ ജനനം

പല പ്രതിസന്ധികളും അനായസം തരണം ചെയ്തുപരിചയമുള്ള ഞാൻ ഇവരുടെ മുമ്പിൽ പതറുകയാണ്. നാണവും ക്ഷോഭവും വിറയലും എന്നെ ഞാനല്ലാതാക്കി. ഞാൻ ഇന്നേവരെ നിലനിർത്തിപ്പോന്ന വിശ്വാസ പ്രമാണങ്ങളെ ചവുട്ടിമെതിച്ച് എനിക്കെതിരെ കൊഞ്ഞനം കാണിക്കുകയാണോ ഇവർ ചെയ്യുന്നതെന്ന തോന്നൽ. കാര്യം എന്താണെന്ന് പിടികിട്ടാതെ ഭാര്യ, മക്കൾ മിഴിച്ചുനിൽക്കുന്നു. പാത്തുമ്മയും അവരുടെ കൂടെ രണ്ട് കാറുകളിലായിവന്ന പത്തോളം അപരിചിതരും എനിക്കുചുറ്റും അവിടെയുമിവിടെയുമായി ഭവ്യതയോടെ വന്നുനിൽക്കുകയാണ്, ഞാനവരെ കൈവിടില്ല എന്ന പ്രത്യാശയിൽ.

എനിക്ക് അനായാസം ചെയ്യാൻ പറ്റുന്ന ഒരു നിസ്സാര കാര്യമാണിതെന്ന് പാത്തുമ്മ അവരെ പറഞ്ഞു വിശ്വസിപ്പിച്ചിരിക്കുകയാണ്. അവളുടെ വാദത്തെ ന്യായീകരിക്കാൻ വേണ്ടുന്ന സ്വന്തം അനുഭവങ്ങളും അവരെ ധരിപ്പിച്ചിട്ടുണ്ട്. അപരിചിതർ അകലെയുള്ള ഗ്രാമത്തിൽ താമസിക്കുന്നവരാണെങ്കിലും എന്റെ കുടുംബപുരാണം അറിയുന്നവരായതുകൊണ്ട് പാത്തുമ്മയുടെ ജൽപനങ്ങൾക്ക് വേണ്ടുവോളം വിശ്വാസം അർപ്പിച്ച് എത്തിയവരാണവർ. അവർ കൂടെ കൊണ്ടുവന്ന വിലപിടിപ്പുള്ള കാണിക്കപ്പൊതികൾ അവർക്ക് എന്നിലുള്ള വിശ്വാസം എത്രത്തോളം ദൃഢമാണെന്ന് സ്വയം വിളംബരം ചെയ്യുന്നവയായിരുന്നു.

പാത്തുമ്മയുടെ മുമ്പിൽ ഒരു ആളാവാൻ വേണ്ടി ശ്രമിച്ചതായിരുന്നു തുടക്കം. അത് വളർന്ന് വികസിച്ച് എനിക്കെതിരായി ഒരു പാരയായി പരിണമിക്കുമെന്ന് ഒരിക്കലും കരുതിയില്ല. പാത്തുമ്മ, എന്റെ അയൽക്കാരി. സുമോഗുസ്തിക്കാരന്റെ ആകാരം, നിഷ്കളങ്ക. പൊതിവിജ്ഞാനം ദാരിദ്ര്യരേഖയ്ക്കും താഴെ. നിങ്ങൾ തന്ന കാശ് അരക്കിലോ പഞ്ചസാരയ്ക്ക് തികയില്ല എന്ന് കടയുടമ പറഞ്ഞപ്പോൾ എന്നാൽ മുക്കാകിലോ മതീന്ന് പറഞ്ഞവൾ. സാമാന്യം വിവരം തനിക്ക് കുറവാണെന്ന സ്വയം ബോധം കൊണ്ടാവാം പാത്തുമ്മ

എന്തുകാര്യവും പലരോടായി ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്താതെ എല്ലാം കുളമാക്കി തീർക്കുന്ന ഒരു പ്രകൃതക്കാരി.

ഏകദേശം രണ്ടുവർഷങ്ങൾക്കുമുമ്പ് ഒരു ദിവസം പാത്തുമ്മ ഒരു തുണ്ട് ഭൂമിയുടെ സർവ്വേ പ്ലാനുമായി എന്നെ സമീപിച്ചു. ആ പ്ലാനിലുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നവൾക്കറിയണം. എന്റെ ഹൃദയമൊന്ന് പിടഞ്ഞു. ഏതോ സർവ്വേയർ തലങ്ങും വിലങ്ങും ഒരു നിശ്ചിതരൂപമില്ലാതെയും പല വലുപ്പത്തിലുള്ള വശങ്ങളോടും കൂടി വരച്ച പ്ലാൻ. ഇതെനിക്ക് വഴങ്ങാത്തതാണെന്നും സമ്മതിച്ചുകൊടുക്കാനും പറ്റുന്നില്ല. കാരണം വിദ്യാഭ്യാസം ഉണ്ടെങ്കിൽ അവൻ ലോകത്തിലുള്ള സകല കാര്യങ്ങളിലും നിപുണത ഉണ്ടായിരിക്കുമെന്ന് കണ്ണടച്ചു വിശ്വസിക്കുന്ന അപൂർവ്വം ചില വിഡ്ഢികളിലൊരാളാണ് പാത്തുമ്മ. ഇതെനിക്കറിയില്ല എന്നു പറഞ്ഞാൽ പിന്നെ അതുമതി. ചുറ്റുവട്ടത്ത് ഞാൻ കൊള്ളരുതാത്തവനായി അവതരിക്കപ്പെടും. പ്ലാനുണ്ടാക്കിയ സർവ്വേയർക്ക് അതിന്റെ വിസ്തീർണ്ണവും എഴുതി തുലയ്ക്കാമായിരുന്നു. അയാൾ അത് ചെയ്തിരുന്നില്ല.

ഈ മാരണത്തിൽനിന്ന് എങ്ങനെ രക്ഷപ്പെടുമെന്ന് ചിന്തിച്ചിരുന്നപ്പോൾ പ്ലാനിൽ വശങ്ങളുടെ അളവുകൾ എഴുതിവെച്ചത് ശ്രദ്ധയിൽ പെട്ടു. പൊടുന്നനെ ബുദ്ധിയിൽ ഒരു വെള്ളിവെളിച്ചം വീശി. പതിറ്റാണ്ടുകൾക്ക് മുമ്പ് ഒമ്പതിലോ, പത്തിലോ പഠിച്ച ഓർമ്മ. പാരലലോഗ്രാമിന്റെയും ട്രയാംഗിളിന്റെയും വിസ്തീർണ്ണത്തിന്റെ ഫോർമുല മനസ്സിൽ മിന്നിമറഞ്ഞു. പിന്നെ താമസിച്ചില്ല. സർവ്വേ പ്ലാനിനെ ട്രയാംഗിളും പാരലലോഗ്രാമുമാക്കി മാറ്റി. ലിംഗ്സിനെ ഇഞ്ചാക്കി, അടിയാക്കി, ചതുരശ്ര അടിയാക്കി പിന്നീടത് സെന്റാക്കി. ഉത്തരം റെഡി, പന്ത്രണ്ടര സെന്റ്. പാത്തുമ്മയുടെ മുഖം വികസിച്ചു. എന്റെ അറിവിനെ തലകുലുക്കി സമ്മതിച്ചുകൊണ്ട് പാത്തുമ്മ പറഞ്ഞു ഗുമസ്തനും പറഞ്ഞിരുന്നു പന്ത്രണ്ടര സെന്റാണെന്ന്. അയാളെ അത്ര വിശ്വാസമില്ലാത്തതുകൊണ്ടാണ് എന്നെ സമീപിച്ചതെന്ന്. പാത്തുമ്മയുടെ മുന്നിൽ മുഖം രക്ഷിക്കാനായതിൽ അഭിമാനം തോന്നി. അയ്യട ഞാനേ! പക്ഷെ, പുറത്ത് കാണിച്ചില്ല. ഇതൊക്കെ ചെറിയ കാര്യങ്ങളാണെന്ന മട്ടിൽ അലസനായിരുന്നു.

ആയിടെ പാത്തുമ്മ അസുഖമായി കിടന്നു. പനിയും ദേഹം വേദനയും. സ്വതവേ പിശുക്കിയായതുകൊണ്ട് ഡോക്ടറെ കാണിക്കാറില്ല. സാധാരണയായി പനിക്കും ദേഹം വേദനയ്ക്കും പാരാസെറ്റമോൾ ഗുളികകൾ ഉപയോഗിക്കാറുണ്ടെന്ന സാമാന്യ

വിവരംവെച്ച് രണ്ട് ദിവസത്തേക്കുള്ള ഗുളികകൾക്ക് ഞാൻ എഴുതിക്കൊടുത്തു. പാത്തുമ്മാക്ക് രണ്ടുദിവസം കൊണ്ട് പൂർണ്ണ സുഖവും ലഭിച്ചു. വിവരദോഷിയായ പാത്തുമ്മയിൽ എന്റെ മെഡിക്കൽ യോഗ്യതയിലുള്ള മഹത്വം കൂടിവരികയായിരുന്നു. ഞങ്ങളുടെ ചുറ്റുപാടുകളിൽ പാത്തുമ്മ എന്നെ ഞാനല്ലാതാക്കി അവതരിപ്പിച്ചുകൊണ്ടിരുന്നതിന്റെ പ്രതിധ്വനി എനിക്കും അനുഭവപ്പെട്ടുതുടങ്ങിയിരുന്നു.

എന്നെ പല ആവശ്യങ്ങൾക്കായി സമീപിക്കുന്നവരുടെ എണ്ണം കൂടിക്കൂടിവന്നു. ഒട്ടുമുക്കാലും പാത്തുമ്മയുടെ ഗണത്തിൽ പെടുന്നവർ. അവരുടെ ദൈനംദിന ജീവിതത്തിലുണ്ടാവുന്ന പ്രതിസന്ധികൾക്ക് ഞാൻ പ്രതിവിധി പറഞ്ഞുകൊടുക്കണം. രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് അവൻ പഠിച്ചത് മുഴുവൻ നെഞ്ചിൽ തന്നെ പിടിച്ചുനിർത്താനുള്ള മരുന്ന് മുതൽ പശുവിന് കാള നിൽക്കാനുള്ള മരുന്ന് ഏതെന്നുവരെ അവരുടെ ആവശ്യങ്ങളുടെ കൂട്ടത്തിൽ പെടും. അവരുടെ അന്ധവിശ്വാസങ്ങൾ ദൂരീകരിക്കാൻ ശ്രമിച്ചാൽ, യാഥാർത്ഥ്യങ്ങളും സത്യങ്ങളും അവരുടെ മുന്നിൽ അവതരിപ്പിക്കാൻ ശ്രമിച്ചാൽ അവർക്ക് ഞാൻ അനഭിമതനാവും. പിന്നീട് അവർ എന്നെ സമീപിക്കില്ല. പക്ഷെ, എനിക്കതായിരുന്നില്ല വേണ്ടിയിരുന്നത്. ഞാൻ അറിയാതെ അവരുടെ അംഗീകാരം ആഗ്രഹിക്കുകയായിരുന്നു. അവർക്കിഷ്ടപ്പെടാത്തത് ഉപദേശിക്കാൻ എന്റെ നാവ് മടിക്കുന്നതായി എനിക്ക് തോന്നി. അവരിലെ പച്ച മനുഷ്യരെ ഞാൻ ഉൾക്കൊണ്ടു. അവരിലെ അന്ധതയെ ഞാൻ കണ്ടില്ലെന്ന് നടിച്ചു.

തുടക്കത്തിൽ പാത്തുമ്മ തന്നെ നേരിട്ട് കക്ഷികളെ കൊണ്ടുവന്ന് ശുപാർശ ചെയ്യുകയായിരുന്നു പതിവ്. പിന്നീട് അവളില്ലാതെയും സന്ദർശകർ എത്തിത്തുടങ്ങി. എന്റെ ഉപദേശ നിർദ്ദേശങ്ങൾക്ക് അവർ വില കൊടുത്തു. അറിയാത്ത കാര്യങ്ങളെക്കുറിച്ച് ഞാൻ അറിയുന്നവനായി ഭാവിച്ചു. അവയെക്കുറിച്ച് ആധികാരികമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുത്തു. പക്ഷെ, അപ്പോഴും വീണാൽ രക്ഷപ്പെടാനുള്ള പഴുത് പ്രസ്തുത നിർദ്ദേശങ്ങളിൽ തിരുകിവെയ്ക്കാൻ എപ്പോഴും ശ്രദ്ധിച്ചു. ഞാൻ എന്നെ വഞ്ചിക്കുകയായിരുന്നു. പക്ഷെ എന്റെ സന്ദർശകർക്ക് ആവശ്യം അതായിരുന്നു. എന്നെ അടുത്തറിയാവുന്ന എന്റെ കുട്ടികൾക്ക് എന്നിലെ ഈ ഒളിച്ചോട്ടം ആശ്ചര്യമുളവാക്കുന്നതായിരുന്നു. മൂക്കില്ലാ നാട്ടിൽ മുറിമൂക്കൻ വമ്പൻ എന്ന ശ്രീമതിയുടെ കമന്റ് കേട്ടില്ലെന്ന് നടിച്ചു.

വേറെ ചിലർ അവർ വെയ്ക്കാൻ പോവുന്ന വീടിന്റെ പ്ലാനുമായി വരും. അവർക്ക് കല്ല്, കമ്പി, പൂഴി, സിമന്റ് എന്നിവയുടെ കൃത്യമായ കണക്ക് വേണം. എഞ്ചിനീയർ അത് കൊടുത്തിരുന്നുവെങ്കിലും ആ കണക്കുകളിൽ അവർക്ക് വിശ്വാസം പോരാ. ഞാൻ കൃത്യമായി തന്നെ എസ്റ്റിമേഷൻ ഉണ്ടാക്കിക്കൊടുക്കും. എഞ്ചിനീയർ കൊടുത്ത ഒഴപ്പൻ കണക്കിനെക്കാളും കിറുകൃത്യമായിരിക്കും എന്റെ കണക്ക്. അവരത് നാടുമുഴുവൻ പാടി നടക്കും. പക്ഷെ, അവർ അറിയുന്നില്ല പ്രസ്തുത കണക്കുകൾ ഞാൻ മറ്റ് എഞ്ചിനീയർമാരിൽ നിന്ന് എന്റെ സ്വന്തം കീശയിൽ നിന്നും ഫീസ് കൊടുത്ത് ഉണ്ടാക്കിയവയാണെന്ന്. കാശ് പോയാലെന്താ. പാത്തുമ്മ ഉണ്ടാക്കിവെച്ച ക്രെഡിറ്റ് പോവാതിരുന്നാൽ മതി.

പക്ഷെ, ഇന്ന് എന്നെ ഈ വിഷമഘട്ടത്തിലെത്തിച്ചത് ഒരു ശനിയാഴ്ച സായാഹ്നത്തിലെ നിരുപദ്രവമായ നേരമ്പോക്കിന്റെ പ്രതിഫലനമായിരുന്നു. ശനിയാഴ്ച എനിക്ക് വീക്കെന്റും കുട്ടികൾക്ക് അന്നും പിറ്റേന്നാളും ക്ലാസ്സുകളില്ലാത്തതിന്റെ ആവേശത്തിലും. വീട്ടുകാരിക്ക് ഇക്കാരണങ്ങൾ കൊണ്ടുതന്നെ അടുക്കളയിൽ ടൈംടേബിൾ പാലിക്കേണ്ടതില്ലാത്തതിനാലും ഞങ്ങൾ നല്ലൊരു മൂഡിലായിരുന്നു. കൊഴുപ്പ് കൂട്ടാൻ പാത്തുമ്മയുടെ സജീവ സാന്നിധ്യവും.

പരദൂഷണവും പാരവെപ്പുമായി സദസ്സ് മുന്നേറിക്കൊണ്ടിരുന്നപ്പോൾ നേരമ്പോക്കിനായി ഞാൻ ചെറിയൊരു കൺകെട്ട് വിദ്യ അവതരിപ്പിക്കാൻ തയ്യാറായി. ഞാൻ എല്ലാവരോടുമായി പറഞ്ഞു, നിങ്ങളിലാരെങ്കിലുമൊരാൾ അവരെ അലട്ടുന്ന വിഷമങ്ങൾ ഒരു തുണ്ട് കടലാസിൽ എഴുതി അവർ തന്നെ സൂക്ഷിക്കുക. അത് എന്നെയോ മറ്റുള്ളവരെയോ കാണിക്കേണ്ടതില്ല. എന്റെ ദിവ്യശക്തി ഉപയോഗിച്ച് നിങ്ങൾ എഴുതിയ കാര്യങ്ങൾ എന്താണെന്ന് ഞാൻ വെളിപ്പെടുത്താം. അതിന്നുള്ള പ്രതിവിധിയും ഞാൻ നിർദ്ദേശിച്ചു തരാം. പാത്തുമ്മ സദസ്സിലുണ്ടായിരുന്നത് കൊണ്ടാണ് പ്രതിവിധി നിർദ്ദേശിക്കാമെന്ന് പറഞ്ഞുവെച്ചത്.

പാത്തുമ്മാക്ക് ആവേശമായി. എനിക്കില്ലാത്ത കഴിവുകൾ ഉണ്ടെന്ന് അടിയുറച്ച് വിശ്വസിക്കുന്ന പാത്തുമ്മ സ്വന്തം പ്രശ്നങ്ങൾ ഒരു കടലാസ് തുണ്ടിൽ ആരെയും കാണിക്കാതെ കുത്തിക്കുറിച്ച് പല മടക്കുകളാക്കി സ്വന്തം കൈയിൽ സൂക്ഷിച്ചു. സംഭവത്തിന്റെ നാടകീയത കൂട്ടാനായി ഞാൻ ഒരു ഷീറ്റ് പേപ്പറിൽ വരച്ചുണ്ടാക്കിയ കളങ്ങളിൽ അറബി അക്ഷരങ്ങളും അക്കങ്ങളും എഴുതി.

മന്ത്രോച്ചാരണം ഉരുവിട്ടുകൊണ്ട് പാത്തുമ്മ കൈയിൽ മടക്കി സൂക്ഷിച്ച പേപ്പർ തുണ്ട് തുറക്കാതെ അവൾക്കിഷ്ടമുള്ള ഒരു കോളത്തിൽ നിക്ഷേപിച്ച ഉടനെ തിരികെയെടുക്കാൻ ആവശ്യപ്പെടുകയും അതുപോലെ അവൾ ചെയ്യുകയും ചെയ്തു. പിന്നീട് ആ പേപ്പർ തുണ്ട് നശിപ്പിക്കാൻ ആവശ്യപ്പെട്ട പ്രകാരം അവൾ അത് തീയിലിട്ട് നശിപ്പിച്ചു. ഈ സംഭവങ്ങൾക്കിടയിൽ പാത്തുമ്മ എഴുതി സൂക്ഷിച്ചിരുന്ന പേപ്പർ തുണ്ട് എന്റെ കൈയിലേക്കും ഞാൻ നേരത്തെ കരുതിവെച്ചിരുന്ന അതേപോലെയുള്ള ഒരു പേപ്പർ തുണ്ട് പാത്തുമ്മയുടെ കൈയിലേക്കും മാറിയ വിവരം പാത്തുമ്മയോ മറ്റ് സദസ്യരോ കാണുന്നില്ല. ഞാൻ അഞ്ചുമിനുട്ട് നേരത്തോളം കണ്ണടച്ച് ധ്യാനിക്കുന്നതായി അഭിനയിച്ചു. ശബ്ദത്തിന് ഗാംഭീര്യം വരുത്തി അവൾ എഴുതിയ ആവശ്യങ്ങൾ വെളിപ്പെടുത്തി. കുവൈറ്റിലുള്ള മകൻ അഞ്ച് മാസത്തോളമായി ശമ്പളം കിട്ടാത്തതെന്നും നാട്ടിലേക്ക് മടങ്ങി വരാൻ അറബി പാസ്പോർട്ട് കൊടുക്കുന്നില്ലെന്നും ആയതിന് ഞാൻ സഹായിക്കണം എന്നുമാണ് പാത്തുമ്മ എഴുതിയിരുന്നത്. കണ്ണടച്ച് ഈ വിവരം വെളിപ്പെടുത്തിയ ഉടനെ എന്റെ കാൽക്കീഴിൽ നിന്നും ഒരു തേങ്ങലിന്റെ ശബ്ദം കേട്ട് കണ്ണുതുറന്നപ്പോൾ പാത്തുമ്മ കരയുകയാണ്.

നീ പറഞ്ഞതെല്ലാം സത്യമാണ് ഞാൻ എഴുതി തീയിലിട്ട് നശിപ്പിച്ചതെന്താണെന്ന് നീ നിന്റെ അകക്കണ്ണ് കൊണ്ട് കണ്ടു. കുവൈറ്റിലുള്ള എന്റെ മകനേയും നിനക്ക് കാണാൻ കഴിയും. നീ എന്നെ സഹായിക്കണം. പാത്തുമ്മ പുലമ്പി. നീയാണ് യഥാർത്ഥത്തിൽ ഹസ്രത്തിന്റെ പേരമകൻ. ഗൗരവം ഒട്ടും വിടാതെ ദ്രോഹകരമല്ലാത്ത ചില പ്രതിവിധികൾ നിർദ്ദേശിച്ച് നാടകം ഞാൻ അവിടെ അവസാനിപ്പിച്ചു. മേൽസംഭവത്തോടെ പാത്തുമ്മയുടെ കണ്ണിൽ ഞാൻ എല്ലാം തികഞ്ഞ ദിവ്യനായി കഴിഞ്ഞിരുന്നു. സമപ്രായക്കാരിയായ പാത്തുമ്മ പിന്നീട് എന്നെ ബഹുമാന വചനങ്ങളുപയോഗിച്ചാണ് അഭിസംബോധന ചെയ്തിരുന്നത്. വീട്ടുകാർക്കും കുട്ടികൾക്കും ഇക്കാണിച്ചതൊക്കെ മാജിക് വിദ്യയാണെന്നറിയാമെങ്കിലും പാത്തുമ്മാനെ തിരുത്താൻ പോയില്ല.

എനിക്കുചുറ്റും നിൽക്കുന്ന അപരിചിതർ പാത്തുമ്മയുടെ ബന്ധുക്കളാണ്. വികലമായ, പ്രക്ഷുബ്ധമായ മനസ്സോടെ തല കൈയിൽ താങ്ങിപ്പിടിച്ചിരിക്കുന്ന എന്നെ അനേകം കണ്ണുകൾ ഉറ്റുനോക്കുകയാണ്. അവർ ധരിച്ചിരുന്നത് എന്റെ ദിവ്യ മനസ്സ് ആകാശത്തിന്റെ അനന്തതയിൽ അവരുടെ പ്രശ്നപരിഹാരത്തിനായി അലഞ്ഞുതിരിയുകയാണെന്നാണ്.

എന്റെ അമാനുഷികതയിൽ സംശയിക്കേണ്ടതായി അവർക്ക് ഒന്നുമില്ല. അമ്പത്തഞ്ച് വർഷങ്ങൾക്കുമുമ്പ് മരിച്ച എന്റെ ഉപ്പുപ്പ കേരളത്തിലും പുറത്തും അറിയപ്പെടുന്ന സിദ്ധനായിരുന്നു. അമാനുഷിക അറിവുകളുള്ള വ്യക്തിയായിരുന്നു. മന്ത്രങ്ങൾ കൊണ്ട് രോഗം മാറ്റി. ബസിയിലും ഓലയിലും എഴുതി മാരക രോഗങ്ങൾ മാറ്റി. ഉറുക്ക് കൊണ്ട് ജിന്നിനേയും ഇഫ്രീത്തിനേയും വരിഞ്ഞുകെട്ടി. അദ്ദേഹത്തിന്റെ ഒരു തലോടൽ മതിയായിരുന്നു രോഗങ്ങൾ മാറാൻ. അദ്ദേഹം ചെയ്തതും ചെയ്യാത്തതുമായ വീരേതിഹാസം പഴമക്കാർക്ക് കാണാപാഠമാണ്. അദ്ദേഹത്തിന്റെ പേരമകനായ ഈ എനിക്കല്ലാതെ പിന്നെ ആർക്കാണ് അവരെ സഹായിക്കാൻ കഴിയുക. അവർ അങ്ങനെ കരുതുന്നു.

ഇപ്പോൾ ഈ ഞാൻ ഞങ്ങളുടെ പേരുകളിലെ സാദൃശ്യം കൊണ്ടുമാത്രമല്ല പ്രവൃത്തികൊണ്ടും അവരോട് കിടപിടിച്ചുകൊണ്ടിരിക്കുകയാണ്. ഉപ്പുപ്പാക്കുണ്ടായിരുന്ന എല്ലാ ഗുണങ്ങളും ഇവർ എന്നിലും കണ്ടുകഴിഞ്ഞു. ദിവ്യനായ ഉപ്പുപ്പ അഞ്ചുനേരം പ്രാർത്ഥിക്കാറില്ലായിരുന്നു. അന്നും ഇന്നും അവരുടെ ആരാധകർ വിധിയെഴുതിയത് ദൈവവുമായി വളരെ അടുത്ത ബന്ധം സ്ഥാപിച്ചു കഴിഞ്ഞവർക്ക് പ്രാർത്ഥന ആവശ്യമില്ലെന്നായിരുന്നു. അതുകൊണ്ടുതന്നെ ഞാൻ പ്രാർത്ഥിക്കാതിരുന്നതിന്റെയും രഹസ്യം അവർക്ക് പിടികിട്ടിക്കഴിഞ്ഞു. ഞാൻ ദൈവത്തിന്റെ അടുത്തയാളാണ്. ദിവ്യനാണ്. ഞാൻ കാണിക്കുന്ന അത്ഭുതങ്ങൾ അത് സ്വയം ശരിവെക്കുന്നു. എന്റെ സ്വീകരണ മുറിയിലെ മതിലിൽ തൂങ്ങുന്ന നീണ്ട വെളുത്ത താടിയുള്ള ഉപ്പുപ്പാന്റെ ഛായാച്ചിത്രത്തിലേക്ക് ദയനീയമായി തലയുയർത്തി നോക്കി. എന്നോടീ ചതി വേണ്ടായിരുന്നു ഉപ്പുപ്പാ...എന്റെ മനസ്സ് തേങ്ങി.

ഞാൻ ഏറെ ബഹുമാനിക്കുന്ന എന്റെ ഉപ്പുപ്പ. പക്ഷേ, എന്റെ സത്യാന്വേഷണത്തിനിടയിൽ പലപ്പോഴും സ്വന്തം ഉപ്പുപ്പയായിട്ടുപോലും എനിക്ക് അങ്ങയെ തള്ളിപ്പറയേണ്ടി വന്നിട്ടുണ്ട്. അങ്ങയുടെ അമാനുഷികതയെ ഞാൻ പുച്ഛിച്ചിട്ടുണ്ട്. അങ്ങയുടെ പാരമ്പര്യം നിലനിർത്താൻ ഈ എന്നെത്തന്നെ അങ്ങ് തെരഞ്ഞെടുക്കണമായിരുന്നോ? അങ്ങയുടെ അമാനുഷികതയിൽ ഊറ്റം കൊള്ളുന്നവരും അങ്ങേയ്ക്ക് വേണ്ടി രക്തം ചിന്താൻ തയ്യാറുള്ളവരും അങ്ങയുടെ സന്തതി പരമ്പരകളിൽ വേണ്ടത്ര യോഗ്യർ ഉണ്ടായിട്ടും, ഈ തലതിരിഞ്ഞുപോയ എന്നെത്തന്നെ വേണമായിരുന്നുവോ അങ്ങയുടെ പിൻഗാമിയായി വാഴിക്കാൻ?

അപ്പോൾ വിശ്വാസികൾക്ക് ദിവ്യന്മാരാവാൻ പറ്റില്ലെന്നർത്ഥം. അവരെക്കൊണ്ട് ദിവ്യന്മാരെ ആരാധിക്കാനേ പറ്റൂ. എന്റെ മുന്നിൽ നിരത്തിവെച്ചിരിക്കുന്ന വിലകൂടിയ വിദേശനിർമ്മിത കാണിക്ക പ്പൊതികൾ അസാധാരണ ആകർഷകത്വമുള്ളതായി അനുഭവ പ്പെടുന്നു. അതിനുമപ്പുറം എന്റെ ദിവ്യവചനം കേൾക്കാൻ കാതോർത്തുനിൽക്കുന്ന അപരിചിതരും പാത്തുമ്മയും. പൊലീസും പൊലീസ് നായയും അരിച്ചുപൊറുക്കിയിട്ടും ലഭിക്കാത്ത അമ്പതു പവൻ സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ച കള്ളനെക്കുറിച്ചുള്ള സൂചന ഞാൻ എന്റെ ദിവ്യശക്തിയാൽ പാത്തുമ്മാക്കും അപരിചിതർക്കും കൊടുക്കാൻ പോവുകയാണ്.

ഉപ്പുപ്പാ, ഇതാ ഞാൻ തോറ്റുതരുന്നു. ഞാൻ അങ്ങയോട് കാണിച്ച അനീതിക്ക് മാപ്പ് തരൂ. എന്റെ സത്യാന്വേഷണം ഇതാ ഇവിടെ അവ സാനിപ്പിക്കുന്നു. ഞാൻ അങ്ങയുടെ വഴിയേ. ഒരു തനിയാവർത്തനം കൂടി.

**സബൂറ മിയാനത്ത്**

# സോളോ

***സൂ**ര്യൻ ഉദിച്ചുയരുന്നതേയുള്ളൂ... നല്ല ചുവന്നു തുടുത്ത മുഖം... ഇന്നലെ യാത്ര പറഞ്ഞ് കടലിലോട്ട് മുങ്ങുമ്പോഴും ഇതേ ഭാവമായിരുന്നു... തണുത്ത പ്രഭാതമായിട്ടും കിളികൾക്കൊപ്പം മനുഷ്യരും ഉണർന്ന് ജോലി തുടങ്ങിയിട്ടുണ്ട്... ജംഗ്ഷനിൽ ബംഗാളികൾ കൂട്ടംകൂടി നിൽപ്പുണ്ട്. മേസ്ത്രിയെ കാത്തു നിൽക്കയാവും. ജീവിതത്തിന്റെ സ്പന്ദനം നന്നായറിയുന്ന ഗ്രാമ ക്കാഴ്ചകളേക്കാൾ ഭംഗിയുള്ള ചിത്രങ്ങളൊന്നും വേറെയില്ല. മകരക്കുളിരോ കാറ്റോ മഴയോ എന്തും, ആത്മാവ് തൊട്ടറിയണമെങ്കിൽ ഈ നാട്ടിൻപുറത്തുതന്നെ വരണം. ഇവിടിപ്പോ നാട്ടിലെ കുട്ട്യോളൊക്കെ പ്രവാസികളാണേലും, ഇവിടം കുടുംബസമേതം വന്നു താമസിക്കുന്ന ബംഗാളികളുടെ എണ്ണം കൂടീട്ടുണ്ട്. പക്ഷെ, അവരുടെ ഭാര്യമാരെ ജോലിക്ക് വിടാൻ തയ്യാറല്ലാത്തോണ്ട് അകം പണിക്ക് ആളെ കിട്ടാനില്ലെന്നു പരാതിയുണ്ട്, വല്ല്യ വീടുകളിൽ ഒറ്റപ്പെട്ടുപോയ ചിലർക്ക് മുമ്പത്തെപ്പോലെ അടിക്കാനും തുടക്കാനുമൊന്നും ആളെ കിട്ടാനില്ലത്രേ...

ഒരു കൊടുങ്കാറ്റിന്റെ വേഗതയിൽ ഒരു എയ്സ് വണ്ടി പറന്ന് വന്നു, ഓട്ടോയെ തൊട്ടുതൊട്ടില്ലെന്ന മട്ടിൽ വെട്ടിത്തിരിഞ്ഞു അടുത്ത ഇടവഴിയിലൂടെ പോയി. പിറകിൽനിന്നും വെള്ളമൊഴുകുന്നു. പൂഴിയാവും. പോലീസിന്റെ കണ്ണുവെട്ടിക്കാനാണെന്നു വ്യക്തം. എന്തൊക്കെ മാജിക്കുകളാണ് ജീവിതത്തെ പൊലിപ്പിച്ചു നിർ ത്തുന്നത്.

കുറെകാലത്തിന് ശേഷമാണ് സ്വന്തം നാട്ടിലേക്ക് വരുന്നത്. ഇന്നത്തെ ദിവസം ഇവിടെ ചിലവഴിക്കണമെന്നു കരുതിയാണ് വന്നതും. മാർച്ച് 8, വിമൻസ് ഡേ ആഘോഷത്തിന്റെ ഭാഗമായി, പഞ്ചായത്തിന്റെയും കുടുംബശ്രീ സി ഡി എസ്സിന്റെയും ആഭിമുഖ്യ ത്തിൽ, വ്യത്യസ്ത മേഖലകളിൽ മികവ് തെളിയിച്ച സ്ത്രീകളെ അനുമോദിക്കുന്ന ചടങ്ങ്. ഇന്ന് ഉലകം ചുറ്റും ഭൈരവി ആണെങ്കിലും, ഒരിക്കൽ ഞാനും ഈ നാട്ടുകാരിയായിരുന്നു. കയ്പ്പേറിയ ഓർമ്മ കളുമായി, മണിക്കുട്ടന്റെ കയ്യും പിടിച്ച് അത്യാവശ്യ വസ്തുക്കളും മാത്രമായി ഇവിടം വിട്ടതിൽ പിന്നെ, ഇവിടവുമെനിക്ക് ഒരു ഇട ത്താവളം മാത്രമായിരുന്നു. സ്വന്തം വീട്ടിൽ അപൂർവ്വമായി നിൽ

ക്കുന്ന, റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും മാത്രം തല ചായ്ക്കുന്നവൾക്ക് എല്ലാം സ്വന്തം നാടുതന്നെ. പൂട്ടിക്കിടക്കുന്ന ആ ഇരുനിലക്കെട്ടിടത്തിനുള്ളിൽ അനുഭവിക്കുന്ന വീർപ്പുമുട്ടൽ, അതാരോടും പറയാൻ കഴിയുന്നതല്ല. പറഞ്ഞാലും ആർക്കും ഉൾക്കൊള്ളാനും കഴിയില്ല. മോന്റെ മക്കളേം കളിപ്പിച്ചു മുത്തശ്ശി ചമഞ്ഞിരിക്കേണ്ട പ്രായത്തിൽ നാടുചുറ്റി നടക്കുന്നത്, നമ്മെക്കാൾ നമ്മുടെ കാര്യങ്ങളിൽ ആശങ്കയുള്ള, നാട്ടുകാർക്ക് ഒട്ടും ദഹിക്കു ന്നില്ല. ഒരു വീട് പൂട്ടിയിട്ട് ചിതലിനു കൊടുക്കുന്നതെന്തിന് ? എന്നാ പ്പിന്നെ വല്ലോർക്കും വാടകക്കെങ്കിലും കൊടുത്തൂടെ എന്ന് ചോദി ക്കുന്നവരും കുറവല്ല. വേണ്ട, അതൊരു വീടായി ഒരിക്കലും തോന്നി യിട്ടില്ല.

ഡ്രൈവറുടെ പിറകിൽ തട്ടി ഇടത്തോട്ടു വിരൽ ചൂണ്ടി. നല്ല സ്പീഡിലായിരുന്ന വണ്ടി അൽപം മുന്നോട്ട് ചെന്നതുകൊണ്ട്, ഒന്ന് നിർത്തി റിവേഴ്സ് എടുക്കാൻ നോക്കുമ്പോഴേക്കും വണ്ടിയിൽ നിന്നിറങ്ങി. ഒരു ബാഗ് മാത്രമേ കൂട്ടുള്ളൂ. എത്രയും വേഗം തിരിച്ചു പോവണം. ഇവിടം നിൽക്കുന്ന ഓരോ നിമിഷവും പറയാൻ പറ്റാത്ത സങ്കടങ്ങളുടെ, മറക്കാനാവാത്ത ഓർമ്മകളുടെ, വേലിയേറ്റത്തിൽ മുങ്ങി വിഷാദത്തിന്റെ ദുർബ്ബല കരങ്ങളിലേക്ക് പതിക്കും. ആശ്വസി ക്കാനുള്ള ഒരു വകുപ്പും അതിലുണ്ടാവില്ല. പഴ്സിൽനിന്നും താക്കോ ലെടുത്ത് വീടുതുറന്നു. അകത്തു കയറി വീട് പൂട്ടി. ഒന്ന് കിടക്കണം. ഞാൻ വന്നൂന്നറിഞ്ഞാൽ അയലോക്കക്കാരെങ്കിലും എത്തിയേക്കും. ജനാല പോലും തുറക്കാൻ മിനക്കെട്ടില്ല. ടാപ്പ് തുറന്നു നോക്കി. ആശ്വാസം. വെള്ളമുണ്ട്. ഒന്ന് കുളിച്ച് ഫ്രഷ് ആയി, മടക്കിയിട്ട ബെഡ് നിവർത്തി പൊടി തട്ടി. കയ്യിൽ കരുതിയ പുതപ്പിൽ ഒരെണ്ണം വിരിച്ചു. പില്ലോ ഊതി വീർപ്പിച്ചു ഒന്നും നോക്കാതെ ഒരുറക്കം..

ഏതോ അഗാധ ഗർത്തത്തിലേക്കുള്ള വീഴ്ച കാരണമാണ് കണ്ണ് തുറന്നത്. ദൈവമേ, നട്ടുച്ചയായോ... ഇങ്ങനെ മതികെട്ടുറങ്ങുന്ന ശീലമുണ്ടായിരുന്നില്ലല്ലോ. മൊബൈൽ എടുത്തുനോക്കി. പത്തു മണിയായിരിക്കുന്നു. പരിപാടി തുടങ്ങുമെന്ന് പറഞ്ഞ നേരത്ത് ഒരിക്കലും തുടങ്ങാറില്ല ഒരിടത്തും. എന്നാലും അതിഥിയായി ക്ഷണി ച്ചിട്ട് വൈകീന്നു വേണ്ട. വേഗമെഴുന്നേറ്റ് പല്ലുതേച്ചു, ബാഗിൽ നിന്നും ബ്രഡ് എടുത്തു ഫ്ളാസ്കിൽ കരുതിയ കട്ടനിൽ മുക്കിതിന്നു. എളുപ്പം ഡ്രസ്സ് മാറി, വീട് പൂട്ടിയിറങ്ങി. അയലോക്കത്തൊന്നും ആരുമില്ലെന്ന് തോന്നുന്നു. നാടുമുഴുക്കെ വല്ല്യവല്ല്യ വീടുകൾ പണിത് പൂട്ടിയിട്ടിട്ട്, വീട്ടുകാരൊക്കെ വിദേശത്താണത്രെ. അതാത്രേ ഇപ്പൊ ട്രെൻഡ്. തിരക്കിട്ടു നടന്നു, പഞ്ചായത്തോഫീസിന്റെ മുകൾ ഭാഗത്തുള്ള കോൺഫറൻസ് ഹാളിലാണ് പരിപാടി. റോഡിലെ

ത്തിയപ്പോഴേക്കും ഒരോട്ടോ പാസ്സ് ചെയ്തെങ്കിലും അൽപ സമയത്തിനകം വേറൊരെണ്ണം വന്നു. എത്തുമ്പോഴേക്കും പരിപാടി തുടങ്ങിയിരുന്നു. സ്വാഗതം കഴിഞ്ഞു അധ്യക്ഷയുടെ ഘനഗംഭീര പ്രസംഗം. വാതിൽക്കൽ എത്തിയപ്പോഴേക്കും, പുഞ്ചിരിയോടെ എതിരേറ്റ കേരള സാരിക്കാരി സ്വയം പരിചയപ്പെടുത്തിക്കൊണ്ട് കൈ പിടിച്ച് വേദിയിലെത്തിച്ചു. ലീന, സി ഡി എസ് സെക്രട്ടറിയാണ്. അനുമോദനം ഏറ്റുവാങ്ങുന്നവർക്കൊപ്പം വേദിയിലിരുത്തി. വനിതാ ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ചും, അനുമോദനം എന്തിനു വേണ്ടിയാണെന്നും, ഓരോരുത്തരും എങ്ങനെയാണു മികവ് തെളിച്ചതെന്നും ഒക്കെ അധ്യക്ഷ വിശദീകരിക്കുന്നുണ്ട്.

“ഒറ്റക്ക് യാത്ര ചെയ്യുന്നതിനുള്ള തന്റേടം ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമായ കാര്യം മാത്രമല്ല, അതിനു നല്ല ധൈര്യവും വേണം... ഇങ്ങനെ അപാര ധൈര്യത്തിനുടമയായ ശ്രീമതി സെലിനെ അനുമോദിക്കാൻ അവസരം കിട്ടിയതിലുള്ള ആഹ്ലാദം പങ്കുവെക്കുന്നതോടൊപ്പം, എങ്ങനെയാണ് ഒരു നാട്ടുമ്പുറത്ത്കാരിയായ സ്ത്രീക്ക് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത് എന്ന് അവർ തന്നെ നമ്മോട് പറയുമെന്നും പ്രതീക്ഷിക്കുന്നു... അതേപോലെ തന്നെ...”

അധ്യക്ഷ സ്വീകരണത്തിനെത്തിയ അടുത്തയാളുടെ അപദാനങ്ങളിലേക്ക്. ചുറ്റുപാടും ഒന്ന് വീക്ഷിച്ചു. വേദിയിലും സദസ്സിലും ഉള്ളവരിൽ കൂടുതൽ പേരും മൊബൈലിൽ മിഴിനട്ടിരിക്കുന്നു. എല്ലാവരും അവരവരുടെ ലോകത്താണ്.

ഞാൻ എന്നിലേക്ക് തിരിഞ്ഞു. സോളോ ട്രാവലർ. കിടിലൻ പേര്. ഉള്ളിലൊരു ആത്മനിന്ദ തികട്ടി വന്നു. ആശ്വസിച്ചു, തനിച്ചു ഭൂമിയിലേക്ക് വരുന്ന ഓരോരുത്തരും തിരികെ പോവേണ്ടതും തനിച്ചു തന്നെ. കരഞ്ഞോണ്ട് വന്നു കരയിപ്പിച്ചു പോകുന്നവർ. അതിനിടയിൽ ഈ ഇടത്താവളത്തിൽ എന്തൊക്കെയാണ് നമ്മെ കാത്തിരിക്കുന്നത്.

ഞായറാഴ്ചകൾ അതിരാവിലെ പലപല കാരണങ്ങളുണ്ടാക്കി ട്രെയിൻ കയറിത്തുടങ്ങിയത് മനസ്സമാധാനത്തോടെ കിടന്നുറങ്ങാനായിരുന്നു. ലേഡീസ് കംപാർട്മെന്റിന്റെ ലഗേജ് കാര്യറിൽ കയറിക്കിടന്നാൽ എന്തു സുഖമായി കിടന്നുറങ്ങാമെന്നോ..
പരിചയക്കാരുടെ കണ്ണിൽ പെടാതിരുന്നാൽ മാത്രം മതി..

ഇഷ്ടമില്ലാതെയായിരുന്നു വിവാഹജീവിതത്തിലേക്ക് കടന്നതെങ്കിലും, തുടങ്ങിവെച്ചത് മുതൽ ആത്മാർഥത പുലർത്തിയിട്ടുണ്ട് എന്ന് ഉറപ്പാണ്. വിവാഹം കൂടുതൽ സ്വാതന്ത്ര്യം തന്നു എന്ന് പറയുന്നതാവും ഉചിതം. ഒരുപക്ഷെ, നേരത്തെ ഒരുക്കിയ തിരക്കഥക്ക് വേണ്ടിയാവാം ദൈവമെന്നെ അണിയിച്ചൊരുക്കിയതെന്നു

തോന്നാറുണ്ട്. കൂട്ടുകാരൊക്കെ വിദ്യാഭ്യാസകാലത്തെ ചില ഇടത്താവളങ്ങൾ മാത്രമാണ് എന്ന് തോന്നിക്കുന്നതായിരുന്നു ഞങ്ങളുടെയൊക്കെ അനുഭവങ്ങൾ. വിവാഹത്തോടെ ഭർത്താവിന്റെ ചിറകിൻ കീഴിലൊതുങ്ങി നല്ല കുടുംബിനികളാവുന്നവർക്ക് കൂടെ പഠിച്ചവരൊക്കെ കണ്ടാൽ തിരിച്ചറിയാത്തവരായി. ഒന്ന് പുറത്തിറങ്ങാൻപോലും ആരുടെയെങ്കിലും കൂട്ട് തേടുന്ന സഹോദരിമാർക്കിടയിൽ, വിവാഹത്തോടെ ഒറ്റപ്പെട്ടു പോയത് ഞാനായിരുന്നു. വിവാഹം കഴിച്ചെന്നുവെച്ചു. ആജീവനാന്തം പുരുഷന്റെ കീഴിൽ കഴിയേണ്ടവളല്ല സ്ത്രീയെന്നും, സ്വാശ്രയത്വമാണ് അവർക്കുണ്ടാവേണ്ടതെന്നും പറഞ്ഞു, ഡോക്ടറെ കാണാൻ പോലും കൂട്ടുവരില്ല. അന്നൊക്കെ കൊതിയായിരുന്നു, ഒന്നിച്ചോരു യാത്രപോവാൻ. പക്ഷെ ഒരിക്കലും നടക്കാറില്ല.

പതിയെയാണ് പ്രശ്നങ്ങൾ തുടങ്ങിയത്. ഒരു തമാശക്ക് തുടങ്ങിവെച്ച മദ്യപാനം ഞങ്ങളുടെ സ്വൈര്യജീവിതത്തിനു വിഘാതങ്ങൾ സൃഷ്ടിക്കാൻ തുടങ്ങിയപ്പോൾ, വീട്ടുകാർക്കിടയിലും കൂട്ടുകാർക്കിടയിലും തീർത്തും പരാജയപ്പെട്ടുപോവുകയായിരുന്നു. പ്രാർത്ഥനകൊണ്ട് മാത്രം തലവര മായ്ക്കാൻ കഴിയില്ലെന്ന് മനസ്സിലായപ്പോൾ ചികിത്സയുടെ വഴിയിലിറങ്ങി. സഹായിക്കാൻ ആരുമില്ലായിരുന്നു. കൂടെ കൂടിയവരും കുടിച്ചവരും വഴിമാറി നടക്കാൻ തുടങ്ങി. അവനവൻ വിചാരിക്കാതെ ആരെങ്കിലും നന്നാവാറുണ്ടോ..? പക്ഷെ, പലരുടെയും പറച്ചിൽ അങ്ങനാണ്. അവൾ പോരാഞ്ഞിട്ടാണെന്നു കുറ്റം പറയും. ചികിത്സകളൊക്കെ കഴിഞ്ഞു തിരിച്ചുവന്നു. വീണ്ടും കുടി തുടങ്ങിയപ്പോൾ ഞാൻ എന്നേക്കുമായി പ്രതീക്ഷകളെ കൈവിട്ടു. വെറുക്കുകയായിരുന്നു, ഒരാളെ വെറുക്കാവുന്നതിന്റെ അങ്ങേയറ്റം. പിന്നെ ഞങ്ങൾ, ഒരേ വീട്ടിൽ അപരിചിതരായിരുന്നു..

വീട്ടിൽ വെച്ച് കുടി തുടങ്ങിയതായിരുന്നു അടുത്ത പ്രശ്നം. മദ്യക്കുപ്പി എവിടെയെങ്കിലും ഒളിച്ചുവെക്കും. പിന്നെ ഓർമ്മയുണ്ടാവില്ല. ഞങ്ങളത് എടുത്തുകളഞ്ഞെന്ന് പറഞ്ഞു വഴക്കും അടിയും. അച്ഛനമ്മമാരുടെ അടികിട്ടാൻ യോഗമില്ലാതിരുന്ന മിടുക്കിക്കുട്ടിക്ക് പലിശയും കൂട്ടുപലിശയുമടക്കം കിട്ടിത്തുടങ്ങി...

ജീവിതം ദുരിതത്തിന്റെ നിലയില്ലാക്കയത്തിൽ മുങ്ങിപ്പൊങ്ങുമ്പോഴാണ് ഒരു ജോലിക്ക് ശ്രമമാരംഭിച്ചത്. സ്വകാര്യമേഖലയിൽ കൂണുകൾപോലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വന്നത് രക്ഷയായി. ഓഫീസ് സെക്രട്ടറിയുടെ വേഷത്തിൽ നാമമാത്ര ശമ്പളത്തിൽ ആണെങ്കിലും ജോലി ചെയ്തു. പിന്നെയെപ്പോഴോ വീട്ടിലും സ്ഥാനമില്ലാതായി. കോടതി കയറിയിറങ്ങാൻ പോയാൽ ജോലിക്ക് പോക്ക് നടക്കില്ല. അതുകൊണ്ട് തന്നെ എല്ലാരോടും

സ്ത്രീ സ്വാതന്ത്ര്യത്തെ കുറിച്ച് പറഞ്ഞുനടന്നവൾ, സ്വന്തം ദുരിതങ്ങൾക്ക് മുമ്പിൽ നിശ്ശബ്ദയായി. വീട്ടുകാരുടെ മനോഭാവമാണ് ശരിക്കും അത്ഭുതപ്പെടുത്തിയത്. വിവാഹം വേണ്ടെന്നുപറഞ്ഞു നടന്ന ഒരാളെ നിർബ്ബന്ധിച്ച് കല്യാണം കഴിപ്പിച്ചു വിട്ടവർ തങ്ങളുടെ ബാധ്യതകൾ തീർത്തതാണെന്നു അപ്പഴാണ് മനസ്സിലായത്. അവരുടെയൊക്കെ വർത്തമാനം കേട്ടാൽ പ്രേമിച്ചു കല്യാണം കഴിച്ചു കുഴപ്പത്തിലായ പോലെ തോന്നും. മാത്രവുമല്ല, ഒരു പുരുഷൻ ചീത്തയായെങ്കിൽ അതവളുടെ പിടിപ്പുകേടാണെന്നു വരെ ന്യായം കണ്ടെത്തി വീട്ടുകാരും നാട്ടുകാരും. സഹോദരിയും കുഞ്ഞും ഭാരമായെങ്കിലോ എന്ന് കരുതിയാവാം അവർ തിരിഞ്ഞു നോക്കിയില്ല..

ആദ്യം വെല്ലുവിളിച്ചത് ദൈവത്തെയായിരുന്നു, തോൽപ്പിക്കാനാവില്ലെന്നു. വിശക്കുന്നവന്റെ ചിന്ത അന്നത്തെക്കുറിച്ചാണല്ലോ... പ്രതീക്ഷകൾ കൈവിട്ടവർക്ക് ജീവിതം യുദ്ധമാണ്. വിജയം അനിവാര്യമായിരുന്നു. തോറ്റുകൊടുക്കാൻ മനസ്സ് സമ്മതിച്ചില്ല.

രാത്രികളിൽ അയാൾ ഉറങ്ങുവോളം വീടിനുവെളിയിൽ, അയാളുടെ കണ്ണിൽ പെടാത്തവണ്ണം കട്ടികൂടിയ ഇരുട്ടിലിരിക്കും. ബോധം നശിച്ചുറങ്ങിയെന്ന് ബോധ്യപ്പെടുമ്പോൾ മാത്രം, പതുക്കെ അടുക്കളവാതിൽ തുറന്ന്, അകത്തു കയറി, അയാൾ കിടക്കുന്ന റൂമിന്റെ വാതിൽ ലോക്ക് ചെയ്യും. പിന്നെ ഇത്തിരിനേരം കിടന്നുറങ്ങും. കൃത്യം അഞ്ചുമണിക്ക് ഒരു അലാറവും വിളിക്കാതെ എണീക്കും. അടുക്കളയിൽ കയറി ഭക്ഷണമുണ്ടാക്കും. എളുപ്പത്തിൽ ഉണ്ടാക്കാനാവുന്നതെന്തോ അതാണ് ഭക്ഷണമാവുക. പിന്നെ പെട്ടെന്നൊരു കുളിയും കഴിഞ്ഞു ഡ്രസ്സ് മാറി ഇറങ്ങുമ്പോഴേക്കും മണിക്കുട്ടനെ വിളിക്കാനായിട്ടുണ്ടാവും. വേഗം അവനു കഴിക്കാനും കൊണ്ടോവാനുമുള്ളതൊക്കെ വെവ്വേറെ എടുത്തു വെയ്ക്കും. അദ്ഭുതം തോന്നാറുണ്ട്. മോനും അതിനനുസരിച്ചു പരുവപ്പെടുന്നതോർത്ത്. ഒപ്പം അവനും പരുക്കനായി തീരുന്നതോർത്ത് ഖേദിക്കാറുണ്ട്.. അര മണിക്കൂറിനുള്ളിൽ ഭക്ഷണം വരെ കഴിച്ചു അവൻ ബസ് സ്റ്റോപ്പിലേക്ക് നടക്കുമ്പോൾ അറിയാതെ കണ്ണ് നിറയും. വൈകിട്ടത്തെ ചായക്കും ബസ്സിനുമുള്ള കാശ് കൊടുത്തുവിടും. പിശുക്കണ്ട, ചായക്കൊപ്പം എന്തേലും വാങ്ങിക്കഴിക്കണമെന്നു മണിക്കുട്ടനെ നിർബ്ബന്ധിക്കും. അവനു കാശ് ചിലവാക്കാൻ ഇഷ്ടോല്ല. പട്ടിണി കിടന്നാലും സ്വരുക്കൂട്ടി വെക്കും..

ഒരിക്കൽ അവനൊരു ബ്രേസ്ലെറ്റു വാങ്ങിവന്നു. മുപ്പതു രൂപയായെന്ന്. എന്തിനാടാ എനിക്കിതെന്നു ചോദിച്ചപ്പോൾ, അമ്മേടെ കയ്യിൽ ഇട്ടപ്പോ കാണാൻ നല്ല ഭംഗിയില്ലേന്നുപറഞ്ഞു വിഷയം മാറ്റി

അവൻ. അമ്മമാരുടെ കണ്ണീർ തിരിച്ചറിയുന്ന മക്കൾ ഒരിക്കലും വഴിതെറ്റില്ല. അതൊരു കരുത്തായിരുന്നു. ആശ്വാസമായിരുന്നു. ഒടുവിൽ അതൊക്കെ ശീലമായി. മോൻ പിന്നാലെ ഞാൻ എന്റെ മുറിയും പൂട്ടിയിറങ്ങും. വീടിന്റെ വാതിൽ പൂട്ടാറില്ല. ഇറങ്ങും മുമ്പേ അയാളുറങ്ങുന്ന മുറിയുടെ ലോക്ക് തുറക്കും. ഇനി അർദ്ധരാത്രിയിൽ മാത്രമേ ഇതിനകത്തേക്ക് വീണ്ടും കയറാൻ കഴിയു. അതുവരെ ചിലവഴിക്കാനുള്ള ചില ഇടത്താവളങ്ങളിൽ ഒന്ന് മാത്രമായിരുന്നു ഓഫീസ്. ശമ്പളത്തേക്കാളേറെ, വൈകുന്നേരം വരെ ചിലവഴിക്കാനൊരിടം മാത്രമായിരുന്നു എനിക്കവിടം. അയാൾ പറയാറുണ്ട് 'എന്റെ ഓഫീസിലെ തൂപ്പുകാരിക്ക് അതിനേക്കാൾ ശമ്പളമുണ്ടല്ലോ' എന്ന്.

ഞായറാഴ്ചകളും അവധി ദിനങ്ങളും ചോദ്യ ചിഹ്നങ്ങളായി വന്നപ്പോഴാണ്, ഞാൻ ട്രെയിൻ കയറിത്തുടങ്ങിയത്. ട്രെയിനർ ആവാനുള്ള കോഴ്സ് ഒക്കെ കഴിഞ്ഞിരുന്നതുകൊണ്ട് അവധി ദിനങ്ങളിൽ ക്ലാസ് എടുക്കാൻ പോവുന്നുവെന്നു എല്ലാരോടും കള്ളം പറഞ്ഞു. അതിരാവിലെയുള്ള പാസ്സഞ്ചർ ട്രെയിനിലെ, ലേഡീസ് കംപാർട്മെന്റിൽ തിരക്ക് കുറവായിരിക്കും. ലഗേജ് കാരിയറിൽ കയറിക്കിടന്നാൽ നന്നായുറങ്ങാം. നല്ലൊരുറക്കം കഴിഞ്ഞെഴുന്നേൽക്കുമ്പോഴേക്കും ചേർത്തലയോ ആലപ്പുഴയോ എത്തിയിട്ടുണ്ടാവും. അവിടെയിറങ്ങി സമീപത്തുള്ള മാളുകളിലും പാർക്കിലുമൊക്കെ കറങ്ങിനടക്കും. ആദ്യമൊക്കെ ചില നോട്ടങ്ങൾ അരോചകമായി തോന്നിയെങ്കിലും പുസ്തകങ്ങൾ കൂട്ടുകാരായി വന്നതോടെ നോട്ടങ്ങളൊന്നുമേ ഞാനറിയാതെ പോയി. വായിച്ചും, ഇടക്ക് ഉറങ്ങിയും വൈകുന്നേരത്തെ ലോക്കലിന് തിരിയെ വീട്ടിലേക്ക്. മണിക്കുട്ടനും സമാധാനം. ഞാനുണ്ടെങ്കിലല്ലേ വഴക്കുണ്ടാവുള്ളൂ.

പക്ഷെ മണിക്കുട്ടന്റെ സ്വഭാവത്തിൽ വ്യത്യാസം വന്നു.
സ്കൂളിൽ 'പ്രോബ്ലം ചൈൽഡ് ' ആയിരിക്കുന്നു എന്റെ മണിക്കുട്ടൻ. ദേഷ്യം വന്നാൽ പിന്നെ കണ്ണ് കാണില്ലത്രേ അവന്. പെരുമാറാൻ അറിയി ല്ലത്രേ അവന്. ഒരു ദിവസം പൊട്ടിക്കരഞ്ഞുകൊണ്ട് മോൻ പരാ തിപ്പെട്ടു. നിങ്ങളാണ്, നിങ്ങളുടെ വഴക്കാണ് എന്റെ ദേഷ്യത്തിന് കാരണമെന്ന്. അവൻ നന്നാവണമെന്നുണ്ടെന്ന ആഗ്രഹം തന്നെ ആഹ്ലാദമേകുന്നതായിരുന്നു. പിന്നെ ഒന്നുമാലോചിച്ചില്ല.. മോനെയും കൂട്ടി അത്യാവശ്യവസ്തുക്കളുമായി സഹപ്രവർത്തകരുടെ സഹായത്തോടെ പുതിയ നാട്ടിലേക്ക്, വീട്ടിലേക്ക്.

വർഷങ്ങൾ കൊഴിയുന്നതറിഞ്ഞിരുന്നില്ല. ജീവിതം മത്സരമായി എടുത്തപ്പോൾ, ജയിക്കേണ്ടത് എന്റെ ആവശ്യമായിരുന്നു. ഇടക്ക് പി എസ് സി കിട്ടിയത് രക്ഷയായി. പിന്നെ തിരിച്ചൊരു പോക്കുണ്ടായില്ല.

മോൻ പഠിക്കാൻ മിടുക്കനായിരുന്നു. പത്താം ക്ലാസ് കഴിഞ്ഞപ്പോൾ മണിക്കുട്ടനെ ഹോസ്റ്റലിലേക്ക് മാറ്റി. വീണ്ടും അവധികൾ ആഘോഷങ്ങളാക്കി യാത്രകളിലേക്ക്. അതിനിടയിൽ അയാൾ എങ്ങോട്ടെന്നില്ലാതെ അപ്രത്യക്ഷമായ കഥയൊക്കെ കേട്ടുവെങ്കിലും, ഞങ്ങളെ ബാധിക്കാത്ത കാര്യമായതോണ്ടാവും, കൂടുതൽ അറിയാൻ താൽപര്യം തോന്നിയില്ല.

അവിടുന്നങ്ങോട്ടാണ് യാത്രകളുടെ ആസ്വാദ്യത ഞാനറിഞ്ഞത്. മനസ്സമാധാനമാണ് നല്ല ജീവിതത്തിന്റെ കാതൽ. പച്ച വെള്ളം കുടിച്ചാലും, വാടക വീട്ടിൽ കഴിഞ്ഞാലും, കീറിയ ഉടുപ്പിട്ടാലും, ജീവിക്കാൻ കഴിയും. പക്ഷെ മനസ്സമാധാനം ഇല്ലെങ്കിൽ ഇതൊന്നും സഹിക്കാൻ കരുത്തുണ്ടാവില്ല. ഒരൽപമെങ്കിലും ഉറങ്ങാൻ പോലും കഴിയില്ല. ഒരിക്കൽ റയിൽപാളങ്ങൾ പോലെ അനന്തമായി കിടന്ന ജീവിതം മോൻ വളർന്നു ജോലിയും കുടുംബവുമായി നീങ്ങിയതോടെ കൂടുതൽ സന്തോഷപ്രദമായി മാറി. എന്നെ അവനൊപ്പം കൂട്ടാൻ ശ്രമിച്ചു. സ്നേഹമില്ലാത്തതു കൊണ്ടല്ല കൂടെ പോവാഞ്ഞത്. നാളെ അവർക്കും ബാധ്യതയാവാതിരിക്കാൻ ഒരു വഴി കണ്ടെത്തിയിരുന്നു. സ്ത്രീകളുടെ മാത്രമായ് ഒരു കൂട്ടായ്മ ഉണ്ടാക്കി യാത്രകളും യാത്രാ കുറിപ്പുകളുമൊക്കെയായി ജീവിതത്തെ പൂർണ്ണമായും ആഘോഷഭരിതമാക്കി. ചെറിയ യാത്രകളെ പോലും കഥയെഴുതുമ്പോലെ കുറിപ്പുകളാക്കി ഒരു നല്ല യാത്രാവിവരണം പുറത്തിറക്കി. എല്ലാവരും നിറഞ്ഞ മനസ്സോടെ സ്വീകരിച്ചു. ഒരു പെണ്ണിന് തനിച്ചു യാത്ര സ്വപ്നമായിരുന്നൊരു നാട്ടിൽ, ഇപ്പഴും അങ്ങനാണെന്നു വാദിക്കുന്നവർക്കിടയിൽ, റെയിൽവേ സ്റ്റേഷനുകളിലെ റിട്ടയറിങ് റൂമിൽ കിടന്നുറങ്ങി പുതിയ പുതിയ കാടുകളും കടൽത്തീരങ്ങളും കുന്നുകളും മേച്ചിൽപ്പുറമാക്കിയവളുടെ ജീവിച്ചിരിക്കുന്ന തെളിവാണത്. നല്ല സ്വീകാര്യതയായിരുന്നു പുസ്തകത്തിന്.

അതുകൊണ്ട് കൂടിയാണല്ലോ ഇന്നിവിടെ ഈ ചടങ്ങിലൊരു അതിഥിയായി വന്നതും. അനുമോദനങ്ങൾ സ്വീകരിച്ചു. കുറഞ്ഞ വാക്കുകളിൽ നന്ദി പറഞ്ഞു, പരിചയപ്പെടാൻ വന്നവർക്ക് നിറചിരി സമ്മാനിച്ചു യാത്രപറഞ്ഞിറങ്ങുമ്പോൾ ചില മുഖങ്ങളിലെ പരിഹാസം കാണാതിരുന്നില്ല !

പി. സി. അഷറഫ്

# മുക്രി

**എ**ന്നെ തിരിച്ചറിഞ്ഞപ്പോൾ മുക്രി മൊയ്‌ലാർച്ചയുടെ കണ്ണുകളിൽ നനവ് പടരുന്നത് ഞാൻ കണ്ടു. അദ്ദേഹത്തിന്റെ ശോഷിച്ച കരങ്ങളിൽ എന്റെ കൈവിരലുകൾ കൂടുതലമർന്നു. മുക്രിയുടെ വരണ്ട ചുണ്ടുകൾ വിറച്ചു.

തീരെ വയ്യാതായി മൊയ്‌ലാർച്ച കിടപ്പിലായിട്ട് കാലം കുറേയായി. ചാക്ക് വിരികൊണ്ട് മറച്ച ജാലകങ്ങളുള്ള മുറിയിൽ ചൂടിക്കട്ടിലിൽ എല്ലിൻകൂട് പോലെ മുക്രി കിടന്നു. കയ്യും കാലും പടിഞ്ഞ് ഒടിഞ്ഞുകുത്തി വീഴാൻ പോവുന്ന പുരാവസ്തു പോലുള്ള വീട്ടിൽ മറ്റൊരു പുരാവസ്തുവായി മുക്രി മൊയ്‌ലാർച്ച! എന്റെ കണ്ണുകളും ഈറനായി. എന്നിലും ഓർമ്മകൾ വിങ്ങി. വർഷങ്ങൾക്ക് മുമ്പ് പ്രസന്നമായ മുഖത്ത് വടിവിൽ ഒപ്പിച്ചെടുത്ത വട്ടത്താടിയും വെളുത്ത നീളൻ കുപ്പായവും തലയിൽ ചുറ്റിക്കെട്ടിയ വെള്ള തലയിൽ കെട്ടും കൈയ്യിൽ സദാ താളം പിടിക്കുന്ന തസ്ബീഹ് മാല യുമായി പള്ളിവരാന്ത കോണോട്കോണ് മുറിച്ചുനടക്കുന്ന മൊയ്‌ലാർച്ചയെ ഞാൻ അകക്കണ്ണിൽ കണ്ടു.

എത്രയെത്ര കഥകളാണ് ആ മുഖത്തുനിന്ന് കേട്ടത്. ജിന്നുകളും ഇഫ്രീത്തുകളും കുടിപാർക്കുന്ന കഥകൾ. ജുബ്ബയുടെ ആഴമുള്ള കീശയിൽ എന്നും കൽക്കണ്ടമുണ്ടാവും. കുട്ടികൾ മുന്നിൽ വന്നു പെട്ടാൽ അത്തറ് മണമുള്ള കൽക്കണ്ടം മുക്രി മൊയ്‌ലാർച്ചയുടെ സ്നേഹസമ്മാനമായി.

"നമ്മുടെ മൊയ്‌ലാർച്ച കെടപ്പിലാ. നീ പോയൊന്നു കാണണം" എന്ന് ഉമ്മ പറഞ്ഞപ്പോൾ എന്റെ ഓർമ്മയിലാദ്യമെത്തിയത് മൊയ്‌ലാർച്ച സമ്മാനിക്കാറുള്ള സുഗന്ധമുള്ള കൽക്കണ്ടങ്ങളുടെ മധുരമായിരുന്നു.

"എനിക്കൊരു സങ്കടേള്ളു..." മൊയ്‌ലാർച്ചയുടെ ശബ്ദം എന്റെ ചിന്തകൾക്ക് കടിഞ്ഞാണിട്ടു.

''പൊര നെറഞ്ഞ് നിക്ക്ന്ന എന്റെ പെമ്മക്കൾ...'' മുക്രി വിങ്ങിപ്പൊട്ടുകയാണ്. ഒരു നിമിഷം എന്തുപറയണമെന്നറിയാതെ

ഞാൻ മൂകനായി...
"എല്ലാം ശരിയാവും..." വെറും വാക്കുകളാണെന്നറിഞ്ഞിട്ടും ഞാൻ പറഞ്ഞു.

അറുപതുവർഷം ദൈവപ്പുരയുടെ കാവൽ നാദമായിരുന്ന ആ മനുഷ്യൻ ഒടുക്കം ബാക്കിയായത് കൈകാലുകൾ മണ്ണിലേക്ക് പടിഞ്ഞിരിക്കുന്ന ഈ വീടും കെട്ടുപ്രായം കഴിഞ്ഞുനിൽക്കുന്ന മൂന്ന് പെണ്മക്കളും. മുക്രി മൊയ്‌ലാർച്ചാന്റെ വീട് ഒരു കരടെന്ന പോലെ എന്റെ കണ്ണുകളെ വേദനിപ്പിച്ചുകൊണ്ടിരുന്നു. നാടാകെ മാറിയെങ്കിലും കാലം വരുത്തിയ ഒരക്ഷരത്തെറ്റുപോലെ മൊയ്‌ലാർച്ചാന്റെ വീടുമാത്രം അങ്ങനെ തന്നെയുണ്ട്. ചുമരുകളിൽ നിരവധിയിടത്ത് വിള്ളലുകൾ കാണാമായിരുന്നു. പൊട്ടിയ ഓടുകൾക്കിടയിലൂടെ സൂര്യ രശ്മി മുറിക്കകത്ത് ചിത്രം വരച്ചു.
"മൂന്ന് പെണ്ണിന്റെ എളേത് ഒരാണാ. ഓനായിപ്പം പള്ളീല" ഉമ്മ പറഞ്ഞത് ഞാൻ ഓർത്തു. അങ്ങനെ ഒരു വരായ്കയുള്ളത് കൊണ്ട് ഇങ്ങനെ കഴിഞ്ഞുപോവുന്നു എന്ന് മൊയ്‌ലാർച്ച പറഞ്ഞില്ല. വരായ്കയെക്കുറിച്ച് നല്ല ധാരണയുള്ളത് കൊണ്ട് ഞാൻ ചോദിച്ചുമില്ല.

മൊയ്‌ലാർച്ചാനോട് യാത്ര പറഞ്ഞ് വീട്ടിലേക്ക് നടക്കുമ്പോൾ എന്റെ മനസ്സിൽ പള്ളിയെക്കുറിച്ചുള്ള ചിന്തകളായിരുന്നു. എനിക്കോർമ്മ വെക്കുമ്പോൾ പള്ളി കട്ടകൾ മുറിച്ചുകെട്ടി ഓടുപാകി ഓടുകൾക്കു താഴെ പാവ് പാകിയതായിരുന്നു. ഞാൻ കാണുമ്പോൾ പാവ് ചിതലരിച്ചുതുടങ്ങിയിരുന്നു. അതിനും എത്രയോ മുമ്പ് ഓലമേഞ്ഞ സ്രാമ്പി പള്ളിയായിരിക്കണമത്. കാലത്തിന്റെ ഒഴുക്കിൽ പള്ളിയുടെ ഘടനകൾ മാറിക്കൊണ്ടിരുന്നു. കട്ടകൾക്കുപകരം ചെങ്കല്ലായി, ഓലയ്ക്കുപകരം ഓടായി... കോൺക്രീറ്റായി... വിശാലമായി വെണ്മപൂശി നിൽക്കുന്ന പള്ളിക്ക് മുന്നിലെത്തിയപ്പോൾ മുക്രി മൊയ്‌ലാർച്ചാന്റെ മകന്റെ ബാങ്കുവിളി താളാത്മകമായി ചെവിയിൽ പതിച്ചു. അല്ലാഹു അക്ബർ...

**അഷറഫ് പടന്ന**

# അറയിൽ കൂടാം

**ആ**മിനത്തായുടെ മോളുടെ മംഗലമാണ്. പതിനഞ്ചുവയസ്സുള്ള കുഞ്ഞീബിയുടെ. രാവിലെത്തന്നെ എത്തണമെന്നാണ് ആമിനത്താ യുടെ കൽപന.

"ഈ കൊച്ചുപെണ്ണിനെ ഇത്രേം നേരത്തെ വേണോ ഇത്താ?..." എന്നുചോദിച്ചപ്പോൾ ഇത്താ പറഞ്ഞത്, "ഇങ്ങക്കും ബേണോങ്കി എന്റെ മേഷ്ടറേ മംഗലം കയിക്കാലോ. നല്ല കുട്ട്യോൾണ്ട്. മംഗലം കയിഞ്ഞാ പിന്നെ സുകായില്ലേ... നാൽപ്പതുദിവസം അറയിൽ കൂടാം. പത്തിരീം കോയീം ഇഷ്ടം പോലെ സാപ്പാടും കിട്ടൂലെ!" എന്നാണ്. ഇത്തായുടെ ന്യായവാദത്തിനുമുന്നിൽ മുട്ടുകുത്തി, "നേർത്തേ വന്നേക്കാം ഇത്താ "

"കേക്കണോ ഇനിക്ക് ശേൽ" ആമിനത്ത പറഞ്ഞു, "ബല്യ പത്രാസുള്ളോനാ. ദുബായിൽ പൊന്ന് കെളക്ക്ന്ന പണിയാന്നാ കുഞ്ഞീബിന്റെ ഉപ്പ പറേന്നത്. ഞമ്മക്കൊന്നും അറീലെ റബ്ബിൽ ആലമീനെ"

കുഞ്ഞീബി പാവാടയും തട്ടവും മാറ്റി കൈയും തലയും മൂടി നടക്കുന്നതോർത്തപ്പോൾ വിഷമം തോന്നി.

"മാഷേ, മാഷക്ക് ബീമാനം പറത്താനറിയോ?" എന്ന് ചോദിക്കുന്ന കുഞ്ഞീബിയുടെ കണ്ണിലെ കുസൃതി മനസ്സിൽ വന്ന് നിറഞ്ഞു.

കല്യാണം കഴിഞ്ഞ് പുയ്യാപ്ലയെ അറയിൽ കൂട്ടി പുരുഷാരം മറഞ്ഞു. രാത്രി വന്നു.

'ലോലിത'യുമായി കട്ടിലിലേക്ക് ചരിഞ്ഞു. 'എന്റെ ജീവന്റെ പ്രകാശം, എന്റെ മടിത്തട്ടിലെ അഗ്നി, എന്റെ പാപം, എന്റെ ആത്മാവ്...' പേജുകൾ മറിഞ്ഞു. ലൈറ്റണച്ചപ്പോഴും ആമിനത്തായുടെ വീട്ടിൽ നിന്ന് പ്രകാശം ഒഴുകി വരുന്നുണ്ടായിരുന്നു. മുറ്റത്ത് ആമിനത്താ യുടെ കെട്ടിയോൻ തലയിൽ കെട്ടും കൈയിലൊരു ഉറുമാലുമായി ഉലാത്തുകയാണ്. എന്തോ വലിയ ഭാരം ഇറക്കിവെച്ചതിന്റെ സംതൃപ്തി മുഖത്ത്. ഓരോ കാര്യങ്ങൾ ഓർത്ത് കിടക്കെ അയൽപക്കത്തുനിന്ന് എന്തൊക്കെയോ ഉടഞ്ഞു തകരുന്ന ഒച്ച. ഒപ്പം കുഞ്ഞീബീടെ നെലോളീം.

" എടാ, അറാം പെറന്നോനെ, കള്ളാ... ഇബ്ലീസെ... നിന്നെ ഞമ്മൾ.. ഉമ്മാ ഇബനെന്നെ..."

ചെന്നുനോക്കിയപ്പോൾ കുഞ്ഞീബി നിന്നു വിറക്കുകയാണ്. കവിളത്ത് കണ്ണീരിനൊപ്പം ഒലിച്ചിറങ്ങിയ സുറുമ.
മൂലയിൽ ചാഞ്ഞ്, തലയിൽ കൈതാങ്ങി, ആൾക്കൂട്ടത്തിൽ നിന്ന് മുഖമൊളിക്കാൻ ശ്രമിക്കുകയാണ് അറയിൽ കൂടിയ പുയ്യാപ്ല.

ജലീൽ പടന്ന

# ദിവ്യൻ

**അ**ക്കാമാഷിന് പഠിപ്പും പത്രാസുമുണ്ട്. പുസ്തകങ്ങളോട് പ്രിയം കൂടുതലാണ്. അന്നൊരു വെള്ളിയാഴ്ച്ച. പതിവ് തെറ്റിക്കാതെ രാവിലെ തന്നെ ഗോപാലന്റെ ബാർബർ ഷാപ്പിൽ ചെന്ന് താടിയും മുടിയും വെട്ടിയൊതുക്കി. സുബ്രായൻ അലക്കി തേച്ച് തന്ന വെള്ള നീളൻ കുപ്പായം തലവഴി ഇറക്കിയിടുന്നതിനിടയിലാണ് കോളിംഗ് ബെൽ ശബ്ദിച്ചത്. എടീ സൈനബാ, ഒന്ന് നോക്കിയേ ആരാ ബെല്ലടിച്ചേന്ന്. അടുക്കളയിലുള്ള കെട്ട്യോള് സൈനബ കേട്ട ഭാവം പോലും നടിച്ചില്ല. അല്ലേലും മൂപ്പത്യാര് അങ്ങിനെയാ, അടുക്കളയിൽ കേറിയാൽ പിന്നെ ചുറ്റിലും നടക്കുന്നതൊന്നും അറിയൂല. വെള്ളിയാഴ്ച്ചയും കൂടി ആയതോണ്ട് പറയേം വേണ്ട.

മാഷ് തന്നെ പോയി വാതിൽ തുറന്നു.

പച്ച ഉടുപ്പും, പച്ച തലേക്കെട്ടും, കയ്യിൽ ജപമാലയും, ഭാണ്ഡകെട്ടുമായി കാഴ്ച്ചയിൽ മുസാഫിർ എന്ന് തോന്നിക്കുന്ന ഒരു വൃദ്ധനാണ് പുറത്ത്. നീട്ടി മണിച്ചുള്ള സലാം പറച്ചിൽ മാഷക്ക് അത്രക്കങ്ങ് ദഹിച്ചില്ല. അനുമതിയൊന്നും തേടാതെ തന്നെ ആഗതൻ അകത്ത് കയറി കസേരയിൽ ഇരുപ്പുറപ്പിച്ചു. നീരസം പുറത്ത് കാട്ടാതെ മാഷ് ചോദിച്ചു, എന്താണപ്പാ ആഗമനോദ്ദേശം ?

അങ്ങ് തെക്ക്ന്ന് ബര്ന്നതാ.

ആ അത് മനസ്സിലായി. ങ്ങള് ബന്ന കാര്യം പറയ് .

അങ്ങിനെ പ്രത്യേകിച്ച് കാര്യേന്നും ഇല്ല, അജ്മീരിലേക്കുള്ള യാത്രയിലാ...

ഓഹോ, പിന്നെങ്ങനാ ഇവിടെത്തിയത് ?

എന്തെങ്കിലും കഴിച്ചിട്ട് പോകണം.

ആ അതാണോ കാര്യം. എന്താ പേര് ?

സയ്യിദ് ഹൈദ്രോസ് ഖോജ..

ജുമുഅ നിസ്കാരം കഴിഞ്ഞിട്ട് പോരെ ഭക്ഷണം എന്ന ചോദ്യം ഖോജക്ക് അത്രയ്ക്ക്ങ്ങ് പിടിച്ചില്ല. ഇഷ്ടക്കേട് മുഖത്ത് ദൃശ്യമാണ്. പാതി മനസ്സോടെ മാഷോടൊപ്പം പള്ളിയിലേക്ക് നടന്നു...

ജുമുഅ കഴിഞ്ഞ് തിരിച്ച് വീട്ടിലേക്ക് നടക്കുന്നതിനിടെ, തന്റെ

കയ്യിലുള്ള ഊന്ന് വടി കൊണ്ട് റോഡിൽ ആഞ്ഞൊരടി, ഒപ്പം എയ്, ഓയ് തുടങ്ങിയ ശബ്ദങ്ങളും പുറപ്പെടുവിക്കുന്നുണ്ടായിരുന്നു. സംഗതി എന്തെന്ന് പിടികിട്ടാതെ അമ്പരന്ന് നിന്ന മാഷിനോടായി ഇളം ചിരിയോടെ ഖോജ കാര്യം വിശദീകരിച്ചു.

“മക്കത്തെ പളളിയിൽ നായ കയറി, ഓടിച്ച് വിട്ടതാ”

ഓഹോ, അമ്പരപ്പ് വിട്ട് അൽപം തമാശ കലർത്തി മാഷ് ചോദിച്ചു, എന്നിട്ട് ?

എന്നിട്ടെന്താ,

നായ ഓടി പോയില്ലെ !

അല്ല, ങ്ങള് എങ്ങിനെയാ ഇപ്പം നായയെ കണ്ടത് ?

അതോ എന്റെ റൂഹ് അങ്ങ് മക്കത്തല്ലേന്ന്.

ഈ തടി മാത്രല്ലെ ഇപ്പം ഈടെ ഉള്ളൂന്ന്...

ഓഹോ അങ്ങിനെയാണോ ? അക്ക മാഷ് എല്ലാം സമ്മതിച്ചങ്ങ് മൂളി... ജപമാലയിൽ എണ്ണം പിടിച്ച് ദിഖ്റുകൾ ഉരുവിട്ടാണ് ഖോജയുടെ നടപ്പ്. ഇടയ്ക്ക് ശബ്ദം കൂട്ടി എന്തൊക്കെയോ വിളിച്ച് കൂവുന്നുണ്ട്. മാഷിന് ഒന്നും തിരിഞ്ഞില്ല.

വീട്ടിലെത്തിയതോടെ പിന്നെ, വിശപ്പിനെ കുറിച്ചായി ഖോജയുടെ സംസാരം. നല്ല പോത്തിറച്ചിയുടെ മണം മൂക്കിലടിച്ച് കയറിയത് കൊണ്ടാവണം  ഇരുത്തം വരുന്നില്ല. അതിനിടെ അക്കമാഷ്, ഖോജയെ ഒന്ന് പരീക്ഷിക്കാൻ തന്നെ തീരുമാനിച്ചു.

സാധാരണ നൈച്ചോറിന് മുകളിൽ വെണ്ണ ഒഴിക്കുന്ന പതിവുണ്ട്. എന്നാൽ ഖോജയുടെ പ്ലേറ്റിൽ വെണ്ണക്ക് മുകളിൽ ചോറ് വിളമ്പിയാൽ മതിയെന്ന് മാഷ് കെട്ട്യോൾ സൈനബയോട് ശട്ടംകെട്ടി. അതെന്തിനാ എന്ന സൈനബയുടെ ചോദ്യത്തിൻ മാഷ് കൃത്യമായ മറുപടി യൊന്നും കൊടുത്തില്ല. അതിനിടയിൽ വിശപ്പിന്റെ കാഠിന്യം അറിയിക്കാൻ ഖോജ ഇടക്കിടെ ദിഖ്റിന്റെ ഒച്ച കൂട്ടുന്നുണ്ട്. ഇരിപ്പുറക്കുന്നില്ല, അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുകയാണ്.

സൈനബ വിളമ്പിയ നൈച്ചോറും മുളകിട്ട പോത്തിറച്ചിയും കൊട്ടിലിലെ ടേബിളിലേക് മാഷ് തന്നെ എടുത്ത് വെച്ചു, കൈ കഴുകി വന്ന ഖോജക്ക് മാഷ് സ്റ്റൂൾ വലിച്ചിട്ട് കൊടുത്തു. മുന്നിലെ സ്റ്റൂളിൽ മാഷും ഇരുന്നു. ചോറ് വിളമ്പി വെച്ച രണ്ട് പ്ലേറ്റിലേക്കും ഖോജ മാറി മാറി നോക്കി. കാര്യം പിടികിട്ടിയ അക്കാമാഷ് ഒന്നും മിണ്ടിയതുമില്ല.

അല്ല മാഷെ, എന്റെ ചോറിൽ വെണ്ണ പാർന്നില്ലല്ലൊ. വെണ്ണ നമ്മക്ക് ഭയങ്കര ഇഷ്ടാ..

പറഞ്ഞ് തീർന്നതും കയ്യിലുള്ള വടി വാങ്ങി മാഷ് തങ്ങളുടെ നടുപ്പുറത്ത് രണ്ടണ്ണം വീക്കി. മക്കത്തെ പള്ളിയില് നായ കയറിയത് കണ്ട ങ്ങക്ക് ചോറിന് അടിയിൽ ഒഴിച്ച വെണ്ണ കാണുന്നില്ല അല്ലേ ? പിന്നെ അൽപ നേരത്തേക്ക് ഖോജക് ഒന്നും ഓർമ്മയു ണ്ടായിരുന്നില്ല.

അഞ്ചില്ലത്ത് കുഞ്ഞബ്ദുല്ല

# അമർഷത്തിന്റെ പരകായപ്രവേശം

ശ്രീകുട്ടി, തറവാട്ടിലെ ഏക പെൺതരിയായിരുന്നു. തറവാടാകുന്ന ശ്രീകോവിലിലെ ദേവതയെന്നും ഐശ്വര്യമെന്നും കാരണവന്മാർ അവളെ വിശേഷിപ്പിച്ചു. അവരുടെ പ്രശംസാ വാചകങ്ങളുടെ തടവറയിൽ വീർപ്പുമുട്ടലിന്റെ സുഖം നുണഞ്ഞു കൊണ്ടവൾ വളർന്നു. അതിരാവിലെ ദൈവ രൂപത്തിന് മുന്നിൽ കണ്ണടച്ച് കൈകൂപ്പി അവൾ നിന്നു. ഈ നിൽപാണ് അച്ഛനും ഏറെ ഇഷ്ടം. ഐശ്വര്യം വരുന്നത് ഈ നിൽപില് നിന്നാണത്രെ. തറവാട്ടിലെ പ്രതിഷ്ഠയും ഒരു സ്ത്രീ തന്നെയാണ്. സർവ്വദായിനിയായ ഒരു ദേവത. കൈകൂപ്പി കണ്ണടച്ചു നിൽക്കുമ്പോൾ ശ്രീകുട്ടിയുടെ അകക്കണ്ണിൽ ദേവത പ്രത്യക്ഷപ്പെട്ടു. ശ്രീക്കുട്ടിയുടെ അതേ പ്രായം! ഒരു നാൾ അമ്മാവൻ ശ്രീക്കുട്ടിയെ അടുത്തു വിളിച്ചു, സ്നേഹ ത്തോടെ നെറുകയിൽ തലോടി.

‘‘അറിയോ മോളേ, നിനക്ക് പതിനാറ് കഴിഞ്ഞു. നീ ഒരൊത്ത പെണ്ണായല്ലോ.. ല്ലേ..?’’

അച്ഛൻ നോക്കി ചിരിക്കേ അമ്മാവൻ പറയുന്നത് കേട്ട് ശ്രീകുട്ടി നാണം കുണുങ്ങി.

‘‘ശ്രീകുട്ടിക്ക് ഒരാൾ വരണുണ്ട്. ധനാഢ്യൻ, ഐശ്വര്യവാൻ; ശ്രീകുട്ടി ഭാഗ്യോളള്ളോളാ...’’ അച്ഛന്റെയും അമ്മാവന്റെയും പ്രശംസാ വാക്കു കൾ കേട്ട് ശ്രീകുട്ടി അവരെ ഒളിക്കണ്ണിട്ടു നോക്കി.

‘‘ആളോ? എനിക്കെന്തിനാ അച്ഛാ ആൾ?’’ മനസ്സിനകത്ത് പൊടു ന്നനെ മുളപൊട്ടിയ ആശങ്കയിൽ അവൾ ആരാഞ്ഞു.

അച്ഛൻ കൃത്യമായി മറുപടിയൊന്നും പറഞ്ഞില്ല. പുഞ്ചിരിച്ചു കൊണ്ട് അവളെ അണച്ചു പിടിക്കുക മാത്രം ചെയ്തു.

അന്ന് സന്ധ്യക്ക് ചിമ്മാൻ പോകുന്ന കണ്ണുകളിൽ വ്യഥയുടെ ചുവപ്പ് രാശി നിറച്ച് അസ്തമയ സൂര്യൻ നോക്കി നിൽക്കേ വീടിന്റെ വടക്കുവശം ദേവതയെ പ്രതിഷ്ഠിച്ച പള്ളിയറയുടെ പിന്നിൽ നിന്ന് പ്രണയബദ്ധരായ രണ്ട് ഇണക്കിളികൾ പരസ്പരം കണ്ണീർ വാർത്തു. അമ്മാവന്റെ ചാട്ടുളിക്കണ്ണുകൾ അകലെ ഉമ്മറപ്പടിക്കൽ നിന്ന് കൊണ്ട് ആ ദയനീയ സമാഗമം കണ്ടു പിടിച്ചു.

അയാൾ ഈറ്റപ്പുലിയെപ്പോലെ ചാടിയടുത്തു. ‘‘പോടാ ഇവിടുന്ന്... അശ്രീകരം... ഇനിമേൽ അയൽപക്ക ബന്ധമോ മറ്റോ പറഞ്ഞ് ഇപ്പടി കടന്ന് വന്നു പോകരുത്.’’

ഭയന്ന് വിറച്ചുകൊണ്ട്, കണ്ണിൽ ചുടുകണ്ണീർ നിറച്ചുകൊണ്ട് തിരിഞ്ഞു നടക്കുന്ന ആൺ കിളിയെ തന്നെ നോക്കി ഹൃദയം പൊട്ടി അവൾ വിളിച്ചു പോയി – ‘‘രാഹുൽ...’’

‘‘വാടീ ഇങ്ങട്’’ – അമ്മാവൻ ശ്രീകുട്ടിയുടെ കൈപിടിച്ച് വലിച്ചുകൊണ്ട് വീട്ടിനകത്തേക്ക് നടന്നു.

അവൾ കരഞ്ഞു കൊണ്ടുപറഞ്ഞു. ‘‘അമ്മാമേ, രാഹുലേട്ടൻ നല്ലോനാ, അവന് അടുത്ത മാസം നല്ലൊരു കമ്പനിയിൽ ജോലി കിട്ടാൻ പോവ്വാ.’’

‘‘ഹും... ജോലി, കടക്കെടീ അകത്ത്’’ അമ്മാവൻ അവളെ വീട്ടിനകത്തേക്ക് തള്ളി വാതിലടച്ചു. അപ്പോഴും അയാൾ പറഞ്ഞു. ‘‘നിനക്ക് വേറെ ആളു വരുന്നുണ്ട്; ഐശ്വര്യവാനായ ഒരാൾ. ഇനി നീ അയാളെ ഓർത്താൽ മതി.’’

അകത്ത് അമ്മ അവളെ സ്നേഹവായ്പ്പോടെ അണച്ചുപിടിച്ചു, അവളുടെ നെറുകയിൽ മുത്തം കൊടുത്തു.

‘‘ഈ പ്രായത്തില് നിന്ക്ക് അങ്ങനെ ബളഞ്ഞ് ചിന്തിക്കാനൊന്നും പാടില്ല മോളേ, നിന്ക്ക് ഐനൊന്നും പ്രായായിറ്റില്ല.’’ അമ്മ സ്നേഹത്തോടെ ഉപദേശിച്ചു.

‘‘ശരിയമ്മേ, എനക്ക് ഐനൊന്നും പ്രായായിട്ടില്ല.സമ്മതിച്ചു. പിന്നെന്താ എനക്കൊരു ആളു വരുന്നുണ്ടന്ന് അച്ഛനും അമ്മാമയും പറേന്നേ? അപ്പൊ ഐനൊക്കെ എനക്ക് പ്രായായോ?’’

കണ്ണീരൊലിപ്പിച്ചു കൊണ്ട് അവൾ അമ്മയോട് എതിർവാദം നടത്തി നോക്കി. അമ്മയുടെ നാക്കിൽ നിസ്സഹായത മാത്രം തങ്ങി നിന്നു. ഒന്നും മിണ്ടാതെ അമ്മ അടുക്കളയിലേക്ക് മടങ്ങി.

വീട്ടിനകത്തെ ഏകാന്തതയിൽ ശ്രീക്കുട്ടിയുടെ ദിവസങ്ങൾ ഇഴഞ്ഞു നീങ്ങി. ഒരു നാൾ തന്റെ ആളുവന്നു. ആളെ കണ്ടപ്പോൾ ശ്രീകുട്ടി ഞെട്ടി. ഉരുണ്ടുരുണ്ടു വരുന്ന ഒരു കുംഭ മാത്രമായിരുന്നു അയാൾ. അമ്മാവന്റെ ധനാഢ്യനായ സുഹൃത്തിന്റെ മൂത്ത മോനാണത്രെ അയാൾ. ശ്രീക്കുട്ടി മുത്തശ്ശിയുടെ മടിയിൽ തല വെച്ച് ഏറെ നേരം കരഞ്ഞു. കൊടുത്ത വാക്ക് പിൻവലിച്ച ശീലമില്ലാത്ത അമ്മാവനും അച്ഛനും അവരുടെ അഭിമാനബോധം തുറിച്ചു നിൽക്കുന്ന കണ്ണുകൾ കൊണ്ട് ശ്രീക്കുട്ടിയെ തലോടി. ശ്രീകുട്ടി അന്തസ്സിന് ചേർന്ന രീതിയിൽ പെരുമാറാൻ കൽപനയായി.

മണിയറയിൽ പേടിച്ചരണ്ട ഒരു മാടപ്പിറാവിനെപ്പോലെ മൂലയിലൊരിടത്ത് പതുങ്ങിക്കൂടിയ ശ്രീക്കുട്ടിയെ വാരിയെടുത്ത് അയാൾ നെഞ്ചിൽ വെച്ചു. ശ്രീകുട്ടിയുടെ ഉള്ളിൽ ഹൃദയം നിശ്ചലമായി. അയാളുടെ ഹൃദയം സ്നേഹവാത്സല്യത്തിന്റെ ആവേശത്തിൽ മിടിക്കുന്നത് ശ്രീക്കുട്ടി കേട്ടു .

വിമ്മിഷ്ടത്തിന്റെ തടവറയിൽ ശ്രീകുട്ടി ഗർഭം ധരിച്ചു. എന്നാൽ, ഒരു ഉണ്ണിക്കാൽ കാണാറാകുന്നതിന് മുമ്പ് തന്നെ ഒരു അമാവാസി രാവിൽ, ശ്രീകുട്ടിയുടെ നെഞ്ചിലെ പ്രണയശൂന്യതയാൽ തണുത്തുറഞ്ഞു പോയ സ്പന്ദനത്തെ കാതോർത്ത് കാതോർത്ത് ആ കുംഭയുടെ ഹൃദയം തന്റെ മിടിപ്പ് നിർത്തി.

വിധവയും കോമളത്വമുള്ള ഒരു പെൺകുഞ്ഞിന്റെ യവ്വനയുക്തയായ അമ്മയുമായ ശ്രീകുട്ടിയോട് അമ്മാവനും അച്ഛനും പറഞ്ഞു,

"കുടുംബത്തിന്റെ സൽപേരിന് കോട്ടമുണ്ടാക്കണ്ട. അച്ഛനിൽ നിന്നും ലഭിച്ച കോടിക്കണക്കിന് രൂപയുടെ സ്വത്തിനുടമയായ നിന്റെ മോളെ പരിചരിച്ച് കൂടുക.... നീ സൗഭാഗ്യവതിയാണ്."

അപ്പറഞ്ഞ സൗഭാഗ്യത്തിന്റെ അർത്ഥവും നിരർത്ഥവും വായിച്ചെടുക്കാൻ മാത്രം ശ്രീകുട്ടിയുടെ ബോധമണ്ഡലം അപ്പോഴേക്കും വളർന്നു കഴിഞ്ഞിരുന്നു. അങ്ങനെ അവൾ തന്റെ കൊച്ചുമകളുടെ ബാല്യകൗതുക ലോകത്തിലെ വെറുമൊരു കഥാപാത്രമായി മാറി.

അങ്ങനെ, അനേകമനേകം മോഹഭംഗങ്ങളുടെ കരിപിടിച്ച മനസ്സിനെയും വഹിച്ച്  പൗർണ്ണമി രാവിന്റെ പൊൻപ്രഭ ചൊരിയുന്ന അവളുടെ ശരീരം അടുക്കളയിലെ കഞ്ഞിയായി, കറിയായി, ചമ്മന്തിയായി..., കരിപിടിച്ച വിറകും പിന്നെ, അകമെരിയുന്ന തീക്കനലുമായി മാറിത്തുടങ്ങി. തീക്കനൽ ഒരു ചുവന്ന സൗന്ദര്യച്ചെപ്പായി നിന്ന് എരിഞ്ഞു. തന്നെ തഴുകിത്തലോടി രോമാഞ്ചമണിയിക്കുന്ന മന്ദമാരുതന്റെ സ്പർശന സുഖമൊക്കെ അപ്പോഴേക്കും ശ്രീകുട്ടിക്ക് ആസ്വാദനശൂന്യവും അന്യവുമായി മാറിക്കഴിഞ്ഞിരുന്നു. കാരണം, തന്നെ തഴുകിത്തലോടാനുള്ള മുഖഭാവവുമായി വരുന്ന മന്ദമാരുതന്മാരൊക്കെ മിന്നാമിനുങ്ങിന്റെ പൊന്നൊളി പോലെ വെട്ടിത്തിളങ്ങുന്ന തന്റെ മേനിയുടെ സൗന്ദര്യം നുകരാൻ കൊതിക്കുന്നവർ മാത്രമാണെന്ന് അവൾക്ക് നൂറു ശതമാനവും ബോധ്യമായി ക്കഴിഞ്ഞിരുന്നു. അതോടെ തലച്ചോറിന് തീപിടിച്ച തീക്കനൽ തനിക്ക് ചുറ്റും  ചീറ്റിയടിച്ചുറഞ്ഞ് ആളിപ്പടരുന്ന അഗ്നിജ്വാലയായി മാറുന്ന ചുഴലിക്കാറ്റിനെ കൊതിച്ചു.

തനിക്ക് മോഹകൊട്ടാരങ്ങൾ വാഗ്ദാനം ചെയ്ത ഗന്ധർവ്വന്മാരെത്ര? സംരക്ഷകരെത്ര? പ്രസാദം നേരെ ചൊവ്വെ കൈവെള്ളയിൽ വെക്കാൻ അമ്പലത്തിലെ പൂജാരിക്ക് കഴിഞ്ഞില്ല! അയാളുടെ നോട്ടം മുഴുവനും തന്റെ മാറിടത്തിലേക്കായിരുന്നു. ഇടക്കിടെ ഊടുവഴിയിൽ വെച്ച് കണ്ടുമുട്ടാറുള്ള, അമ്പത് കഴിഞ്ഞ തന്റെ പഴയൊരു അധ്യാപകൻ ഒരു നാൾ ഊടുവഴിയിൽ വേറെ ആരുമില്ലെന്ന് കണ്ടപ്പോൾ, ''ഞാൻ നിന്റെ ഗുരുനാഥനല്ലേ ശ്രീകുട്ടീ...!'' എന്നും പറഞ്ഞ തന്നെ ആശ്ലേഷിച്ചതിന്റെ ഭീതി ഇന്നും മാറിയിട്ടില്ല. തന്റെ ഏക കൂട്ടുകാരിയായ ഫാത്തിമയുടെ മൂത്താങ്ങള ''ഫാത്തിമ ഇവിടുണ്ടോ ശ്രീക്കുട്ടീ...?'' എന്ന് നീട്ടി ചോദിച്ചു കൊണ്ട് പടിപ്പുര കടന്നുവരുന്നത് ഇപ്പോൾ വല്ലാതെ കൂടിയിട്ടുണ്ട്. ഒരിക്കൽ അയാളുടെ ഒച്ചത്തിലുള്ള ചോദ്യം കേട്ട് ഫാത്തിമ തന്നെ അവളുടെ വീട്ടിൽ നിന്ന് ഇറങ്ങി വന്ന് ''എന്നെ കണ്ടോണ്ടല്ലേ ഇക്കാക്കാ ങ്ങള് പൊരേന്നിറങ്ങി വന്നത്?'' എന്ന് പരസ്യമായി ചോദിച്ചപ്പോൾ അയാൾ ഇഞ്ചി കടിച്ച കുരങ്ങിനെപ്പോലെ ചൂളുന്നത് കണ്ട് ശ്രീകുട്ടിക്ക് ചിരിയടക്കാൻ കഴിഞ്ഞിരുന്നില്ല.

ഫാത്തിമ പറഞ്ഞു. '' ശ്രീകുട്ടി അറിയോ, ഉപ്പ കാണാതെ ഇക്കാക്ക കളപ്പുരയിൽ മദ്യക്കുപ്പി സൂക്ഷിക്കാറുണ്ട്. ഒരൂസം രാത്രി ഏറെ വൈകിയപ്പോൾ വാതിലിൽ തട്ടുന്ന ശബ്ദം കേട്ട് ഞാൻ എഴുന്നേറ്റ് പോയി നോക്കി. കളപ്പുരയിൽ നിന്ന് ഇക്കാക്ക കയറി വരുന്നു. എന്തിനാ ങ്ങള് ഈ നേരത്ത് കളപ്പൊരേൽ പോയത്? ഞാൻ ചോദിച്ചു. ഇക്കാക്ക മറുപടി ഒന്നും പറഞ്ഞില്ല. അടുത്തെത്തിയപ്പോൾ ഓറെ ബല്ലാത്ത നാറ്റായിരുന്നു. അപ്പളാ എനക്ക് കാര്യം പിടികിട്ടിയത്. അത് മാത്രല്ല ശ്രീക്കുട്ടീ, ഞാൻ പെറ്റികോട്ട് മാത്രമേ അപ്പോൾ ഇട്ടിട്ടുണ്ടായിരുന്നുള്ളൂ. മുന്നോട്ട് ചുവട് വെച്ച ഇക്കാക്ക പൊടുന്നനെ തിരിഞ്ഞു നിന്ന് എന്നെ അടി മുതൽ മുടി വരെ കണ്ണുകൊണ്ട് ഒരു ബല്ലാത്ത ഉഴിച്ചിൽ! എന്റെ റബ്ബേ, ഞാൻ പിന്നവിടെ നിന്നില്ല ശ്രീകുട്ടീ!'' ഫാത്തിമാന്റെ വിവരണം കേട്ട് അന്തംവിട്ട് ശ്രീകുട്ടി ചോദിച്ചു, ''നിന്റെ ഇക്കാക്കയോ....?! ഫാത്തിമാ... ന്താ ഇപ്പറേന്നേ?''ഫാത്തിമ ചിരിച്ചോണ്ട് പറഞ്ഞു, ''ആ ശ്രീകുട്ടീ, നീ അതിശയപ്പെടോന്നും വേണ്ട. നമ്മളെ ഒറ്റക്കൊരിടത്ത് കിട്ടിയാ ഇക്കാലത്ത് ഒരു മാതിരി ആണുങ്ങക്കെല്ലാം വേട്ടക്കാരന്റെ മനസ്സാ. സ്വന്തം മകളെ കൊല്ലങ്ങളോളം പൂട്ടിയിട്ട് ബലാൽസംഗം ചെയ്ത് ഒടുക്കം പിടിക്കപ്പെട്ട് ജയിലിലിടക്കപ്പെട്ട കണ്ണൂരിലെ ഒരു ബാപ്പാനെക്കുറിച്ച് ഇന്നലെ ഞാൻ പത്രത്തിൽ വായിച്ചു.''

ഒറ്റയ്ക്ക് പള്ളിയറക്ക് പിന്നിലിരുന്ന് കണ്ണീർ വാർക്കുമ്പോൾ ശ്രീകുട്ടി സ്വയം ചോദിച്ചു, എന്റെ ചങ്ങാതി ഫാത്തിമ എല്ലാം പറഞ്ഞിട്ടും ഞാനെന്തിനാണ് ഒരു വിഡ്ഢിയെപ്പോലെ അമ്മാവന്റെ മോൻ കുട്ടി ശങ്കരന്റെ പഞ്ചാരവാക്ക് വിശ്വസിച്ചത്? എല്ലാം പുറത്തറിഞ്ഞപ്പോൾ അമ്മാവൻ മോന്റെ പക്ഷത്ത് നിന്നിട്ടാണല്ലോ ന്യായം പറഞ്ഞത്! ആണുങ്ങളാകുമ്പോൾ അങ്ങനെയൊക്കെ ഉണ്ടാകും പോലും!

അയാൾക്ക് എത് വാഗ്ദാനവും ലംഘിക്കാത്രെ. പെണ്ണ് മാത്രമാണത്രെ സൂക്ഷിക്കേണ്ടത്! ശ്രീക്കുട്ടി അമർഷം കൊണ്ട് പല്ലിറുമ്മി .

''ഹെയ്, ശ്രീക്കുട്ടീ'' ഫാത്തിമ പുറത്ത് തട്ടി വിളിച്ചപ്പോഴാണ് അമർഷത്തിന്റെ സ്വപ്ന ലോകത്തുനിന്നും ശ്രീക്കുട്ടി ഉണർന്നത്. ''നിന്ക്ക് അരീരം ബേണോ പെണ്ണേ? ഒരിയര ബീവിയുടെ ജാറത്ത്ന്ന് കൊണ്ടന്നതാ'' ഉണ്ണിയപ്പം പോലുള്ള ഒരു പലഹാരം ഫാത്തിമ ശ്രീകുട്ടിയുടെ നേരെ നീട്ടി. അരീരം തിന്ന് കൊണ്ട് ഫാത്തിമ ഒരിയര ബീവിയുടെ കഥ പറയാൻ തുടങ്ങി. ഒരു പെരുന്നാളിന്റെ പ്രഭാതത്തിൽ ഒരിയര കടൽതീരത്ത് തിരമാലകൾ വന്നടിച്ച് ചിന്നിത്തെറിക്കുന്ന മണൽതിട്ടയിന്മേൽ കണ്ണടച്ച് ധ്യാനിച്ചിരിക്കുകയായിരുന്നുവത്രേ ബീവി. വസ്ത്രങ്ങളൊക്കെ പിച്ചിചീന്തപ്പെട്ട്, മുലകൾ അരിഞ്ഞ് മാറ്റപ്പെട്ട് ചോരയൊലിക്കുന്ന ശരീരമായിരുന്നുവത്രേ അപ്പോളവരുടേത്. പക്ഷേ, ധ്യാനമിരിക്കുന്ന ബീവിയുടെ സാന്നിധ്യത്തിൽ കടപ്പുറം പല അത്ഭുതസിദ്ധികൾക്കും സാക്ഷ്യം വഹിച്ചുവത്രേ!

ബീവിയെ ആദ്യം കണ്ട രണ്ട് പുരുഷൻമാരിലൊരാൾ '' ഹൊ, നല്ല വെളുത്തുതുടുത്തമുലകളാകും... ആരപ്പാ അതങ്ങ് ചെത്തിക്കളഞ്ഞത്?'' എന്ന് ക്രൂരമായൊരു കമന്റടിച്ചു. ബീവി കണ്ണുതുറന്ന് തീക്ഷണഭാവത്തിൽ അയാളെ ഒന്ന് നോക്കി ആ നിമിഷം അയാൾ ഊമയായി മാറിയത്രെ. പിന്നെ തന്നെ കൃത്യമായി കണാൻ പറ്റിയത്ര അടുത്തേക്ക് ഒരു പുരുഷ ശിങ്കത്തെയും ബീവി അടുപ്പിച്ചില്ല.

ഒടുവിൽ കടപ്പുറത്തെ മത്സ്യത്തൊഴിലാളി കുടിലുകളിൽ നിന്നും സ്ത്രീകൾ ഇറങ്ങി വന്ന് ധ്യാനനിരതയായ ബീവിക്ക് ചുറ്റും വലയം സൃഷ്ടിച്ചു. തിരമാലകൾ നിരന്തരമായി വന്ന് ബീവിയുടെ ശരീരത്തിലിടിച്ച്, അവരുടെ മാറിടത്തിൽ നിന്നൊലിക്കുന്ന ചുടുചോരയിൽ ലയിച്ച് ചുവപ്പണിഞ്ഞ് തിരിച്ചു പോകുന്നത് ആ പെൺകൂട്ടം ആകുലതയോടെ നോക്കിനിന്നു. ആ ചെന്നീർ തങ്ങളുടെ ശരീരത്തിൽ വാരിപ്പൂശാനും ബീവിയെ ഒന്ന് തൊടാനും അവരുടെ മനോമണ്ഡലത്തിൽ ലയിക്കാനും ചില സ്ത്രീകൾ വെമ്പൽ കാട്ടി.

ഏറെ കഴിഞ്ഞ് ബീവി ആ സ്ത്രീ വലയത്തിന് നടുവിൽ കുഴഞ്ഞ് വീണു ചുറ്റും കൂടിനിന്ന സ്ത്രീകൾ തന്നെയാണത്രെ ബീവിയുടെ മൃതദേഹം കുളിപ്പിക്കുകയും കഫൻ ചെയ്ത് ഖബറടക്കുകയും ചെയ്തത്.

ഒരിയര ബീവിയുടെ കഥ കേട്ട് ഭ്രമിച്ച ശ്രീകുട്ടി ഫാത്തിമയുടെ കണ്ണുകളിലേക്ക് തന്നെ തുറിച്ചു നോക്കി. ആ കണ്ണുകളിൽ അമർഷത്തിന്റെ മഹാസാഗരത്തിരകൾ ഇരമ്പി ഇളകി വരുന്ന പോലെ ഫാത്തിമാക്ക് തോന്നി. ചെറിയ ഭയപ്പാടോടെ അവൾ സ്വൽപം പിന്നോട്ടേക്ക് നിരങ്ങി. പൊടുന്നനെ ശ്രീകുട്ടി ഫാത്തിമയുടെ തലയിൽ നിന്നും തട്ടം വലിച്ചെടുത്തു തന്റെ തലയിൽ ചുറ്റി.

“നോക്കൂ ഫാത്തിമാ, ഞാൻ ഒരിയര ബീവിയല്ലേ?”

“അതിന് ഞാൻ ഒരിയര ബീവിയെ കണ്ടിട്ടില്ലല്ലോ ശ്രീകുട്ടി.” ഫാത്തിമ ശങ്കിച്ചു കൊണ്ട് പറഞ്ഞു.

ശ്രീകുട്ടി ആരോടെന്നില്ലാതെ പൊട്ടിച്ചിരിച്ചു.

“ഈ കൊതിയൻ ചൂഷകരെയെല്ലാം പാഠം പഠിപ്പിണം ഫത്തിമാ... ഇവരുടെ മുന്നിൽ കിടന്ന് പരസ്യമായി എരിയുന്നതാണ് ഭൂമിയിലെ ഏറ്റവും വലിയ അപമാനം” അവൾ വീണ്ടും വീണ്ടും പൊട്ടിപ്പൊട്ടിച്ചിരിച്ചു.

ശ്രീകുട്ടി പൊടുന്നനെ എഴുന്നേറ്റ് പള്ളിയറയുടെ വാതിൽ ലക്ഷ്യമാക്കി ഓടി. അവളുടെ കാൽപാടു പതിച്ചിടങ്ങളിൽ തൽസമയം പ്രത്യക്ഷപ്പെട്ട അൽഭുതം വിസ്മയത്തോടെ ഫാത്തിമ നോക്കി. ആ കാൽപാടുകൾ പതിഞ്ഞ മണലിൽ നൂറുകൂട്ടം മിന്നാമിനുങ്ങുകൾ ചേർന്ന് സ്വർണ്ണപ്പരവതാനി ഒരുക്കിയതായും അവയ്ക്കിടയിലൂടെ യുദ്ധസജ്ജമായ റോക്കറ്റുകളെപ്പോലെ കാരമുള്ളുകൾ നിവർന്ന് നിൽക്കുന്നതായും ഫാത്തിമ കണ്ടു.

പള്ളിയറയുടെ വാതിലിനപ്പുറത്ത് തന്നെ ഹൃദയത്തിലേക്കേറ്റെടുക്കുകയും ആ ഹൃദയത്തിനകത്ത് തനിക്ക് തീക്കനലായി പുകഞ്ഞു പരക്കാൻ, ഭീതി വിതറുന്ന കടലിരമ്പമായി പതഞ്ഞുയരാൻ, ദുഷ്ടരെ നേരിടുന്ന മഹാകാളിയായി ദ്രംഷ്ടകൾക്ക് മൂർച്ച കൂട്ടാൻ ഒക്കെ പാകത്തിൽ ഇരിപ്പിടം ഒരുക്കിത്തരികയും ചെയ്യുന്ന മഹാശക്തി തന്നെ കാത്തിരിക്കുന്നതായി അവൾക്ക് തോന്നി.

ഫാത്തിമ നോക്കിയിരിക്കെ ശ്രീക്കുട്ടി പള്ളിയറയുടെ ഇരുളിലേക്ക് ചാടിക്കയറി വാതിലടച്ചു. പിന്നെ താമസിച്ചില്ല, എരിയുന്ന തീക്കനൽ ഐഹികതയുടെ ഉറയൂരിയെറിഞ്ഞ് ഇരുളിന്റെ ആത്മാവിൽ വിളങ്ങുന്ന മിന്നാമിനുങ്ങിൽ വിലയം പ്രാപിച്ചു.

സർവ്വ വേട്ടക്കാരേയും പാഠം പഠിപ്പിക്കാനുള്ള വിമോചനത്തിന്റെ ആ പടയോട്ടത്തിലൂടെയാണ് സർവൈശ്വര്യ ദായിനിയും സർവ്വ സംഹാരമൂർത്തിയുമായ ദേവി റാണീപുരം കോവിലിലെ പ്രതിഷ്ഠയായിത്തീർന്നത്. വങ്കനും ശിങ്കനും കിരാതനുമൊക്കെ തന്റെ പാദത്തിൽ വീണ് കുമ്പിടുമ്പോഴെല്ലാം കൂർത്തു മൂർത്ത പരിഹാസച്ചുവയുള്ള പുഞ്ചിരി തൂകിക്കൊണ്ട് അകമേ സർവ്വസംഹാരിയായ തീക്കുണ്ഡമായി ദേവി എരിയുക തന്നെയായിരുന്നു.

സമദ് പടന്ന

# ഹസീനയുടെ ഭ്രാന്തൻ

പുരുഷാന്തരങ്ങളെ പ്രേമത്തിന്റെ പല്ലവി പാടിയുറക്കിയ യമുനയുടെ തീരത്ത് കണ്ണുനീർ കൊണ്ടൊരു മണിമുത്ത് – താജ്മഹൽ. ഷാജഹാൻ തന്റെ പ്രാണപ്രേയസിയുടെ ഓർമ്മയ്ക്കുവേണ്ടി വെണ്ണക്കല്ലിൽ തീർത്ത ആ പറുദീസയുടെ ദുഃഖമുറങ്ങുന്ന കരയിൽ ഞാനിരുന്നു. എന്റെ മുമ്പിൽ യമുനയുടെ മറുകരയിൽ ഷാജഹാന്റെ വിടരാൻ കൊതിച്ച ആഗ്രഹങ്ങളുടെ കറുത്ത അസ്ഥിപഞ്ജരം! അതാണ് വലിയവരുടെ ലോകം. പ്രേമം ആ വലിയ ലോകത്തിൽ എന്നുമൊരു പ്രതിപാദ്യ വിഷയമാണ്.

ഹസീനാ...

ജീവന്റെ ചുവന്ന രക്തത്തിൽ ഞാനിതെഴുതുന്നു. പോയ കാലത്തിന്റെ തീരങ്ങളിൽ ഒരു കുരുടനെപ്പോലെ ഞാൻ തിരയുകയാണ്. ക്ഷോഭിച്ചിളകിയ സമുദ്രം. തിരമാലകൾ ഒരു നിമിഷത്തിൽ പർവ്വതങ്ങളായി ഉയരുകയും അടുത്ത നിമിഷത്തിൽ ആഴങ്ങളിലേക്ക് താളം തെറ്റി വീഴുകയും ചെയ്യുന്നു. ഇതാണ് നിർഭാഗ്യം. ആദ്യം തോണി മറിയുന്നു. പിന്നെ കരയും കാണാതാവുന്നു. ഒരിക്കൽ ഞാൻ ആ വലിയ മനുഷ്യനോട് പറഞ്ഞതായി ഓർക്കുന്നു. അനന്തമായ പ്രതീക്ഷകളോടെയാണ് ഞാനതിനെ വളർത്തിയത്. ഒറ്റ നോട്ടം കൊണ്ട് നിങ്ങളത് സ്വന്തമാക്കുകയോ? എനിക്ക് എന്ത് നഷ്ടപ്പെട്ടുവെന്ന് എന്നോട് ചോദിക്കു. നിങ്ങൾക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല. എനിക്ക് പോയത് എന്റെ ഹൃദയമാണ്. അപ്പോഴാണ് നിന്റെ നനഞ്ഞ മിഴികൾ എന്റെ മുന്നിൽ തെളിയുന്നത്.

ഹസീനാ...

ഹൃദയത്തിലെ നിർമ്മല വികാരങ്ങളെ കണ്ണുനീരാണെന്ന ഭാവേന പാഴ്മണ്ണിൽ നീ എന്തിന് വീഴ്ത്തിക്കളഞ്ഞു? മണ്ണിൽ വീണുതകർന്ന ആ ബാഷ്പ കണികകൾ ആരുടെയോ സ്നേഹത്തിന്റെ മണിമുത്തുകളാണെന്ന സത്യം നീ മറന്നുവോ? മനസ്സ് സ്നേഹത്തിന്റെ ഒരിറ്റ് ദാഹജലത്തിനുവേണ്ടി അലയുകയാണ്. അപ്രാപ്യതയിലേക്കുള്ള മനസ്സിന്റെ ഈ അവസാനിക്കാത്ത അന്വേഷണത്തിൽ എന്റെ ഹൃദയം ഒരഭയം കണ്ടെത്തി. അത് നീയായിരുന്നു. പക്ഷെ അപ്പോഴേക്കും

എന്നിലെ മനുഷ്യൻ മരിച്ചിരുന്നു. മരിച്ചിട്ടും ഒരാൾക്ക് സ്നേഹിക്കാൻ കഴിയുമെങ്കിൽ അതെനിക്കുമാത്രം! നാം തുല്യ ദുഃഖിതർ... സ്വപ്ന ലോകത്തിലാണ് നമ്മുടെ സംഗമം. നഷ്ടസൗഭാഗ്യങ്ങളുടെ ചിതറിക്കിടക്കുന്ന ഏടുകളിൽ എന്നോ വെച്ചുമറന്ന ഒരു സുഗന്ധസുന്ദരമായ പുഷ്പം. ഇന്ന് ആ പുഷ്പത്തിന്റെ സുരഭില സൗന്ദര്യം എന്റെ ഓർമ്മയിൽ ഇതൾ വാടിക്കരിഞ്ഞു കിടക്കുന്നു. ഹസീനാ...

ഞാനിന്ന് സംതൃപ്തനല്ല. ഒരു നിമിഷത്തിൽ അങ്കുരിച്ച് മറ്റൊരു പ്രഭാതത്തിൽ വിടരാൻ വെമ്പുന്ന പൂമൊട്ടുകൾക്ക് സ്വയം കരിഞ്ഞുപോകാൻ മാത്രമേ വിധിയുണ്ടായുള്ളു! വിടരാനിരിക്കുന്ന പൂമൊട്ട് ആയിരം കൊടുങ്കാറ്റുകളെ അതിജീവിച്ച് വിടരും. വികസിക്കും. പരിമളം പരത്തും. വേണ്ടിവന്നാൽ ചങ്ങലയിൽ നിന്നും നൃത്തം വെയ്ക്കും. കാലത്തിന്റെ കാരാഗൃഹത്തിൽ കത്തിക്കൊണ്ടിരുന്ന ശരറാന്തലാണ് നീ. നിന്റെ പ്രകാശത്തിൽ വെന്തുമരിക്കാൻ വെമ്പുന്ന ആയിരം ഈയാംപാറ്റകളിലൊന്നായി ഞാൻ ജീവിക്കുന്നു. പക്ഷെ വെളിച്ചം തേടി പറക്കുന്ന എന്റെ ഉള്ളിൽ തന്നെ ആ വെളിച്ചം കുടികൊണ്ടിരുന്നു. അനുനിമിഷം നീറിക്കൊണ്ടിരുന്ന എന്റെ അന്തരംഗത്തിൽ നിന്ന് അന്തരീക്ഷത്തിലേക്കുയരുന്ന ധൂമപടലങ്ങൾ മാത്രമേ ആരും കാണുന്നുള്ളു. അല്ലാതെ അതിനു പിന്നിലെ തീജ്വാലകൾക്ക് ഇവിടെ പ്രസക്തിയില്ല.

നീ അത് കണ്ടവളാണെങ്കിൽ ഈ ശിക്ഷ കുറവെന്ന ഭാവത്തിൽ എനിക്ക് മറ്റൊരു മരണ സന്ദേശമയക്കുകയില്ലായിരുന്നു. വെള്ളത്തിലെ കുമിളയാണ് പാവപ്പെട്ടവന്റെ ഹൃദയം. പലപ്പോഴും അത് സ്വയം പൊട്ടിത്തകരുന്നു. അല്ലാത്ത ഘട്ടങ്ങളിൽ മറ്റുള്ളവർ അതിനെ തകർക്കുന്നു. എന്റെ ഹൃദയ വേദനയുടെ വിലാപയാത്രയിൽ പങ്കെടുക്കാൻ നീ ഒരു പാഴ്ശ്രമമെങ്കിലും നടത്തിയില്ല. നല്ലതിനെ ചീത്തയായി കാണുന്ന സ്വഭാവത്തിന് ഈ ലോകത്തോളം പഴക്കമുണ്ട്. കാക്ക കുയിലിനെ ഒരു കാലത്തും അംഗീകരിച്ചിട്ടില്ല. ഞാൻ നശിച്ചതിൽ എനിക്ക് പരാതിയില്ല. പക്ഷേ എന്റെ നാശം ഒരു ചർച്ചാവിഷയമായി തീർന്നത് എന്തുകൊണ്ട്? അതിലാണ് എന്റെ തീരാ ദുഃഖം...

കൂരിരുട്ടിന്റെ കൈക്കുമ്പിളിൽ നിന്നും പുലരി പൊട്ടിവിടരുന്നു. നമ്മുടെ ചുറ്റുമുള്ള കൊടും തമസ്സിൽ എപ്പോഴാണ് പൊൻപ്രഭ പരക്കുന്നത്! നീ പറഞ്ഞു, അർഹതയില്ലാത്ത എന്നെ നിങ്ങളന്നു സ്വന്തമാക്കി. ആ വാക്കുകൾ വിശാലമായൊരു വിലയിരുത്തലാണെന്ന് വൈകിയാണ് ഞാൻ മനസ്സിലാക്കിയത്. മദ്യപനെന്നും

മജ്നുവെന്നും ഭ്രാന്തനെന്നും എന്നെ വിശേഷിപ്പിച്ചേക്കാം. അല്ലയോ ലൈലേ, നഷ്ട വസന്തങ്ങളുടെ ഊഷര ഭൂമിയിൽ നിന്നെത്തിരയുന്ന വനെ ലോകം എന്തുവിളിക്കും! അവരൊന്നു മനസ്സിലാക്കട്ടെ, മദിര പറയും, മധുചഷകം പറയും, മൺകൂജകളും പറയും, വസന്തം വരട്ടെ!

ഹസീനാ...

എന്റെ ലോകം പ്രണയ ലഹരിയുടെ ലോകമാണ്. അന്ധനാണെന്ന് വിധിയെഴുതിയ ലോകം. നിന്നെ കാണുന്നത് എന്റെ ദൃഷ്ടിയിൽ കൂടിയാവട്ടെ. അവരോട് ചോദിക്കുകയാണെങ്കിൽ തീർച്ചയായും അവർ പറയും നീ എന്റെ ആരാണെന്ന്! ആരെങ്കിലും എന്നെ അന്വേഷിക്കുകയാണെങ്കിൽ  എന്റെ ശവശരീരം സുന്ദരികളുടെ തെരുവീഥികളിൽ കണ്ടുവെന്ന് സ്നേഹിതന്മാർ പറയുന്നതിന് മുൻപ് ഹസീനാ... നീ എന്റെ വിളി കേൾക്കുമോ?

പാവന സ്നേഹസ്മൃതിയിൽ പൂണ്ട് ഞാൻ ജീവിക്കുന്നു. നിനക്ക് നന്മ വരട്ടെ. ധൈര്യത്തെ മറ്റെല്ലാ സൗഭാഗ്യങ്ങൾക്കും മീതെ കയറ്റിവെക്കുക. അപ്പോൾ ദൈവം നിന്നോട് ചോദിക്കും, എന്തു വേണം? ഇതിൽ, ഈ അത്താണിയിൽ... എന്റെ വേദനയുടെ ഭാരമിറക്കി ഞാനാശ്വസിക്കട്ടെ...

ഫാത്തിമത്തുൽ വഹീദ

# ഐഷ

**പാ**ളങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്നില്ലെങ്കിലും ചിന്തകൾ എവിടെയൊക്കെയോ ചെന്ന് കൂട്ടിമുട്ടുന്ന പോലെ അവൾക്കു തോന്നി. ജനാലയ്ക്കരികിലെ സീറ്റിൽ നിന്നും പിന്നിടുന്ന പച്ചപ്പിനെ കൺകളിലേക്ക് പകർത്താനോ, മനസ്സ് കൊണ്ട് ട്രെയിനിനു താളം പിടിക്കാനോ കഴിയാത്ത വിധം ക്ഷീണിതയായിരുന്നവൾ .

ഇടതുവശത്തുള്ള സീറ്റിൽ വെള്ള തലയിൽ കെട്ടിയ ഒരു വൃദ്ധൻ ഒറ്റയ്ക്കിരുന്ന് ആകാംക്ഷയോടെ പത്രത്താളുകളിലേക്കു കണ്ണും നട്ടിരിക്കുന്നു. എന്തായിരിക്കും അയാൾ തികഞ്ഞ ജിജ്ഞാസ യോടെ വായിച്ചു കൊണ്ടിരിക്കുന്നത്.? അപകടങ്ങൾ? പീഢനങ്ങൾ? അല്ലെങ്കിൽ ഇന്നലെ വരെ കൂടെയിരുന്ന ആരോ കുടുംബത്തിന് സമ്മാനിച്ച അനാഥത്വം. മരണം... ഓർക്കുമ്പോൾ തന്നെ കണ്ണിൽ വല്ലാത്തൊരു ഇരുട്ട് പടർന്നു കയറുന്നു. ഒരുവാക്ക് മിണ്ടാതെ ഒരു മുന്നറിയിപ്പും നൽകാതെ ആത്മാവും ശരീരവും തമ്മിലുള്ള വേർപിരിയൽ... ജീവിതകാലമത്രയും പകുത്തുനൽകിയ സ്നേഹ വായ്പുകൾക്കു ഒന്നും പകരം നൽകാനാവാതെ പതിനേഴ് വയസ്സിൽ മരണത്തിനുമുൻപിൽ പകച്ചുനിന്നിട്ടുണ്ടവൾ. ഓർമ്മകൾ എവിടേക്കാണിങ്ങനെ അലയുന്നത് ?

മുൻവശത്തുള്ള സീറ്റിൽനിന്നും നീല ചുരിദാറിട്ട മധ്യവയസ്ക യായൊരു സ്ത്രീ നിഷ്കളങ്കതയോടെ ഒരു പുഞ്ചിരി സമ്മാനിച്ചു തട്ടി വിളിച്ചപ്പോഴാണ് അവൾ ഓർമ്മകളിൽനിന്നും ഞെട്ടി ഉണർന്നത്.

“മോളേ സമയമെത്രയായി”

കറുത്ത ചട്ടയ്ക്കുള്ളിൽനിന്നും മിനുട്ട് സൂചികൾ വളരെ അനുസരണ യുള്ള കുട്ടിയെപോലെ ഓടുന്നുണ്ടായിരുന്നു

“പന്ത്രണ്ടു കഴിഞ്ഞിട്ടുണ്ട്”

ഐഷയും ചെറുതായ് ചിരിച്ചു. അവർക്കരികിൽനിന്നും ഫോണിലെ മനോഹരമായ താളങ്ങൾക്കൊപ്പം പാടുന്ന സ്വരങ്ങൾ അപ്പോഴാണ് ഐഷയുടെ ചെവിയിലുടക്കിയത്. കാവി മുണ്ടും ഷർട്ടും ധരിച്ചൊരു യുവാവും അടുത്തൊരു സ്ത്രീയും.

ഒറ്റ നോട്ടത്തിൽ തന്നെ അവർ ദമ്പതികളാണെന്നു മനസ്സിലായി .

അവൾ നോക്കുമ്പോൾ അവരുടെ കണ്ണുകളുടെ പുഞ്ചിരികൾക്കു ഒരേപോലുള്ള തിളക്കമായിരുന്നു .

സ്റ്റേഷനുകൾ വീണ്ടും പിന്നിട്ടു. ട്രെയിൻ അവളെപ്പോലെ തന്നെ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. ബോഗിയിൽ ചില കുട്ടികൾ വല്ലാതെ വികൃതി കാണിക്കുന്നു. ചിലർ ജനാലക്കമ്പികളിലൂടെ കാഴ്ച്ച കളെ വലിച്ചെടുക്കുന്നു. ചിലർ പത്രവായനയിലാണ്. കണ്ണുകൾ ചുറ്റുമുടക്കുന്നുണ്ട്. പക്ഷെ ഹൃദയമാകെ വല്ലാത്തൊരു ശൂന്യത അനുഭവപ്പെടുന്നുണ്ടായിരുന്നു. ആർ സി സിയിലെ ദിനങ്ങൾ ഓർക്കുമ്പോൾ തന്നെ കാലിനടിയിൽ നിന്നും ഭീതി പടർന്നുപടർന്നു കയറുന്നു. ഒറ്റപ്പെടലാണ് ജീവിതത്തിലെ വല്ലാത്തൊരു നൊമ്പര മെന്നു ഓരോ നിമിഷവും ജീവിതമവളെ പഠിപ്പിക്കുകയായിരുന്നു. കീമോ തെറാപ്പി കഴിഞ്ഞ ദിവസങ്ങളിൽ മനം മടുപ്പിക്കുന്ന ആശുപത്രി ദിനങ്ങളോട് മല്ലിടുമ്പോൾ കൈകളിൽ ചേർത്ത് ആശ്വസിപ്പിക്കാനൊരാൾ...

വേദനകൾകൊണ്ട് ശരീരം നുറുങ്ങുമ്പോൾ തനിച്ചല്ലെന്നു പറഞ്ഞു മനസ്സിന് ശാന്തി പകരാനൊരാൾ... ഒക്കെ അവളുടെ സ്വപ്ന ങ്ങൾ മാത്രമായിരുന്നു. അമ്മയുടെ മരണശേഷം ഒറ്റപ്പെടലിന്റെ രുചിയ ല്ലാതെ മറ്റൊന്നും അവൾ അറിഞ്ഞിട്ടില്ല. അടുത്ത മാസം വീണ്ടും ചെക്കപ്പ്. ബ്ളഡ്ഡ് ടെസ്റ്റിൽ പെരുകുന്ന കാൻസർ കോശങ്ങളുടെ റെഡ്മാർക് നൽകിയ സ്കാനിംഗ് റിപ്പോർട്ടുകൾ. പക്ഷേ എവിടെയോ വായിച്ചുമറന്നപോലെ. കാൻസറോ, ക്ഷയമോ അല്ല ഈലോകത്തെ ഏറ്റവും വലിയ വേദന. ഒറ്റപ്പെടുകയും ആരുമില്ലാതിരിക്കുകയും ചെയ്യുക എന്നതല്ലേ?

അമ്മയുടെ മരണശേഷം പുതിയ കല്യാണം കഴിച്ചതോടെ അച്ഛന്റെ ബിസിനസ്സിൽ വിജയങ്ങൾ. പിന്നെ അനുവിന്റെ കടന്നു വരവ്. മനസ്സിൽ അകൽച്ച ഉണ്ടെങ്കിലും ചെറിയമ്മ പ്രത്യക്ഷത്തിൽ നല്ല മട്ടിലാണ് പെരുമാറിയിരുന്നത്. ബോർഡിംഗ് സ്കൂളിലെ പഠനച്ചിലവുകൾ, ആശുപത്രി ചിലവിനുള്ള കാശ് ഒക്കെ കൊടുത്തു വീടിനടുത്ത അമ്മിണി ചേച്ചിയെ കൂടെ പറഞ്ഞുവിടുമ്പോഴും ഒരി ക്കൽക്കൂടെ വന്നൂടെ ആർ സി സിയിലേക്കെന്നവൾ ചോദിച്ചില്ല. തിരക്കുകൾക്കിടയിൽ ശല്യമാവേണ്ടെന്നു കരുതി ആ ആഗ്രഹം അവൾ തന്നിൽ മാത്രം കുഴിച്ചു മൂടി.

ഓഫീസ് തിരക്കുകൾക്കിടയിലും ശ്യാമിന്റെ സാന്നിധ്യം ചിലപ്പോഴൊക്കെ ആശ്വാസമായിരുന്നു. പലപ്പോഴും പറയാതെ അവൻ പ്രണയം പറഞ്ഞിട്ടുണ്ട്. എല്ലാം അറിഞ്ഞിട്ടും അറിയാത്ത

പോലെയവൾ ഭാവിച്ചു.
“എന്തൊക്കെയോ എന്നിൽനിന്നും നീ മറച്ചു വെക്കുന്നു” എന്ന് പറഞ്ഞപ്പോഴൊക്കെ ഒന്നുമില്ലെന്ന മട്ടിൽ ഒഴിഞ്ഞു മാറി. ഈ വട്ടമെങ്കിലും നാട്ടിലെത്തിയാൽ അവനോടു പറയണം. ഒരുപക്ഷേ രോഗത്തെപ്പറ്റി പറഞ്ഞാൽ എന്നന്നേക്കുമായ് തന്നിൽ നിന്നും ശ്യാം അകന്നാൽ... വേണ്ട ഒന്നും അറിയേണ്ട. അല്ല താൻ ഒരു സ്വാർത്ഥയല്ലേ? ഏറ്റവും പ്രിയപ്പെട്ടൊരാളുടെ സൗഹൃദത്തിനു വേണ്ടി പരിമിതികൾ മറച്ചുവെക്കുന്നവൾ. പ്രതീക്ഷകളൊക്കെ ചെറിയ പ്രായത്തിൽ തന്നെ നഷ്ടപ്പെട്ടത് കൊണ്ട് തന്നെ ജീവിതത്തോട് അമിതമായ ഉത്കണ്ഠയോ ആശകളോ കൂടെയില്ല.
പക്ഷെ ആശുപത്രി വിടുന്ന ദിവസം ചേർത്ത് പിടിച്ച്, “നല്ല പ്രതീക്ഷയുണ്ട്. രോഗം പൂർണമായും ഭേദമാകും” എന്ന് മേഴ്സി ഡോക്ടർ പറയുമ്പോൾ ചിലപ്പോൾ ആഗ്രഹിച്ചിട്ടുണ്ട് സന്തോഷത്തോടെ കുറച്ച് കൂടി ദിനങ്ങൾ. അല്ലെങ്കിലും മരണത്തെ വല്ലാതെ സ്നേഹിക്കാനാർക്കാണ് കഴിയുക. അർബുദത്തെക്കാൾ ആഴത്തിൽ ഒറ്റപ്പെടലിന്റെ കോശങ്ങൾ സിരകളിൽ പടരുന്നത് അത്രയേറെ ഭയാനകതയാണ്. ട്രെയിൻ വീണ്ടും കുതിച്ചോടിക്കൊണ്ടിരിക്കയാണ്. തെളിഞ്ഞ ആകാശത്തെ നോക്കിയവൾ വെറുതെ ചിരിച്ചു .
‘എല്ലാം ഭേദമാകും പെട്ടെന്ന്’ ഉള്ളിൽ നിന്നാരോ തുടരെ മൊഴിയുന്നുണ്ട്. പാലത്തിനു മുകളിലൂടെ നിറഞ്ഞ പുഞ്ചിരിയോടെ ട്രെയിൻ കിതയ്ക്കുമ്പോൾ മുൻസീറ്റിലിരുന്ന അയാളുടെ ഗസലിന്റെ ഈണങ്ങൾ കാറ്റിലേക്കു പറക്കുന്നുണ്ട്. വൃദ്ധനായ മനുഷ്യൻ ഇപ്പോഴും വായനയിലാണ്. ഏതോ നിഗൂഢ സത്യത്തെ തേടി പുസ്തകത്തെ നെഞ്ചോടു ചേർത്ത് വെച്ചുകൊണ്ട്. ഗസൽ വീണ്ടും കാതുകളിലുടക്കുന്നു. തിരിഞ്ഞു നോക്കിയപ്പോൾ ആ സ്ത്രീ വീണ്ടുമൊരു ചെറുപുഞ്ചിരി സമ്മാനിച്ചു. കണ്ണുകളും കാതുകളും അടക്കിപ്പിടിച്ചു ഐഷ വീണ്ടും സ്റ്റേഷനുകളിൽനിന്നും ചിന്തകളിലേക്ക് താളം പിടിക്കുന്നു.

പി. സി. അഷറഫ്

# ഇരുട്ടിലേക്ക് തുറക്കുന്ന ജാലകങ്ങൾ

**ഗ്രാ**മം ഉണരുന്നതിന് വളരെ മുമ്പേ അവളുടെ ലോകം ഉണരുന്നു. പുരാതനമായ പള്ളിയുടെ ഇടിഞ്ഞുതുടങ്ങിയ മിനാരത്തിന്റെ മുകപ്പിലേറി മുക്രി മൊയ്‌ലാർച്ച സുബഹി ബാങ്ക് വിളിക്കുന്നതിന് വളരെ മുന്നേ അവൾ ഉണർന്നിരിക്കും. അവൾ പുറത്തെ ഇരുട്ടിലേക്ക് നോക്കിയിരുന്നു. പിന്നെ ജാലകങ്ങൾ വലിച്ചടച്ച് കൊളുത്തുകളിട്ടു. കുറേ കഴിഞ്ഞ് മൊയ്‌ലാർച്ചാന്റെ ബാങ്കുവിളി കേട്ടു.

പത്രക്കാരന്റെ സൈക്കിൾ മണിയൊച്ച കേട്ടു; പിന്നെ പാൽക്കാരന്റെ വണ്ടിയുടെ ശബ്ദം. മുണ്ട്യക്ക അടിച്ചുതളിക്കാൻ പോവുന്ന പാറുവിന്റെ ചെരുപ്പിടാത്ത കാലുകളുടെ മൃദുവൊച്ച കേട്ടു. തൊണ്ടയിലെ മുഴ കാണിക്കാൻ മോനേയും കൂട്ടി കങ്കനാടിയിലേക്ക് സൂപ്പർ പിടിക്കാൻ പോവുന്ന അഹമ്മദാജിയുടെ തുകൽ ബൂട്ടിന്റെ ധൃതിയൊച്ച കേട്ടു. ഇനിയൊരിക്കലും അത് കേൾക്കാൻ കഴിയില്ലെന്ന് പൊടുന്നനെ അവളിൽ തോന്നലുണ്ടായി. രണ്ടാഴ്ചയ്ക്കപ്പുറം ഗ്രാമത്തിലേക്ക് വരുന്ന ഒരു കറുത്ത മരണവണ്ടി അവൾക്ക് ദൃഷ്ടി ഗോചരമായി. പുറത്ത് പ്രകാശം പരക്കുന്നത് അവൾ അറിഞ്ഞു; ഗ്രാമത്തിന്റെ കിഴക്ക് ഒരു കോട്ട പോലെ അതിരിട്ട കുന്നുകളിൽ സൂര്യൻ ജ്വലിച്ചുയരുന്നതും. തെരുവ് ഉണരുകയായി. ക്രമേണ തെരുവ് ശബ്ദായമാനമായി.

ചെമ്മൺ പാതയിൽ കാലൊച്ചകൾ അനവരതം ഉയർന്നു...

ഇത് മൂസാജിയുടെ ലാടം കെട്ടിയ ഷൂസിന്റെ താളം. ബസാറിലെ പീടിക തുറക്കാൻ പോവുകയാണ്. ഇത് കള്ളുകുടിയൻ അമ്പാടിയുടെ ഇടറുന്ന കാലുകളുടെ പതിഞ്ഞ താളം. രാവിലെ തന്നെ കള്ളുഷാപ്പിലേക്ക് പോവുകയാണ്. ഇത് പാണ്ടിക്കാരൻ രാമന്റെ തെങ്ങുകൾ കയറിക്കയറി തഴമ്പിച്ച കാലുകളുടെ പരുക്കനൊച്ച. ഇത് വളക്കാരി പാറുവിന്റെ മൃദുപാദ പതനം... വെയിലിൻ ചൂട് കനത്തപ്പോൾ കാലൊച്ചകൾ കുറഞ്ഞുവന്നു. പതിയെ പതിയെ തെരുവ് നിശ്ശബ്ദമായി. പറങ്കിമാവിൻ തണലുകളിൽ നിന്നുയരുന്ന കുട്ടികളുടെ ആർപ്പുവിളികൾക്കുവേണ്ടി അവൾ ചെവി പാർത്തു.

ഇല്ല. പൂർണ്ണ നിശബ്ദത മാത്രം.
മടുപ്പിക്കുന്ന മൗനം ഒരു മഞ്ഞുപാളിയെ പോൽ തെരുവിൻ മുകളിൽ വീണുകിടന്നു.
അവളുടെ മനസ്സിൽ ഭൂതകാലത്തിന്റെ പാളികൾ അടർന്നു വീണു. അവിടെ കാലൊച്ചകൾ ഉയർന്നു...
കനമുള്ള കാലൊച്ച ഉപ്പയുടേതായിരുന്നു.
നടുക്കമുളവാക്കുന്ന കാലൊച്ച ഇടനാഴിയിൽ ഉയരുമ്പോൾ ഉമ്മ ഭയന്നു. ഉപ്പ ഒരിക്കലും ഉമ്മയോട് സൗമ്യത കാണിച്ചില്ല. പിന്നാമ്പുറത്തെ മുറിയിൽ ഉപ്പയുടെ കാലൊച്ചകൾ ശ്രവിച്ചിരുന്ന് ഉമ്മ ഞെട്ടി വിറച്ചു. പിന്നെയും കാലൊച്ചകൾ ഉയർന്നു. തന്റെ പതിനാലാം വയസ്സിൽ മൈലാഞ്ചി മണമുള്ള ഒരു പൂനിലാ രാത്രിയിൽ ഒരിക്കൽ മാത്രം കേട്ട കാലൊച്ച അവൾ കേട്ടു.
പെട്ടെന്ന് അവൾ ചെവി വട്ടം പിടിച്ചു. ഒട്ടും പരിചിതമല്ലാത്ത പാദ പതനം. അവൾ ജനൽ പാളിയുടെ ഓട്ട വട്ടത്തിലൂടെ തെരുവിലേക്ക് കണ്ണുകളെ പായിച്ചു.
വലിയൊരു ഇരുമ്പ് പെട്ടി തലയിലേറ്റി പ്രാഞ്ചി പ്രാഞ്ചി വരുന്ന കാലിൽ ആണിപ്പുണ്ണുള്ള ചുമട്ടുകാരൻ. പിന്നാലെ ഗമയിൽ താളാത്മകമായ ചവിട്ടടയോടെ വരുന്നയാൾ? ഒരു നിമിഷത്തിന്റെ പകപ്പിനുശേഷം അവൾക്ക് ആളെ മനസ്സിലായി. വർഷങ്ങൾക്ക് മുമ്പ് ഗ്രാമം വിട്ടു പോയ മാധവിയുടെ മോൻ. ഇന്ന് പട്ടാളക്കാരനായി തിരിച്ചു വരികയാണ്. പട്ടാളക്കാരന്റെ കാലൊച്ച അകന്നകന്ന് പോയപ്പോൾ അവൾ കണ്ണുകളെ തെരുവിൽ നിന്ന് പിൻവലിച്ചു.
നിശ്ശബ്ദതയ്ക്ക് കനം വെച്ചു. ഒരു മരണ ശാന്തത തെരുവിനെ വലയം ചെയ്തു.
ഒടുക്കം നിറഞ്ഞുനിന്ന ശാന്തതയെ ഭേദിച്ച് ഒരു കാലൊച്ച ഉയർന്നു. മൊയ്‌ലാർച്ച ഉച്ച ബാങ്കുവിളിക്ക് പള്ളിയിലേയ്ക്ക് പോവുകയാണ്.
ബാങ്കിന്റെ താളാത്മക ശബ്ദം തെരുവിന്റെ ആലസ്യത്തെ തോറ്റിയുണർത്തിയപ്പോൾ പെട്ടെന്ന് എന്തിനെന്നില്ലാതെ പാദപതനം ഒട്ടും കേൾപ്പിക്കാതെ വന്ന ഒരതിഥിയെ അവൾ ഓർത്തു.
എന്നായിരുന്നു അത്?
മാസങ്ങൾക്ക് മുമ്പാണ്... അതോ വർഷങ്ങൾക്ക് മുമ്പോ?
വാതം വന്ന് നീരുവെച്ച ദേഹവുമായി അകത്തെ മുറിയിൽ തഴപ്പായയിൽ ഉമ്മ കിടന്നു. കോച്ചിയ ചുണ്ടുകളിൽ സദാ വേദന പ്രതിഫലിച്ചിരുന്നു.
ഒരു രാത്രിയിൽ ഉമ്മയ്ക്ക് തീരെ വയ്യാതായി. ഉറക്കമിളിച്ച് അവൾ

കാത്തിരുന്നു. അവൾക്ക് ആ പാദപതനം കേൾക്കണമായിരുന്നു. പെട്ടെന്ന് പാദപതനം കേൾപ്പിക്കാതെ കടന്നുവന്നയാൾ ഉമ്മയുടെ ദേഹത്തെ സ്പർശിച്ചത് അവളറിഞ്ഞു.

പാദങ്ങളിൽ തൂവൽ സ്പർശമുള്ള ആ അതിഥിയെ അവൾ എന്തെന്നില്ലാതെ സ്നേഹിച്ചുപോയി...

നട്ടുച്ചയുടെ ആലസ്യം അവളുടെ കണ്ണുകളിൽ കനച്ചു.

ഉച്ചച്ചൂട് മേൽപുരയിൽ നിന്നും താഴേക്ക് കിനിഞ്ഞിറങ്ങി.

നിശ്ശബ്ദതയുടെ കയങ്ങളിൽ അവൾ കാലൊച്ചകൾക്കായി കാതോർത്തു. പാദപതനമില്ലാത്തവനെ അവൾ ഉച്ചയക്കത്തിന്റെ ആലസ്യത്തിൽ കൺപോളകൾ ഒന്നടഞ്ഞപ്പോൾ ഒരു ഞൊടിയിട കണ്ടു.

ചൂട് കുറഞ്ഞുവന്നു. സൂര്യൻ അസ്തമിക്കാൻ തുടങ്ങുകയായി. തെരുവിൽ വീണ്ടും കാലൊച്ചകൾ ഉയർന്നു. വീടണയുന്നവരുടെ കാലൊച്ചകളിൽ അവളുടെ നിശബ്ദത മരിച്ചു. തിടുക്കം പുണ്ടവരുടെ കാലൊച്ചകൾ അകന്നുപോവാൻ തുടങ്ങി.

വീണ്ടും മൂകത പരന്നു തുടങ്ങി.

മുണ്ട്യക്ക തിരിവെച്ചുവരുന്ന അന്തിതിരിയന്റേയും ഇശാ നിസ്കാരം കഴിഞ്ഞ് പാനീസ് വിളക്കും തൂക്കി വീട്ടിലേക്ക് മടങ്ങുന്ന മൊയ്ലാർച്ചയുടേയും കാലൊച്ചകൾ അകന്നുപോയതോടെ നിശ്ശബ്ദത പൂർണ്ണമായി.

പുറത്തെ ഇരുട്ടിലേക്ക് അവൾ ജാലകങ്ങൾ തുറന്നിട്ടു.

## ഹാരിഫ് പാട്ടില്ലത്ത്

# അപരൻ

നനുത്ത മഴ പെയ്യുന്ന ഒരു സായാഹ്നമായിരുന്നു അത്. സൂര്യനെ കനത്തമേഘങ്ങൾ അതിന്റെ ചിറകിന്നടിയിൽ ഒളിപ്പിച്ചിരുന്നു. ശീതക്കാറ്റ് ഓട്ടോറിക്ഷയുടെ ദുർബലമായ മറയെ പിടിച്ചുകുലുക്കി അനായാസം ഉള്ളിലേക്ക് വീശിക്കൊണ്ടിരുന്നു. റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ അവിടം ഏതാണ്ട് വിജനം തന്നെയായിരുന്നു. ടിക്കറ്റ് കൗണ്ടറിൽ ഒന്നുരണ്ടുപേരുണ്ടായിരുന്നു. ടിക്കറ്റെടുത്ത് അടുത്ത പ്ലാറ്റ് ഫോമിലേക്ക് നടക്കുമ്പോഴേക്കും മഴ അതിന്റെ സകല രൗദ്ര ഭാവത്തോടും ആർത്തലച്ച് പെയ്യാൻ തുടങ്ങിയിരുന്നു. അപ്പോഴേക്കും ട്രെയിൻ വെള്ളത്തുള്ളികളെ മൂർച്ചയേറിയ വെള്ളി വാളുകൊണ്ട് വെട്ടിമാറ്റിയെന്നോണം പ്ലാറ്റ് ഫോമിൽ കുതിച്ചുവന്ന് നങ്കൂരമിട്ടു. ആദ്യം ഒരപരിചിതത്വമാണ് തോന്നിയത്. ഇത് തന്നെയാണോ? കറുത്ത ചായം പൂശിയ ബോഗികൾ വല്ലാത്ത അസ്വസ്ഥത സൃഷ്ടിച്ചു. പക്ഷെ സംശയിക്കാനില്ലായിരുന്നു. ആ സമയത്ത് മറ്റൊരു യാത്രാവണ്ടി ഉൾനാട്ടിലെ ആ സ്റ്റേഷനിൽ നിൽക്കാനില്ലായിരുന്നു. റിസർവ്വേഷൻ ഇല്ലായിരുന്നു. അതിനൊന്നും സമയം കിട്ടിയിരുന്നില്ല. അങ്ങനെ തിടുക്കപ്പെട്ട് ഇറങ്ങിപ്പുറപ്പെടുകയായിരുന്നല്ലോ. ജനറൽ കമ്പാർട്ടുമെന്റിൽ ഒട്ടും തിരക്കനുഭവപ്പെട്ടില്ല. എന്നും യാത്രകളിൽ ഇരിക്കാൻ ഇഷ്ടപ്പെട്ട ജനാലയ്ക്കരികിൽ തന്നെ സീറ്റ് കിട്ടി.

അപ്പോഴേക്കും മഴ നിന്നിരുന്നു. ഇളം തണുത്ത കാറ്റ് എന്നെ നോക്കി പുഞ്ചിരിക്കുന്ന പോലെ തോന്നി. പോകെപ്പോകെ കമ്പാർട്ടുമെന്റിൽ തിരക്ക് കൂടിക്കൂടി വന്നു. ട്രെയിനിലുണ്ടായത് ഭൂരിഭാഗവും ജോലി കഴിഞ്ഞ് മടങ്ങുന്ന ആൾക്കാരാണെന്ന് തോന്നുന്നു. അങ്ങനെയാണെങ്കിൽ കണ്ണൂരെത്തിയാൽ ട്രെയിൻ കാലിയാകും. മനസ് പറഞ്ഞത് പോലെ തന്നെ സംഭവിച്ചു. പക്ഷെ ഇറങ്ങിയവരേക്കാൾ ഇരട്ടിയിലധികം ആൾക്കാർ കണ്ണൂരിൽനിന്നും ഇരച്ചു കയറുകയായിരുന്നു. അപ്പോഴേക്കും നല്ല മഴയും പെയ്യാൻ തുടങ്ങി. ഞാൻ വിൻഡോയുടെ ഷട്ടറിട്ടു.

എല്ലാം പെട്ടെന്നായിരുന്നു. കമ്പാർട്ട്മെന്റ് ഫുൾ. കാലും നീട്ടി ചാരിയിരുന്ന ഞാൻ തിരക്കിക്കയറിയവരുടെ ഉന്ത് കൊണ്ട് ഒതുങ്ങി ഇരിക്കേണ്ടി വന്നു.

ട്രെയിൻ പതുക്കെ മുന്നോട്ട് നീങ്ങാൻ തുടങ്ങിയപ്പോഴാണ് ഒരു കയ്യിൽ വലിയ സഞ്ചിയും മറുകയ്യിൽ പകുതി അടച്ച വെള്ളമിറ്റു വീഴുന്ന കുടയുമായി ഒരു സ്ത്രീ നടക്കാൻ കഷ്ടപ്പെട്ട് നടന്ന് വന്നത്. ആ സ്ത്രീ ഒരു സീറ്റിനുവേണ്ടി നിന്ന നിൽപ്പിൽ മുഴുവനായൊന്ന് നോക്കി. ഒരിടത്തിനുവേണ്ടി കാരുണ്യം പ്രതീക്ഷിച്ചുള്ള നോട്ടമായിരുന്നു അത്.

സീറ്റിലിരിക്കുന്ന ഓരോരുത്തരുടെയും മുഖത്തേക്ക് ഞാനൊന്ന് കണ്ണോടിച്ചു. പക്ഷെ തിങ്ങിയിരുന്നിരുന്ന ഓരോ മുഖങ്ങളും അനുകമ്പയുടെ ഒരിറ്റുപോലും കാണാൻ കഴിയാത്ത വിധത്തിലുള്ളതായിരുന്നു.

മനുഷ്യത്വം മരവിച്ച് പോയ ആൾക്കൂട്ടത്തിനിടയിൽനിന്നും വേറിട്ട് നിൽക്കണമെന്ന ബോധോധയം മനസിൽ തെളിഞ്ഞപ്പോഴാണ് ഞാൻ ആ കാഴ്ച്ച കണ്ടത്. പകുതി മാത്രം അടച്ചിരുന്ന കുട മുഴുവനായി അടച്ച് കൊടുത്ത്, കയ്യിലുണ്ടായ സഞ്ചി വാങ്ങി, ലഗേജ് ഏരിയയിൽ വെച്ച് കൊടുക്കുന്ന ഒരു യുവാവ്. എന്നേക്കാൾ മുന്നേ ബോധോധയം വന്ന ഒരുത്തൻ. കണ്ടാൽ എന്റെ അത്ര തന്നെ വലിപ്പവും പ്രായവുമുള്ള ഒരുത്തൻ. താനിരുന്നിരുന്ന സീറ്റ് ആ സ്ത്രീക്കുവേണ്ടി ഒഴിഞ്ഞ് കൊടുത്ത് കൊണ്ട് അവൻ വാതിലിനടുത്തേക്ക് നീങ്ങി. ഒരു പക്ഷെ ആ സ്ത്രീയുടെ മുഖത്ത് വിരിഞ്ഞ സന്തോഷവും പ്രാർത്ഥനയും മതിയായിരിക്കും അവന്റെ സകല പാപങ്ങളും ഇല്ലാതാവാൻ. അപ്പോഴും എന്റെയടുത്തിരുന്ന ചിലർ പരസ്പരം പറയുന്നുണ്ടായിരുന്നു, പൊട്ടൻ ചെക്കനെന്ന്.

ഞാനവനെ നോക്കിയപ്പോൾ വാതിലിനടുത്ത് നിന്ന് പുറത്തേക്ക് നോക്കി അവനങ്ങനെ നിൽക്കുകയാണ്. അറിയാതെ എന്റെ മനസ്സ് മന്ത്രിച്ചു. പടച്ചോനെ ഇവനെന്നും ഇതുപോലെ പൊട്ടനായിരുന്നെങ്കിൽ. എന്നെപ്പോലെ. ഇവിടെ ഇരിക്കുന്നവരെപ്പോലെ. ജീവിക്കാൻ പഠിക്കാതിരുന്നെങ്കിൽ.

വിൻഡോ ഷട്ടർ തുറന്നപ്പോൾ മഴ നിന്നിരുന്നു.

വീണ്ടും ഇളം തണുപ്പോട് കൂടിയ കാറ്റ്. ഈ ഇളം കാറ്റ് എനിക്കുള്ളത് തന്നെയായിരുന്നോ ?

കെ വി ശശിധരൻ

# സ്നേഹവർഷം

രാവിലെത്തന്നെ ഒരു യാത്രയ്ക്കുള്ള ഒരുക്കത്തിലായിരുന്നു ഞാൻ. അടുത്ത പഞ്ചായത്തിൽ പാലിയേറ്റീവിന്റെ നേതൃത്വത്തിൽ നടക്കുന്ന സ്നേഹ സംഗമത്തിൽ പങ്കെടുക്കാൻ എനിക്കും ക്ഷണം ലഭിച്ചിരുന്നു. പത്തുമണിയോടുകൂടി എനിക്ക് പോവാനുള്ള വാഹനമെത്തി. ഡ്രൈവറും നഴ്സും ഭാര്യയും കൂടി എന്നെ വാഹന ത്തിലേക്ക് കയറ്റി. അതിൽ പ്രായം ചെന്ന സ്ത്രീയും നടക്കാനാവാത്ത യുവതിയും ഉണ്ടായിരുന്നു. ഒരുപാടുനാളത്തെ കിടപ്പുജീവിതത്തിൽ നിന്നും മോചനം. അതായിരുന്നു എനിക്കായാത്ര. പുറം കാഴ്ചകളി ലേക്ക് മിഴികളൂന്നിയപ്പോൾ പഴയ ഓർമ്മകളിലേക്ക് മനസ്സ് പാഞ്ഞെത്തി. ഈ വഴികളിലൂടെയാണല്ലോ ഞാൻ മുമ്പൊക്കെ വന്നു പോകാറ്. ചിലപ്പോഴൊക്കെ ഒരു വാഹനത്തിലും കയറാതെനടന്നു വന്ന വഴികൾ! പരിചയക്കാരോട് കുശലം പറഞ്ഞുകൊണ്ട്, വഴിയിലെ ഓരോരോ ചെടികളെ ശ്രദ്ധിച്ചുകൊണ്ടുള്ള നടത്തം അത്രമേൽ ഇഷ്ടമായിരുന്നു. പക്ഷെ, തെങ്ങിൽ നിന്നുള്ള ആ വീഴ്ച എല്ലാം അവസാനിപ്പിച്ചു. എത്രകാലമായി അരയ്ക്കുതാഴെ തളർന്നു കിടക്കുന്നു. ഒരിക്കലും പുറം ലോകം കാണാൻ കഴിയുമെന്ന് കരു തിയതല്ല.

ചിന്തകൾക്ക് വിരാമം തന്ന് വാഹനം കായലോരത്തുള്ള റിസോർട്ടിനു സമീപം എത്തിച്ചേർന്നു. അവിടെ മൂന്നുനാല് വാഹനങ്ങൾ പാർക്ക് ചെയ്തിട്ടുണ്ടായിരുന്നു. വേറെയും വാഹനങ്ങൾ വന്നുകൊണ്ടിരുന്നു.

“നേരത്തെ തന്നെ എത്തിച്ചേർന്നു, അല്ലെ”

ആദരവോടെ എന്റടുത്തേക്ക് വന്ന സിസ്റ്റർമാർ പറഞ്ഞു. അവർ ക്കുള്ള മറുപടി ഞാൻ പുഞ്ചിരിയിൽ ഒതുക്കി. വാഹനത്തിൽ നിന്നി റങ്ങാൻ വളണ്ടിയർമാരും സഹായത്തിനെത്തി. ശേഷം അവരെന്നെ റിസോർട്ടിന്നകത്തുകൂടി പടിഞ്ഞാറുഭാഗത്തുള്ള വിസ്താരമായി നീണ്ടുകിടക്കുന്ന വരാന്തയിലെത്തിച്ചു. അവിടെ എന്നെ പോലുള്ള ഒരുപാട് പേരുണ്ടായിരുന്നു. വരാന്തയോട് ചേർന്ന് കായലിലായിരുന്നു സ്റ്റേജ് ഒരുക്കിയിരുന്നത്. കൂടെ വന്നവരും സിസ്റ്റർമാരും മറ്റുള്ളവരും സ്റ്റേജിനുമുൻപിലായി ഇരിപ്പുറപ്പിച്ചു.

വേദി ഉണർന്നു. പ്രസംഗിച്ചുതുടങ്ങിയ ഒരു ജനപ്രതിനിധി,
"എന്തുതിരക്കുണ്ടായാലും ഇത്തരം സാന്ത്വന പരിപാടികൾ ഞാൻ ഒഴിവാക്കാറില്ല'' എന്നുപറഞ്ഞത് എന്നെപ്പോലെയുള്ളവർക്ക് ആശ്വാസം നൽകുന്നതായിരുന്നു. അദ്ദേഹം അനുഗൃഹീതമായ ശബ്ദത്തിൽ ഒരു പാട്ട് കൂടി പാടിയപ്പോൾ അത് നല്ലൊരനുഭവം കൂടിയായി. അതിനിടയിൽ വളണ്ടിയർമാരായ കുട്ടികൾ വന്ന് പരിചയപ്പെട്ടു. അവിടെയുള്ള പോളിടെക്നിക് വിദ്യാർത്ഥികളായിരുന്നു അവർ. രണ്ടുപേർ പോയി എനിക്ക് കുടിക്കാനുള്ള വെള്ളം കൊണ്ടുതന്നു. സിസ്റ്റർമാരും സുഹൃത്തുക്കളുമൊക്കെ സൗഹൃദം പുതുക്കാനെത്തി. ജനപ്രതിനിധികളും കലാമേഖലയിലുള്ളവരും എന്നോട് സ്നേഹാന്വേഷണം നടത്തി. എന്റടുത്ത് കുസൃതിത്വം ഇനിയും കണ്ണിൽ നിന്ന് മായാത്ത ഒരു പെൺകുട്ടി വന്നിരുന്നു. വളണ്ടിയറാണ്.
"നിങ്ങൾക്കെന്താണ് വേണ്ടത്? ചായ എടുക്കട്ടെ?"
അവളുടെ വാക്കുകളിൽ സ്നേഹം നിറഞ്ഞിരുന്നു.
"ഒന്നും വേണ്ട. ഇപ്പോൾ നിന്റെ കൂട്ടുകാരോട് വെള്ളം വാങ്ങി കുടിച്ചതേയുള്ളു".
ഞാൻ സംസാരം തുടർന്നു,
"നിനക്കാരോടാണ് കൂടുതൽ ബഹുമാനം ?"
"അമ്മയോട് "
"ശരിയാണ് മോളെ, നമ്മെ നാമാക്കിയത് അമ്മയുടെ മുലപ്പാലാണ്"
ഞാൻ അടുത്ത ചോദ്യത്തിലേക്ക് കടന്നു,
"ഏറ്റവും വിലപിടിപ്പുള്ളത് എന്തിനാണ്?"
"സ്നേഹം"
"ഉത്തരം ശരിയല്ലല്ലൊ മോളെ"
"എങ്കിൽ ഉത്തരം പറ, വേഗം പറ". അവൾ ധൃതി കൂട്ടി.
ഞാൻ ഉത്തരം പറഞ്ഞു,"സമയം"
അവളും സമ്മതിച്ചു.
വായനാപ്രേമിയായ തനിക്ക് ഹൊററർ പുസ്തകങ്ങളോടാണ് കൂടുതൽ താൽപര്യം എന്നു പറഞ്ഞപ്പോൾ അവളും അതിനോട് യോജിച്ചു.
"ഞാനെന്താ ഇങ്ങനെ മെലിഞ്ഞിരിക്കുന്നത്?
തടിക്കാനെന്താ വേണ്ടത് ?" കുസൃതിച്ചിരിയോടെ അവൾ ചോദിച്ചു.
"ഈ സമയം നിങ്ങൾക്കൊക്കെ പഠിക്കാനേറെ കാണും. ടെൻഷൻ ഒഴിവാക്കി നന്നായി പഠിക്കുക. നല്ല മാർക്കു വാങ്ങി വിജയിക്കാൻ നോക്കുക. തടിയൊക്കെ താനേ വന്നുകൊള്ളും".
ഞാനവളെ ആശ്വസിപ്പിച്ചു.

വേദിയിൽ പ്രസംഗം കഴിഞ്ഞ് കലാപരിപാടികൾ നടക്കുകയായിരുന്നു.
“നീ പോകുന്നില്ലെ, നിന്റെ കൂട്ടുകാരല്ലേ സംഘഗാനംപാടുന്നത്”. ഞാൻ അവളോട് ചോദിച്ചു.
“ഓ, എനിക്ക് മടിയാ” അവൾ പോകാൻ താൽപര്യം കാണിച്ചില്ല.
കുട്ടികൾ എനിക്ക് ചായയും പലഹാരവുമായി വന്നു.
എന്റടുത്തായി ഡോറും ചാരി നിൽക്കുകയായിരുന്നു അവൾ.
‘‘എന്നെഓർമ്മിക്കണേ’’ അവളുടെ ആ വാക്കിലും ആർദ്രതയുണ്ടായിരുന്നു.
“മറക്കില്ല മോളെ, നിന്നെയും നിന്റെ കൂട്ടുകാരെയും” എന്റെ മറുപടി കേട്ടപ്പോൾ അവളുടെ മുഖം ഒന്നുകൂടി തെളിഞ്ഞു.
ദൂരെ നിന്നും മറ്റുകുട്ടികളും എന്റെയരികിലേക്ക് ഓടിയെത്തി.
‘‘നിങ്ങൾ കവിതയെഴുതാറില്ലെ? എന്നെക്കുറിച്ചെഴുതിക്കൂടെ’’ അതിലൊരാളുടെ വാചാലത എനിക്കിഷ്ടപ്പെട്ടു.
“എഴുതാം, പക്ഷെ നിന്നെക്കാണാതെ എങ്ങനെയാണ് എഴുതുക”
“ഇതാ ഈ മുഖത്ത് സൂക്ഷിച്ചു നോക്കിയേ. ഈ രണ്ട് ഉണ്ടക്കണ്ണ് കാണുന്നില്ലെ? ഇപ്പോൾ എന്റെ മുഖം ഓർമ്മ കിട്ടില്ലെ?”
ആ നർമ്മ ഭാഷണത്തോട് എനിക്ക് താൽപര്യം തോന്നി. ഞാനവളെ നോക്കി യഥാർത്ഥ വസ്തുത പറഞ്ഞു,
“ഉണ്ടക്കണ്ണിയൊന്നുമല്ല. നീ ചിപ്പിയെപ്പോലെയാണ്” അതവൾക്ക് മനസ്സിലായില്ല.
“മോനിഷയെ പോലെ” എന്നു പറഞ്ഞപ്പോൾ
“അതാരാ” എന്നായി. നീ വലുതായാൽ, കല്യാണമൊക്കെ കഴിഞ്ഞാൽ നിന്റെ ഹസ്ബെന്റ് പറഞ്ഞുതരും എന്നു പറഞ്ഞ് ഞാൻ സംഭാഷണം അവസാനിപ്പിച്ചു. ആ സമയം ഡ്രൈവറും മറ്റുള്ളവരും എത്തിച്ചേർന്നു. വാഹനം പുറപ്പെടാൻ തുടങ്ങിയപ്പോൾ കുട്ടികളെല്ലാം സന്തോഷത്തോടെ യാത്രയാക്കി. മടക്ക യാത്രയിൽ പുറം കാഴ്ചകളൊന്നും ഞാൻ കണ്ടില്ല. ആ മനോഹരമായ കായലോരവും അവിടെ കളിചിരിയിലേർപ്പെട്ട് സ്വതന്ത്രമായി വിഹരിക്കുന്ന കൗമാരക്കാരുമായിരുന്നു കണ്ണുനിറയെ. ജീവിതത്തിന്റെ ഉല്ലാസവും ലഹരിയും. എന്തിനെന്നില്ലാതെ മനസ്സ് തേങ്ങിക്കൊണ്ടിരുന്നു.

സജിത്ത് സി. പടന്ന

# ന്യൂജൻ കാക്കകൾ

മലബാർ പതിവ്പോലെത്തന്നെയായിരുന്നു. പൂരപ്പറമ്പ് തന്നെ. സ്ലീപ്പർ ഒഴിവായിക്കിട്ടണമെങ്കിൽ വർക്കല കഴിയണം. സ്റ്റേഷൻ ബുക്ക് സ്റ്റാളിൽനിന്ന് വാങ്ങിയ ഒരു കഥാസമാഹാരം ബാഗിലുണ്ട്. പുറത്തെടുത്തിട്ട് കാര്യമില്ല. നിവർത്താനുള്ള ഇടമില്ല. പുതിയ കഥാകാരനാണ്. കവർച്ചിത്രമാണ് ആകർഷിച്ചത്. കറുത്ത മൺകുടത്തിന്നുമിതെ വട്ടമിട്ടുപറക്കുന്ന വെളുത്ത കാക്കകൾ! കുമാരേട്ടനെ വീണ്ടും ഓർമ്മവന്നു. നടുത്തളത്തിൽ വെള്ളപുതച്ചുകിടക്കുകയായിരിക്കും. ഇങ്ങോട്ടുവരുന്നേരവും കണ്ടതാ. തിരിച്ചുവന്നാൽ അത്രേടം വരെ വരണമെന്നും കാര്യപ്പെട്ട ഒരു സംഗതി പറയാനുണ്ടെന്ന് പറഞ്ഞിരുന്നു. ധൃതിയില്ല, കേട്ടിട്ട് പോവാമെന്ന് പറഞ്ഞിട്ട് സമ്മതിച്ചില്ല. കുമാരേട്ടൻ അങ്ങനെയായിരുന്നു. അങ്ങനെയൊന്നും ആരോടും പറയില്ല. തുറന്ന് സംസാരിക്കുന്നത് എന്നോട് മാത്രമാണെന്നാണ് അമ്മ പറയാറ്.

വർക്കലയായെന്ന് തോന്നുന്നു. തിരക്ക് ഏതാണ്ട് പെയ്തൊഴിഞ്ഞ മട്ടുണ്ട്. ഇനി കിടക്കാം. വായനയൊന്നും നടക്കില്ല. ബെർത്തിൽക്കയറി കണ്ണടച്ചുകിടന്നു. ഉറക്കം വന്നില്ല. ഫെസ്റ്റിവലിൽ കണ്ട ചില സിനിമകൾ നിനവിൽവന്നുകൊണ്ടിരുന്നു. എന്താണെന്നറിയില്ല ഇപ്രാവശ്യം കണ്ട സിനിമകളിലേറിയതിന്റേയും പ്രമേയം മരണവും ഏകാന്തതയും ഒറ്റപ്പെടലും. അങ്ങനയങ്ങനെ ജീവിതത്തിന്റെ ഇരുണ്ട മൂലകളായിരുന്നു. റഷ്യയിൽനിന്നുള്ള ഒരു സിനിമ വിചിത്രമായിട്ടു തോന്നി. വളരെ ഒറ്റപ്പെട്ടതും വിജനവുമായ മലഞ്ചെരുവിലെ ഒരു ഗ്രാമത്തിൽ യുവതിയായ ഭാര്യയുടെ മരണത്തോടെയാണ് കഥ തുടങ്ങുന്നത്. പുറത്ത് മഞ്ഞുറയുന്നുണ്ട്. ഭർത്താവ് വീട്പൂട്ടി പട്ടണത്തിലെ ഫാക്ടറിയിലേക്ക് പോവുന്നു. അവിടെ തന്റേയും ഭാര്യയുടേയും സുഹൃത്ത് ജോലിചെയ്യുന്നുണ്ട്. ഭർത്താവ് സുഹൃത്തുമായി തിരിച്ചുവന്ന് വീട് തുറന്ന് ശവത്തെ അന്ത്യകർമ്മങ്ങൾക്കൊരുക്കുന്നു. ശവം കുളിപ്പിച്ച് അണിയിച്ചൊരുക്കി ശവമടക്കുവരെ വളരെ വിശദമാണ് സിനിമ. അല്ലെങ്കിൽ അതുമാത്രമേയുള്ളു എന്നും പറയാം. തണുത്ത ശവക്കച്ചപോലൊരനുഭവമാണ്

അതിന്റെ കാഴ്ച നൽകിയത്. എങ്ങോട്ടുനോക്കിയാലും ഉറഞ്ഞ മഞ്ഞുമാത്രം കാണുന്ന ആ സിനിമയിലെ പ്രകൃതി എത്രകുടഞ്ഞു കളഞ്ഞിട്ടും മനസ്സിൽ നിന്നുപോകുന്നില്ല.

മഞ്ഞും സിനിമയും കുമാരേട്ടനും എല്ലാം മനസ്സിൽ കുഴഞ്ഞു കിടന്നതുകൊണ്ടാകാം തീവണ്ടി ബർത്തിൽ വിചിത്രമായ സ്വപ്നം ഉണ്ടായി. മഞ്ഞിലൂടെ നിലവിളിച്ചുപായുന്ന ഒരാൾ. നിലവിളിയല്ല, ആർത്തനാദം തന്നെ. പിന്നാലെ ഓടിച്ചെന്ന് ഞാൻ അയാളെ പിടിച്ചു നിർത്തി. കുമാരേട്ടൻ! കടവായിൽ നിന്ന് രക്തം ഒഴുക്കിക്കൊണ്ട് നിന്ന് കിതയ്ക്കുന്നു ! ഞെട്ടിയെണീറ്റു. പിന്നെ ഉറക്കം കിട്ടിയില്ല. വണ്ടി ഷൊർണ്ണൂരെത്തിയതേയുള്ളു. പുലർക്കാല മഞ്ഞിൽ തീവണ്ടി ഏറെ നേരം സ്റ്റേഷനിൽ നിന്നുകിതച്ചു. പലതരം ഉറക്കങ്ങളിൽ പ്ലാറ്റ്ഫോം വലിയൊരു ആട്ടുത്തൊട്ടിൽ പോലെ തോന്നി. അരമണിക്കൂറെടുത്തു മലബാറിന്ന് വീണ്ടും അനക്കം വെക്കാൻ. വീണ്ടും ഉറക്കത്തിന്റെ കൊച്ചുകൊച്ചുതുരുത്തുകൾ, ഞരങ്ങിയും മൂളിയുമുള്ള മലബാർ പോലെ. ഒടുക്കം ചെറുവത്തൂരിൽ വണ്ടിയിറങ്ങിയപ്പോൾ സമയം പത്തു മണി. മലബാറിന് ഒരു മാറ്റവുമില്ല. മൂന്നുമണിക്കൂർ ലേറ്റ്. കുമാരേട്ടന്റെ വീട്ടീൽ ഓട്ടോയിറങ്ങുമ്പോൾ തന്നെ മനസ്സിലായി. സംസ്കാരം കഴിഞ്ഞു. കാവുതീയ്യൻ രാജേട്ടൻ ബലിയിടുന്നതിന് വേണ്ട നിർദേശം കൊടുക്കുന്നുണ്ട്.

“നീ എന്താ വൈകിയത്... ഏഴുമണിക്കന്നെ എടുത്തു... ഇന്നലെ മരിച്ചതല്ലേ”

മലബാറിനാ വന്നതെന്നുമാത്രം ഉത്തരം പറഞ്ഞു.

ബലിയിടൽ കഴിഞ്ഞ് കാക്കയ്ക്ക് കൊടുക്കാനായി നീക്കിവെച്ചു. എല്ലാവരും ഒരു ഓരത്തേക്കായി നീങ്ങി. കാതീയ്യൻ മൂന്ന് പ്രാവശ്യം കൈ കൊട്ടി കാക്കയെ വിളിക്കാനുള്ള നിർദേശം കൊടുത്തു.

ഒരു ഭാഗത്തേക്ക് മാറി നിന്നു.

എല്ലാവരും നിശബ്ദതയിലാണ്.

ഇപ്പോൾ കാക്കവരും... വരുമോ? കുറച്ച് സമയം കഴിഞ്ഞു.

“ബാലകൃഷ്ണാ, ഇനി കാക്കയൊന്നും വരൂല. എല്ലാരും ഇങ്ങോട്ട് വാ” അമ്പുവേട്ടൻ വിളിച്ചു പറഞ്ഞു,

“മക്കളെ, നാളേം കൂടി നോക്കാം. നാളേം കാക്കയെടുത്തില്ലേൽ ശ്മശാന കമ്മിറ്റിക്കാരോടപ്പം ഞാൻ പിലിക്കോട് കണിയാന്റടുത്ത് പോകാം”

ആൾക്കൂട്ടത്തിൽ നിന്ന് പലവിധ സംസാരം കേൾക്കാം...

ശരിക്കും മുണ്ട് കെട്ടണ്ടത് ബാലകൃഷ്ണനല്ല. ഓനാക്കാട്ടും മൂത്തത്

രാഘവനല്ലേ. പിന്നെങ്ങനെ കാക്കയെടുക്കല്.
അത് മാത്രല്ല, മുന്നാഴി കുത്തിയതാരാ.
അത് നോക്കണ്ടേ. ബലിയിടണ്ട പലരും മാറി നിന്നു.
എങ്ങനാ... ഇന്ന് ബലിയിട്ടാ മൂന്നീസം ഈട... നിക്കണ്ടേ?
പിന്നെങ്ങനാ കാക്കയെടുക്കല്...
“വീട്ടിൽ പോയി കുളിച്ചിട്ട് വരാം...”
“ഞാനും വരുന്നെടാ...”
സുമേഷിനേയും കൂട്ടി പുഴക്കരയിലെ വീട്ടിലേക്ക് നടന്നു, കുമാരേട്ടന്റെ വിശേഷങ്ങൾ പറഞ്ഞ്.
പുഴയിലെ അറവ് മാലിന്യങ്ങളും ഫാസ്റ്റ്ഫുഡ് വേസ്റ്റും കാക്കകൾ കൂട്ടമായി കൊത്തിവലിക്കുന്നത് കാണാമായിരുന്നു.

## സബൂറ മിയാനത്ത്

# ഒലി

അവസാനത്തെ കൂട്ടുകാരിയും ആശംസകളർപ്പിച്ചു വിടപറഞ്ഞപ്പോൾ ദീർഘമായൊന്നു നിശ്വസിച്ചു. എത്രനേരമായി ഈ അഭിനയം തുടങ്ങിയിട്ട്. മുറിയുടെ ഒരുവശത്ത് ആശംസാകാർഡുകളും സമ്മാനപ്പൊതികളും കൂട്ടിയിട്ടിരിക്കുന്നു. ഒന്നും തുറന്നു നോക്കാൻ തോന്നിയില്ല. വൈകുന്നേരം മുതൽ കൂട്ടുകാരുടെയും കൂട്ടുകുടുംബാദികളുടേയും തിരക്കായിരുന്നു. എല്ലാവർക്കും പുതുപെണ്ണിനെ കാണണം, കളിവാക്കുകൾ പറയണം, മൈലാഞ്ചിയിടണം. അങ്ങനെയങ്ങനെയെന്തെല്ലാം. എല്ലാത്തിനും ഒരു യന്ത്രപ്പാവയെപോലെ നിന്നുകൊടുത്തു. എന്തോ, മനസ്സ് എങ്ങോ കൈവിട്ട് പോയിരുന്നു. തന്റേതായ സ്വപ്നങ്ങളും മോഹങ്ങളും ഇന്നോ ഇന്നലെയോ കൊഴിഞ്ഞതല്ലല്ലോ..

സ്കൂൾ ഫൈനൽ കഴിഞ്ഞപ്പോൾ തന്നെ എന്റെ മോഹങ്ങളും പൊലിഞ്ഞു. അർഹിക്കാഞ്ഞിട്ടും വെറുതെ ആശിച്ചു, എനിക്കെങ്കിലും ഈ ശാപത്തിൽ നിന്ന് മോചനം കിട്ടിയെങ്കിൽ... പക്ഷെ, എല്ലാം വെറുതെയായിരുന്നു. പഠിക്കാൻ സാമാന്യം കഴിവുണ്ടായിട്ടും വീട്ടിൽ കുത്തിയിരിക്കാനായിരുന്നു എന്റെയും വിധി. വിധിയാലുള്ളത് തൂത്താൽ പോകുമോ ? വസ്ത്രധാരണത്തിലും സംസാരശൈലിയിലും മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നു ഈ ഗ്രാമത്തിന്റെ പുരോഗതി. പഴയ ഗ്രാമത്തിന്റെ സ്ഥാനത്ത് വികസനത്തിലേക്ക് കുതിക്കുന്ന ഒരു പട്ടണമാണുള്ളത്. എന്നിട്ടും...!

റിസൾട്ടറിഞ്ഞശേഷം പ്രതീക്ഷയോടെ ബാപ്പാന്റെ ഇംഗിതം കാത്തിരുന്നു. ബാപ്പാന്റെ സമ്മതമില്ലാതെ ഒരു അപേക്ഷപോലും അയയ്ക്കാൻ പറ്റില്ല. കാത്തുകാത്തിരിക്കെ കടലിനക്കരെനിന്നും ബാപ്പാന്റെ ഓർഡർ കിട്ടി.

"ഇനി മോൾ വീട്ടിൽ അടങ്ങിയൊതുങ്ങി കഴിഞ്ഞാ മതി. നീ കോളേജിപ്പോയി ഉദ്യോഗം നേടേണ്ട ഗതികേടൊന്നും നമ്മടെ കുടുംബത്തിന് പടച്ചോൻ വരുത്തീട്ടില്യ"

സാക്ഷരതായജ്ഞം അനുഗ്രഹിച്ച ബാപ്പാന്റെ കൈപ്പടയിൽ കൂടി കണ്ണോടിച്ചപ്പോൾ തകർന്നടിഞ്ഞത് ഒരുപാട് മോഹങ്ങളായിരുന്നു.

ഉദ്യോഗസ്ഥയാവണമെന്നില്ലായിരുന്നു, കുറഞ്ഞത് പ്രീഡിഗ്രി വരെയെങ്കിലും പഠിക്കാൻ കഴിഞ്ഞെങ്കിൽ... ഉമ്മാക്കും ന്യായീകരണങ്ങൾ ഉണ്ടായിരുന്നു, പെങ്കുട്ട്യോൾ അധികം പഠിക്കാമ്പാടില്ല്യാന്ന്.

"വല്ലവന്റേം അടുക്കളേൽ വെച്ചു വിളമ്പേണ്ടതാ. ഇത്രേം പഠിപ്പു തന്നെ പെങ്കുട്ട്യോക്ക് അധികാ. ഇനിയുള്ള നേരം അടുക്കളേൽ എന്നെ സഹായിക്കാൻ നോക്ക്"

ഉമ്മാന്റെ സ്ഥിരം പല്ലവിയാണിത്. ആദ്യമൊക്കെ എതിർത്തു നോക്കി. രക്ഷയില്ലാന്നു കണ്ടപ്പോ നിർത്തി. ജീവിതം നാലുചുവരുകൾക്കുള്ളിൽ അടച്ചിടേണ്ടതാണെന്നു ഉറപ്പായപ്പോൾ സമയം കൊല്ലാൻ കണ്ട മാർഗ്ഗമായിരുന്നു വായന. അടുത്തുള്ള ലൈബ്രറിയിൽ ഇഷ്ടപ്പെട്ട പുസ്തകങ്ങളൊന്നുമില്ലാതിരുന്നിട്ടും മെമ്പർഷിപ്പെടുത്തു. പക്ഷേ അധികം വൈകാതെ അതിനും വിലക്കുകൾ ഏർപ്പെടുത്തി. ബാപ്പ അക്കരെനിന്നും വന്ന സമയത്ത്, മേശപ്പുറത്ത് പുസ്തകം കണ്ടപ്പോഴായിരുന്നു വിലക്കിയത്.

"പെങ്കുട്ട്യോൾടെ ഖൽബ് കട്ടിയില്ലാത്തതാ. കണ്ട പുസ്തകോക്കെ വായിച്ചു മനസ്സ് പുണ്ണാക്കണ്ട. ആ സമയത്ത് ഖുർആനെടുത്തോതിയാൽ നിനക്ക് പുണ്യം കിട്ടും". അതോടെ വായനയും നിന്നു.

കുറച്ചു നാളുകൾക്കകം ബാപ്പ അക്കരക്ക് പോയെങ്കിലും ബാപ്പാന്റെ വാക്ക് തെറ്റിക്കാൻ പറ്റ്വോ ? ഉമ്മയും ബാപ്പയും പറഞ്ഞാൽ അനുസരിക്കേണ്ടത് മക്കളുടെ കടമയല്ലേ. അവിടുന്നിങ്ങോട്ട് ഈ രണ്ടുവർഷക്കാലോം ജീവിച്ചത് എങ്ങന്യാന്നു പടച്ച റബ്ബിന് മാത്രം അറിയാം. സ്വന്തം ഗ്രാമത്തിന്റെ മാറ്റംപോലും കേട്ടറിയാൻ മാത്രേ കഴിഞ്ഞുള്ളു...

ആയിടയ്ക്കാണ് പുതിയ വിശേഷങ്ങളൊക്കെയുണ്ടായത്. ബാപ്പായുടെ വിസയുടെ കാലാവധി കഴിയാറായി. വിസ തീരും മുമ്പേ മോളെ പിടിച്ച് ആരെയെങ്കിലും ഏൽപ്പിച്ചില്ലേൽ ജീവിതത്തൊലൊരിക്കലും അതിനു സാധിക്കില്ലാന്നു ബാപ്പാക്കറിയാം.

"നാട്ടുനടപ്പനുസരിച്ച് അമ്പതിനായിരോം അമ്പത് പവനും നമ്മളെക്കൊണ്ട് കഴിയില്ലാ. എന്നു വെച്ച് അതും പറഞ്ഞോണ്ടിരുന്നാൽ പെണ്ണ് നരച്ചുപോവ്വൊള്ളൂ. ഇതാവുമ്പോ ഇരുപത്തഞ്ചിലൊതുക്കാന്നാ തോന്നണേ. രണ്ടാം കെട്ടായാലെന്താ ? ഓൻ നല്ലോണം നയിക്കും. നമ്മടെ മോൾക്ക് ഒരു കൊറവും വരുത്തില്ല്യാന്നാ പറഞ്ഞെ"

ബാപ്പാന്റെ കത്ത് വായിച്ചപ്പോൾ പ്രത്യേകിച്ചൊന്നും തോന്നിയില്ല. ഇതിൽ കൂടുതൽ പ്രതീക്ഷിക്കാൻ ഒരു പാവപ്പെട്ട പെണ്ണിനാവില്ലല്ലോ. പക്ഷേ, കൂടുതൽ വിവരങ്ങളറിഞ്ഞപ്പോൾ ഈ ലോകത്തിലെ

ഏറ്റവും വലിയ നിർഭാഗ്യവതിയാണെന്ന് തോന്നിപ്പോയി. രണ്ടാം കെട്ടുകാരൻ മാത്രമല്ല, അയാൾക്ക് രണ്ടു കുട്ടികളുമുണ്ടെന്ന്... രണ്ടാനമ്മ വേഷത്തെക്കുറിച്ചോർത്തു ഭയപ്പെട്ടതായിരുന്നു. പിന്നീട റിഞ്ഞു, മക്കൾ ഉമ്മയുടെ കൂടെയാണെന്ന്. ആദ്യഭാര്യയെ മൊഴി ചൊല്ലിയിട്ടില്ലാത്രേ. വർഷങ്ങളോളം പഴക്കമുള്ള ദാമ്പത്യകലഹ ത്തിന്റെ പ്രതികാരമാണ് രണ്ടാം വിവാഹം.

പിന്നെയെല്ലാം പെട്ടന്നായിരുന്നു. ബാപ്പ നാട്ടിലെത്തി. വേണ്ട പ്പെട്ടവരെയൊക്കെ ക്ഷണിക്കലും നിശ്ചയവും ഒക്കെയായി ആകെ ബഹളം. വീട് മോടിപിടിപ്പിച്ചു. ആകെയൊന്നേയുള്ളൂ. അതുകൊണ്ട് തന്നെ ഒന്നിനും ഒരു കുറവും വരുത്താൻ പാടില്ലെന്ന് ബാപ്പാക്ക് നിർബ്ബന്ധമായിരുന്നു.

“മോളിനീം ഒറങ്ങീല്ലേ”

സൈനുത്താത്തന്റെ ചോദ്യമാണ് ചിന്തയിൽ നിന്നുണർത്തിയത്.

“ഒറക്കം വര്ണ്ണ്ടാവില്ല, അല്ലേ”

അവർക്ക് ചിരിയാണ്. ശരിയാണ്. ഒട്ടും ഉറക്കം വരുന്നില്ല. പക്ഷെ അത് മധുരസ്വപ്നങ്ങളും കണ്ടിരിക്കുന്നത് കൊണ്ടല്ല. അറവു ശാലയിലേക്ക് പോകുന്ന ബലിമൃഗത്തിന് ഉറക്കം വരുമോ ?

പുറത്ത് പന്തലിനരികിൽ കെട്ടിയ ഒരു ആട് ഉറക്കെ കരഞ്ഞു. പാവം ജന്തു. ‘കത്തിക്കിനാവ്’ കാണുകയായിരിക്കും. ആ മിണ്ടാ പ്രാണിക്ക് ജീവിതമില്ല, പിന്നല്ലേ എനിക്ക്. നിറഞ്ഞുതുളുമ്പുന്ന മനസ്സിലെ സങ്കടവും ദേഷ്യവും കയ്യിലെ മൈലാഞ്ചിയോട് തീർത്തു. പാവാടയുടെ തുമ്പുകൊണ്ട് തുടച്ചുകളഞ്ഞു. കൈ കഴുകാൻ തോന്നിയില്ല.

മറക്കാൻ ശ്രമിക്കുന്തോറും കൂടുതൽ തെളിഞ്ഞുവരുന്ന ഓർമ്മകളെ ആട്ടിയകറ്റി, എങ്ങോ മറഞ്ഞ ഉറക്കത്തെ ക്ഷണിച്ച് കണ്ണുകൾ ഇറുകെ പൂട്ടി കിടന്നു. എന്തൊക്കെയോ സ്വപ്നം കണ്ടു. എവിടെയൊക്കെയോ ചുറ്റിത്തിരിഞ്ഞു. എങ്ങനെയോ നേരം വെളു പ്പിച്ചു.

കല്ല്യാണ ദിവസം രാവിലെ ‘ഒലി’ എന്ന സമ്മതം വാങ്ങാൻ മുസ്ല്യാരെത്തി. എല്ലാം നിശ്ചയിച്ചു, എല്ലാവരെയും ക്ഷണിച്ച് പന്തലിൽ സദ്യ വിളമ്പാൻ നേരത്താണ് സമ്മതം ചോദിക്കുന്നത്. കുടുംബത്തോട് കൂറുള്ള ഏതൊരു പെണ്ണും ഇഷ്ടപ്പെട്ടില്ലെങ്കിലും സമ്മതമാണെന്ന് പറയും. എല്ലാം നല്ലതിനായിരിക്കുമെന്നാശ്വസിക്കാൻ ശ്രമിച്ചുകൊണ്ട്, സമ്മതം മൂളി. ഒലിയും വാങ്ങി മുസ്ല്യാരും ബാപ്പയും വേണ്ടപ്പെട്ടവരും തയ്യാറായി. പുതിയാപ്പിളയും കൂട്ടരുമെത്തി. നിക്കാഹ് കഴിഞ്ഞു.

ഒപ്പനപ്പാട്ടിന്റെ ഇശലിനൊത്ത് പന്തലിലുയരുന്ന നെയ്ച്ചോറിന്റെയും ഇറച്ചിയുടെയും മണം.

എല്ലാം കഴിഞ്ഞ് പുതുക്കത്തിനിറങ്ങിയപ്പോൾ മണവാട്ടിയുടെ തല നന്നേ താഴ്ന്നത് 'ലജ്ജ' കൊണ്ടായിരുന്നില്ല. താനൊരു രണ്ടാം ഭാര്യയാണല്ലോയെന്നോർത്തായിരുന്നു!

**അഷറഫ് പടന്ന**

# ജിന്നുമേട

**മെ**ലിഞ്ഞൊഴുകുന്ന പുഴയ്ക്കപ്പുറം നിലാവിലാറാടി നിൽക്കുന്ന ഇരുനിലമാളിക; 'ജിന്നുമേട'. ഓർക്കാൻ തുടങ്ങിയ നാളുകൾ തൊട്ടുള്ള ഓർമ്മകൾ മുഴുവനുമുണ്ട് കൂട്ടിന്. അക്കരെ ജിന്നുമേട കൂടുതൽ ശോഭയോടെ വിളങ്ങുന്നു. പോക്കുവെയിൽ ചാഞ്ഞപ്പോൾ മേടയിലെ മുറികൾ സ്വർണ്ണവർണ്ണമായി വെട്ടിത്തിളങ്ങി. നേരിയ നിലാവിന്റെ പ്രതിഫലനം പുഴയിൽ പതിവുപോലെ. അതവനെ ഉന്മത്തനാക്കിയില്ല. മനസ്സിൽ നിന്ന് എന്തൊക്കെയോ ഒഴിഞ്ഞുപോയ പോലെ. ഒരു ഭീമൻ ജിന്ന് ഇരുകരകളിലുമായി ഓരോ കാലുകൾ വിടർത്തിവെച്ച് പുഴക്ക് കുറുകെ നിൽക്കുന്നുണ്ടോയെന്ന് സൂക്ഷിച്ച് നോക്കാൻ അന്നും മറന്നില്ല. ജിന്നുമേട പൊളിക്കുന്നതോടെ എല്ലാം നഷ്ടപ്പെടുകയാണെന്നോർത്തപ്പോൾ ഗഫാറിന്റെ മനസ്സ് നീറി. അവന്റെ കണ്ണുകൾ അവിടെതന്നെ തറച്ചുനിന്നു.

മേടയ്ക്ക് മുകളിൽ ഇപ്പോഴൊരു പ്രകാശവലയം കാണാം. ചിലപ്പോൾ പേടി തോന്നും. എങ്കിലും ഉള്ളിലെന്നും ഓമനിക്കാറുള്ള മോഹം എന്നെങ്കിലും അവിടെയെത്തിപ്പെടുമെന്നുള്ളതാണ്. എത്രയോ തരം ജിന്നുകളുണ്ടവിടെ. കൂട്ടത്തിൽ 'ഇഫ്രീത്ത്' എന്ന ജിന്നുമുണ്ടാകുമോയെന്ന് പല തവണ സ്വയം ചോദിച്ചിട്ടുണ്ട്. തനിക്ക് ഏറ്റവും പ്രിയപ്പെട്ട ജിന്നാണ് ഇഫ്രീത്ത്. നിയതമായ രൂപമൊന്നും ഇഫ്രീത്തിനില്ലെങ്കിലും മനുഷ്യർക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോഴൊക്കെ അയാൾ പ്രകാശം സ്ഫുരിക്കുന്ന മുഖവുമായി തേജസ്സാർന്ന കണ്ണുകളുമായി ഒരു ഫക്കീറിന്റെ രൂപം കൈകൊള്ളുമത്രേ. ജിന്നുമേട പൊളിച്ചാൽ ഇഫ്രീത്ത് എവിടേക്കാണ് പോവുക? അവന്റെ മനസ്സിൽ ഇഫ്രീത്തിനെക്കുറിച്ചുള്ള കഥകൾ കുമിഞ്ഞുകൂടി.

ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പൊഴൊക്കെ ഉമ്മൂമ്മ അടുത്ത് വന്ന് ചോദിക്കാറുണ്ട്, "എന്താ ഗഫ്ഫേ, അനക്ക് വേണ്ട്യത്". എന്നിട്ടൊരു ചിരിയും. എന്താ വേണ്ടതെന്ന് ഉമ്മൂമ്മയ്ക്ക് നന്നായറിയാം. എങ്കിലും നിത്യവും ആ ചോദ്യം ആവർത്തിച്ച് കൊണ്ടേ തുടങ്ങാറുള്ളു. പല്ലില്ലാത്ത മോണ കാട്ടി കൊഞ്ചിച്ചിരിച്ച് അവർ ഇഫ്രീത്ത് പറഞ്ഞ കഥകൾ ആവർത്തിച്ചുകൊണ്ടിരിക്കും.

കഥ പറയുമ്പോൾ ഉമ്മുമ്മായുടെ നാവിൽ 'വഹ്യ്' ഇറങ്ങുകയാണെന്നുതോന്നും. രാജകുമാരന്മാരുടേയും ലോകൈക സുന്ദരിമാരുടേയും പ്രണയ കഥകൾ. അത്തരം കഥകൾ കേട്ടിരിക്കാൻ നല്ല ഹരമാണ്. അപ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത ആഹ്ലാദം വന്നു നിറയും. ഉമ്മുമ്മായെ കെട്ടിപ്പിടിച്ച് കിടന്നുറങ്ങുമ്പോൾ സുന്ദരിയായ രാജകുമാരി മനസ്സിലെത്തി കൊതിയോടെ ചിരിച്ചു കാട്ടും.

ഓത്തുപള്ളിയിലെ കിത്താബ് പലകക്ക് മുമ്പിലിരിക്കുമ്പോൾ കിത്താബോതുന്ന ഭാവേന നൂറുദ്ധീൻകുട്ടി ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കും. അങ്ങനെയാണ് അവൻ ജിന്നുമേട പൊളിക്കുവാൻ പോകുന്ന കാര്യവും പറഞ്ഞത്.

"ഇജ്ജറിഞ്ഞാ ഗഫാറെ?" നൂറു ചോദിച്ചു,

"മ്മടെ ജിന്നുമേട പൊളിക്കാൻ കോഴിക്കോട്ടീന്നാളെ കൊണ്ടര്വാ.."

"ആര്"

"അന്ത്രുമാൻ ഹാജിയാര്. ഓൽടെ തറവാട്ടുവഹയല്ലെ ആ ബംഗ്ലാവ്."

അബ്ദുൽ ഗഫാറിന് ഒരു നിമിഷം തലയിൽ എന്തൊക്കെയോ അരിച്ചു കയറുന്ന പോലെ തോന്നി. മനസ്സിൽ ആരോ കയറി നുള്ളിവലിക്കുന്നു. നൂറുദ്ധീൻകുട്ടിയോട് അപ്പോൾ അടങ്ങാത്ത പകയും തോന്നി, അന്ത്രുമാൻ ഹാജിയോടെന്ന പോലെ. പുഴയും അതിന്നപ്പുറത്ത് സ്വപ്നം നിറച്ചുനിൽക്കുന്ന മാളികയുമായിരുന്നു മനസ്സുനിറയെ.

"എന്താടോ ഇജ്ജിങ്ങനെ"

നൂറുദ്ധീൻ കുട്ടിയുടെ ശബ്ദമാണുണർത്തിയത്.

"പോടാ ബലാലെ" ഗഫാർ പറഞ്ഞു. അപ്പോൾ നൂറുദ്ധീൻകുട്ടി താനേ ചിരിച്ചുപോയി. ചിരിയുടെ അലകൾ അൽപം ഉയർന്ന് പോയത് അവനറിഞ്ഞില്ല. അയമു മുസ്ല്യാരുടെ ചൂരലിന്റെ തലപ്പുവന്ന് തോളിൽ പതിച്ചപ്പോൾ ഒരു ഞെട്ടലോടെ നൂറുദ്ധീൻകുട്ടി മുരണ്ടു. ഗഫാറിന് അപ്പോൾ ഗൂഢമായൊരാനന്ദം അനുഭവപ്പെട്ടു. നൂറുദ്ധീൻകുട്ടിക്ക് ഇനിയും അടി കിട്ടണമേയെന്ന് അവൻ അറിയാതെ ആഗ്രഹിച്ചു പോയി. പിന്നെ സ്വയം ശപിച്ചു. കിത്താബിൽ ശ്രദ്ധയൂന്നാൻ ശ്രമിച്ചു. അപ്പോൾ ആയിരം നാവുള്ള ഇഫ്രീത്ത് അവനെ കഥകൾ കൊണ്ട് വിരുന്നൂട്ടി. ഓത്തുപള്ളി വിട്ടിറങ്ങിവരുമ്പോൾ പതിവുപോലെ കുഞ്ഞായിസു പാന്നാലെ കൂടി. അന്ത്രുമാൻ ഹാജിയുടെ മകളാണ് കുഞ്ഞായിസു.

"ഉപ്പ ഇന്നലെ പറയിണ കേട്ട്, പെര്ത്ത് മൊതല്ണ്ടത്രെ അയിനകത്ത്"

അതിന് മറുപടി പറയാതെ അവൻ ധൃതിയിൽ നടന്നു. നരകത്തിലേക്കുള്ള വഴിയാണ് പെണ്ണെന്ന് അവൻ പഠിച്ചിട്ടുണ്ട്. കുഞ്ഞായിസുവാണെങ്കിൽ ഹാജിയാരുടെ മോളുമാണ് ; തന്റെ ശത്രുവിന്റെ...

ഒരിക്കലെങ്കിലും ജിന്നുമേടയിലേക്കൊന്നു പോവണം. അവിടത്തെ നൂറുകണക്കിന് ജിന്നുകളെ കാണണം. പിടിച്ചു തിന്നുകയൊന്നുമില്ല അവർ. ജിന്നുകളെക്കുറിച്ച് അത്തരം കഥകൾ കേട്ടിട്ടേയില്ല. അങ്ങനെയാവില്ല. മനുഷ്യരുടെ മനസ്സ് വായിക്കാനുള്ള കഴിവ് ജിന്നുകൾക്കുണ്ടല്ലോ. പിന്നെ വെറുതെയൊന്ന് പേടിപ്പിക്കും അത്രേയുള്ളു. ജിന്നുകളെക്കുറിച്ചുള്ള കഥകൾ നിരവധിയുണ്ട്. വല്ല്യാക്ക പറഞ്ഞ കഥകൾ ഗഫാർ ഓർത്തു.

തെങ്ങിൻ തോപ്പിലൂടെ ഖബറിടം പിന്നിട്ടുവേണം വീട്ടിലെത്താൻ. രാത്രി ഏകദേശം ഇശാനമസ്ക്കാരത്തിന്റെ സമയം കഴിഞ്ഞു കാണണം. കടപൂട്ടി പള്ളിയിൽക്കയറി ഇശാ നമസ്ക്കാരം കഴിഞ്ഞ് വീട്ടിലേക്ക് വരികയായിരുന്നു. വല്ല്യാക്കയെ അപ്പോൾ പിന്നിൽ നിന്ന് വെളുത്ത വസ്ത്രം ധരിച്ച ഒരു മഹാതേജസ്സ്വി പതുക്കെ തോളിൽ തൊട്ടു. പിന്നെ അടക്കിയ സ്വരത്തിൽ പറഞ്ഞു,
“അസ്സലാമു അലൈക്കും ”
വല്ല്യാക്ക സലാം മടക്കി.
“എന്താ ഞെക്ക് ബെളക്ക് കത്ത്ണ്ല്ലെ” എന്ന് ചോദിച്ചയാൾ. വല്ല്യാക്ക ധൃതിയിൽ വിളക്ക് കത്തിച്ചുനോക്കി. കത്തുന്നില്ല. തിരിഞ്ഞു നോക്കിയപ്പോഴാണ് ഞെട്ടലോടെ കാര്യമറിയുന്നത്, അതൊരു ജിന്നായിരുന്നു. ആളെയെങ്ങും കാണാനില്ല. പിന്നെ വെളിച്ചം തെളിഞ്ഞപ്പോൾ അത്ഭുതം! കുഴപ്പമൊന്നുമില്ല. അന്നുരാത്രി വീട്ടിൽ വെച്ച് വല്യാക്ക ആരോടെന്നില്ലാതെ പറയുന്നത് കേട്ടു, “ജിന്നുകൾക്ക് നമ്മളോട് പിരിശം തോന്നിയാൽ നമ്മൾ ചോദിക്കുന്നതെന്തും സാധിച്ചുതരും. ഇനിയൊരിക്കൽ കാണട്ടെ. അപ്പൊ ഞാമ്പറയും നമ്മുടെ ഗഫാറിന്റെ ദീനം മാറ്റിത്തരണംന്ന് ”.

എന്താണ് ദീനമെന്ന് അവന് നിശ്ചയമില്ലായിരുന്നു. ദീനം എന്തെങ്കിലും ഉള്ളതായി തോന്നിയിട്ടുമില്ല. പക്ഷെ, പലരും പലയിടത്തും വെച്ച് ഇങ്ങനെത്തന്നെ പറയുന്നത് കേൾക്കുന്നു!
എന്താണാവോ!
പുഴയിലെ ജലപ്പരപ്പ് ഇത്തിരി കൂടിയിട്ടുണ്ട്. നിലാവല ഇളകിയാടുന്നു. കാലൻ ജിന്നിന്റെ വരവിനായി ഗഫാർ കാത്തുനിന്നു. ഒരിക്കൽ കടത്തുകാരൻ എറമുള്ളാൻ പറഞ്ഞ കഥ ഇപ്പോഴും മനസ്സിലുണ്ട്. അർദ്ധരാത്രി കഴിഞ്ഞ സമയത്ത്, രാത്രി വണ്ടിയിൽ വരുന്ന ആരെയോ ഇക്കരെയെത്തിക്കാൻ പോവുകയായിരുന്നു അയാൾ. ഓരം ചേർന്ന് തുഴഞ്ഞുപോകുമ്പോഴുണ്ട് കാലൻ ജിന്ന് നിവർന്ന് നിൽക്കുന്നു. അതേ നിൽപ്പ് തന്നെ. ഇരുകരകളിലുമായി ഓരോ

കാലുകൾ വിടർത്തിവെച്ച് പുഴക്ക് കുറുകെ. ജിന്ന് തന്നെ ഉപദ്രവിക്കുമെന്ന് അയാൾക്ക് ഭയം തോന്നി. തോണിയടക്കം പൊക്കിയെടുത്ത് ഏഴിമലക്കപ്പുറത്തേക്ക് ഒരൊറ്റയേറ് മതി. അതോർത്തപ്പോൾ അയാൾക്ക് ഉത്കണ്ഠയായി. പിന്നെ താമസിച്ചില്ല. സർവ്വശക്തിയുമെടുത്ത് ചുക്കാൻകൊണ്ട് കാലുകളൊന്നിൽ ആഞ്ഞടിച്ചു. ദീർഘമായൊരലർച്ചയോടെ ജിന്ന് ഓടിപ്പോയി.

അന്നുതൊട്ട് കാത്തിരിപ്പിലാണ് ഗഫാർ. എന്നെങ്കിലും അവൻ വരും. തന്നോട് ലോഹ്യത്തിലാവും. ഓർക്കുമ്പോൾ രസം തോന്നാറുണ്ട്. തന്നെ വാനോളം എടുത്തുയർത്തുമായിരിക്കും. തോളിൽ കയറിയിരുന്ന് സംസാരിക്കാം. നല്ല രസായിരിക്കും, തോളിലിരിക്കാൻ. അഞ്ചോ ആറോ ആനകളുടെ പുറം ഒന്നായി ചേർന്ന പോലാവും. അല്ലെങ്കിൽ വേണ്ട. അതുവേണ്ട. തന്നോളം ചെറുതാകാൻ പറയാം. തോളിൽ കൈയിട്ട് നടക്കാലോ...

ഇന്നും നേരം ഒരു പാടിരുണ്ടു. കട അടച്ച് ഇശാ നമസ്ക്കാരവും കഴിഞ്ഞ് വല്ല്യാക്ക വീട്ടിലെത്തിക്കാണും. ഉമ്മ ഇന്നും വഴക്കുപറയും,
“പൈദാഹോല്ലാണ്ട് ദെവസോം ഇങ്ങനെ കറങ്ങി നടക്ക്. നല്ല തല്ല് കൊള്ളാത്തതിന്റെ സൂക്കേടാ”
കഞ്ഞിയും പൊരിച്ച മീനും വിളമ്പിയപ്പോഴും അവന് നല്ല വിശപ്പ് തോന്നിയില്ല. കഞ്ഞികുടിച്ചെന്ന് വരുത്തിയെഴുന്നേറ്റപ്പോൾ ഉമ്മയുടെ കുറ്റപ്പെടുത്തുന്ന വാക്കുകൾ.
“ഒന്നിനും ഒരു തിട്ടോമില്ല. ഈ വീട്ടില് എന്തൊക്കെയാ നടക്ക്ന്നതെന്ന് അറീന്നണ്ടാ നീയ്യ് ”
ആ രാത്രി അവനുറക്കം വന്നില്ല. കഥ പറഞ്ഞുപറഞ്ഞ് ഉമ്മുമ്മ താനെ ഉറങ്ങിപ്പോയി. ആ കഥകളിലൊന്നും അവൻ താൽപര്യം തോന്നിയില്ല. ഉമ്മുമ്മയുടെ ശോഷിച്ച കൈവിരലുകളപ്പോഴും അവന്റെ തലമുടികൾക്കിടയിൽ ഇളകുന്നുണ്ടായിരുന്നു. നേരം വെളുത്തപ്പോഴും അവനൊന്നിനും ഒരുത്സാഹവും തോന്നിയില്ല.

ഇന്നാണ് ജിന്നുമേട പൊളിക്കാൻ ആളുകൾ വരുന്നത്. നാട്ടുകാർക്കെല്ലാം പേടിയാണ് അങ്ങോട്ട് കടക്കാൻ. ജിന്നുകൾക്ക് ഒരുപാട് മായാജാലങ്ങളറിയാം. അവയെ തോൽപ്പിക്കണമെങ്കിൽ മായവും മന്ത്രവും അറിയുന്നവർ വേണം. അകത്ത് കടക്കുന്ന ഓരോരുത്തരും ഓരോ അനുഷ്ഠാനങ്ങൾ നടത്തേണ്ടതുണ്ട്. അത് പിഴയ്ക്കരുത്. ജിന്നുകൾക്ക് തിരിച്ചെന്തും കഴിയാത്തവിധം ദിവ്യമന്ത്രങ്ങൾ ഉരുവിടണം. ജിന്നുകളെ മെരുക്കാൻ പഠിച്ചവർക്കെ അത് കഴിയൂ. ജിന്നുഗോത്രത്തിന്റെ ഘടന മുഴുവൻ മനഃപാഠമായിരിക്കണം.

മനുഷ്യർക്ക് മുമ്പിൽ ജിന്നുകൾ അടിയറവ് പറഞ്ഞ ഒരുപാട് കഥകൾ കേട്ടിട്ടുണ്ട്. ഔലിയാക്കളുടെ മുമ്പിൽ ഏറ്റുമുട്ടലിന് മുതിരാതെ എന്നും അവർ പിൻവാങ്ങിയിട്ടേയുള്ളു. ഇന്നുമുതൽ തനിക്ക് എല്ലാം നഷ്ടപ്പെടുകയാണെന്ന് അവൻ ഓർത്തു.

ഉന്മാദമായ വൈകുന്നേരങ്ങൾ. ഒറ്റക്കിരിക്കുമ്പോൾ ചുരന്നു വരുന്ന സ്വപ്നങ്ങൾ. എല്ലാം ഇന്നത്തോടെ തീരുന്നു. തീവ്രദുഃഖത്തിൽ അവന്റെ മനസ്സ് കലുഷിതമായി. അന്ന് മദ്രസയിൽ പോകുന്നതിന് പകരം നേരെ പോയത് പള്ളിയിലേക്കാണ്. മിമ്പറിന് മുമ്പിൽ സുജൂദിൽ വീണ് തേങ്ങിക്കരഞ്ഞു. അവന് ഒന്നിലും പ്രതീക്ഷയില്ലായിരുന്നു. അങ്ങനെയങ്ങനെ അലിഞ്ഞില്ലാതെയായാൽ മതിയായിരുന്നു. ഒന്നും ബാക്കിയാവരുത്. എത്രനേരം അങ്ങനെ കഴിഞ്ഞുവെന്നറിയില്ല. കാലവും പരിസരവുമെല്ലാം അവൻ മറന്നു. ഒന്നും കേട്ടില്ല. ഒന്നും അറിഞ്ഞുമില്ല. തിരമാലകളില്ലാത്ത, നിശ്ചലമായ കരകാണാ കടലായിരുന്നു അവന്റെ മുമ്പിൽ. അതിലൂടെയവൻ ഇഴഞ്ഞിഴഞ്ഞ് നീങ്ങി. പിന്നെ, ആരോ അവനെ പിടിച്ചുവലിക്കുന്നു. ഇപ്പോൾ അവൻ വളരെവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആ വേഗത്തിൽ അവൻ ഭാരമറ്റവനായി. മനസ്സിൽ അപ്പോൾ ഒന്നും ശേഷിച്ചിരിപ്പില്ലായിരുന്നു. പൊടുന്നനെ ആ യാത്ര എവിടെയോ തടഞ്ഞുനിന്നു. തോളിൽ ആരോ മൃദുവായി പിടിച്ചിരിക്കുന്നു. ചെമപ്പ് കലർന്ന വെളുത്ത നിറം. ഒത്ത ഉയരം. വീതിയേറിയ നെറ്റിത്തടം. നീണ്ട ചുമലുകൾ. ആഴമുള്ള കണ്ണുകൾ. തേജസ്സാർന്ന മുഖം. സമൃദ്ധമായൊഴുകുന്ന നീണ്ട താടിരോമങ്ങൾ. കണ്ണുകളിൽ ആർദ്രതയുടെ നനവ്. അവൻ ആ തേജസ്വിയുടെ മാറിൽ ആർത്തിയോടെ വീണു. ജന്നാത്തുൽ ഫിർദൗസിന്റെ ഗന്ധമായിരുന്നു അയാൾക്ക്. എന്നും അനുഭവിക്കാൻ കൊതിച്ചിരുന്ന ഗന്ധം. അതിന്റെ മുഗ്ദ്ധതയിൽ അവൻ ആമഗ്നനായി. പിന്നെ അവൻ ഒന്നുമറിഞ്ഞില്ല.

എം കെ അബ്ദുൽ റഹീം

# ഒരു നാടുകടത്തൽ

**അ**ന്നൊരു വ്യാഴാഴ്ച വൈകുന്നേരം ആയിരുന്നു. വ്യാഴാഴ്ച അങ്ങാടിയിൽ തിരക്ക് കൂടുതലാണ്. കാരണം പിറ്റേന്നാൾ വെള്ളിയാഴ്ചയാണ്. വെള്ളിയാഴ്ചയ്ക്ക് ചില ഒരുക്കങ്ങൾ വേണ്ടതുണ്ട്. വലിയ പള്ളിയിലെ ജുമുഅ കൂടാൻ അലക്കിത്തേച്ച വെളുത്ത മുണ്ടും ഷർട്ടും വേണം. അത് വണ്ണാത്തന്റെ കടയിൽനിന്ന് വാങ്ങണം. താടിയും മുടിയും ഒപ്പിക്കാൻ ഒസ്സാൻ അലവിക്കാന്റെ ബാർബർ ഷാപ്പിലും തിരക്കാണ്. ഇറച്ചിക്കറിക്ക് വേണ്ട മസാലകൾ വാങ്ങാൻ ബല്യ പീടികന്റെ വാതിൽക്കലും തെരക്ക് തന്നെ. അങ്ങാടി മുക്കിൽ നിന്ന് ആളുകൾ ഒഴിയാൻ തുടങ്ങിയത് പെട്ടെന്നാണ്. പരിഭ്രമം പടർന്ന മുഖങ്ങൾ. ചിലർ കൂട്ടം ചേർന്ന് എന്തോ പിറുപിറുക്കുന്നു. പിന്നെപ്പിന്നെ അവർ ഓടാൻ തുടങ്ങി. അങ്ങാടിയിലെ പീടികകളുടെ ഓടുകൾക്കുതാഴെ കുറുകിക്കൊണ്ടിരുന്ന പ്രാവുകളെ വരെ അസ്വസ്ഥത കീഴ്പ്പെടുത്തി. അവ ഒച്ചവെച്ച് ചിറകടിച്ചുയർന്നു. ഒറ്റയ്ക്കുള്ള ഓട്ടം കൂട്ടം ചേർന്ന ഒഴുക്കായി മാറി. റോഡുവക്കിലെ ചെറുകച്ചവടക്കാർ തൊട്ട് വലിയ പീടികയുടെ മുതലാളിമാർ വരെ കൂട്ടത്തിൽ അണിചേർന്നു. നാട്ടിലെ ഖസ്സായിമാരായിരുന്നു നെഞ്ചും വിരിച്ച് ഏറ്റവും മുന്നിൽ.

എല്ലാം മറന്നുകൊണ്ടുള്ള ഈ വെപ്രാളം പിടിച്ചുള്ള ഓട്ടത്തിൽ കുബേരന്മാരുണ്ട്, കുചേലന്മാരുണ്ട്, കർഷകരുണ്ട്, ഒരു തൊഴിലും ഇല്ലാത്തവരുണ്ട്, ബുദ്ധിജീവികളുണ്ട്, ബുദ്ധിയില്ലാത്ത ജീവികളുണ്ട്, തടിച്ചികളും തടിയന്മാരുമുണ്ട്, കുമ്പകുലുക്കി പ്രയാസപ്പെട്ട് ഓടുന്നവരുണ്ട്, വൈദ്യരുണ്ട്, കാലിക്കച്ചവടക്കാരുണ്ട്, ഒസ്സാനും ചെരുപ്പ് കുത്തിയുമുണ്ട്. വെപ്രാളം പിടിച്ച ഈ പോക്കുകണ്ട് ആടുമാടുകൾ, കോഴികൾ, നായ്ക്കൾ, പൂച്ചകൾ ഇവയെല്ലാം ചിതറിയോടാൻ തുടങ്ങി. വീട്ടിലുള്ള സ്ത്രീകൾ, കുഞ്ഞുങ്ങൾ, ഗർഭിണികൾ, വിധവകൾ എല്ലാവരും കൂടി ഓടിത്തുടങ്ങി. ചില തടിയന്മാർ തുണി മാടിക്കുത്തി ഓട്ടത്തിൽ ആയാസപ്പെടുന്നു. പക്ഷെ, ആരും ഒരക്ഷരം ഉരിയാടുന്നില്ല. പരസ്പരം ഭീതിയോടെ നോക്കുന്നുണ്ടെങ്കിലും ആരും ആരോടും സംസാരിക്കുന്നില്ല. ആകെ ഒരു യുദ്ധകാല പ്രതീതി.

ഇങ്ങനെയുള്ളെരവസ്ഥ ഇതുവരെ ദേശത്തുണ്ടായിട്ടില്ല. ആരും ഇതുവരെ കണ്ണുകൊണ്ട് കണ്ടിട്ടില്ല. ചെവികൊണ്ട് കേട്ടിട്ടില്ല. എന്തിനാണ് ഇങ്ങനെ ആളുകൾ പ്രായവ്യത്യാസമോ, ധനിക–ദരിദ്ര ഭേദമോ ഇല്ലാതെ പായുന്നത്!

ഒരു ബാങ്കുവിളി–ഒന്നിച്ചുള്ള കൂട്ടബാങ്കുവിളി–കേട്ടതിന്റെ ഫലമാണോ? അപകട സാധ്യതയുള്ളപ്പോഴാണ് ഇങ്ങനെ സംഭ വിക്കുക. അല്ലെങ്കിൽ കവർച്ചയോ കൂട്ടക്കൊലകളോ നടക്കുന്ന കാല ങ്ങളിലാണ് കൂട്ട ബാങ്കുകൾ ഉണ്ടാവാറുള്ളതെന്ന കേട്ടുകേൾവിയുണ്ട്. അല്ലെങ്കിൽ ഹജ്ജിന് നാടും വീടും സമ്പത്തുക്കളും മക്കളും എല്ലാം വിട്ടൊഴിഞ്ഞു പോവുമ്പോൾ സ്റ്റേഷനതിർത്തിയിൽ വെച്ച് കൂട്ട ബാങ്കുകൾ ഉണ്ടാവാറുണ്ട്. ഇത് അതൊന്നുമല്ല. അസമയത്ത് പള്ളിയിൽ നിന്നുള്ള കൂട്ട ബാങ്കുവിളി നാട്ടുകാരെ ആകമാനം സംഭീ തരാക്കി. ഞെട്ടലിന്റെയും പരിഭ്രമത്തിന്റെയും ഭയാനക സ്ഫോട നമാണ് ഉണ്ടായിരിക്കുന്നത്. ബാങ്കുവിളി കേട്ട ഭാഗത്തേക്ക് അവർ ഓടുകയാണ്. ദേശത്തെ വലിയ പള്ളിയിൽ നിന്നാണ് ബാങ്ക് വിളി ഉയരുന്നത്.

സ്ത്രീകളും പുരുഷന്മാരും വൃദ്ധകളും വൃദ്ധന്മാരും പ്രമാണി കളും പ്രമാണിച്ചികളും കുബേരന്മാരും കുചേലന്മാരും ആടുമാടു കളും നായ്ക്കളും പൂച്ചകളും എല്ലാവരും ദേശത്തിന്റെ മദ്ധ്യഭാഗ ത്തേക്ക് ഒഴുകുകയാണ്. ചവോക്ക് മരങ്ങളും കശുമാവിൻ തോട്ട ങ്ങളും തണൽ വിരിച്ച് കിടക്കുന്ന ഒരു തീരപ്രദേശമാണവിടെ. വൈദ്യു തിയോ ഗതാഗതത്തിന് പാതയോ ടെലഫോൺ ബന്ധമോ ഒന്നുമില്ല. പരിഷ്ക്കാരത്തിന്റെയോ ശാസ്ത്ര സാങ്കേതിക വികാസത്തിന്റെയോ ഒരു ലാഞ്ചനയും ഏശാത്ത തീരദേശം. സമയത്തിന്റെ കൃത്യത പാലിച്ചുകൊണ്ട് വിശ്വാസികളായ ജനങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് ബാങ്കുവിളികൾ കേൾക്കാം. സന്ധ്യയായിക്കഴിഞ്ഞാൽ വഴിവിള ക്കുകൾ ഇല്ലാത്തതിനാൽ ആളുകൾ പുറത്തിറങ്ങി നടക്കുകയുമില്ല. വേണ്ടിവന്നാൽ ഓലകൊണ്ട് ചൂട്ടുണ്ടാക്കി കത്തിച്ച് അതിന്റെ വെളിച്ചത്തിലാണ് നടപ്പ്. വീടുകളിലെല്ലാം മണ്ണെണ്ണ വിളക്കാണ് ഉപയോഗിച്ചിരുന്നത്. ഓരോ ചിമ്മിനി വിളക്ക് എല്ലാ വീടുകളിലും കാണാം. സാമ്പത്തികമായി ഭേദപ്പെട്ടവർ ഒരു പാനീസ് വിളക്ക് കത്തിച്ച് പുറത്ത് തൂക്കിയിടും.

വലിയ പള്ളി, ദേശത്തിന്റെ ആത്മീയ കേന്ദ്രമാണ്. ആത്മീയവും ഭൗതികവുമായ എല്ലാപ്രശ്നങ്ങൾക്കും തീർപ്പുകൽപ്പിക്കുന്നത് അവിടെവെച്ചാണ്. ദേശത്തിന്റെ പുരോഗതിയുടെ നാഴികക്കല്ലാണ്

വലിയ പള്ളി. അതിന്റെ ഘനഗാംഭീര്യം എല്ലാവരിലും ഭയഭക്തി ബഹുമാനങ്ങളെ ജനിപ്പിച്ചു. പള്ളിയിലെ മുദരിസ് മഹാപണ്ഡിതനായിരുന്നു. നാൽപതോളം ഇതരദേശക്കാർ അദ്ദേഹത്തിന്റെ കീഴിൽ പഠിക്കുന്നു. അവരെല്ലാം താമസിക്കുന്നതും പഠിക്കുന്നതും ആ വലിയ പള്ളിയിൽ തന്നെയാണ്. അവർക്കുള്ള ഭക്ഷണം ഓരോ വീട്ടുകാരാണ് നൽകിയിരുന്നത്. മൂന്നുനേരത്തെ ഭക്ഷണത്തിന് കൃത്യസമയത്ത് തന്നെ അവർ വീടുകളിൽ ചെന്നുചേരുന്നു. വലിയ ഉസ്താദിന് മാസത്തിൽ ഒരു ദിവസം ഒരു വീട്ടിൽ എന്ന തോതിൽ പള്ളിയിൽ ഭക്ഷണം എത്തിച്ചുകൊടുക്കുന്നു. ആ പള്ളിയുടെ തൊട്ടടുത്ത് തന്നെ വിശാലമായ പള്ളിക്കാട്. അവിടെയാണ് മരിച്ചവരുടെ കബറുകൾ. വലിയ വലിയ തറവാട്ടുകാർ, സാധാരണക്കാർ തുടങ്ങിയവരുടെ മയ്യത്തുകൾ കുഴിച്ചുമറക്കാൻ പ്രത്യേക സ്ഥലം ഒരുക്കിവെച്ചിട്ടുണ്ട്. മുക്രി പോക്കർ പള്ളിയിലെ ബാങ്ക് വിളിക്കുന്ന ആൾ. പല മുക്രിമാരുണ്ടെങ്കിലും പോക്കറാണ് മൂപ്പൻ. ഒരു പ്രത്യേക ശബ്ദത്തിൽ ബാങ്ക് കൊടുത്ത് ഉടൻ സ്ഥലം വിടും.

എല്ലാ മുസ്ല്യാർ കുട്ടികളും ശുഭ്രവസ്ത്രം ധരിക്കണമെന്നതും അച്ചടക്കമുള്ളവരായിരിക്കണമെന്നതും ഉസ്താദിന്റെ അലിഖിത നിയമമാണ്. നേർത്ത വെളുത്ത വോയിൽ തുണി തലയിൽ കെട്ടി വെയ്ക്കുന്നു. പള്ളിയുടെ അടുത്ത് തന്നെ ഒരു മഖാമുണ്ട്. അത് ഉയരത്തിൽ പൊക്കിക്കെട്ടി അതിന്മേൽ പച്ചപ്പുതപ്പ് പുതപ്പിച്ചിട്ടുണ്ട്. അവിടെ കുടികൊള്ളുന്ന വലിയുല്ലാഹിന്റെ പേര് പറയുമ്പോൾ തന്നെ ആളുകളുടെ നാവിൻ തുമ്പത്ത് ഭക്തി കളിയാടുന്നു. ആ വലിയുള്ളാഹി ജീവിത കാലത്തും മരണശേഷവും പല അത്ഭുത കൃത്യവും പ്രവർത്തിച്ചതായി ജനങ്ങൾ വിശ്വസിക്കുന്നു. പ്ലേഗ് എന്ന മഹാമാരി നാടാകെ പടർന്ന് പിടിച്ചപ്പോൾ ജനങ്ങൾ മരിച്ചൊടുങ്ങുകയായിരുന്നു. അക്കാലത്ത് അദ്ദേഹം പ്രത്യക്ഷപ്പെടുകയും നിശ്ശേഷം പ്ലേഗ് ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ടെന്നാണ് കേൾവി. നേരം കറുത്തു തുടങ്ങി. പള്ളിയുടെ അങ്കണത്തിൽ ആളുകൾ തള്ളിക്കയറി തിക്കും തിരക്കും കൂട്ടി. സ്ത്രീകൾക്ക് പ്രത്യേകം സ്ഥലം നിശ്ചയിച്ചു. പുരുഷന്മാരും ഉസ്താദുമാരും പള്ളിയുടെ അകത്ത്. പള്ളിയിൽ സ്ത്രീജനങ്ങൾക്ക് പ്രവേശനമില്ലെന്നാണ് ഉസ്താദിന്റെ കൽപന. സ്ത്രീകൾ പള്ളിക്കാട്ടിന്റെ ഓരത്തേക്ക് മാറിനിന്നു.

പള്ളിക്കമ്മിറ്റി പ്രസിഡണ്ട്, പഞ്ചായത്ത് പ്രസിഡണ്ട്, മഖാം കമ്മിറ്റി പ്രസിഡണ്ട്, വലിയ ഖാസി, വലിയ ഉസ്താദ്, ബോംബെയിലെ സേട്ടുമാർ, മംഗലപുരത്തെ മൂപ്പന്മാർ, ബംഗ്ലൂരിലെ മുതലാളിമാർ

തുടങ്ങി വിവിധ തട്ടുകാർക്ക് വ്യത്യസ്ത ഇരിപ്പിടങ്ങൾ പള്ളിക്കകത്ത് സൗകര്യപ്പെടുത്തിയിട്ടുണ്ട്.

മുസ്ലിം സമുദായത്തിന്റെ വിശ്വാസത്തിനും ആചാരത്തിനും വിരുദ്ധമായി വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്ന ഒരു ചെറുവിഭാഗം നാട്ടിൽ തല പൊക്കിയിട്ടുണ്ട്. പക്ഷെ അവരുടെ വാദമുഖങ്ങൾ ഇന്നാട്ടിലെ ഭൂരിപക്ഷം വിശ്വാസികളുടെ അടുത്ത് വിലപ്പോവില്ല. മതത്തോട് യാതൊരു കൂറുമില്ലാത്ത ഈ കാപട്യക്കാർ പറയുന്നത് മരിച്ച് മൺമറഞ്ഞവർക്ക് യാതൊരു ഗുണവും ദോഷവും ചെയ്യാൻ സാധ്യമല്ലായെന്നാണ്. അവരെ വിളിച്ച് പ്രാർത്ഥിക്കുന്നതും അവർക്ക് വഴിപാട് നേരുന്നതും ഇസ്ലാമികല്ലെന്നും അവർ പറയുന്നു. വലിയ വലിയ ആലിമീങ്ങളെയാണ് അവർ കുറ്റം പറയുന്നത്. പതുക്കെ പതുക്കെ അവർ പറയുന്നത് കേൾക്കാനും ദേശത്ത് ആളുകളുണ്ടായി വരുന്നു. ഇതങ്ങനെ വിട്ടാൽ പറ്റില്ല. അവസാനിപ്പിച്ചേ തീരൂ. ഒരവസാന തീരുമാനമെടുക്കണം. അതിനുവേണ്ടിയാണ് നാട്ടുകാരെ മുഴുവൻ അസാമാന്യ രീതിയിൽ വലിയ പള്ളിയിലേക്ക് വിളിച്ചു വരുത്തിയിരിക്കുന്നത്.

ദേശത്തെ ദിവസങ്ങൾ വളരെ ശാന്തമായി പോവുകയായിരുന്നു. വെള്ളിയാഴ്ച ദിവസം എല്ലാവരും കാലത്തുതന്നെ പള്ളിയിൽ എത്തിച്ചേരും. അലക്കിത്തേച്ച വസ്ത്രങ്ങൾ ധരിച്ചുകൊണ്ടായിരിക്കും അവരുടെ ആഗമനം. വന്ന ഉടൻ തന്നെ ഖുർആനിലെ കഹ്ഫ് എന്ന അദ്ധ്യായം നീട്ടിവലിച്ച് ഓതും. അന്നേദിവസം ദജ്ജാൽ എന്ന പേരിലറിയപ്പെടുന്ന സത്വം പ്രത്യക്ഷപ്പെടാതിരിക്കാനാണത്. ആ സത്വത്തിന്റെ ആപത്തിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ ഈ അദ്ധ്യായം പാരായണം ചെയ്തുകൊണ്ടേയിരിക്കണം. ദജ്ജാൽ ഖാഫ് പർവ്വതത്തിന്റെ അടിയിൽ കിടക്കുകയാണ്. കഹ്ഫ് എന്ന അദ്ധ്യായത്തിൽ വിവരിക്കുന്ന അവൻ പ്രത്യക്ഷപ്പെടുന്നത് ഭയക്കുന്ന വിശ്വാസികൾ അത് പാരായണം ചെയ്തുകൊണ്ടേയിരിക്കുന്നു. ഭൂമിയുടെ അതിർത്തിയിൽ കഹ്ഫ് എന്നൊരു പർവ്വത നിരയുണ്ട്. അതിനപ്പുറം മറ്റൊരു ഭൂമിയുണ്ട്. അവിടെ ഒരു അജ്ഞാത സ്ഥലത്ത് ഈ സത്വം ചങ്ങലയാൽ ബന്ധിതനാണ്. ആ സത്വത്തിന്റെ നെഞ്ചിൽ പർവ്വത സമാനമായ ഒരു കല്ല് വെച്ചിരിക്കുകയാണ്. മലയുടെ ഭാരം കൊണ്ട് അവന് നിവർന്ന് നിൽക്കാൻ സാധ്യമല്ല. മൂർച്ഛയുള്ള അതിന്റെ നാവുകൊണ്ട് ഈ മല അവൻ നക്കിക്കൊണ്ടിരിക്കുന്നു. അത് ഒരാഴ്ച അവൻ നക്കിക്കൊണ്ടിരിക്കും. ഒരാഴ്ചകൊണ്ട് നക്കി നക്കി ആ വൻമല ഇല്ലാതാവും. അപ്പോഴേക്കും

തൽസ്ഥാനത്ത് പുതിയ മല പ്രത്യക്ഷപ്പെടും. ഇങ്ങനെ ഇത് നിരന്തര മായി സംഭവിക്കാനുള്ള കാരണം വെള്ളിയാഴ്ച ദിവസങ്ങളിൽ വിശ്വാസികൾ കഹ്ഫ് എന്ന അദ്ധ്യായം പാരായണം ചെയ്യുന്നത് കൊണ്ടാണ്. എന്ന് ആ പാരായണം നിലയ്ക്കുന്നുവോ അന്ന് ദജ്ജാൽ ഈ ഭൂമിയിൽ പ്രത്യക്ഷപ്പെടും. അവൻ പ്രത്യക്ഷപ്പെടാതിരിക്കാൻ നിസ്കാരത്തിലും പ്രാർത്ഥനകളുണ്ട്.

വേനൽകാലങ്ങളിലെ ദേശത്തെ രാവുകൾ വഹള് പറച്ചിൽ കൊണ്ട് മുഖരിതമാവും. നേർച്ചകളും ധാരാളമായി അരങ്ങേറും. വഹളിലൂടെയാണ് ദേശവാസികൾ തങ്ങളുടെ ആത്മീയമായ അറിവിനെ പരിപോഷിപ്പിച്ചിരുന്നത്. പള്ളി അങ്കണത്തിൽ പുരുഷ ന്മാർക്കും കുട്ടികൾക്കും മുൻഭാഗം പ്രത്യേക ബെഞ്ചുകൾ കൊണ്ട് സൗകര്യപ്പെടുത്തും. സ്ത്രീകൾക്ക് ഇരുന്ന് വഹള് കേൾക്കാൻ ഒരു പ്രത്യേക കൂടാരം തയ്യാറാക്കും. രാത്രി വളരെ വൈകുവോളം ഉസ്താദ് വഹള് നീട്ടി വലിച്ച് പറഞ്ഞുകൊണ്ടേയിരിക്കും. ദേശം മുഴുവൻ ഒരു പുണ്യകർമ്മമായി വഹളിനെ വരവേൽക്കും. ദേശത്തെ വീടുകളിലെ ആബാലവൃദ്ധ ജനങ്ങളും വഹള് തുടങ്ങാൻ ആവേശത്തോടെ കാത്തിരിക്കും.

സ്വന്തം കുടിലുകൾ അടച്ചുപൂട്ടി കുടുംബത്തോടെയാണ് വഹ ളിൽ പങ്കെടുക്കാറ്. വഹള് കഴിഞ്ഞ് വരുമ്പോൾ ചില കുട്ടികളെ കണ്ടില്ലെന്ന് വരും. അവർ പള്ളിപ്പറമ്പിൽ എവിടെയെങ്കിലും കിടന്നുറ ങ്ങുന്നുണ്ടാവും. അവർ കാലത്തെണീറ്റുവരും. ചില ചെറുപ്പക്കാരി കളേയും കണ്ടില്ലെന്ന് വരും. അവരും അടുത്ത വീട്ടിൽ കിടന്നുറങ്ങി പിറ്റേന്നുകാലത്ത് തിരിച്ചുവരും.

'ഗൻജ്ജുൽ അർശ്' എന്ന ഒരു പുണ്യകൃതിയുണ്ട്. ചെറിയൊരു കൃതിയാണെങ്കിലും അതൊരു പ്രാവശ്യം വായിച്ചാൽ അമ്പതു വർഷക്കാലം ആ മനുഷ്യൻ ചെയ്ത പാപങ്ങളെല്ലാം ദൈവം പൊറുത്തുകൊടുക്കും. രണ്ട് പ്രാവശ്യം വായിച്ചാൽ നൂറുവർഷത്തെ പാപം പൊറുക്കപ്പെടും. അതുകൊണ്ട് തെറ്റുകുറ്റങ്ങൾ ഒരു പ്രശ്നമല്ല. 'അഹ്സമ്മത്തുസ്വലാത്ത്' എന്ന മറ്റൊരു കൃതി. ഇത് വെള്ളിയാഴ്ച രാവുകളിൽ പന്ത്രണ്ടു പ്രാവശ്യം പാരായണം ചെയ്താൽ മുത്തു നബിയെ കിനാക്കാണാം. ഇനി കണ്ടില്ലെങ്കിലും കണ്ട ഫലം കിട്ടും. ഇത് പകലാണ് പന്ത്രണ്ടു പ്രാവശ്യം ജപിക്കുന്നതെങ്കിൽ അവന്റെ സകല ഉദ്ദേശങ്ങളും സഫലമാവും. ഇനി സഫലമായില്ലെങ്കിലും സഫലമായ ഫലം. ഇതെല്ലാം വഹളുകൊലത്ത് വിവിധ ഉസ്താദു മാരിൽ നിന്ന് ദേശക്കാർ മനസ്സിലാക്കിവെച്ച ജ്ഞാനങ്ങളാണ്.

വഹള് തുടങ്ങുന്നതിന് മുമ്പായി വളരെ ഉച്ചത്തിൽ അറബ് ഗാനങ്ങൾ ആലപിക്കപ്പെടും. ദർസിൽ പഠിക്കുന്ന മുസ്ല്യാർ കുട്ടികളാണ് പാട്ടുകാർ. വഹള് പറയുന്ന ഉസ്താദ് സ്റ്റേജിലേക്ക് വരാറായാൽ അവരുടെ പാട്ടിന്റെ ഈണം മാറും. അപ്പോൾ ആളുകൾക്കറിയാം വഹള് തുടങ്ങാറായെന്ന്. അങ്ങാടിയിലും മറ്റും സൊറ പറഞ്ഞിരിക്കുന്നവർ സദസ്സിലേക്ക് ധൃതിപിടിച്ച് ഓടി വരും.

ഉസ്താദ് വന്നുകഴിഞ്ഞാൽ 'ഫാത്തിഹ' എന്ന സൂക്തം എല്ലാവരും ഓതിക്കൊള്ളണം. എല്ലാവരും പതുക്കെ ഓതിക്കഴിഞ്ഞാൽ ഉസ്താദ് രണ്ട് കൈയും ഉയർത്തിപ്പിടിച്ച് അറബിയിൽ പ്രാർത്ഥിക്കും. അറബിയിൽ എന്താണ് പറയുന്നതെന്ന് ശ്രോതാക്കൾക്കറിയില്ല. ഉസ്താദിന്റെ ശബ്ദത്തിന്റെ ഭാവം മാറുന്നതിനുസരിച്ച് അവരുടെയും മുഖഭാവങ്ങൾ മാറി. അങ്ങനെ ഒരു മണിക്കൂർ നീണ്ട പ്രാർത്ഥന കഴിഞ്ഞാൽ വഹള് ആരംഭിക്കുകയായി.

വളരെ ഉറക്കെ നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങി കുളിക്കേണ്ട ക്രമം, കുളി നിർബന്ധമാക്കാനുള്ള കാരണങ്ങൾ, സ്ത്രീകളുടെ ഹൈൾ, നിഫാസ് തുടങ്ങിയ കാര്യങ്ങൾ നീട്ടിവലിച്ച് പറഞ്ഞുകൊണ്ട് നേരം വെളുക്കുന്നതുവരെ പ്രസംഗിക്കും. വഹളിന് ഒടുവിൽ ഒരു ഖിസ്സ പറയും. മിക്കവാറും ഒരു പ്രണയ കഥയായിരിക്കും. യൂസുഫ് നബിയുടെയും സുലൈഖാ ബീവിയുടെയും കഥ പൊടിപ്പും തൊങ്ങലും വെച്ച് പറയുന്നത് കേൾക്കാൻ സ്ത്രീകൾക്കാണ് കൂടുതൽ ശ്രദ്ധ. കഥ പൂർത്തിയാവാൻ ദിവസങ്ങൾ വേണം. കഥ തീർത്തുപറയുകയില്ല. കുറേശ്ശെ കുറേശ്ശയായി പറഞ്ഞ് കേൾവിക്കാരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിയായിരിക്കും ഓരോദിവസവും അവസാനിപ്പിക്കുക. ബാക്കി കേൾക്കാനായി പിറ്റേന്നാൾ ആളുകൾ തനിയെ വന്നോളും. രാപ്രസംഗകാലം സ്ത്രീകൾക്ക് സ്വാതന്ത്ര്യം കിട്ടുന്ന കാലം കൂടിയാണ്. അവർക്ക് സമയനിഷ്ഠയില്ലാതെ രാത്രികാലങ്ങളിൽ പുറംലോകത്തിറങ്ങി നടക്കാം. സ്ത്രീകൾക്ക് ഈ കാലം മാത്രമേ പള്ളിപ്പരിസരത്തുപോവാൻ അനുവാദമുള്ളു.

കൊല്ലത്തിൽ നടത്തിവരുന്ന നേർച്ചയ്ക്ക് റാത്തീബ് എന്നാണ് പേര്. അറബ് മാസം ജമാഅത്തുൽ ആഖർ മാസത്തിലാണ് റാത്തീബ്. ആളുകളിൽ നിന്നും തലവരി പിരിച്ചെടുത്ത് വലിയ പോത്തിനെ വാങ്ങി അറുത്ത് അതിന്റെ രക്തം അധികം കഴുകി കളയാതെ വേവിച്ചെടുക്കുന്നു. വേണ്ടത്ര മസാല ചേർത്തുണ്ടാക്കുന്ന ആ ഇറച്ചിയും വീട്ടിൽനിന്ന് കൊണ്ടുവരുന്ന അരി അരച്ചുണ്ടാക്കുന്ന

അരിപ്പത്തിരിയും വീടുകൾ തോറും വിതരണം ചെയ്യുന്നു. ഇങ്ങനെ സുഗമമായി ഒഴുകുന്ന നദി പോലെ ദേശ ജീവിതം മുന്നോട്ടുപോവുമ്പോഴാണ് ഏതാനും ചെറുപ്പക്കാർ കുഞ്ഞുകല്ലുകൾ വലിച്ചെറിഞ്ഞ് പുഴയുടെ ഒഴുക്കിനെ വിഘ്നപ്പെടുത്താൻ നോക്കുന്നത്. അത് നിസ്സാരമാണെങ്കിലും അതങ്ങനെ വിട്ടാൽ പറ്റില്ലെന്നായിരുന്നു പ്രമാണിമാരുടെ കൽപന. അങ്ങനെയാണ് ദേശവാസികൾ വലിയ പള്ളിയിൽ തടിച്ചുകൂട്ടപ്പെട്ടത്.

പുരുഷാരം പള്ളിക്കകത്തും പുറത്തും തടിച്ചുകൂടവേ സന്ധ്യാനമസ്കാരത്തിനുള്ള ബാങ്ക് വിളി ഉയർന്നു. ഉടൻ നിസ്കാരം തുടങ്ങാൻ ഉസ്താദ് ഉത്തരവിട്ടു. എല്ലാവരും വുളു ഉണ്ടാക്കാനും പെണ്ണുങ്ങൾ ദൂരെ വെറുതെയിരിക്കാനും ഉസ്താദ് ഉത്തരവായി. പെണ്ണുങ്ങൾ പള്ളിയിൽ വരുന്നതും പ്രാർത്ഥിക്കുന്നതും ശരിയല്ല. പെണ്ണുങ്ങൾക്ക് സാമൂഹിക പരിപാടികളിൽ പുരുഷന്മാരെ പോലെ പങ്കെടുക്കാമെങ്കിലും പള്ളിയിൽ വരുന്നത് നിഷിദ്ധമാണ്.

നിസ്കാരം കഴിഞ്ഞു.

“പിന്തിരിപ്പന്മാരായ കപടന്മാരെവിടെ? ഉടനെ ഹാജരാക്കണം” പ്രസിഡന്റ് ഉത്തരവിട്ടു.

വേണ്ട, എല്ലാരും വേണ്ട. അവന്മാരെ വഴിതെറ്റിക്കുന്ന അവരുടെ നേതാവിനെ മതി. അവനെ മാത്രം ഹാജരാക്കിയാൽ മതി. അവനെ പിടിക്കാൻ നാലഞ്ചാളുകൾ പോയി. നിമിഷങ്ങൾക്കകം അവനെ കൊണ്ടുവന്നു. അവനെ ഇങ്ങോട്ടു വിട്ടുതരണം. അവനെ ഞാൻ ശരിപ്പെടുത്താം. ഓരോരുത്തരും തർക്കമായി. നജീബ് സദസ്സിന്റെ മുന്നിൽ ഹാജരാക്കപ്പെട്ടു. അറവുകാരൻ മമ്മു ഷർട്ട് ഊരിപ്പിടിച്ചു. അവനെ എനിക്ക് വിട്ടുതന്നാൽ ഞാൻ ഇപ്പം ശരിയാക്കിത്തരാം. അവനെ കുപ്പായവും മുണ്ടും ഊരിമാറ്റി തെരുവിൽ കല്ലേറ് നടത്തണമെന്ന് മറ്റുചിലർ. ആകെക്കൂടി അന്തരീക്ഷം വഷളായി. ഉന്തും തള്ളും ചീത്തവിളിയും ഉയർന്നു. നാട്ടിൽ അരാജകത്വവും അശാന്തിയും ഉണ്ടാക്കുന്നവനെ വെറുതെ വിട്ടുകൂടാ. അല്ല, ഒന്നും ചെയ്യാതെ നാടുകടത്തലാണ് നല്ലത്.

അഭിപ്രായം പലതും ഉയർന്നു. പരസ്പരം തർക്കമായി. അവനെ ഈ ലോകത്തുനിന്ന് എന്നെന്നേക്കുമായി പറഞ്ഞയച്ച് ഇത്തരക്കാരെ നല്ലൊരു പാഠം പഠിപ്പിക്കലാണ് നല്ലത്. ഇവനാണ് ഇന്നാട്ടിലെ വിഷവിത്തെങ്കിൽ അതിനെ ഇല്ലാതാക്കിയേ തീരൂ. സമാധാനത്തിലും ദീനീച്ചിട്ടയിലും പുലരുന്ന ഒരു പ്രദേശത്തെ ഒരു പീക്കിരിപ്പയ്യൻ വിചാരിച്ചാൽ ഇളക്കി മറിക്കാമെന്നു വരുന്നത് നാടിന്റെ ഗുണത്തിന്

നല്ലതല്ല. എന്നാൽ അവനെ വിട്ടയക്കുന്നതാണ് നല്ലതെന്നും ചിലപ്പോൾ നാട്ടിൽ ഇതിനേക്കാൾ വലിയ ഛിദ്രതയുണ്ടാവാൻ മതിയെന്നും ചിലർ അഭിപ്രയപ്പെട്ടു. അവനെ അടിച്ചുകൊണ്ട് റെയിൽവേസ്റ്റേഷൻ വരെ കൊണ്ടുപോവാനും അവിടെനിന്ന് ഏതെങ്കിലും ട്രെയിനിൽ കയറ്റി എന്നെന്നേക്കുമായി നാടുകടത്താനും തീരുമാനമായി.

നജീബ് ചിരിച്ചുകൊണ്ട് അവരുടെ മുന്നിൽ നിന്നു. ആ ചിരിയുടെ പൊരുൾ അവർക്ക് മനസ്സിലായില്ല.

**സക്കരിയ്യ പി. പി.**

# കള്ളുകുടിയന്റെ സ്ത്രീലിംഗം

**പെ**ങ്ങളുടെ കല്ല്യാണ ആൽബത്തിൽ ഒരു ഹൂറി. നാട്ടിൽ ഇഷ്ടപെട്ട അനുമോദനങ്ങളായ പേരില്ലാനോട്ടീസിലെ നായകന് ഹൂറിയുടെ ഫോട്ടം നോക്കാൻ പറ്റോ. പോലീസും വക്കീലും ജഡ്ജും ഒരേസമയം ഞാനാവാൻ തീരുമാനിച്ചു. വിസ്താരത്തിൻ ശേഷം സിഗരറ്റ് പുക വലിച്ചെടുക്കുന്ന സ്പോഞ്ച് പോലെയുള്ള ജഡ്ജ് ഹൃദയം വിധി പ്രസ്താവിച്ചു. നോക്കാം, പ്രണയിക്കാം, കല്ല്യാണ കഴിക്കാം. എന്റെ കല്ല്യാണം എന്നത് മംഗലാപുരം യൂനിറ്റീന്ന് വരെ മടക്കിയ കേസാ. വിധിയിൽ ആശ്വാസം കിട്ടിയ വകയിൽ ഉള്ളാൾത്തെ കിണറ്റിൽ എട്ട് ചാക്ക് പഞ്ചാര നേർച്ചയാക്കി. കാരണം പഞ്ചാരയിൽ തുടങ്ങേണ്ടതല്ലേ. വിഘ്നം വരരുതല്ലോ. ആൽബത്തിൽ വിരൽ അടയാളം വെച്ച് കുച്ചിലപ്പറം പെങ്ങളുടെ അടുത്തേക്ക്.
“എണേ ! ഇതാര്ണെ അളിയന്റെടുത്ത് നിക്ക്ന്ന്”
“അതാ... അത് ഓാറെ പെങ്ങളാ, ഡൈവേർസ്സ്ഡാ”

ഒന്നും പറയണ്ട, അപ്പോ മനസ്സിലുണ്ടായ എല്ലാ ലഡുവും ഒന്നിച്ച് പൊട്ടി. നമ്മളെ കേസിന് സുപ്രീം കോടതീന്ന് നഷ്ടപരിഹാരം കിട്ടിയ പ്രതീതി. പടച്ചോനെ നേർച്ചക്ക് ഇത്രപെട്ടെന്ന് ഫലം കിട്ടിത്തുടങ്ങിയാ. പഠാർ ലൗവിന്റെ പഞ്ചാര ചാക്ക് കിണറ്റിലലിയാൻ തുടങ്ങിയതിന്റെ സൂചനകൾ. പേര് പെങ്ങളൂട്ടി പറഞ്ഞ് തന്നെങ്കിലും ബാക്കിയുള്ള കാര്യങ്ങളെങ്ങനെ? നമ്മളെ ആളെ എങ്ങനെ കാണും? എങ്ങനെ പറയും? രണ്ട് ചോദ്യങ്ങൾക്കും ടൺ കണക്കിന് വെയ്റ്റ്. ആകെയുള്ള സമാധാനം പഞ്ചാര ചാക്കാണ്. ഇനിയും അലിയാൻ ബാക്കിയുണ്ടല്ലോ. ഒരു വഴി പറഞ്ഞ് തരാതിരിക്കില്ല. നക്ഷത്രങ്ങൾക്ക് തിളക്കം പോരാ എന്ന് ഉള്ളിന്റെയുള്ളിൽ ഒരു തോന്നൽ. എന്തൊര് മുഹബ്ബത്താടോ ഇത്. ജ്ജ് ഇന്നല്ലെ ഓളെ പോട്ടം കണ്ടത്. അപ്പോ ഴേക്കും നക്ഷത്രത്തിന് തിളക്കം കൊറഞ്ഞോ.
ഇതൊരു പഠാർ ലവ്വാണ് ട്ടാ... കേട്ടോളീ ബാക്കി കഥ.

ദിവസങ്ങൾ കഴിഞ്ഞു. കോലപ്പം പോലെ വന്ന ചെക്കൻ പുയ്യ്യാപ്ല നാൽപത് ദിവസംകൊണ്ട് പന്ത്രണ്ട് മുട്ടയുടെ കുംസ്

പോലെയായി. കത്തലടക്കാൻ കൂടെയിരിന്നാൽ പത്തിൽ ഒരു കോമ്പറ്റീഷൻ ഐറ്റമല്ലാത്തത് കൊണ്ട് മാന്യദേഹം തൊടാറില്ല. കോയീന്റെ നെഞ്ചിനോടും ആട്ടിന്റെ കാലിനോടും ഗുസ്തി പിടിക്കുന്നത് കണ്ടാൽ കയ്യടിച്ച് പ്രോത്സാഹിപ്പിക്കാൻ തോന്നും. നമ്മളെ വിഷയമതല്ലല്ലോ. നാട്ടിലെ പല നൂലാമാലകളായ മാമൂലുകളിൽ പെട്ട ഒന്നാണല്ലോ 'അപ്പം കൊണ്ടോക്ക്'. പറഞ്ഞ് പറഞ്ഞിരിക്കെ അപ്പം കൊണ്ടോലിന്റെ സമയമായി.

"ടാ..."

അകത്ത്ന്ന് ഉമ്മാന്റെ വിളി.

"ആ .... ഉമ്മാ... "

"പുയ്യ്യാപ്ലന്റാട്ത്തേക്ക് അപ്പം കൊണ്ടോണം"

"അപ്പം, അഹാ... എപ്പോ കൊണ്ടോണം ഉമ്മാ"

"നാളെയല്ലാ... മറ്റന്നാ"

അടി സക്കെ! ഹൂറിയെ കാണാനുള്ള സുവർണ്ണാവസരം. മിസ്സാവരുത്. ഉള്ളാള്ത്തെ കിണറ്റിലിടാൻ നേർച്ചയാക്കിയ (വെറും നേർച്ചയാണ്, ഇട്ടിറ്റാ). പഞ്ചാര പിന്നെയും അലിയാൻ തുടങ്ങിയതിന്റെ സൂചനകൾ. ഹൂറിയെക്കാണാനുള്ള പ്രതീക്ഷയുടെ കിരണങ്ങൾ. നാൽപത്തിയെട്ട് മണിക്കൂറിലധികം കാത്ത് നിൽക്കണം. കാഞ്ചനയും മൊയ്തീനും കാത്ത് നിന്നില്ലേ. പിന്നെ എനിക്കെന്താ. അത്രേം സമയം പ്രണയിച്ച് പ്രണയിച്ച് ഒരു വൺവേ കാമുകനെയെങ്കിലും ഉണ്ടാക്കിയെടുക്കണം. നിശ്ചിത സമയത്തുനുള്ളിൽ കാമുകൻ റെഡി. ഉമ്മ പറയുന്നത് ഒരിക്കലും കൃത്യമായി അനുസരിക്കാറില്ല. കല്ല്യാണം ഒരു കീറാമുട്ടി ആയതും അതൊക്കെ കൊണ്ട് തന്നെ.

പിറ്റേന്ന് ഉമ്മ,

"ടാ ...നാളെ പത്ത് മണിക്ക് അപ്പോം കൊണ്ട് പോണം"

അപ്പവുമായി പറക്കേണ്ട എന്റെ മാരുതി ഓമ്നി ജെറ്റിനെ തലേന്നേ കുളിപ്പിച്ച് റെഡിയാക്കി നിർത്തി. രാവിലെ ഒമ്പതര മണിക്ക് റെഡിയാകേണ്ട ഞാൻ ഏഴ് മണിക്കേ റെഡിയായി. ബാഗി പാന്റ്സിൽ കുപ്പായം ഇൻസൈഡ് ചെയ്ത് മുടിയൊക്കെ ചീകി കണ്ണാടിയിൽ നോക്കി സ്വന്തം സൗന്ദര്യം ഒന്നു കൂടി ഉറപ്പ് വരുത്തി. നൂറ് കിലോമീറ്റർ അപ്പുറമുള്ള ഹൂറിക്ക് പിരിശത്തിന്റെ കഥ പറഞ്ഞ് കൊടുക്കാനുള്ള യാത്രയുടെ ഒരുക്കങ്ങൾ.

"ഉമ്മാ ... ഞാൻ റെഡി, അപ്പോം ചെമ്പും എവിടെ"

"സമയമായിട്ടില്ല. നാല് കുംസും കൂടി ചുടാനുണ്ട്, മറീമ വന്നിട്ട് വേണം, നീ എന്തിന് ഇത്ര നേരെത്തെ റെഡിയായത്"

കാത്തിരിപ്പിന്റെ ബേജാറ് ഉമ്മാക്ക് തിരിയോ, അത്കൊണ്ട് പറഞ്ഞുമില്ല. രണ്ട് മണിക്കൂറിന് ഇനിയങ്ങോട്ട് ദൈർഘ്യമേറും. കുംസ് സ്പെഷലിസ്റ്റ് ശ്രീമതി മറീമ അവർകൾ കൃത്യം എട്ടരക്ക് തന്നെ ഹാജറായി. മാമൂലുകൾക്കിടയിലേക്ക് വീണുടഞ്ഞ് കറങ്ങി തിരിഞ്ഞ് കുംസാകാൻ വേണ്ടി കാത്തിരിന്ന മുട്ടകൾ മറിയത്തിന് സ്മൈലി സമ്മാനിച്ചു. മുട്ടയൊടക്കലും പഞ്ചാരയിടലും തിരിക്കലും, മറീത്ത അടുക്കളയിലെ സൂപ്പർ യന്ത്രമായി മാറി. ഒന്നര മണിക്കൂർ കൊണ്ട് നാല് എണ്ണം പറഞ്ഞ കുംസുകൾ റെഡി. കാത്തിരിപ്പിന് വിരാമമായി. യാത്രയുടെ തുടക്കത്തിന് കുറച്ച് സമയം കൂടെ. കേക്കിനും മണ്ടക്കും കാജക്കും ഏറ്റവും മുകളിലായി കുംസ് സ്ഥാനം പിടിച്ചു. അപ്പം നിറച്ച വലിയ ചെമ്പ് നല്ലൊരു തുണി മുകളിൽ വെച്ച് ഭദ്രമായി കെട്ടി. കെട്ടും കൂടി ആയപ്പോൾ ചെമ്പിന് പണ്ടാരം കാട്ടറബിയുടെ ലുക്ക്. സൂക്ഷിച്ച് കാട്ടറബിയെ താങ്ങിപിടിച്ച് മാരുതിയുടെ പിൻസീറ്റിലിരുത്തി. ഇനി പറക്കണം, ഹൂറിയുടെ ലോകത്തേക്ക്. അവളെ കാണണം, ഇഷ്ടവും ഇഷ്ടങ്ങളും പറയണം. വേണ്ടാ എന്ന് പറയുമോ? ഇല്ലാ എന്ന് പറയുമോ? അതൊന്നും ആലോചിക്കേണ്ട സമയമല്ലിത്. സ്വപ്നങ്ങളുടെ യാത്രയ്ക്ക് തുടക്കം കുറിക്കാൻ ഡ്രൈവർ സീറ്റിൽ ഇരിക്കുമ്പോൾ ഏഴാം ക്ലാസ്സും ഗുസ്തിയുമായ സുന്ദരന് ഒരു പൈലറ്റിന്റെ ഗെറ്റപ്പ് വന്നതുപോലെ. ഇനി ഉമ്മയുടെ 'ആ... വിട്ടോ ' എന്ന് മാത്രം കേട്ടാ മതി. പിന്നെയും സിഗ്നലിനായുള്ള കാത്തിരിപ്പ്.

“ടാ ... പോവല്ലാ, അങ്ങിനെ അപ്പോം കൊണ്ട് ഒരു ആൺ ചെക്കൻ മാത്രം പൊയ്ക്കൂടാ. സൈനാനെയും കൂട്ടിക്കോ, ഓളെ നീ മുന്നിൽ തന്നെ ഇര്ത്തിക്കോ”

ആറ്റം ബോംബ് വീണത് പോലെയാ ഞാനത് കേട്ടത്. ഇതിനായിരിന്നോ രാവിലെ മുതലേ മുറുക്കാനും ചവച്ച് സെയിന്താ വീട്ടിൽ ചുറ്റിപറ്റി നിന്നത്.

“ഉമ്മാ ഞാൻ ചെക്കനല്ല”

കട്ടി മീശ തടവികൊണ്ടുള്ള എന്റെ പരിഭവം.

‘‘എന്നാ... അങ്ങനെ ഒറ്റക്കൊരു ബാല്യക്കാരൻ ചെക്കൻ പുയ്യ്യാപ്ലന്റാടത്തേക്ക് അപ്പം കൊണ്ട് പോകാൻ പാടില്ല”

എന്നിട്ടും ഉമ്മ ചെക്കൻ വിളി വിട്ടില്ല. ബാല്യക്കാരൻ വിളിയിലൂടെ ജൂനിയറിനെ സീനിയറാക്കിയെങ്കിലും ചെക്കൻ കൂട്ടിചേർത്ത് ഉമ്മ പിന്നെയും അരോചകമാക്കി .

“ഉമ്മാ... നൂറു കിലോമീറ്ററുണ്ട്. ഞാൻ നല്ല സ്പീഡിലാ പോകുന്നത്. സെയിന്താക്ക് തലചുറ്റും, ഛർദ്ദിക്കും, എനിക്ക് കൈല, ബയിക്ക്ന്ന്

ഒയലാൻ”
“സൈനാനെ കൂട്ടതെ നീ പോണ്ട, അങ്ങിനെ പൊയ്ക്കൂടടാ. അവരെന്ത് വിചാരിക്കും”
“ഒന്നും വിചാരിക്കൂലമ്മാ”

ഒന്നും നടന്നില്ല. അതങ്ങിനെയാ, ഉമ്മ പറഞ്ഞതേ നടന്നിട്ടുള്ളു. സെയിന്ത കൂടെ വന്നാൽ എന്റെ സ്വാകാര്യതക്ക് തടസ്സം നേരിടും. അവിടെ എത്തിയാല് നമ്മളെ മിണ്ടല് നടക്കൂല. വലിയൊരു പ്രശ്ന മായിട്ടാണ് ഞാൻ പോകുന്നത്. ഇതൊക്കെ ഉമ്മാനെ എങ്ങിനെ പറഞ്ഞ് മനസ്സിലാക്കും. ഏതായാലും ഉമ്മാക്കുവേണ്ടി കോ–പൈലറ്റാക്കി സെയിന്താനെ കൂട്ടാം. തായലെ ബസാറിൽ എത്തിയാ സെയിന്ത്താ നോട് കാര്യങ്ങൾ വിശദീകരിക്കാം. കോ–പൈലറ്റിനെ അവിടെ യിറക്കാം. ഇതായിരിന്നു പ്ലാൻ.

സെയിന്താന്റെ മോളെ ഒരു മംഗലാരക്കാരനാ കെട്ടിയത്. കെട്ടിയത് എന്ന് മാത്രം പറഞ്ഞാൽ പോരല്ലോ. കെട്ടിക്കൊണ്ട് പോയത് എന്ന് തന്നെ പറയണം. മോളെ കാണാൻ ഇടക്കിടെ പോയ്ക്കൊ ണ്ടിരിന്നത് തീവണ്ടീലാ. റോഡ് വഴി പോയിട്ടില്ല. പോയ്‌വരുന്ന വഴി മോളേയും കാണാല്ലോ. ഇതാണ് മൂപ്പത്തീടെ ആസൈ. കന്നിയാത്രക്ക് കോ–പൈലറ്റ് സെയിന എന്റെ തൊട്ടടുത്ത മുൻ സീറ്റിൽ തന്നെ സ്ഥാനം പിടിച്ചു.
“സമാധനത്തില്, വണ്ടി നന്നേ കുലുങ്ങാതെ പോണം. കാജേം കുംസൂക്കെയുള്ളതാ. അവർക്കത് ബന്ധുക്കൾക്ക് കൊടുക്കണ്ടതാ”
അപ്പം കേട് വരാതിരിക്കാൻ ഉമ്മയുടെ ഉപദേശങ്ങൾ. പക്ഷേ അതൊക്കെ ശ്രദ്ധിച്ചാൽ അവിടെ എത്താൻ വൈകും. ഇപ്പോഴത്തെ ചിന്ത അതൊന്നുമല്ല.
മാഡം സെയിന ബസാറില് ഇറങ്ങ്വോ ?
മുപ്പത് സെക്കന്റ് കൊണ്ട് ബസാറിൽ എത്തി. പഴയ ചായപ്പൊടി പീടികയുടെ അടുത്ത് ഓമ്നി നിർത്തി.
“എന്തിന് മോനെ ഈടെ നിർത്തീന്”
“അത്... നിങ്ങോ ഈടെ എറങ്ങണം, ഉമ്മ പറഞ്ഞത് കൊണ്ട് കൂട്ടിയതാണ്. ഞാൻ ഇന്ന് തിരിച്ച് വരൂല്ല. രണ്ട് ദിവസം മംഗലാരം എന്റെ ചങ്ങായിന്റ്ടുത്ത് നിന്നിറ്റേ ഞാൻ നാട്ടിലേക്ക് വരൂ”
“നീ തിരിച്ച് വരുമ്പോ എന്നെ കൂട്ടിയാ മതി. ഞാൻ മോളടുത്ത് രണ്ടീസം നിക്കാ, ഞാൻ മോളെ വിളിച്ച് പറയീം ചെയ്ത്. ചെർദ് രണ്ടെണ്ണം കാത്ത് നിക്കീം ചെയ്യും”
സെയിനാനെ ബസാറിൽ ഇറക്കൽ മിഷൻ പൂർണ്ണ പരാജയം.

രക്ഷയില്ല, ഇനി പോക്കന്നെ. ഹൂറിയെ കാണാൻ സ്വപനങ്ങളി ലേക്കുള്ള ടേക് ഓഫ് . മേഘങ്ങൾക്കിടയിലൂടെ പറന്ന് പറന്ന് ഓമ്നി ജെറ്റ് കാഞ്ഞങ്ങാടെത്തിയപ്പോൾ ഒരു മോഹം. ചെറുതായിട്ട് ഒന്നു മിനുങ്ങിയാലോ. മൂന്നു മണിക്കൂർ യാത്രക്ക് ബെസ്റ്റ്. പോരാത്തതിന് ഒരു ചെറിയ അറ്റകൈ പ്രയോഗവും. ലക്ഷ്യമാണ് പ്രധാനം, മാർഗ്ഗ ങ്ങൾ എന്തുമാവാം. ഏതോ ഒരു ബെടക്ക് ചെങ്ങായിന്റെ പിരാന്തൻ ഫിലോസഫി. വണ്ടി ചെറുതായൊന്നു ലാന്റ് ചെയ്യിച്ചു.

“നിങ്ങോ വണ്ടീലിരിക്ക്, ഞാനൊരു സർബത്ത് വാങ്ങീറ്റ് വര്ന്ന്”

സെയിന്താനെ വണ്ടിയിലിരുത്തി ബാർ ലക്ഷ്യമാക്കി നടന്നു. കല്ല്യാണി യുടെ (കല്ല്യാണി ബിയർ) ഒരു കുപ്പി അവിടുന്ന് തന്നെ പൊട്ടിച്ച് പകുതി അകത്താക്കി. ബാക്കി വണ്ടിയിലേക്ക്.

“മാങ്ങുമ്മൊ ഒന്നാ മാങ്ങല്, രണ്ടെണ്ണം മാങ്ങിക്കൂടെ”

ചൊടി, പരിഭവം പറച്ചില്.

“ഇത് നിങ്ങക്ക് വാങ്ങിയതന്നെ, ഇനി ബൈക്കേടയും ദാഹിക്ക്ന്ന് പറഞ്ഞ് നിർത്താൻ പറഞ്ഞക്കല്ല”

കല്ല്യാണിയുടെ നീളകുപ്പിയും ചെറിയ ഗ്ലാസ്സും കോ–പൈലറ്റിനെ ഏൽപിച്ചു.

“എന്ത്ന്നാ, ഇനിക്ക് നല്ലോന്നും കിട്ടീറ്റേ മാങ്ങാൻ. പുളിക്കീം ചെയ്ന്ന്, നെരയും ബെര്ന്ന്”

“അത് നോക്കണ്ടാ, തടിക്ക് നല്ലതാ. ഈനാങ്കാട്ടി പുളിയും കൈപ്പൂല്ലേ അരിഷ്ടം നിങ്ങോ കുടിക്കുന്നില്ലെ, പിന്നെന്താ”

അടിതുടങ്ങിയ അസിസ്റ്റന്റ് പൈലറ്റ് മഞ്ചേശ്വരം എത്തിയപ്പോഴേക്കും ഫ്ളാറ്റ്. കുടിക്കുന്നിതിനിടയിൽ തുളുമ്പിപ്പോയ ബിയർ ബുർക്കയിൽ നനവ് വരുത്തി. ഓമ്നിക്കകത്ത് കല്ല്യാണിയുടെ ഓഞ്ഞ മണം. മംഗലാപുരം പുയ്യ്യാപ്ല ചെക്കന്റെ വീട്ടിലെത്താൻ പത്ത് മിനുട്ട് കൂടി. യാത്രക്കാരുടെ ശ്രദ്ധയ്ക്ക് , നിങ്ങൾ മംഗലാപുരം ചെക്കൻ പുയ്യ്യാ പ്ലന്റെ വീട്ടിൽ ലാൻഡ് ചെയ്യാൻ പോവുകയാണ്. പറഞ്ഞ സമയം തന്നെ കൃത്യമായ ലാൻഡിംഗ് നടത്തി. കോ–പൈലറ്റ് അന്തം വിട്ട സുഖനിദ്രയിൽ. പെട്ടെന്ന് പുറത്തിറങ്ങി പിൻസീറ്റിലെ ചെമ്പിന്റെ കഴുത്തിന് പിടിച്ച് ഇറക്കിവെച്ചു. അവരുടെ പറമ്പിൽ ജോലി ചെയ്യുന്ന ഒരു കന്നടക്കാരൻ ചെമ്പ് അകത്തേക്ക് വെക്കാൻ സഹായിച്ചു. മംഗലാപുരത്ത്കാരുടെ മലയാളം കേക്കാൻ ഒരു സുഖാ.

“എത്തര മനിക്ക് ബിട്ടത്, ബിധിമിട്ടായാ ബൈക്കെന്തെങ്കിലൂ, നിങ്ങളെ കൂടെ ബന്നാ പെണ്ണെങ്ങോന്തെ എറങ്ങാത്തെ? ബെയ്യാണ്ടായി പോയപ്പാ”

അപ്പോഴാ അങ്ങിനെ ഒരു സംഭവം ഓർമ്മ വന്നത്.
സെയിന്താ.. പടച്ചോനെ!
ഓറെ എങ്ങിനെ പൊർത്തെറക്കും...
വീട്ടുകാരോട് മറുപടിയൊന്നും പറഞ്ഞില്ല. നൂറു കിലോമീറ്റർ താണ്ടിവന്നത് ഹൂറിയെ കാണാനല്ലേ. എവിടെയെങ്കിലും ഒരു നിഴൽ കാണുന്നുണ്ടോ എന്നായി പിന്നെ ശ്രദ്ധ മുഴുവനും.
"നിങ്ങോ ആ പെണ്ണിങ്ങളോട് ഇങ്ങോട്ട് വന്ന് കേറീരിക്കാൻ പറയറാ"
വീട്ടുകാരുടെ ഓർമ്മ പെടുത്തൽ അസഹ്യമായി തോന്നിയെങ്കിലും നടന്ന് വണ്ടിയുടെ അടുത്തെത്തി.
"ഏ... സെയിന്താ നിങ്ങോ എണീച്ചെ! ദാ എല്ലാരും നിങ്ങളെ ബിളിക്ക്ന്ന് "
"തല ബീച്ച്ന്നാ... നീ എന്ത് ജൂസ്ടാ എനിക്ക് മാങ്ങി തന്നിന്"
ആടിയാടി ഇറങ്ങിയ സെയിന്താനെ കൈ പിടിച്ച് വീട്ടികത്തേക്ക് കയറ്റി. കുശലം പറയാൻ വീൽ ചെയറ് ഉരുട്ടി വന്ന പുയ്യ്യാപ്ലന്റെ ഉമ്മൂമ്മാക്ക് എന്തോ ഒരു പന്തികേട് അനുഭവപ്പെട്ടെന്ന് തോന്നുന്നു. മൂപ്പത്തി അത് മറച്ച് വെച്ചതുമില്ല.
"ഏ... പെണ്ണിങ്ങളേ... നുങ്ങോ ലിക്കറടിചിനാ... ചീഞ്ഞത് മണക്ക്ന്ന്ണ്ടല്ലാ"
"ലിക്കറാ... അതെന്ത്ന്ന് സാധനോ"
"കള്ള്... കള്ള് കുടിച്ചിനാ നിങ്ങോ, നല്ലോണം മണക്ക്ന്ന്ണ്ടല്ലാ"
സിറ്റുവേഷൻ മനസ്സിലായല്ലോ അല്ലെ.
കണ്ണിൽനിന്നും ഹൃദയത്തിൽനിന്നും ഹൂറി നീരാവിയായി പോകുന്നത് ശരിക്കും അനുഭവിച്ചറിഞ്ഞു. എത്ര ദിവസത്തെ കാത്തിരിപ്പാ. സെയിന്താക്ക് തലബീച്ചലിന്റെയും മണത്തിന്റെയും കാര്യം പിടികിട്ടി. പിന്നെ കണ്ടത് ഒരു പൊട്ടിത്തെറിക്കലാണ്.
"ഓനാന്ന് എനിക് മാങ്ങി തന്നിന്, പുയ്യ്യണ്ണ്ന്റെ ആങ്ങളചെക്കൻ"
ഇനി അവിടെ നിൽക്കരുത്, ഒന്നുകൂടി ഒരു നോട്ടമെങ്കിലും എവിടെ നിന്നെങ്കിലും കിട്ടുമോയെന്ന അവസാന ശ്രമവും നടത്തി. ഇല്ല, ഇത് എന്റെ ഇടമല്ല. ഇനിയൊന്നും നടക്കില്ല എന്ന് ഉറപ്പ് വരുത്തി. ഓമ്നി സ്റ്റാർട്ട് ചെയ്ത് ഗേറ്റ് കടന്നപ്പോൾ പിന്നിൽ നിന്ന് ഒരു വിളി.
"പോല്ലാ... ഹോർളിക്സ് കുടിച്ച് പോയ്ക്കോ"
സൈഡ് മിററിൽ പതിഞ്ഞ മുഖംകണ്ട് ഒന്ന് ഉറപ്പ് വരുത്താൻ തിരിഞ്ഞ് നോക്കി. അതെ അവളന്നെ. വൺവേ കാമുകന്റെ പിരിശത്തിന്റെ കഥ കേൾക്കേണ്ടവൾ.
"വേണ്ട, പിന്നീടൊരിക്കലാവാം"

കഥകൾ പിന്നെയും ബാക്കിയായി. കാരണം ആ ‘പിന്നീടൊരിക്കൽ’ ഇനിയും ഉണ്ടായിട്ടില്ല. സെയിന മൂന്ന് ദിവസം കഴിഞ്ഞ് നാട്ടിലെത്തി ഉമ്മയോട് വള്ളിപുള്ളി തെറ്റാതെ എല്ലാം ഉരിയാടി. ഉമ്മാക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. കാരണം മറ്റൊന്നുമല്ല. എന്റെ കാട്ടികൂട്ടലുകൾക്കിടയിൽവെച്ച് ഏറ്റവും ചെറുത്. വള്ളി പുള്ളി തെറ്റാതെയുള്ള പറച്ചിൽ വീട്ടിലെ കുരുത്തംകെട്ട ചെറിയ ചെവികൾ നിർത്താതെ റെക്കോർഡ് ചെയ്തു. അസറ് നിസ്കരിച്ച് സെയിനാ വീട്ടിലേക്ക് പോകുന്ന വഴിയിൽ ഒരു അശരീരി പോലെ...

“ഏ... കള്ളേ് കുടിയൻ സൈനാ”

പിള്ളേർക്ക് എന്ത് സ്ത്രീലിംഗം! എന്ത് പുല്ലിംഗം!

## പി. സി. അഷറഫ്

# നട്ടുച്ച

**വി**ളർച്ച ബാധിച്ച മലഞ്ചെരിവുകളെ പിന്നിട്ട് ബസ്സ് കുതിച്ചു കൊണ്ടിരുന്നു. മലഞ്ചെരുവുകളിൽനിന്നും പാത നീണ്ടുപരന്നു കിടക്കുന്ന സമതലങ്ങളിലെത്തി. ഒരു പൊടിക്കാറ്റ് അസഹ്യമായ ചൂടും വഹിച്ച് ബസ്സിന്നകത്തേക്ക് അടിച്ചുകയറി.
“നീ അവിടുന്ന് മാറിയിരിക്ക് ”
ജനലിന്നടുത്തായി ഇരുന്ന് പുറംകാഴ്ചകളിൽ മുഴുകിയിരുന്ന പെൺകുട്ടിയോട് അവളുടെ അമ്മ പറഞ്ഞു.
പെൺകുട്ടിക്ക് പതിനൊന്നോ പന്ത്രണ്ടോ വയസ്സ് മതിച്ചിരുന്നു.
അവളുടെ അമ്മയാകട്ടെ അകാലവാർദ്ധക്യം ബാധിച്ച സ്ത്രീയെപ്പോലിരുന്നു. അവരുടെ മുടിയിഴകളിൽ നര കാണാമായിരുന്നു. അനേകകാലം ദാരിദ്ര്യം ശീലിച്ചവരിൽ കാണുന്ന ഒരു തരം നിസ്സംഗത അവരുടെ മുഖത്ത് നിഴലിച്ചിരുന്നു. പിഞ്ഞിയതെങ്കിലും വൃത്തിയായി അലക്കിയ കോട്ടൺ സാരിയിൽ അവരുടെ ശരീരം തീർത്തും ദുർബലമായിരുന്നു.

മുൻവശത്ത് രണ്ട് ചുവന്ന റോസാപ്പൂക്കളെ തുന്നിച്ചേർത്ത ഫ്രോക്കായിരുന്നു പെൺകുട്ടിയുടെ വേഷം. കീറിയിരുന്നിരുന്നില്ലെങ്കിലും അനേകകാലത്തെ ഉപയോഗം കൊണ്ട് നിറം മങ്ങിയ സാരി കൊണ്ട് തലമൂടി അമ്മയിരുന്നു. സർക്കാർ ബസ്സിന്റെ തുരുമ്പിച്ച ഷട്ടർ താഴ്ത്തിയിടാൻ പെൺകുട്ടി ഒരു വിഫലശ്രമം നടത്തിനോക്കി. പിന്നെ അവൾ അമ്മയുടെ അരികിലേക്ക് നീങ്ങിയിരുന്നു. വെളുത്ത ലില്ലിപ്പൂക്കളുള്ള പിങ്ക് ചെരുപ്പിൽനിന്ന് വിമുക്തമാക്കി അവൾ കാലുകൾ സീറ്റിന്ന് മുകളിലേക്ക് കയറ്റിവെച്ചു. ബസ്സ് വേനലിന്റെ ക്രൗര്യമേറ്റ് വിണ്ടുകീറിയ പാടങ്ങളുള്ള ഒരു ഗ്രാമത്തെ പിന്നിടുകയായിരുന്നു.

അമ്മ തുണി സഞ്ചിയിൽ നിന്നും ഒരു പായ്ക്കറ്റ് ബിസ്ക്കറ്റെടുത്ത് അതിന്റെ കൂട് പൊളിച്ച് രണ്ട് ബിസ്ക്കറ്റെടുത്ത് മകൾക്ക് കൊടുത്തു. അത്രയുംതന്നെ തനിക്കുവേണ്ടിയുമെടുത്ത് കൂട് തിരികെ സഞ്ചിയിലിട്ടു. മറ്റൊരു സഞ്ചിയിൽനിന്നും ഒരു കുപ്പി വെള്ളമെടുത്ത് പുറത്തുവെച്ചു.

പെൺകുട്ടി ബിസ്ക്കറ്റ് തിന്നുകഴിഞ്ഞ് പുറത്തേക്ക് നോക്കിയപ്പോൾ ബസ്സ് ഇലകൊഴിഞ്ഞ തണൽ മരങ്ങളുള്ള ഒരു ഇടത്തരം നഗരത്തിലൂടെ കടന്നുപോവുകയായിരുന്നു.
“നീ നിന്റെ ചെരുപ്പിട് ” അമ്മ പെൺകുട്ടിയോടായി പറഞ്ഞു,
“വേണ്ടുന്നത്ര വെള്ളം കുടിച്ചോളു. അവിടെനിന്നും നമ്മൾ ഒന്നും കഴിക്കാൻ പോകുന്നില്ല... പച്ചവെള്ളം പോലും. എല്ലാറ്റിനുമുപരി കരയാനും പാടില്ല...”
ഇറങ്ങാനുള്ള സ്ഥലം അടുത്തുകഴിഞ്ഞെന്ന് അവൾക്ക് മനസ്സിലായി. അമ്മ സാരിത്തലപ്പുകൊണ്ട് മുഖം അമർത്തിത്തുടച്ചു. കൈകൾ കൊണ്ട് മുടി കോതിവെച്ചു. പെൺകുട്ടിയുടെ പാറിപ്പറന്ന മുടി ഒരു ചീർപ്പുകൊണ്ട് കോതിയൊതുക്കി പിന്നിൽ രണ്ടായി മെടഞ്ഞിട്ടു. ബസ്സ് സാമാന്യം തിരക്കനുഭവപ്പെട്ട ഒരു നഗരം പിന്നിടുകയായിരുന്നു. റോഡ് മുറിച്ചു കടക്കുന്ന അറവുമാടുകൾ അൽപസമയം ബസ്സിനെ പതുക്കെയാക്കി. ബസ്സ് ഒരിടത്തരം അങ്ങാടിയിലെ സ്റ്റോപ്പിൽ നിർത്തി. അമ്മയും മകളും അവിടെയിറങ്ങി. അങ്ങാടി തീർത്തും വിജനം തന്നെയായിരുന്നു. പുരാതനവും ഇടിഞ്ഞു തുടങ്ങിയതുമായ ബസ്സ്റ്റാന്റിന്റെ ഒരു മൂലയിൽ ഒരു ചാവാലിപ്പട്ടി കിടന്നുറങ്ങുന്നുണ്ടായിരുന്നു.
ഉച്ച ചൂട് കഠിനമായിരുന്നു.
കടുത്ത കർട്ടനുകൾ കൊണ്ട് പീടികകളുടെ മുൻഭാഗം മറച്ചിരുന്നു. തണൽ മരങ്ങളില്ലാത്ത അങ്ങാടിയിലെ റോഡ് വറചട്ടിയുടെ ഉൾഭാഗം പോലെ ചൂട് വമിപ്പിച്ചു. മകളെ തന്നോട് ചേർത്തുപിടിച്ച് സാരിത്തലപ്പുകൊണ്ട് അവളുടെ തലമറച്ച് അമ്മ നടത്തത്തിന്ന് വേഗത കൂട്ടി. അവർക്ക് പോകേണ്ടിയിരുന്നത് സ്ഥലത്തെ പൊലീസ് സ്റ്റേഷനിലേക്കായിരുന്നു.

അങ്ങേയറ്റം പതിഞ്ഞ കാൽവെപ്പുകളോടെ നടന്നിട്ടും പാതയോരത്തെ ചില വീടുകളിൽനിന്ന് തുറുകണ്ണുകൾ അവരെ പിന്തുടരുന്നുണ്ടായിരുന്നു. ഒരു പീടികക്കോലായിൽ ശീട്ട് കളിച്ചുകൊണ്ടിരിക്കുന്ന സംഘം പൊടുന്നനെ കളിനിർത്തി അവരെത്തന്നെ നോക്കി നിന്നതും അവർ ഒട്ടും ഗൗനിച്ചില്ല. പൊലീസ് സ്റ്റേഷൻ ആരോടും ചോദിക്കാതെ തന്നെ ഒരു വളവ് തിരിഞ്ഞ് അവർ കണ്ടെത്തി. തികച്ചും മൂകമായ സ്ഥലത്തായിരുന്നു പോലീസ് സ്റ്റേഷൻ നിന്നത്. മുൻപാകെ ഒരു പേരാലുണ്ടായിരുന്നു. അതിന്റെ പുള്ളിക്കുത്തുള്ള തണലിൽ ഒരു പൊലീസുകാരൻ ചാരുകസേരയിൽ തൊപ്പികൊണ്ട് മുഖം മറച്ച് ഉറങ്ങുന്നുണ്ടായിരുന്നു.

അമ്മയും മകളും മൗനം ഭഞ്ജിക്കാതെ അകത്തേക്ക് പ്രവേശിച്ചു. ഇൻസ്പെക്ടർ മേശപ്പുറത്തെ ഫയലിൽ തലപൂഴ്ത്തിയിരിക്കുകയായിരുന്നു. എങ്കിലും അവരുടെ സാന്നിദ്ധ്യം അദ്ദേഹം അറിഞ്ഞു.
“എന്താ വേണ്ടത്” തല ഉയർത്താതെ തന്നെ ഇൻസ്പെക്ടർ ചോദിച്ചു.
“ഞാൻ ബദീഉൽ സമാന്റെ ഉമ്മയാണ് ” അവരുടെ സ്വരത്തിൽ ദൃഢത നിഴലിച്ചിരുന്നു.
“ആരുടെ” ഇൻസ്പെക്ടർ സംശയത്തോടെ തലയുയർത്തി നോക്കി.
“ബദീഉൽ സമാന്റെ” അവർ ഒരു ഭാവഭേദവുമില്ലാതെ പറഞ്ഞു,
“കഴിഞ്ഞയാഴ്ച ഇവിടെ വെടിയേറ്റ് മരിച്ചവന്റെ ”
“ഓ അതായിരുന്നോ അവന്റെ പേര്” ഇൻസ്പെക്ടർ ഉച്ചചൂടിന്റെ ആലസ്യമാർന്ന ഒരു കോട്ടുവായോടെ പറഞ്ഞു. കഴിഞ്ഞയാഴ്ച അവിടെ നിന്ന് മൂന്ന് കിലോമീറ്റർ അകത്ത് മാറിയുള്ള ഒരു എസ്റ്റേറ്റ് ബംഗ്ലാവിലാണ് അത് നടന്നത്. ഏറെ വൈചിത്ര്യങ്ങൾ സ്വഭാവത്തിൽ സൂക്ഷിച്ചിരുന്ന ഒരു കിറുക്കൻ റിട്ടയേർഡ് കേണൽ ആയിരുന്നു ആ ബംഗ്ലാവിൽ താമസിച്ചിരുന്നത്. മുൻപ് പട്ടാളമേധാവി ആയിരുന്നപ്പോൾ അതിർത്തി പട്ടണങ്ങളിലൊന്നിൽ നിരന്തരം തലവേദനയുണ്ടാക്കുന്നവർ എന്നാരോപിച്ച് എന്തോ പുകമറയുണ്ടാക്കി ഒരു വിഭാഗം ജനങ്ങളെ ചുട്ടുകരിച്ചവൻ എന്നൊരാരോപണം അയാൾ നേരിടുന്നുണ്ടായിരുന്നു. ഒരു രാത്രിയിൽ, തന്റെ സ്വഭാവത്തിൽ സൂക്ഷിച്ചിരുന്ന ഒരുപാട് വൈചിത്ര്യങ്ങളുടെ ഭാഗങ്ങളിലൊന്നായി ഉറക്കത്തിൽ നിന്ന് പെട്ടെന്നെണീറ്റ് മദ്യപിക്കുകയായിരുന്നു കേണൽ.

ഉറക്കത്തിന്റേയും മദ്യത്തിന്റേയും പുകമറയിലും ഇടനാഴിയിൽ ഒരു നിഴലനങ്ങുന്നത് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. വളരെക്കാലം പരമ്പരാഗതമായി താൻ സൂക്ഷിക്കുന്ന കാട്ടിക്കൊമ്പിന്റെയടുത്താണ് അനക്കം എന്നയാൾ ഊഹിച്ചു. ടീപ്പോയുടെ താഴെത്തട്ടിൽ കിടക്കുന്ന റിവോൾവറെടുക്കാൻ ഒരു ഞൊടിയിട നേരമേ വേണ്ടിവന്നുള്ളു. അയാളുടെ ഉന്നം പിഴച്ചില്ല. ആദ്യം അയാൾ ശബ്ദം ഒന്നും കേട്ടില്ല; തൂത്തനാകം പാകിയ മേൽക്കൂരയിൽ മഴവീഴുന്ന ശബ്ദമല്ലാതെ. പിന്നെ തീരെ ലോലമായ ഒന്ന്, ദയനീയമായ നിലവിളിയോടെ താഴേക്ക് വീഴുന്ന ശബ്ദം കേട്ടു...
ഇൻസ്പെക്ടർ അവരോട് ഇരിക്കാൻ പറഞ്ഞു. അവർ ഇരുന്നില്ല.
“ഞങ്ങൾക്ക് ധൃതിയുണ്ട്. മൂന്ന് മുപ്പതിനാണ് മടക്ക ബസ്സ് ” സ്ത്രീ പറഞ്ഞു.
‘‘നിങ്ങൾക്കവനെ ഉപദേശിച്ച് നേരെയാക്കാമായിരുന്നില്ലേ’’ ഇൻസ്പെക്ടർ ചോദിച്ചു.

"അവൻ നല്ല കുട്ടിയായിരുന്നു... ഞാനവനോട് പറഞ്ഞിട്ടുണ്ടായിരുന്നു ആരുടേയും അത്യാവശ്യ മുതലുകൾ മോഷ്ടിക്കരുതെന്ന്. മറിച്ച്, അവന്റെ കാലുകൾക്ക് വയ്യാതാകുന്നതിന്ന് മുൻപ് ഞാൻ കഴിച്ച ചോറിന്ന് മലമടക്കുകളിൽ എന്റെ മകൻ കല്ലുകൾ ചുമന്ന വിയർപ്പിന്റെ രുചിയുണ്ടായിരുന്നു. "

ഇൻസ്പെക്ടർ ആശ്ചര്യത്തോടെ ഒരു കാര്യം മനസ്സിലാക്കി, അവർ കരയാൻ ഒരുമ്പെടുകയല്ലെന്ന്.

"കോണ്സ്റ്റബിൾ" ഇൻസ്പെക്ടർ നീട്ടിവിളിച്ചു.

ഒരു പൊലീസുകാരൻ ധൃതിയിൽ കയറി വന്ന് സല്യൂട്ട് അടിച്ചു നിന്നു.

"രണ്ട് ചായ" ഇൻസ്പെക്ടർ പറഞ്ഞു.

"വേണ്ട" സ്ത്രീ പറഞ്ഞു, "ഞങ്ങൾക്ക് ധൃതിയുണ്ട്. എവിടെയാണ് പൊതുശ്മശാനം"

"ഈ വെയിലിൽ നിങ്ങൾ പൊരിഞ്ഞുപോകും. അവിടെ ഒരു തണൽ മരം പോലുമില്ല. അൽപം വെയിലാറട്ടെ" ഇൻസ്പെക്ടർ പറഞ്ഞു.

"ഇല്ല. ഞങ്ങൾക്ക് ധൃതിയുണ്ട്. മൂന്ന് മുപ്പതിനാണ് മടക്കബസ്സ് " സ്ത്രീ വീണ്ടും ആവർത്തിച്ചു.

ഇൻസ്പെക്ടറുടെ ചുണ്ടിൽ ഒരു നേരിയ ചിരി പടർന്നു. അയാൾ ഒരു കടലാസെടുത്ത് എന്തോ കുത്തിക്കുറിച്ചു.

"ഇവർക്ക് പൊതു ശ്മശാനം കാണിച്ചുകൊടുക്കു" കടലാസെടുത്ത് കോൺസ്റ്റബിളിന്ന് നീട്ടിക്കൊണ്ട് ഇൻസ്പെക്ടർ പറഞ്ഞു,

"ഇത് ഗെയിറ്റ് കീപ്പറെ കാണിക്കൂ"

കോൺസ്റ്റബിളിന്ന് പിന്നാലെ സ്ത്രീയും മകളും മുറ്റത്തേക്കിറങ്ങി.

"നിൽക്കൂ" ഇൻസ്പെക്ടർ പിന്നിൽ നിന്ന് വിളിച്ചു. സ്ത്രീ തിരിഞ്ഞു നോക്കി.

"ഞാൻ ഒരു കുട തരാം" ഇൻസ്പെക്ടർ പറഞ്ഞു.

"വേണ്ട" അവർ നടന്നു കഴിഞ്ഞു.

## സബൂറ മിയാനത്ത്

# ഇംഗ്ലീഷ് മീഡിയം

**വ**ല്ലാത്തൊരിരമ്പലോടെ ബസ്സ് നിന്നപ്പോൾ, എത്രയും വേഗം ബസ്സിൽനിന്നിറങ്ങാനുള്ള തത്രപ്പാടായിരുന്നു. ഇറങ്ങിയ ശേഷമാണ് ശ്രദ്ധിച്ചത്, വേഷമാകെ ചുളിഞ്ഞിരിക്കുന്നു. മോൾ നനഞ്ഞ കോഴി യെപ്പോലുണ്ട്. മോളുടെ കയ്യും പിടിച്ച് അവളുടെ സ്കൂൾബാഗും വാട്ടർബോട്ടിലുമൊക്കെ തൂക്കിപ്പിടിച്ച് അദ്ദേഹത്തോടൊപ്പം ഇംഗ്ലീഷ്മീഡിയം സ്കൂളിന്റെ ഗേറ്റ് കടക്കുമ്പോൾ അഭിമാനം കൊണ്ട് തലയുയർന്നിരുന്നു. ആയിരങ്ങൾ ചെലവഴിക്കേണ്ടി വന്നുവെങ്കിലും മോൾക്ക് അഡ്മിഷൻ കിട്ടിയപ്പോൾ എന്തൊരു സന്തോഷമായിരുന്നു. എല്ലാറ്റിലുമുപരി ആശ്വാസമായിരുന്നു, സഫിയയുടെയും രജനി യുടേയുമൊക്കെ മുമ്പിൽ തലയുയർത്തി നിൽക്കാമല്ലോ.

അഞ്ച് വയസ്സാകുന്നതിന് മുമ്പ് മോളെ സ്കൂളിൽ വിടുന്നതിനോട് അദേഹത്തിന് യോജിപ്പുണ്ടായിരുന്നില്ല. പ്രത്യേകിച്ചും ഇംഗ്ലീഷ് മീഡിയത്തിൽ. പക്ഷെ ഇന്നത്തെ കാലത്ത് ഇങ്ങനെയൊക്കെ നടന്നില്ലെങ്കിലുള്ള ദൂഷ്യഫലം മനസ്സിലാക്കി കൊടുത്തപ്പോൾ സമ്മ തിച്ചു. ഗ്രാമത്തിൽ തന്നെയുള്ള ബാലവാടിയിൽ ചേർക്കാമെന്നാ യിരുന്നു അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ. താനത് വകവെച്ചില്ല. കാരണം കഴിഞ്ഞ പ്രാവശ്യം കണ്ടപ്പോഴും സഫിയ പറഞ്ഞിരുന്നു, അവളുടെ മൂന്നാമത്തെ കുട്ടിയേയും എൽകെജിയിൽ ചേർക്കുക യാണെന്ന്. തന്റെ മോളെയും ഇംഗ്ലീഷ്മീഡിയത്തിൽ ചേർക്കാൻ കഴിയുമെന്ന് കാണിച്ചുകൊടുക്കാനുള്ള വാശിയിലാണ് നാലാം വയസ്സിൽ സ്കൂളിൽ ചേർത്തത്.

“ഉമ്മാ...”

മോളുടെ വിളികേട്ടപ്പോഴാണ് പരിസരബോധമുണ്ടായത്. സ്കൂൾ എത്തിയിരിക്കുന്നു. സ്കൂൾ ഗ്രൗണ്ട് മുഴുവനും കുട്ടികളെക്കാളധികം പേരന്റ്സ് ആണ്. ഓഫീസിൽ വെച്ച് ഇന്റർവ്യൂ നടക്കുന്നുണ്ട്. മോളുടെ പേര് വിളിക്കുന്നതും കാത്ത് വരാന്തയിൽതന്നെ നിന്നു. ഇന്റർവ്യൂ ഉണ്ടാവുമെന്നറിഞ്ഞതുകൊണ്ട് മോളെ അൽപം റെഡി യാക്കിയിരുന്നു. തനിക്കറിയാവുന്ന ഇംഗ്ലീഷ് വേഡുകളും നഴ്സറി ഗാനങ്ങളും പഠിപ്പിച്ചു കൊടുത്തിരുന്നു.

“മറിയം”
മോളുടെ പേര് വിളിച്ചപ്പോൾ കണ്ടു, എല്ലാവരും ശ്രദ്ധിക്കുന്നു. എന്തൊരു നാണക്കേട്. ഞാനെത്ര പറഞ്ഞതാണ് മോൾക്ക് പഴയ പേരൊന്നും വേണ്ട, പുതിയതിടാമെന്ന്.
“എന്റെ ഉമ്മ മരിക്കുമ്പോൾപോലും എനിക്കൊന്നു കാണാൻ സാധിച്ചില്ല. ആ വിഷമം എനിക്കെന്നുമുണ്ട്. അത് കൊണ്ട് എന്റെമോൾക്ക് ഞാൻ ഉമ്മാന്റെ പേര് മാത്രമേ വിളിക്കൂ”
അവസാനം എനിക്കും അതംഗീകരിക്കേണ്ടിവന്നു. എങ്കിലും ഞാനിതുവരെ മോളേ, മുത്തൂ എന്നൊക്കെയല്ലാതെ പേരുചൊല്ലി വിളിക്കാറില്ല. അദ്ദേഹം എപ്പോഴും പറയാറുണ്ട്,
“അല്ലേലും നിനക്കെന്റെ ഉമ്മയെ ഇഷ്ടമല്ലല്ലോ.. എന്നിട്ടു വേണ്ടേ പേര് വിളിക്കാൻ”
ഞാനെന്തു പറഞ്ഞാലും ഇങ്ങനെയേ അവർ പറയൂ.
ചുറ്റും കന്യാസ്ത്രീകളുടെ നിര. മധ്യത്തിലിരിക്കുന്ന കണ്ണടധാരിയായിരിക്കും ഹെഡ്മിസ്ട്രസ്. മോളോട് അവർ പേര് ചോദിച്ചു. ഒരു പതർച്ചയോടെ അവൾ പേര് പറഞ്ഞു. നഴ്സറി പാട്ട് ചൊല്ലാൻ പറഞ്ഞപ്പോൾ അവൾ പേടിയോടെ എന്നെ നോക്കി. പ്രോത്സാഹിപ്പിച്ചിട്ടും ഫലമില്ലെന്നു കണ്ടപ്പോൾ കണ്ണുരുട്ടേണ്ടിവന്നു. ‘മിസ്സ്’ രജിസ്റ്ററിൽ പേര് ചേർക്കുന്നത് കണ്ടപ്പോൾ ആശ്വാസമായി.

മോളെയും കൂട്ടി അവളുടെ ക്ലാസ്സിലേക്ക് നടക്കുമ്പോൾ കുറെ ഉപദേശങ്ങൾ കൊടുത്തു. ടീച്ചർ പറയുന്നതനുസരിക്കണം, അല്ലാതെ ചീത്ത കുട്ടികളെപ്പോലെ ചിണുങ്ങരുത്.
“എനിക്ക് വെശ്ക്ക്ന്ന്മ്മാ....”
മോളുടെ പറച്ചിൽ കേട്ടപ്പോൾ ദേഷ്യം അടക്കാനായില്ല. കൈത്തണ്ടയിൽ തന്നെ ഒരുനുള്ള് വെച്ചുകൊടുത്തു.
“നിന്നോട് എത്രതവണ പറഞ്ഞതാ ഉമ്മാന്ന് വിളിക്കരുതെന്ന്. ചീത്തക്കുട്ടി ആവരുത് ട്ടോ.. ഇനിമുതൽ മോൾ മമ്മീന്നും ഡാഡീന്നും വിളിച്ചാൽ മതി...”
നിറഞ്ഞ കണ്ണുകളോടെ അവൾ തലയാട്ടി. മനസ്സിലായോ എന്തോ. സന്തോഷത്തോടെ വീട്ടിലേക്ക് തിരിക്കുമ്പോൾ മോളെയും കൂട്ടി ടീച്ചർ ക്ലാസ്സിലേക്ക് പോകുന്നത് കണ്ടു. വൈകിട്ട് സ്കൂൾ ബസ്സ് വരുന്ന സമയമായപ്പോൾ അദ്ദേഹത്തെ കവലയിലേക്കയച്ചു. കവലക്കു ശേഷമുള്ള റോഡ് ബസ്സ് വരാൻ യോഗ്യമല്ലാത്തത് കൊണ്ട് മോളെ കവലയിലിറക്കും. മോള് വന്നപ്പോൾ അവൾക്ക് ഭക്ഷണം കൊടുക്കുന്നതിനേക്കാളേറെ, സ്കൂൾ വിശേഷങ്ങളറിയാനാണ് ഞാൻ

താൽപര്യം കാണിച്ചത്. ഒടുവിൽ അദ്ദേഹം ദേഷ്യപ്പെടേണ്ടിവന്നു, മോളെയും കൂട്ടി ഡൈനിങ്ങ് ഹാളിലേക്ക് നടക്കാൻ.

ജുമുഅത്ത് പള്ളിയിൽ നിന്നും മഗ്‌രിബ് ബാങ്ക് വിളിക്കുന്നത് കേട്ടപ്പോൾ വുളു ചെയ്ത് അകത്തേക്ക് കയറി. അപ്പോഴാണ് ആ കാഴ്ച കണ്ടത്. മോൾ തൊഴുകൈയ്യുമായി കണ്ണടച്ച് നിൽക്കുകയാണ് സ്റ്റഡി റൂമിൽ. അദ്ഭുതം വിടർന്ന കണ്ണുകളുമായി പതിയെ അകത്തേക്ക് കടക്കുമ്പോൾ കേട്ടു,

“ഓ... മൈ ഗോഡ്.. അയാം പ്രേയിങ് ടു യു...”

ക്ലാസ്സിൽ ടീച്ചർ പഠിപ്പിച്ച പ്രാർത്ഥന തനിക്കോർമ്മയുള്ളതു പോലൊക്കെ ചൊല്ലുകയാണവൾ. അഭിമാനത്തോടെ അവളുടെ ശിരസ്സിൽ തലോടുമ്പോൾ ഞാൻ എന്നെത്തന്നെ അടക്കി നിർത്താൻ പാടുപെടുകയായിരുന്നു.

റഷീദ. കെ. ഓരിമുക്ക്

# അന്തിമോന്തിക്കാലത്തെ ഉമ്മുമ്മ

**ചെ**റുപ്പത്തിൽ ഉമ്മുമ്മാന്റെ വാലായിരുന്നു ഞാൻ. ഉമ്മയുടെ ഉമ്മാന്റെ മക്കളില്ലാത്ത ഏട്ടത്തിയെയാണ് ഞങ്ങളുമ്മുമ്മാന്ന് വിളിച്ചിരുന്നത്. സ്നേഹത്തിന്റെ ഒരു വസന്തമായിരുന്നു ഉമ്മുമ്മ. വീട്ടു പറമ്പിന്റെ മൂലയിൽ ചെറിയൊരു തോടുണ്ട്. നേരം പുലർന്നാലുടൻ ഉമ്മുമ്മ പാനിയുമെടുത്ത് തോട്ടിൽനിന്നും വെള്ളംകോരി തെങ്ങിനൊഴിക്കാനിറങ്ങും. പിന്നാലെ പുട്ടുകുറ്റീന്റെ പാനിയുമായി ഞാനും അനിയത്തിയും ഇറങ്ങും. മാവിനും പ്ളാവിനുമാണ് ഞങ്ങൾടെ നന. കുറച്ചു കഴിയുമ്പൊ വെള്ളം വറ്റും. പിന്നെ ഉറവ വരുന്നതുവരെ ഉമ്മുമ്മ തുമ്മാൻ തിന്നോണ്ടിരിക്കും. അപ്പോൾ ഞങ്ങൾ പാനിയിലേക്ക് മീൻകുഞ്ഞുങ്ങളെ പിടിച്ചിടുന്ന തിരക്കിലായിരിക്കും (പിന്നീട് സ്കൂളിൽ ചേർത്തപ്പോൾ പാഠപുസ്തകത്തിൽ കണ്ടപ്പോഴാണ് ആ മീൻകുഞ്ഞുങ്ങൾ വാൽമാക്രിയായിരുന്നെന്ന് മനസ്സിലായത്). ഞങ്ങൾടെ പൊരേലെകുട്ടികളെയൊക്കെ സ്കൂളിലും മദ്രസയിലും ചേർത്തിരുന്നതും ഉമ്മുമ്മതന്നെ. ഉമ്മുമ്മ വായിൽതോന്നി പറയുന്നതാണ് ഞങ്ങൾടെ വയസ്സും ഇനീഷ്യലും. ചിലർക്ക് വീട്ടു പേരാണെങ്കിൽ ചിലർക്ക് കുടുംബപ്പേരായിരിക്കും. ഞങ്ങളുടെ റേഷൻ കാർഡിന്റെ കാര്യവും തഥൈവ. മൂത്തവർക്ക് ചെറിയവയസ്സും ഇളയവർക്ക് വല്യ വയസ്സും. വയസ്സിനൊത്ത് ബുദ്ധിവളർന്നിട്ടില്ലാത്ത ഒരെളേമ നല്ലവൃത്തിക്ക് വയസൊക്കെ തിരുത്തി യഥാർത്ഥ വയസ്സ് വൃത്തം വരച്ചെഴുതിവെച്ചു. റേഷൻ വാങ്ങാൻ പോയപ്പോൾ കടക്കാരൻ കാർഡ് തടഞ്ഞുവെച്ചു. പിന്നീട് സപ്ലൈ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥർ ജീപ്പിൽ തെളിവെടുപ്പിനായി എളേമയെ അന്വേഷിച്ചുവന്നപ്പോൾ എന്റെ മോളെ പോലീസ് പുടിച്ചോണ്ടോന്നേന്ന് പറഞ്ഞ് ഉമ്മുമ്മ തലയിൽകൈവെച്ച് കൊണ്ട് അലറിവിളിച്ചത് ഇപ്പഴും നല്ല ഓർമയുണ്ട്.

കൂ...കൂ... അന്തീമോന്തിന്റെ കൂക്കൽ കേട്ടാലുടൻ ഉമ്മുമ്മ മൺചട്ടിയെടുത്തോണ്ട് കോലായിലേക്കിറങ്ങും... ബേംബാ കൊട്ടാ ഇനിയും നിന്നാ അൻക്ക് മഗ്രിബ് കിട്ടൂല, ആകാസത്തിലെ ചോപ്പ് മായാനായി... ചങ്ക്മ്മെ ലംബമായിവെച്ച മുളന്തണ്ടിൽ തൂക്കിയിട്ട കൂട്ടയിൽ നല്ലപെടക്കണ മീനുമായി അന്തീമോന്തിക്ക് ആടിയാടി

വരുന്ന കൊട്ടേട്ടനോടായി ഉമ്മുമ്മ വിളിച്ചുപറഞ്ഞു.
മ്... പോയെ, ഞാമ്പറഞ്ഞിന എന്നോട് മീമ്മാങ്ങാൻ... പിറുപിറുത്തോണ്ട് കുട്ട താഴെയിറക്കിവെച്ചതും ഞങ്ങൾ കുട്ടികളെല്ലാവരും കുട്ടയ്ക്ക് ചുറ്റുംകൂടി. കവുങ്ങ് പാളയിലേക്കിട്ട് മീൻ ചട്ടിയിലേക്ക് ചൊരിയുന്നതിനിടക്ക്, ഞങ്ങൾക്കുള്ള ചെമ്മീനും ഞണ്ടുമൊക്കെ പെറുക്കി കൈയിലേക്കിട്ടുതരും. അയ്... കൈനാറ്റാമ്മാണ്ടീറ്റ്...
ഉമ്മുമ്മ എത്ര ബായെറിഞ്ഞാലും മഗ്രിബിന് മുമ്പ് എളേമ്മ കുളിപ്പിച്ചൊരുക്കുന്ന ഞങ്ങൾ ഈയൊരു ശീലം മാറ്റില്ല. ഇല്ല സമയോല്ലും ഈടന്നെപോയി എനി ഞാൻ കാന്തിലോട്ടേക്കെത്തുമ്പളേക്കും മറ്റേബാങ്കും കൊട്ത്ത്കയീംന്നാ തോന്ന്ന്...

കുമ്മായം തേച്ച ചുമരിൽ കരിക്കട്ടകൊണ്ട് വരിവരിയായി എഴുതിയ അക്കത്തിനടിയിൽ 10 എന്ന് എഴുതുന്നതിനിടയ്ക്ക് അന്തീമോന്തി പിറുപിറുത്തുകൊണ്ടിരുന്നു. വൈകുന്നേരത്തെ ചായകുടികഴിഞ്ഞയുടൻ ഉമ്മ രാത്രിയിലേക്കുള്ള തേങ്ങ അരച്ച് അടുപ്പിൽ തിളപ്പിച്ച് വെയ്ക്കും. ഇശാക്ക് ശേഷം അതിലേക്ക് മീൻമുറിച്ചിടേണ്ട ഡ്യൂട്ടി ഉമ്മുമ്മാക്കാണ്. മഗ്രിബിന്ന്ശേഷം ഇഷാകൊടുക്കുന്നതുവരെ കുട്ടിത്തണന്റെ മേലെ വിരിച്ച പായയിൽ ഉമ്മാന്റേം ഉമ്മുമ്മാന്റം എളേമ്മമാരുടേം കൂട്ടത്തിൽ (ഒരിക്കൽ ഉമ്മാന്റെ പായ് ചവിട്ടിയ എളേമാനോട്, ഉമ്മാന്റെ പായി ചൗട്ടലാ ചൗട്ടലാ ചൗട്ടലാന്ന് ഞാൻ നീട്ടിപ്പാടിയപ്പോൾ എളേമ ടേപ് റെക്കൊർഡറെടുത്ത് കാസറ്റിൽ റെക്കോഡ് ചെയ്തത് കേൾപ്പിച്ച് മുതിർന്നപ്പൊ എന്നെ ഒരുപാട് കളിയാക്കിയിരുന്നു). ദിഖ്റും സ്വലാത്തും ചൊല്ലാൻ ഞങ്ങളും കൂടും. വേഗം ഇശാ ബാങ്ക് കൊടുക്കണേന്നായിരിക്കും ഞങ്ങളപ്പോൾ മനസിൽ പ്രാർത്ഥിക്കാറ്. ശേഷം മുറ്റത്ത് കൂട്ടിയ അടുപ്പിൽ തീകത്തിച്ച് കുളിക്കാനുള്ള വെള്ളം ചൂടാക്കാൻ വെച്ച് പലമേലിരുന്ന് മീൻ മുറിക്കുന്ന ഉമ്മുമ്മാന്റടുത്തിരുന്ന് ഓല കത്തിച്ച് ഞണ്ടും ചെമ്മീനുമൊക്കെ ചുട്ടുതിന്നാനുള്ള കൊതികൊണ്ടാണീ വെപ്രാളം. ഇടയ്ക്ക് മീനിന്റെ കൂട്ടത്തിലുള്ള സ്രാക്കുട്ടി ചൂണ്ടിക്കാണിച്ച് ഞാനുമ്മുമ്മാനോട് പറയും ഞാനാ ഇതാദ്യം കണ്ടേത് എനിക്കന്നെ തരണംന്ന്. മുള്ളടക്കം കടിച്ചുതിന്നാൻ നല്ല രസാണ്.

ഉമ്മുമ്മാന്റത്രേം മധുരമുള്ള ഞങ്ങളുടെ കപ്പമാങ്ങ പഴുക്കുന്നതും റമളാനും വേനലവധിയും (പണ്ട് രണ്ട് മാസത്തെ വേനലവധിയിൽ ഒരുമാസം റമളാൻ നോമ്പിനാണ് തന്നിരുന്നത്) ഒരുമിച്ചാണ് വിരുന്നെത്തുന്നത്. നോമ്പിന് മുമ്പേ ഉമ്മുമ്മ മൂത്തമാങ്ങയൊക്കെ പറിപ്പിച്ച് ചാക്കിലാക്കി പുല്ലിട്ട് അടുപ്പും തണയ്ക്കടിയിൽ വെയ്ക്കും. അത്താഴത്തിന്ന് പത്തില് വേവിച്ചതും പയറ്കഞ്ഞിയും മാസ് വറവും

പഴുത്ത മാങ്ങയും മാങ്ങാ ഉപ്പേരിയും (മാങ്ങാ വറവല്ല, പച്ചമാങ്ങ പച്ചമുളകും കല്ലുപ്പും സുർക്കയും ചേർത്ത് ഭരണിയിലാക്കി വായ്പൊതി കെട്ടിവെച്ചിട്ട് ആവശ്യത്തിന് വെള്ളംചേർത്ത് നേർപ്പിക്കും) ഉമ്മുമ്മാക്ക് പഥ്യമാണ്.

ഒരിക്കൽ തെങ്ങിന് വെള്ളം കോരുന്നതിനിടെ വായിൽ നിന്നും നുരയും പതയും വന്ന് വെട്ടിയിട്ടപോലെ ഉമ്മുമ്മ വീണപ്പോ അതാണ് മരണംന്ന് കരുതി ഞാൻ നിലവിളിച്ചു. പിന്നെ ആരോ പോയി ജയപ്രകാശ് ഡോക്ടറെ കൂട്ടിക്കൊണ്ടുവന്നപ്പോഴാണറിഞ്ഞത് ബ്ലഡ് പ്രഷർകൂടി ബോധംകെട്ടതാണെന്ന്. അന്നുതൊട്ട് ചുവന്ന കല്ല് വെച്ച പ്രഷറിന്റെ വളയും കൂടി ഉമ്മുമ്മാന്റെ കൈയിൽ അലങ്കാരമായി. ജീവനോടെ തിരിച്ചുകിട്ടിയ സന്തോഷത്തിൽ പിന്നെ എന്റെ പ്രാർത്ഥന എനിക്ക് പ്രിയപ്പെട്ടവർക്ക് മുമ്പേ നീയെന്നെ മരിപ്പിക്കണേ ന്നായിരുന്നു.

മണമുള്ള സാബൂൻ ഇട്ട് മാത്രമേ അലക്കൂ, നർമ്മത്തിൽ പൊതിഞ്ഞ തമാശകൾ കൊണ്ട് എല്ലാവരേയും ചിരിപ്പിച്ചിരുന്ന എന്റുമ്മുമ്മാക്ക് ചന്ദ്രികാ സോപ്പിന്റെ മണമായിരുന്നു. എന്റുപ്പുപ്പാ ക്കൊരു പായീണ്ട് അത് മടക്യാലും മടക്യാലും തീരൂലാന്ന് ആകാശ ത്തെക്കുറച്ച് കടങ്കഥയിൽ പറയാറുള്ളതുപോലെ എന്റുമ്മുമ്മാ നെകുറിച്ച് എത്രപറഞ്ഞാലും മതിയാവില്ല. കാലയവനികയ്ക്കപ്പുറം പിൻചുവടുകളോരോന്നും തീരാക്കടങ്ങളായി മാറുമ്പോൾ പുന്നാര ഉമ്മുമ്മാക്കൊപ്പം, എനിക്കേറെ പ്രിയപ്പെട്ട മാവും പ്ലാവും നിറഞ്ഞ വയലോരത്തുള്ള ആ പറമ്പും ഒരു കടങ്കഥയായി.

ഈ പറമ്പിനോട് ചേർന്ന്, നീണ്ടുപരന്നുകിടക്കുന്ന കണ്ടമാണ്. കിഴക്ക് വെള്ളകീറുമ്പഴേക്കും കലപില കൂട്ടിയെത്തുന്ന കൊച്ചകളും മുണ്ടക്കോഴികളും. ഹോയ്...ഹോയ്... വിളിച്ച് കാളപൂട്ടുന്ന അപ്പേട്ടനും, തോർത്തുടുത്ത് പാളത്തൊപ്പിയിട്ട് വെള്ളം തേവുന്ന വെയിലേറ്റാൽ മിന്നുന്ന കറുത്ത് മിനുത്ത ദേഹമുള്ള ബിരുന്തേട്ടനും ചണ്ടിവാരി വരമ്പിലേക്കിടുന്ന കല്ല്യാണേട്ടിയും മാധവിയേട്ടിയും തട്ട്മ്മലേക്കണ്ടത്തിൽ (ഈ തട്ട്മ്മെയാണ് കാർത്യാണിയേട്ടിന്റെ വീട്. അവിടെ ചൊക്കിപ്പൂപറിക്കാനും (എണ്ണകാച്ചാൻ) ആടിന് പുല്ലരി യാനും എന്നേംകൂട്ടി എളേമ വൈന്നേരം തട്ട്മ്മലേക്കാണ് പോവാറ്. പുല്ലരിയുന്നതിനിടക്ക് എളേമ ധാരാളം പന്തിക്കയും കെളച്ചെടുത്ത് പൊരേക്കൊണ്ട്പോയി വറുത്ത്തരും). കതിർ കൊത്തിത്തിന്നാ നെത്തുന്ന ഏളക്കൂട്ടത്തെ ട്ർ...ന്ന് ഒച്ചയിട്ട് പാട്ടകൊട്ടിയോടിക്കുന്ന കർഷകരുമൊക്കെക്കൂടി കണ്ടമാകെ ബഹളമുഖരിതമായിരിക്കും. ചണ്ടിവാരുന്നതിനിടെ ചായകുടിക്കാൻ പറമ്പിലേക്ക് കയറുന്ന

പണിക്കാർ വീർത്ത മടിക്കുത്തഴിച്ച് കുരുണ്ടും നെയ്ച്ചിങ്ങയുമൊക്കെ കൊട്ടയിലേക്കിടുന്നത് കണ്ടാൽ ഞങ്ങളോടിച്ചെന്ന് കുരുണ്ടിനായ് കൈനീട്ടും. അത് ഉപ്പ് ചേർത്ത് പുഴുങ്ങി പുറത്തെ കട്ടിയുള്ള കറുത്ത തോട് ചെത്തിക്കളഞ്ഞ് അകത്തെ വെളുത്ത കാമ്പ് തിന്നാൻ നല്ല രസാണ്. നെയ്ചിങ്ങ ഞങ്ങൾ തിന്നാറില്ല. ചിലപ്പോൾ ആൺകുട്ടികളൊത്തുകൂടി കരിയിലകൂട്ടി കൊരട്ട ചുടുന്നതിനിടയിൽ പഴയ ചീനച്ചട്ടിയും ചിരട്ടയിൽ ഉപ്പും മുളകും എണ്ണയും ആരും കാണാതെ കട്ടെടുത്ത് നെയ്ച്ചിങ്ങ പൊരിച്ചുതിന്നത് ആരോടും പോയി പറയാതിരിക്കാൻ ഞങ്ങൾക്ക് കൊരട്ടപ്പീസം കൈക്കൂലിയായ് തരും. അത് പുഴുങ്ങി ഇറച്ചിയെടുത്ത് പശൂനെയ്യിൽ വാട്ടിക്കഴിക്കുന്നത് അർശസിന് നല്ലതാണെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. കണ്ടത്തിന്റെ വടക്ക് ഭാഗത്താണ് പുനക്കാപുഴ. താറാക്കൂട്ടത്തെ പുഴയിൽവിട്ട് അണ്ണാച്ചിമാർ മുക്കൂട് കൊണ്ട് കൈച്ചലും മുശൂം ചെലപ്പൊ ആമയേയുമൊക്കെ പിടിച്ച് മൂടിയുള്ള കുര്യയിലിടുന്നത് കാണാം. മിക്ക ഞാറായ്ച്ചകളിലും മദ്രസ വിട്ടശേഷം പള്ളിയിലെ ഹൗളും കഴുകി ഇച്ചയും ചങ്ങായ്മാരും കൂടി പൊരക്കേക്ക് വന്ന് കത്തലടക്കി നേരേ പനക്കാ പുഴയിലേക്ക് പോകും. ഉച്ചയോടെ തിരിച്ചെത്തി കറുപ്പും ചുവപ്പും അരികളുള്ള വലിയ അല്ലിക്ക പൊട്ടിച്ച് പ്ലേറ്റിലേക്കിട്ട് പഞ്ചസാരയിട്ട് കുഴച്ചുതിന്നും. ചിലപ്പോ കൈതോലക്കൂട്ടത്തിനിടയിൽ നിന്ന് കിട്ടുന്ന മുണ്ടക്കോഴിയുടെ പുള്ളിമുട്ട പുഴുങ്ങിയതും ഉണ്ടാവും. കൊച്ചയേയും മുണ്ടക്കോഴിയേയും കെണിവെച്ച് പിടിച്ച് അറുത്ത് ഉപ്പ കറി വെക്കാറുണ്ട്. കൈച്ചൽ പൊരിച്ചത് ഉപ്പാക്കും ഇക്കാക്കാക്കും പെരുത്തിഷ്ടാണ്. മഴക്കാലമായാൽ കണ്ടം പിന്നെ തോടാണ്. നീന്താൻ പഠിക്കാൻ പോകുന്ന എളേമാന്റേം ചങ്ങായ്മാരേം കൂടെയൊ ചാക്കോ കൈത്തുണിയോ തിര്മ്പാൻ പോന്ന ഉമ്മുമ്മാന്റൊപ്പരോ ഉപ്പകാണാതെ ചെലപ്പൊ ഞാനും അനിയത്തിയും തോട്ടിലെറങ്ങും. ചണ്ടീം ചവറും നിറഞ്ഞ തോട്ടിൽ ഞങ്ങളിറങ്ങുന്നിടം മാത്രം തെളിഞ്ഞ് വെള്ളമണലു കാണും (ഒരിക്കൽ നീർക്കോലി കടിച്ച് എളേമാന്റെ അത്താഴം മൊടങ്ങീറ്റ്ണ്ട്). പൂത്താലി പൊട്ടിച്ച് മാലയുണ്ടാക്കി കഴുത്തിലിട്ട് തിരിച്ച് പൊരക്കെത്തുമ്പൊ പിന്നിൽ കെട്ടിയ കൈയിൽ വടിയും പിടിച്ച് കണ്ണുരുട്ടി നോക്കുന്ന ഉപ്പയേക്കണ്ടാൽ തോട്ടിലെ വെള്ളത്തിനൊപ്പം പാവാടയിലൂടെ അറിയാതെ മൂത്രവും ഒലിച്ചിറങ്ങും.

പറമ്പിന്റ കിഴക്കേ അതിരിനോട് ചേർന്ന് വലിയൊരു പനയുണ്ട്, ഈ പനയിൽ ജിന്മക്കൾ വസിക്കുന്നുണ്ടത്രെ. രാത്രിയായാൽ പേടികാരണം ആ ഭാഗത്തേക്ക് ആരും ഇറങ്ങാറില്ല. ഒരിക്കലൊരു രാത്രി അപ്രത്തെ പൊരേൽ നേർച്ചപ്പായിയെടുക്കാൻ പോയ ഒരെളേമ

അറിയാതെ പനന്റെ മോളിലേക്ക് നോക്കിയപ്പോ നിസ്കാരക്കുപ്പായമിട്ട ഒരുരൂപം ഇറങ്ങിവരുന്നത് കണ്ടുപോലും. നേർച്ചക്കാരെ ബർക്കത്തുകൊണ്ട് എളേമ ധൈര്യം സംഭരിച്ച് ഉള്ളിൽകേറി വാതിലടച്ചോണ്ട് രക്ഷപ്പെട്ടു. പേടിച്ചിരുന്നെങ്കിൽ ജിന്ന് മേത്ത് കൂടിയേനേ. അതല്ല, മോയറെ അറേക്കലേക്ക് പോകുന്ന കുളിയന്റെ വിശ്രമസ്ഥാനമാണെന്ന വേറൊരുകഥയും കൂടിയുണ്ട്. പന മുറിക്കാൻ വല്ലിക്കാക്ക കൂട്ടിവന്ന ആൾ പന നോക്കി നാളെ വരാമെന്ന് പറഞ്ഞ് പോയിട്ട് ഒരാഴ്ചയായിട്ടും കാണാതെ വന്നപ്പോൾ തിരക്കിച്ചെന്ന ഇക്കാക്ക കണ്ടത് പനിയും വിറയലുമായി മേലാകെ ചൊറിഞ്ഞു പൊന്തിയ ആളെയാണത്രെ. മാത്രമല്ല, കുളിയന്റെ വിശ്രമസ്ഥാനമാണ്. അത് മുറിച്ചാൽ മക്കളാൽ മക്കൾക്ക്വരെ നാശമുണ്ടാകുമെന്ന് സ്വപ്ന ദർശനം ഉണ്ടായത്രെ. എന്തായാലും ഇന്നും തലയെടുപ്പോടെ ആ പന അവിടെത്തന്നെയുണ്ട്. പണ്ടത്തെപ്പോലെ ജിന്നും ശൈത്താനും കുടിയേറിയ കാദർച്ചാന്റെ പൂട്യന്റാട്ത്തെ പുളിമരോം കള്ളിമുള്ളും മുണ്ടയും ഇടകലർന്ന കയ്യാലയുമൊന്നും ഇപ്പളില്ലാത്തത് ഭാഗ്യം. പണ്ടൊക്കെ രാത്രി മദ്രസ വിട്ടാൽ ഇപ്പറഞ്ഞയിടത്തെത്തിയാൽ ആയത്തുകുർസീം സ്വലാത്തൊക്കെ ചൊല്ലി തിരിഞ്ഞുനോക്കാതെ ഒറ്റയോട്ടം വെച്ചുകൊടുക്കും. മേൽപറഞ്ഞ ജാതീപെടാത്ത രാക്കള്ളമ്മാറെ കൂത്ത് വേറെയും. എന്തൊക്കെയോ അപസ്വരങ്ങളുണ്ടാക്കി ശക്തിയിൽ മാവുകുലുക്കുന്ന ഈ ജിൻമക്കളുടെ പ്രവൃത്തിയിൽ സംശയംതോന്നി പള്ളീലെ ആണ്ടും കഴിഞ്ഞുവരികയായിരുന്ന രണ്ട് മൂന്ന് ഹാജിക്കാമാർ ടോർച്ചടിച്ച് ഊന്നുവടികൊണ്ട് മാവിമ്മേലടിച്ചതും വരി വരിയായി ഇറങ്ങി ഓടിയവൻമാരിൽ ഒരാളുടെ മാടിക്കെട്ടഴിഞ്ഞ് റോഡിലേക്ക് വീണ കൊരട്ട മൂന്ന് കിലോനുണ്ടായിരുന്നത്രേ. തട്ട്മ്മലെ കണ്ടത്തിലെ കൈയെത്തും ദൂരത്തുള്ള ഇളനീരും ഇവരുടെ അജണ്ടയിൽപെടും. കുട്ടിക്കാലത്ത് എത്രയോവട്ടം ഞാൻ ആലോചിച്ചു കൂട്ടീട്ടുണ്ട്, ഭക്ഷണം കഴിക്കാൻ മടികാട്ട്യാ കണ്ടത്തിലേക്ക് കൈചൂണ്ടി ഉമ്മകാണിച്ചു തരാറുള്ള തീക്കുട്ടിച്ചെത്താൻമാരെന്താ ഇളനീരുകള്ളമ്മാരെ പുടിക്കാത്തേന്ന്. പച്ചക്കറി തോട്ടത്തിലെത്തുന്ന കുറുക്കൻമാരെതുരത്താൻ ഓലച്ചൂട്ടും വീശിക്കൊണ്ടു വരുന്ന കൃഷിക്കാരാണതെന്ന് മുതിർന്നപ്പൊ മനസ്സിലായി. എന്നാ എനിക്ക് പകലിലും പേടിയുള്ളത് ഉണ്ടക്ക നാരാണേട്ടനേയാണ്. ഉന്തുവണ്ടി ഉന്തിക്കൊണ്ട് ഉണ്ടക്ക നാരാണേട്ടൻ വരുന്നത് കണ്ടാപ്പിന്നെ പേടിച്ച് തടിച്ചോരിറ്റിച്ചെ ഇര്ന്നയിരിപ്പിൽ ഞാൻ തിന്ന് തീർക്കും.

**സജിത് സി. പടന്ന**

# എക്സ്ക്ലൂസീവ്

**അ**യാൾക്ക് നല്ല ക്ഷീണമുണ്ടായിരുന്നു. ഒരു മണിവരെ പൊലീസ് സ്റ്റേഷനിൽ നിൽക്കേണ്ടിവന്നു. പ്രതിയെക്കൊണ്ടുവന്ന് പ്രദർശിപ്പിച്ചും അവിടെ കുറച്ചുസമയം നിൽക്കേണ്ടിവന്നു. റിപ്പോർട്ടർക്ക് ഓഫീസറിൽ നിന്ന് തനിച്ചെന്തെങ്കിലും കിട്ടണം. എല്ലാം കഴിഞ്ഞ് വന്നുകിടന്നപ്പോൾ മൂന്നുമണി...

തലയ്ക്ക് നല്ല ഭാരം. എഴുന്നേൽക്കാതെ വയ്യ.

എങ്ങനെയോ എഴുന്നേറ്റ് ബാത്ത് റൂമിൽ നിന്നിറങ്ങിയപ്പോഴെക്കും നന്ദിനി തുടങ്ങി. ടൗണിൽ പോയി സാധനങ്ങൾ വാങ്ങണം. വാങ്ങേണ്ട സാധനങ്ങളുടെ നീണ്ട എണ്ണം അവൾ ഒറ്റ ശ്വാസത്തിൽ പറഞ്ഞു. രണ്ടുംകൂടി നടക്കില്ല. അമ്മുവിന്റെ സ്കൂളിൽ പോണം. ട്യൂട്ടർ എഴുത്ത് കൊടുത്തുവിട്ടിട്ടുണ്ട്. അച്ഛൻ സ്കൂളിൽ പോണം. അമ്മ കടയിലും. ഇന്നെന്തായാലും വയ്യ. ഇന്നെങ്കിലും ഒരു എക്സ്ക്ലൂസിവ് ഒപ്പിക്കണം. അമ്മു തീന്മേശയിലിരിപ്പുണ്ട്. അവൾ ഒന്നും മിണ്ടാതെ ചായ മൊത്തിക്കുടിക്കുകയാണ്. ഈ പെണ്ണിന് ഈയ്യിടെയായി എന്തുപറ്റി. മുഖത്തുതന്നെ ശരിക്ക് നോക്കാറില്ല. എന്റെ തോളേ ക്കയറിയിരിക്കുന്ന പെണ്ണാ. ഈ പെമ്പിള്ളാര് എത്രവേഗമാ വളരുന്നത്. അടുത്ത പ്രാവശ്യം എന്തായാലും ഇവളുടെ ട്യൂട്ടറെ കാണണം. ഇന്ന് എന്തായാലും ഇല്ല. നന്ദിനി തന്നെ മാർക്കറ്റിൽ പോകട്ടെ, സ്കൂളി ലേക്കും. നന്ദിനിയുടെ വീർപ്പിച്ച മുഖം അവഗണിച്ചുകൊണ്ടുതന്നെ ധൃതിയിൽ ഇറങ്ങി. ചാനൽ എം ഡിയുടെ റേറ്റിംഗ് റേറ്റിംഗ് പുലഭ്യങ്ങൾ ക്കിടയിൽ നന്ദിനിയുടെ ഒച്ച ഒരു കൊതുക് മൂളൽ മാത്രം!

ഓഫിസിൽ എത്തിയതോടെ നന്ദിനിയുടെ വിളി. ചേട്ടാ ഓഫിസി ലെത്തിയൊ... എത്തി എന്ന ഒറ്റ വാക്കോടെ ഫോൺ കട്ടാക്കി.

ക്യാമറമാൻ കിരണിനേയും കൂട്ടി റവന്യൂ മന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് കവർ ചെയ്യാൻ പോയി...

ജനസമ്പർക്കമല്ലേ പരിപാടിക്ക് ഭയങ്കര തൃശൂർ പൂരത്തിന്റെ ജനങ്ങൾ. കുട്ടികളും സ്ത്രികളും ...

മൊബൈൽ അലറി വിളിച്ചുകൊണ്ടിരുന്നു... ആറ് മിസ്ഡ് കോൾ... നാലും നന്ദിനിയുടെതായിരുന്നു. രണ്ടെണ്ണം അരുണിന്റേതും.

എന്തായിരിക്കും?

ആ ബഹളത്തിൽ നിന്ന് മാറി അരുണിനെ വിളിച്ചു, "എന്താടാ ? ഞാൻ മിനിസ്റ്ററുടെ പരിപാടിയുടെ തിരക്കിലാ. പറ..."

"വിഷ്ണൂ... ഒരു പ്രധാനപ്പെട്ട വാർത്തയുണ്ട്. ടൗണിലെ ഒരു സ്കൂൾ വിദ്യാർത്ഥിനിയെ തൊട്ടടുത്ത ഫാൻസി കടയിലെ സെയിൽസ്മാൻ കുറെ കാലമായി പീഢിപ്പിച്ചു വരികയാണ്. ചൈൽഡ് ലൈൻ പ്രവർത്തകരോട് കൗൺസിലിംഗിൽ കുട്ടി വെളിപ്പെടുത്തിയതാ. ആദ്യം വരുന്നത് നിന്റെ ചാനലിലായ്ക്കോട്ടേ എന്ന് കരുതി വിളിച്ചതാ. നീ എടുത്തില്ല. നിന്റെ മാധ്യമപ്പട മുഴുവൻ ഇവിടെയുണ്ട്. ഇന്ന് നിന്റെ ജനസമ്പർക്കം ആരു കാണാനാ. പോലീസ് പെൻഡ്രൈവിന് വേണ്ടിയുള്ള തിരച്ചിലിലാണ്"

"അരുണെ ഞാൻ ഈ പരി പാടി കഴിഞ്ഞ് വിളിക്കാം. പെൻഡ്രൈവ് കിട്ടിയാൽ എന്നെ വിളിക്കണെ"

ഫോൺ കട്ട് ചെയ്ത് കിരണിനോട് പീഢന വിശേഷം പറഞ്ഞ് വീണ്ടും ജനസമ്പർക്ക തിരക്കിലേക്ക്...

വൈകുന്നേരമായപ്പോൾ ക്ഷീണം കിരണിന്റെ മുഖത്ത് കാണാം. ഒരു അവിൽ മിൽക്ക് കഴിച്ചിരിക്കുമ്പോഴാണ് നന്ദിനിയുടെ ഫോൺ. എന്തെങ്കിലും പരാതി പറയാനായിരിക്കും.

"എന്റെ നന്ദിനീ... പരിപാടി കഴിഞ്ഞില്ല. ഞാൻ കുറച്ച് കഴിഞ്ഞ് വിളിക്കാം"

"വിഷ്ണുവേട്ടാ... മോൾ ഇതുവരെ സ്കൂളിൽ നിന്ന് വന്നില്ല".

നഫീസ പാട്ടില്ലത്ത്

# കൂട്ടുകാരി

അവളെന്റെ പ്രിയപ്പെട്ട കൂട്ടുകാരിയായിരുന്നു. ഒൻപതാം ക്ലാസ്സിൽ ഞങ്ങളൊന്നിച്ചായിരുന്നു. വെളുത്തു ഭംഗിയുള്ള മുഖവും ഒരിക്കലും മായാത്ത പുഞ്ചിരിയും അവളെ എന്റെ പ്രിയപ്പെട്ട വളാക്കി. ഇടതൂർന്ന കറുത്ത കൂന്തൽ തട്ടത്തിന് വെളിയിലൂടെ പുറത്ത് കാണുന്നത് അവളുടെ സൗന്ദര്യത്തിൻ മാറ്റ് കൂട്ടി.
ഉപ്പയില്ലായിരുന്നു അവൾക്ക്. ഏട്ടന്മാരായിരുന്നു അവളുടെയെല്ലാം. അവൾക്ക് അവർ വാങ്ങിക്കൊടുത്ത പെൻസിലുകളും പേനകളു മൊക്കെ എന്റേതും കൂടിയായിരുന്നു.
അവളുടെ മുഖത്തെ പുഞ്ചിരി ഒരിക്കലും മാഞ്ഞില്ല.
കെമിസ്ട്രിയുടെയും ഫിസിക്സിന്റെയും വിരസമായ ക്ലാസുകളിൽ ബുക്ക് മറയായി പിടിച്ച്, ഉറക്കം തൂങ്ങിയ എന്നെ അവൾ ക്ലാസ് മാഷിന്റെ കണ്ണിൽ പെടാതെ സംരക്ഷിച്ചിരുന്നു...
നോട്ട് കംപ്ലീറ്റ് ചെയ്യാൻ മടിയായിരുന്ന എനിക്ക് എല്ലായ്പ്പോഴും അവളത് ഒരു മടിയും കൂടാതെ സഹായിച്ച് തന്നു. ആരോടെങ്കിലും ദേഷ്യം തോന്നിയാൽ ഞാൻ ആ ദേഷ്യമൊക്കെ കാരണമില്ലാതെ അവളോട് കാണിച്ചപ്പോൾ പുഞ്ചിരിയുള്ള ആ മുഖത്തെ ചിരി കുറച്ച് കൂടി വിടർന്നു പുഷ്പിക്കും എന്നോട്... അത്രയ്ക്കും എന്നെ മനസ്സിലാക്കിയിരുന്നു എന്റെ പ്രിയ കൂട്ടുകാരി...
പത്താം ക്ലാസ് കഴിഞ്ഞ് പിരിയുമ്പോൾ ഇനി കാണാനും പറയാനും പറ്റില്ലല്ലോന്നുള്ള സങ്കടത്തിൽ ഞങ്ങൾ പിരിഞ്ഞു.
പ്രീഡിഗ്രി പഠിക്കാൻ അവൾ ചേർന്നൂന്ന് അറിഞ്ഞപ്പോൾ എനിക്ക് സന്തോഷം തോന്നി. എനിക്കില്ലാതെ പോയ ഭാഗ്യം അവൾക്ക് കിട്ടി യല്ലോ എന്നോർത്ത് സന്തോഷിച്ചു. കല്യാണം കഴിഞ്ഞ് ഞാനും പോയി എന്റെ വഴിക്ക്.

ഒരിക്കൽ ഞാനറിഞ്ഞു അവൾക്ക് സുഖമില്ലെന്ന്. എന്താണെന്ന് അന്വേഷിച്ചപ്പോൾ തലവേദനയും ഛർദ്ദിയുമൊക്കെയാണെന്ന് പറഞ്ഞു. പിന്നെ മനസ്സിലായി അതൊരു നിസ്സാര തലവേദയായി രുന്നില്ലെന്ന്. മാരകമായ ബ്രയിൻ ട്യൂമറായിരുന്നു അവൾക്ക്. ഭംഗിയുള്ള അവളുടെ ഇടതൂർന്ന മുടിയൊക്കെ മുറിച്ച് മാറ്റി

കരുവാളിച്ച അവളുടെ മുഖം കാണാൻ പോകാൻ എന്റെ മനസ്സിന് കഴിഞ്ഞില്ല. പകരം അവൾക്ക് ഒരാപത്തും വരരുതെന്ന് ദൈവത്തോട് പ്രാർത്ഥിച്ചു...

ഒരിക്കൽ അവളെ കണ്ടുവന്ന ഉമ്മ പറഞ്ഞത് അവൾക്കൊരുപാട് മാറ്റമുണ്ടെന്നും, ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് ഡോക്ടർ ഉറപ്പ് നൽകിയെന്നുമായിരുന്നു. ആ വിവരം എനിക്കൊരുപാട് ആശ്വാസം നൽകിയതായിരുന്നു. എന്നാൽ എന്റെ ആ സന്തോഷത്തിന്റെ ആയുസ്സ് കുറഞ്ഞ ദിവസങ്ങൾ മാത്രമുള്ളതായിരുന്നു. ഒരു ദിവസം ഉറക്കമുണർന്നപ്പോൾ എനിക്ക് അറിയാൻ കഴിഞ്ഞത് എന്റെ പ്രിയപ്പെട്ടവൾ എന്നെയും ഈ ലോകത്തിനെത്തന്നെയും വിട്ട് പോയി എന്നതായിരുന്നു. ചില വാർത്തകൾ വിശ്വസിക്കുവാൻ കഴിയാറില്ല. അത്തരമൊരു വാർത്തയായിരുന്നു അതും.

അവസാനമായി അവളെ കാണാൻ പോകാൻ എന്നോട് പറഞ്ഞെങ്കിലും നിർജീവമായ, പുഞ്ചിരിക്കാത്ത അവളുടെ മുഖം കാണാൻ ഞാൻ തയ്യാറായിരുന്നില്ല. ശുദ്ധഹൃദയയായ അവളുടെ വേദന ചുളിവീഴ്ത്തിയ മുഖം കാണാനാവില്ല.

മുറ്റത്തെ ചെമ്പനീർ ചെടിയുടെ വിടർന്നുതുടങ്ങുന്ന മൊട്ടിലെ കറുത്തപാടിൽ കണ്ണുകളുടക്കിയപ്പോൾ അറിയാതെ ഉള്ളിൽ നിന്ന് ഒരാക്രന്ദനം പുറത്തുവന്നു, ആരാണിത് ചെയ്യുന്നത് ?

## പി. സി. അഷറഫ്

# സമൃദ്ധി

**ആ**സ്ഥാനത്ത് പാർട്ടിയോഗം നടക്കുകയാണ്. തന്റെ ഭാരിച്ച ശരീരം ഇരിപ്പിടത്തിൽ നിന്ന് പ്രയാസപ്പെട്ടുയർത്തി പ്രസിഡണ്ട് പാർട്ടി പ്രവർത്തകരോട് സംസാരിച്ചു :

“നമ്മുടെ നാട് പട്ടിണിയെ കീഴടക്കിയിരിക്കുന്നു. ഗവണ്മെന്റ് നൽകിയ കണക്കുകൾ പത്രത്തിൽ കണ്ടു കാണുമല്ലോ. നമ്മുടെ ഗവണ്മെന്റിന്റെ ഈ മഹത്തായ നേട്ടം നമുക്ക് ആഘോഷിക്കണം. അതിന്റെ പര്യാലോചനയ്ക്കാണ് നമ്മളിവിടെ കൂടിയിരിക്കുന്നത്. ”

‘‘ആഘോഷത്തോടനുബന്ധിച്ച് മഹത്തായ റാലി നടത്തണം’’ സെക്രട്ടറി പറഞ്ഞു.

അംഗങ്ങൾ കൈയ്യടിച്ച് അത് ശരിവെച്ചു.

“നാട് പട്ടിണിയെ കീഴടക്കുന്ന ഒരു ശിൽപം റാലിയിൽ എഴുന്നള്ളിക്കണം”. പാർട്ടിയുടെ താത്വികാചാര്യൻ പറഞ്ഞു,

“സമൃദ്ധി ദാരിദ്ര്യത്തെ കീഴടക്കുന്ന ശിൽപം ”

അംഗങ്ങൾ ഹാഹാ എന്ന ശബ്ദത്തിൽ ആശയത്തിന് പിന്തുണയും ആശ്ചര്യവും രേഖപ്പെടുത്തി. ശിൽപമുണ്ടാക്കുന്ന കാര്യങ്ങൾക്കും മറ്റുമായി സെക്രട്ടറിയെ ചുമതലപ്പെടുത്തി ഗംഭീരൻ വിരുന്ന് സൽക്കാരത്തോടെ യോഗം പിരിഞ്ഞു. രണ്ടുനാൾക്കുള്ളിൽ മെലിഞ്ഞുന്തിയ എല്ലിന്മേൽ തോലുമാത്രം അവശേഷിച്ച ഒരു രൂപവുമായി സെക്രട്ടറി ആസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടു.

“ശിൽപി... ” പ്രസിഡണ്ട് ആശ്ചര്യം കൂറി.

“അല്ല” സെക്രട്ടറി പറഞ്ഞു,

‘‘ശിൽപം. നാനൂറ് രൂപ നൽകി ആ ചേരിയിൽ നിന്നും കൂടെ കൊണ്ടുവന്നതാണ്”

സെക്രട്ടറി വിശദീകരിച്ചു. ശിൽപമുണ്ടാക്കലും മറ്റും മെനക്കേട് പിടിച്ച പണിയാണ്. എടീപിടീന്നാവില്ല. നല്ല സമയമെടുക്കും. നമുക്കാണെങ്കിൽ അത്ര സമയവുമില്ല. ഇതാവുമ്പോ എളുപ്പം സംഗതി നടക്കും. ചായം തേച്ച് ഇവൻ മുതുക് താഴ്ത്തി നിൽക്കും. തിക്ക് ഫിഗറുള്ള ഒരാൾ ഇവന്റെ മുതുകിൽ ചവുട്ടി നിൽക്കും. ശുഷ്ക്കത സമ്പന്നതയുടെ മുന്നിൽ ഇല്ലാതാവുന്നു. ദാരിദ്ര്യനിർമ്മാർജ്ജനം

ശരിക്കും പ്രതീകവൽക്കരിക്കപ്പെടും. സെക്രട്ടറി എന്നും തന്നെ മുന്നിൽ നിർത്താറുള്ള പ്രായോഗിക ദർശനത്തിന്റെ ഒരു ചുവട് മുന്നിൽ ഭാവത്തോടെ പറഞ്ഞുനിർത്തി.

‘‘കണ്ണുകൾ ആകാശത്തേക്കായിരിക്കണം. സമൃദ്ധിയുടെ അനന്തതയിൽ ”

താത്വികാചാര്യൻ പറഞ്ഞു,

“അതൊരു മനോഹര സങ്കൽപം തന്നെ”

“ചെലവ് ചുരുക്കുക എന്നതാണല്ലോ നമ്മുടെ ഗവണ്മെന്റിന്റെ നയം. ഇതുമതി” പ്രസിഡണ്ട് സമ്മതിച്ചു.

“ഏമാന്മാരെ മുതുകിന് മെല്ലെ ചവിട്ടണേ...” ശിൽപം യാചിച്ചു.

സമീർ ബി. സി.

# കാഴ്ചകൾ

ട്രെയിനിൽ നല്ല തിരക്കുണ്ടായിരുന്നു. പതിവ് തെറ്റിച്ച് കൃത്യ സമയവും പാലിച്ചിട്ടുണ്ട്. അതുകൊണ്ടുകൂടിയാവണം ടിക്കറ്റ് കൗണ്ടറിന് മുന്നിൽ കണ്ട ആ തിരക്ക്. ഓടിക്കിതച്ചാണ് കയറിപ്പറ്റിയത്. സീറ്റിൽ കണ്ട ചെറിയൊരു വിടവിൽ കഷ്ടിച്ചങ്ങ് ഇരിപ്പുറപ്പിച്ചു.

മുൻ സീറ്റിൽ മുടി നീട്ടി വളർത്തിയ ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു, ഒപ്പം രണ്ടു കുട്ടികളും. മടിയിൽ കിടന്നുറങ്ങുന്ന ഇളയ കുട്ടിക്ക് നാല് മാസത്തിൽ കൂടുതൽ പ്രായം വരില്ല. അമ്മയുടെ സാരി തുമ്പിൽ പിടിച്ച് പുറം കാഴ്ച്ചകളിലേക്ക് നോക്കിയിരിക്കുന്ന മൂത്ത പെൺകുട്ടിക്ക് രണ്ട് വയസ്സേ വരൂ. തിരക്ക് വകവെയ്ക്കാതെ, ഹാർമോണിയവുമായി വന്ന രണ്ടു നാടോടി കുട്ടികൾ കച്ചേരി തുടങ്ങി. മൂത്ത ആൺകുട്ടിയാണ് ഹർമോണിയം വായിക്കുന്നതും പാട്ടു പാടുന്നതും. ജീവിതത്തിന്റെ തന്നെ ശ്രുതിയും താളവും നഷ്ടപ്പെട്ട കുട്ടികളുടെ പാട്ടിന് പക്ഷേ ഇതൊക്കെയുണ്ടായിരുന്നു. ആവോളം ദൈന്യത മുഖത്തേക്ക് ആവാഹിച്ചാണ് ഇളയ പെൺകുട്ടി യാത്രക്കാരുടെ നേരെ കൈ നീട്ടുന്നത്. വണ്ടി തൊട്ടടുത്ത സ്റ്റേഷനിൽ നിർത്തിയതോടെ, വീണ്ടും യാത്രക്കാർ തിക്കിത്തിരക്കി ഇടിച്ചു കയറാൻ തുടങ്ങി. ഇതിനിടയിൽ ഇറങ്ങേണ്ടവർ ബഹളം വെക്കുന്നുണ്ടായിരുന്നു. ഇറങ്ങാനാവാതെ തിരക്കിൽപെട്ട് പോയ വൃദ്ധ ദമ്പതികൾ ഉച്ചത്തിൽ പുലമ്പുന്നുണ്ട്. ആരും അതത്ര കാര്യമാക്കുന്നില്ല. ട്രെയിൻ യാത്രക്കാരെ കൊണ്ട് നിറഞ്ഞു. കാല് കുത്താൻ ഇനി ഇടം ബാക്കിയില്ല.

മുന്നിൽ അമ്മയുടെ സാരിത്തുമ്പ് പിടിച്ചിരുന്ന കുട്ടി ആൺ കുട്ടിയാണോ ? അതെ. പെൺകുട്ടിയെ പോലെ രണ്ടു ഭാഗത്തേക്കും മുടി പിന്നി റബ്ബർ ഇട്ട് വെച്ചത് കൊണ്ട് ഒറ്റനോട്ടത്തിൽ പെൺകുട്ടിയെന്നേ തോന്നു. വിശന്നിട്ടാവണം കുട്ടി കരയാൻ തുടങ്ങി. പക്ഷെ, ആ അമ്മയെ അതൊട്ടും അലോസരപ്പെടുത്തുന്നില്ല. മഞ്ഞ ചരടിൽ കോർത്ത താലിമാല കഴുത്തിലണിഞ്ഞ സ്ത്രീയുടെ മുഖത്ത് എന്തോ ഭീതി നിഴലിക്കുന്നുണ്ട്, കണ്ണുകൾ അരെയോ തിരയുന്നത് പോലെ.

ഈ തിരക്കിനിടയിലും, മൊബൈൽ ഫോണിൽ കണ്ണും പൂഴ്ത്തി

ഇയർഫോൺ ചെവിയിൽ തിരുകി ഇരുന്ന ഫ്രീക്കൻ ഈ ലോകത്തൊന്നുമല്ല! ശബ്ദം ഒട്ടും പുറത്ത് വിടാതെ ചുണ്ടനക്കുന്നുണ്ട്. ഇടക്കിടെ മാത്രം തല ഉയർത്തി മറ്റു യാത്രക്കാരെ കണ്ണുരുട്ടി നോക്കും ആ വെളുത്ത പൂച്ചകണ്ണൻ. അപ്പോൾ അവന്റെ മുഖത്ത് തെളിയുന്നത് എന്തോ ഒരു പുച്ഛ ഭാവം. നിറം കെട്ടവരോട് എന്തോ ഇണങ്ങാൻ വയ്യെന്ന പോലെ. ചില ശബ്ദങ്ങൾ പുറത്ത് വിട്ട് നീരസം പരസ്യപ്പെടുത്തുന്നുമുണ്ട്. മനസ്സ് പിന്നേയും, മുന്നിലിരിക്കുന്ന അമ്മയിലും മകളിലേക്കും പോയി. എന്തിനാണ് ഈ ആൺകുട്ടിയെ ഇങ്ങിനെ പെൺവേഷം കെട്ടിക്കുന്നത് ? ആലോചിച്ച് ഒരു എത്തും പിടിയും കിട്ടുന്നില്ല. വണ്ടി അടുത്ത സ്റ്റേഷനിൽ എത്തിയതോടെ യാത്രക്കാരിൽ പകുതിയിലേറെ പേരും ഇറങ്ങി. സീറ്റുകൾ പലതും ഒഴിഞ്ഞു.

കാറ്റും വെളിച്ചവും കടക്കാൻ തുടങ്ങിയ ആശ്വാസത്തിൽ കാല് നീട്ടിയിരുന്നു. അടുത്ത സീറ്റിൽ ഉടമസ്ഥനില്ലാതെ കിടന്ന പത്രം കയ്യിലെടുത്തു. പൊതുവെ വായനയോട് വലിയ കമ്പമൊന്നുമില്ല. യാത്രയിലെ മുഷിപ്പ് മാറ്റാനായി വെറുതെ മറിച്ചു നോക്കി. രണ്ട് പേജുകൾ നിറയെ മരിച്ച് പോയവരുടെ വാർത്തകളാണ്. പ്രേമാഭ്യർത്ഥന നിരസിച്ച പെൺകുട്ടിയെ ആസിഡ് ഒഴിച്ച് കൊലപ്പെടുത്തിയ കോളേജ് കുമാരന്റെ ക്രൂരകൃത്യത്തിന്റെ വാർത്ത നടുക്കത്തോട വായിച്ചു തീർത്തു. മരിച്ച് പോയവരേക്കാൾ ജീവിച്ചിരിക്കുന്നവരുടെ ക്രൂരതകളാണ് ഏറെയും. മതി, ഇനിയും വായിച്ച് പോയാൽ തല പെരുക്കും. പത്രം മടക്കി സീറ്റിൽ വെച്ചു. വണ്ടി നല്ല വേഗതയിലാണ് കുതിച്ചു പായുന്നത്. അതിനിടയിലാണ്, തൊട്ടപ്പുറത്തെ സീറ്റിൽ കാലിൻമേൽ കാലും കയറ്റി ഇരിക്കുന്ന അവളിൽ കണ്ണുടക്കിയത്. ജീൻസും ടീ ഷർട്ടുമാണ് വേഷം. നൂറ്റാണ്ടിലെ വലിയ ബുദ്ധിജീവിയാണ് ഞാൻ എന്ന് നെറ്റിയിൽ എഴുതി വെച്ചില്ലാ എന്നേയുള്ളൂ. എന്നാൽ ആ ഭാവത്തിലാണ് ഇരിപ്പ്. പലരുടേയും ശ്രദ്ധ അവരിലേക്കാണ്. ചിലർ ഇടംകണ്ണിട്ടാണ് നോട്ടം. കണ്ണട വെച്ച രണ്ടു അമ്മൂമ്മമാർ ഇത് എന്തര് കൊലം എന്ന മട്ടിൽ തുറിച്ചു നോക്കുന്നുണ്ട്..

ആ സംഗീതത്തിന്റെ നാദം എന്നിൽനിന്നും മെല്ലെ മെല്ലെ അകന്നുപോയി. ട്രെയിനിന്റെ മുരടൽ മാത്രമാണിപ്പോൾ കേൾക്കാനാവുന്നത്. കരയാൻ തുടങ്ങിയ കുട്ടിയെ എടുത്ത് അമ്മ മുലപ്പാല് നൽകി. മൂത്തകുട്ടി കരഞ്ഞു തളർന്ന് അടുത്തിരുന്ന മധ്യവയസ്കന്റെ മേൽ ചാഞ്ഞുകിടന്ന് ഉറക്കത്തിലേക്ക് വഴുതി. അയാളും ഇവരുടെ കൂടെ ഉള്ള ആളാണെന്നു തോന്നുന്നു! കുട്ടിയെ ശ്രദ്ധിക്കു

ന്നേയില്ല. അടുത്ത സ്റ്റോപ്പിൽ എനിക്ക് ഇറങ്ങണം.
വണ്ടിക്ക് വേഗത കുറഞ്ഞ് തുടങ്ങി. വീണ്ടും ഞാൻ എല്ലാവരിലേക്കും കണ്ണോടിച്ചു. മുത്ത കുട്ടി നല്ല മയക്കത്തിലാണ്. കരഞ്ഞു കരഞ്ഞ് ക്ഷീണിച്ച് ഉറങ്ങി പോയതാണ്. ഇളയ കുട്ടി ആ ഫ്രീക്കനെ നോക്കി എന്തോ കളിയാകുന്ന മട്ടിൽ ചിരിക്കുന്നു. പരിഷ്കാരി പെൺകൊച്ചാവട്ടെ ഒന്നുമറിയാത്ത മട്ടിൽ പുസതക വായനയിലാണ്..

വണ്ടി സ്റ്റേഷനിൽ എത്തി. പ്ലാറ്റ്ഫോമിൽ നല്ല തിരക്ക്. ഇക്കാണുന്നവരൊക്കെയും ഈ വണ്ടിയിൽ കയറാനുള്ളവർ തന്നെ. ഇറങ്ങികിട്ടാൻ അൽപം പാടുപെടണം. വണ്ടി നിന്നതോടെ പലരേയും തള്ളിമാറ്റിയാണ് പുറത്ത് കടക്കാനായത്. പിറകെ അവളും ഇറങ്ങി. തിരക്കിനിടയി നടന്നകന്നു. സ്റ്റേഷനിൽനിന്ന് പുറത്ത് കടന്നു. പഴയ സഹപാഠിയായ സുഹൃത്തിന്റെ കണ്ണുകൾ ആരെയോ തിരയുന്നു. ഇവൻ ആരെയാകും തിരയുന്നുണ്ടാകുക ? കോളേജിലെ പഴയ വിപ്ലവകാരിയാണ്. പെൺകുട്ടികളുടെ ഹീറോ. ആൺപിള്ളേരുടെ റോൾ മോഡൽ. കോളേജ് വിട്ടതിന് ശേഷം പിന്നെ കണ്ടിട്ടേയില്ല. എന്നാലും മുഖത്ത് വലിയ മാറ്റമൊന്നുമില്ല. അടുത്തേക്ക് ചെന്നു. ഒറ്റ നോട്ടത്തിൽ തന്നെ അവൻ എന്നെ തിരിച്ചറിഞ്ഞു. പരിചയം പുതുക്കി. നാളെ നടക്കുന്ന ചുംബന സമരത്തിൽ പങ്കെടുക്കാനായി എത്തുന്ന അതിഥിയെ സ്വീകരിക്കാൻ എത്തിയതാണത്രെ. സംസാരം മുഴുമിപ്പിക്കും മുമ്പേ ദൂരെ തന്റെ അതിഥിയെ കണ്ടതിന്റെ സന്തോഷം അവന്റെ മുഖത്ത് പുഞ്ചിരിയായി തെളിഞ്ഞു. ബുദ്ധിജീവി കൊച്ചമ്മയേയും കൂട്ടി അവൻ നടന്നകന്നു.

## കെ വി ശശിധരൻ

# പോരാട്ടം

**നേ**രം പുലരുവാൻ ഇനിയും സമയമേറെ ബാക്കിയുണ്ട്. എന്നാൽ സുജാത അതുവരെ കാത്തുനിൽക്കാറില്ല. ഉണരുമ്പോൾ തന്നെ അവൾ മകളേയും വിളിച്ചുണർത്തും. എന്നിട്ട് പറയും, നീ പോയി പഠിക്ക്. അടുക്കളയിലൊന്നും വരണ്ട. അതൊക്കെ ഞാൻ നോക്കിക്കോളാം. മകളെ പഠിപ്പിച്ച് അവൾക്കൊരു ജോലി ശരിയായാൽ അനാഥകളേയും രോഗികളേയും സഹായിക്കണം. സ്നേഹിക്കാനും സംരക്ഷിക്കാനും മനസ്സുള്ള ഒരാളുടെ കൈയിൽ അവളെ ഏൽപിക്കണം. മകളെക്കുറിച്ചുള്ള സുജാതയുടെ സ്വപ്ന ങ്ങൾ ഏറെയാണ്.

സുജാതയുടെ പ്രഭാതങ്ങൾ തിരക്കേറിയതാണ്. അവൾക്ക് ഒരു നിമിഷംപോലും വെറുതെ കളയാനില്ല. അവൾ ആദ്യം അകവും പുറവും തൂത്തു വാരും. പിന്നെ നേരെ അടുക്കളയിലേക്കാണ്. പ്രാതൽ മാത്രമല്ല, മകൾക്ക് ഉച്ചയ്ക്ക് കഴിക്കാനുള്ള ഭക്ഷണവും ഉണ്ടാക്കേണ്ടതുണ്ട്. മകൾക്ക് പ്രാതൽ എടുത്ത് വെച്ച് ഉച്ച ഭക്ഷണം പാത്രത്തിലാക്കിയേ അടുക്കളയിൽ നിന്നിറങ്ങൂ. പിന്നെ നേരെ മുറ്റത്ത് കൂട്ടിയിട്ട അടുപ്പ് കല്ലിന്നടുത്തേക്കാണ്. അതിൽ വലിയ ചരുവത്തിൽ വെള്ളം കോരി ഒഴിച്ചതിനുശേഷം ചൂടുവെള്ളം ഉണ്ടാക്കണം. അതിനിടയിലാണ് അവൾ ഭർത്താവിനെ താങ്ങിയിരുത്തുന്നതും പ്രഭാതകൃത്യങ്ങൾ നിർവ്വഹിക്കാൻ സഹായിക്കുന്നതും ഭർത്താവിന് പ്രാതൽ കൊടുക്കുന്നതും. ഒരു വലിയ പാത്രത്തിൽ ചൂടുവെള്ളം എടുത്തുകൊണ്ടുവന്ന് അതിൽ തുണി മുക്കി ശരീരം മുഴുവൻ തോർത്തും. മാസങ്ങളായി ഒരേ കിടപ്പിൽ കിടന്നുണ്ടായ വ്രണ ങ്ങളിൽ മരുന്ന് വെച്ചുകൊടുക്കും. പുതപ്പും വിരിപ്പും മാറ്റി ഇന്നലെ അലക്കിയവ വിരിക്കും. അഴുകിയവ കൊണ്ടുപോയി അലക്കി അയ യിൽ വിരിക്കും. ഇത്രയും കഴിഞ്ഞാണ് സുജാതയുടെ പ്രാതൽ. അതിന് അവൾക്ക് അധികം സമയമില്ല. കോഴി കൊത്തി തിന്നുന്നതുപോലെ ധൃതിയിലാണത്. അവൾ കുടിക്കാനുള്ള വെള്ളം ഫ്ളാസ്കിലാക്കി ഭർത്താവിന്റെ കിടയ്ക്കയ്ക്കരികെ കൊണ്ടുവെക്കും. മറ്റാവശ്യങ്ങൾക്കുള്ള വെള്ളവും വേറൊരു പാത്രത്തിൽ കൊണ്ടു വെയ്ക്കും. എന്നിട്ടുവേണം അവൾക്ക് ജോലിക്കിറങ്ങാൻ.

“ഞാനൽപം വൈകിപ്പോയി”

തൊഴിലാളികളോടായി അവൾ പരിഭവം പറയും.
''ഓ അതിനെന്തിനാ നീ വിഷമിക്കുന്നെ? നിന്റെ അവസ്ഥ നമ്മൾക്കറിയാവുന്നതല്ലെ?''
അവർ അവളെ ആശ്വസിപ്പിക്കും. അതെ, വർഷങ്ങളായി അയാളീ കിടപ്പ് തുടങ്ങിയിട്ട്. ജോലിക്കിടയിലുള്ള വീഴ്ച അയാളുടെ അരയ്ക്ക് താഴെ ചലനമില്ലാതാക്കി. അതോടെ ജീവിതം അയാൾക്കുമുന്നിൽ ചോദ്യചിഹനമായി. എന്നാൽ സുജാത തളർന്നില്ല. താനും കൂടി തകർന്നാൽ കുടുംബത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് അവൾക്ക് നന്നായി അറിയാമായിരുന്നു. മറ്റുള്ളവർ ചായ കുടിക്കാൻ തുടങ്ങുമ്പോൾ സുജാത വീട്ടിലേക്ക് തിരിക്കും. അലക്കാൻ തന്നെ കുറേ ഉണ്ടാകും. ഇപ്പൊ ചെയ്തില്ലെങ്കിൽ പിന്നെ ചെയ്യാൻ സമയം കിട്ടില്ല. വൈകുന്നേരം പണി വേറെ കിടക്കുന്നു. എല്ലാം അലക്കിയിട്ട് ധൃതിയിൽ ചായയും കഴിച്ച് പണി സ്ഥലത്തേക്ക് പോവും. ഉച്ചയ്ക്ക് വന്നാൽ ഭർത്താവിന് ഭക്ഷണം കൊടുത്ത് പാത്രങ്ങളെല്ലാം കഴുകി വെച്ച് പോവും.

ജോലി കഴിഞ്ഞെത്താൻ വൈകുന്നേരമാവും. അപ്പോഴേക്കും തുണികളെല്ലാം മകൾ എടുത്ത് വെച്ചിട്ടുണ്ടാകും. സുജാതയ്ക്ക് വീണ്ടും പുറത്ത് പോകേണ്ടതുണ്ട്. തൊഴിലുറപ്പില്ലാത്ത സമയം അവൾ ജോലിക്ക് പോവുന്ന ധാരാളം വീടുകളുണ്ട്. ആ വീടുകളിലേക്ക് വേണ്ട സാധനങ്ങൾ അങ്ങാടിയിൽ നിന്ന് വാങ്ങി നൽകുന്നത് അവളാണ്. അങ്ങനെയൊക്കെയാണ് അവൾ ആ കുടുംബത്തെ പോറ്റുന്നത്. വൈകുന്നേരത്തെ പുറം സർക്കീട്ട് കഴിഞ്ഞെത്തുമ്പോഴേക്കും സന്ധ്യയാവും. ഉടനെ അത്താഴത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങും. അതിനിടയിൽ തന്നെ ഭർത്താവിന്റെ കാര്യങ്ങളും നോക്കും. അഴുകിയ തുണികൾ മാറ്റി വീണ്ടും വ്രണങ്ങളിൽ മരുന്ന് വെച്ച് കൊടുക്കും. അപ്പോഴും തന്റെ അസുഖത്തിന്റെ ഒരേയൊരു പരിഹാരമായ ഓപ്പറേഷൻ പോലും മാറ്റിവെച്ച് പകരം മരുന്നുകൾ കഴിച്ച് നാളുകൾ നീട്ടിക്കൊണ്ടുപോവുകയാണ് സുജാത.

അത്താഴമായിക്കഴിഞ്ഞാലുടൻ എല്ലാവരും ഒന്നിച്ചുകഴിക്കാൻ തുടങ്ങും. അപ്പോഴേക്കും സമയമേറെ ആയിക്കാണും. പാത്രം കഴുകി വെച്ച് രാവിലേക്കുള്ള ചായയ്ക്ക് വേണ്ടത് ഒരുക്കിവെച്ച് പതിവ് വിശ്രമത്തിലേക്ക് അവളും കടക്കുന്നു. അറിയാതെ വഴുതി വീഴുമാ ഉറക്കത്തിൽ, കഠിനാദ്ധ്വാനത്തിന്റേതായ ചുടുനിശ്വാസങ്ങൾ ഉയരവേ, ക്ഷീണമൊന്നു കുറയാതെ, ഉറക്കമൊന്നു നീളാതെ സുജാതയതാ പുതിയപുലരിയിൽ വീണ്ടും ഉറക്കമുണരുന്നു.

സഹോദര സാംസ്കാരികവേദി
പടന്ന

സജിത് സി. പടന്ന

# ബെസ്പുർക്കാനയിൽ രണ്ടുകൊച്ചാത്മാക്കൾ

കടൽ ശാന്തമായിരുന്നു. ഒരു കുഞ്ഞോളം പോലുമില്ലാത്ത ശാന്തഗംഭീരത. നീലയുടെ പാരാവാരം കണ്ണെത്താദൂരത്തോളം ഒരേ ഭാവം പൂണ്ടുകിടന്നു. ആ രണ്ട് സഹോദരിമാർക്ക് ആവോളം പുളച്ചു തിമർക്കാൻ തോന്നി. അവർ ആഴത്തിലേക്കു മുങ്ങാങ്കുഴിയിട്ടും പൊടുന്നനെ നീലയുടെ പട്ടുകമ്പോളത്തിലേക്ക് ഉയർന്നുവന്നും കളിച്ചു തിമർത്തു. ആഴങ്ങളിലെ പവിഴപ്പുറ്റുകൾ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. എത്രനേരം എത്രദൂരം പോയെന്ന് ഒരു തിട്ടവുമില്ല. വെള്ളിവെളിച്ചത്തിൽ തിളങ്ങുന്ന ഒരു വന്മതിലാണ് പൊടുന്നനെ കണ്ണിൽപെട്ടത്. എന്താണെന്നറിയും മുമ്പേ ആ വെള്ളിമതിലിന്റെ ഒരു കണ്ണിയായിക്കഴിഞ്ഞിരുന്നു. വെള്ളിനിറത്തിൽ ഇളം പച്ചയുടെ വർണ്ണരാശി തീർക്കുന്ന, മറ്റുള്ളവരിൽ അസൂയതീർത്തിരുന്ന ചിറകുകൾ നൈലോൺ തണ്ടാടി വലയുടെ കള്ളകള്ളികളിൽ വലിഞ്ഞുമുറുകി. സർവ്വശക്തിയുമെടുത്ത് ആഞ്ഞുതുഴഞ്ഞപ്പോൾ വലക്കണ്ണി ഒന്നുകൂടി മുറുകി അനങ്ങാൻ കഴിയാത്ത പരുവത്തിലായി... തീർന്നു. ഇനിയില്ല. അനുജത്തിയെ പാളിനോക്കി. തൊട്ടടുത്ത് അവളുണ്ട്. അവളുടെ മനോഹരമായ കുഞ്ഞിച്ചിറകുകളിൽ ചോരപൊടിഞ്ഞിരിക്കുന്നു. അവളുടെ കണ്ണുകൾ സജലങ്ങളായിരിക്കുന്നു. തണ്ണീരിൽ മീനിളകുവതാര് കണ്ടു? ഒരു കവിതാശകലം ഓർമ്മവന്നു. കളിയും ചിരിയും അവസാനിച്ചിരിക്കുന്നു. കളിയും ചിരിയുമോ? ജീവിതം തന്നെ അവസാനിച്ചിരിക്കുന്നു. ഒരു രാത്രിമുഴുവൻ വെള്ളിമതിലിന്റെ ഭാഗമായി നിസ്സംഗതരായി. പുലർക്കാലത്ത് അവരെത്തി. വെള്ളിമതിൽ പതുക്കെ പതുക്കെ ഓളപ്പരപ്പിലേക്ക് ഉയിർത്തു. പരുപരുത്ത കരങ്ങൾ വലക്കണ്ണികളിൽ നിന്നുമോചനം നൽകി. ഹാവു! ചിറകനക്കാം. ആശ്വാസം. കുഞ്ഞനിയത്തി തൊട്ടടുത്ത് തന്നെയുണ്ട്. അവളുടെ മനോഹരമായ കുഞ്ഞുചിറകുകൾ ഒടിഞ്ഞുതൂങ്ങുന്നു. പക്ഷെ അവളുടെ കണ്ണിൽ കണ്ണീരില്ല. കണ്ണീരല്ല, അവളുടെ കണ്ണിൽ ഒന്നുമില്ല. നിശ്ചലമായ ഒരു ജലാശയം പോലെ അത് ഓളമറ്റ് കിടന്നു. അവൾ എപ്പോഴോ യാത്ര പറഞ്ഞിരിക്കുന്നു. വലിയ ഓടത്തിന്റെ

തണുത്ത പെട്ടിക്കുള്ളിൽ തനിക്കുമില്ല ആയുർ ദൈർഘ്യം. പതുക്കെ കണ്ണടച്ചു. ശ്വാസത്തിന്റെ അവസാനത്തെ പിടിയും വിട്ടു.

പിന്നെയുണർന്നത് ദ്വാരപാലകന്റെ മുന്നിലായിരുന്നു. അനുജത്തിയും ഞാനും ദ്വാരപാലകന്റെ മുന്നിൽ ഒരു ഓരത്തേക്ക് മാറ്റിനിർത്തപ്പെട്ടു. അനേകം ആത്മാക്കൾ കവാടം കടന്ന് സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചു കൊണ്ടിരുന്നു. ഞങ്ങളുടെ ഊഴം വന്നതേയില്ല. ധൈര്യം സംഭരിച്ച് ദ്വാരപാലകനോട് ചോദിക്കുക തന്നെ ചെയ്തു, എന്ന് ഈ കാത്തിരിപ്പ് അവസാനിക്കും? ദ്വാരപാലകൻ വളരെ ശാന്തനായി പറഞ്ഞു, നിങ്ങളുടെ ഭൗതികദേഹം എന്നില്ലാതാവുന്നോ അന്ന്. എന്നിട്ടയാൾ ഒരു കുഴൽ തുറന്ന് ഒരു കാഴ്ച കാട്ടിത്തന്നു. അങ്ങകലെ ഭൂമിയിൽ നടുക്കത്തോടെ ആ കാഴ്ച കണ്ടു. അനിയത്തിയുടെ ശരീരമാണ് ആദ്യം കണ്ടത്. മാർക്കറ്റിൽ ഒരിടത്തരക്കാരൻ അത് വാങ്ങി സഞ്ചിയിലിടുന്നു. അയാൾ വീടിന്റെ കോളിംഗ് ബെല്ലടിച്ച് സഞ്ചി അയാളുടെ അസാമാന്യമായി തടിയുള്ള ഭാര്യയുടെ കൈയ്യിൽ കൊടുത്തു. ഭാര്യ സഞ്ചി തുറന്ന് തുറിച്ചുനോക്കി അയാളോട് പറഞ്ഞു, ഇത് ഇന്ന് ഞാൻ അടുപ്പിൽ കേറ്റില്ല. ഇന്ന് ആട്ടിറച്ചിയാ കൂട്ടാൻ. അയാൾ അവളോട് പറഞ്ഞു, സാരമില്ല ഇത് ഫ്രീസറിൽ വെക്ക്. നാളെ ഉച്ചയ്ക്ക് ആണം വെക്കാം. ഒന്നാന്തരം ഫ്രെഷ് മീനാ... അനിയത്തിയുടെ കാര്യത്തിൽ തീരുമാനമായി. നാളെ ഉച്ചയോടെ അവൾക്ക് സ്വർഗ്ഗകവാടം കടക്കാം. ഞാനോ? ദ്വാരപാലകൻ കുഴൽ മറ്റോരിടത്തേക്ക് തിരിച്ചു. കർണ്ണാടകത്തിന്റെ വരണ്ട ഭൂമികയിലൂടെ ഓടുന്ന വാനിന്റെ തണുത്ത ഫ്രീസറിൽ അതാകിടക്കുന്നു ഞാൻ. കർണ്ണാടകത്തിലെ മീൻ സംഭരണ യൂണിറ്റിലേക്കാണ് യാത്ര. ഇനി മീനിന് വിലകൂടണം തിരിച്ച് അത് നാട്ടിലെത്താൻ. അതുവരെ കവാടത്തിലെ ഈ കാത്തിരിപ്പുതന്നെ...

ബെസ്പുർക്കാന – സ്വർഗ്ഗപ്രവേശനത്തിന്നുമുന്നേ ആത്മാക്കളെ സൂക്ഷിക്കുന്നയിടം.